# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ

## യെരുശലേം വിഭാഗം

### പാഠാവലി പത്ത്

### ഭാഗം 1

ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധീകരിക്കുന്നത്

സൺഡേസ്കൂൾ കേന്ദ്ര ഓഫീസ്
ദേവലോകം, കോട്ടയം–686 004
ossae.org, ossaebodhanam.org

**AN OSSAE PUBLICATION**
**Sunday School Padavali-X**
First Edition: December 2014
Fifth Edition: December 2022
Copies: 5,000
Price: ₹ 70.00
Printed at Alois Graphics, Kottayam
www.aloisgraphics.com

# പ്രവേശിക

നമ്മുടെ സഭയുടെ ആത്മീയ-ആരാധനാ പാരമ്പര്യത്തിൽ ഏറ്റവും പ്രാധാന്യം ഉള്ള ഒന്നാണ് തിരുവചന പഠനം. ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടയരുത്. ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ എന്ന ദൈവവചനം അവരോടുള്ള തമ്പുരാന്റെ ആർദ്രമായ കരുതലിനെ പ്രതിഫലിപ്പിക്കുന്നതും കുഞ്ഞുങ്ങളുടെ ശ്രേഷ്ഠതയെ വെളിപ്പെടുത്തുന്നതുമാണ്. ബാല്യം മുതലേ ഹൃദയത്തിൽ ദൈവത്തെ അറിഞ്ഞ് വളരുക എന്നത് ക്രൈസ്തവ ജീവിതത്തിന്റെ ഉദാത്തമായ അനുഭവമാണ്. ആത്മീയജീവിതത്തിന്റെ പാഠങ്ങൾ പരിശീലിപ്പിച്ച് ഉറപ്പിച്ച് വളരുന്ന ഒരു ജീവിതശൈലി ഉണ്ടാകണം, കാരണം നമ്മുടെ ജീവിതം അർത്ഥപൂർണ്ണമാകുവാൻ ശക്തമായ ഒരു ആത്മീയ അടിത്തറ ആവശ്യമാണ്. അതുകൊണ്ട് കുഞ്ഞുങ്ങളെ ക്രൈസ്തവ സാക്ഷ്യത്തിൽ പരിശീലിപ്പിക്കുക എന്നത് ക്രൈസ്തവ ദൗത്യവും ദൈവസന്നിധിയിലുള്ള വലിയ ഉത്തരവാദിത്വവുമാണ്. ദൈവാനുഭവത്തിലേക്ക് നയിക്കുന്ന തിരുവചനജ്ഞാനവും, അതിന്റെ സൗന്ദര്യം അനുഭവിച്ച വിശുദ്ധരുടെ ജീവിതവും, അതിന് നന്ദി കരേറ്റുന്ന ആരാധനയുടെ മഹത്വവും, ഇവയുടെ നിറവിലും സ്വത്വബോധത്തിലും നിർവ്വഹിക്കേണ്ട സമൂഹത്തോടുള്ള ഉത്തരവാദിത്വവും നമ്മുടെ കുഞ്ഞുങ്ങൾക്ക് പകർന്നു കൊടുക്കുന്ന പാവനമായ ശുശ്രൂഷയാണ് സൺഡേസ്കൂൾ വിദ്യാഭ്യാസം. നമ്മുടെ കുഞ്ഞുങ്ങൾക്ക് നമ്മൾ നൽകേണ്ട ഏറ്റവും വലിയ സമ്മാനം തലമുറകളായി നമ്മൾക്ക് പകർന്നു കിട്ടിയ ശക്തമായ സത്യവിശ്വാസമാണ്.

സൺഡേസ്കൂൾ വിദ്യാഭ്യാസം സെക്കുലർ വിദ്യാഭ്യാസത്തിന്റെ മാനദണ്ഡങ്ങളിൽകൂടി വിലയിരുത്തപ്പെടേണ്ടതല്ല. ജീവിതകാലം മുഴുവൻ നീളുന്ന, അദ്ധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ച് നടത്തുന്ന, ദൈവാന്വേഷണമാണത്. പഠിപ്പിക്കുന്നവർക്കും പഠിക്കുന്നവർക്കും ദൈവാത്മാവിന്റെ പ്രോജ്ജ്വലനം ലഭിക്കുമ്പോഴാണ് സൺഡേസ്കൂൾ പഠനം പ്രയോജനകരമാകുന്നത്. കാലങ്ങൾക്കു മുമ്പേ ലഭിച്ച ദൈവീക വെളിപ്പാടുകളുടെ കാലാതീതമായ മഹത്വം തിരിച്ചറിഞ്ഞ്, കാലാനുസൃതമായി വ്യാഖ്യാനിച്ചു കൊടുക്കുക എന്നതാണ് സൺഡേസ്കൂൾ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം. സൺഡേസ്കൂൾ വിദ്യാഭ്യാസം തിരുവചനത്തിൽ കാണുന്ന മാതൃകയിൽ നിവർത്തിക്കപ്പെടേണ്ടതാണ്. ദൈവഹിതത്തെ ജനത്തെ അറിയിക്കുവാൻ തക്കവണ്ണം പ്രവാചകന്മാരെ കാലാകാലങ്ങളിൽ ദൈവം നിയോഗിച്ചിട്ടുണ്ട്. ആ നിയോഗം തന്നെയാണ് സൺഡേസ്കൂൾ അദ്ധ്യാപകരും നിർവ്വഹിക്കുന്നത്. അദ്ധ്യാപകരോടൊപ്പം മാതാപിതാക്കളും ഈ നിയോഗത്തിലും പഠനപ്രക്രിയയിലും പങ്കുചേരുമ്പോൾ ആണ് സൺഡേസ്കൂൾ പഠനം അർത്ഥവത്താകുന്നത്. ക്ലാസ്സുകളിൽ കുഞ്ഞുങ്ങൾ പഠിക്കുന്ന നല്ല മൂല്യങ്ങൾ കുടുംബത്തിൽ പരിശീലിക്കുമ്പോഴാണ് അത് അവർക്ക് പ്രയോജനകരമായി തീരുന്നത്. ദൈവകല്പനകളെ നിങ്ങളുടെ മക്കളെ പഠിപ്പിക്കണമെന്ന് മോശ യിസ്രായേൽ മക്കളോട് പറയുന്നുണ്ട്. നീ അവയെ നിന്റെ മക്കൾക്കു ഉപദേശിച്ചു കൊടുക്കുകയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കുകയും വേണം (ആവ. 6:7).

സമൂഹത്തിൽ സംഭവിക്കുന്ന മാറ്റങ്ങളോട് ക്രിസ്തീയമായ ഒരു അവബോധത്തോടെ പ്രതികരിക്കുന്ന ഒരു തലമുറ രൂപപ്പെടേണ്ടത് ആവശ്യമാണ്. സംഘർഷഭരിതമാകുന്ന ഒരു ലോകത്തിൽ ക്ഷമയുടെയും സ്നേഹത്തിന്റെയും മാതൃകകളെ പകരുവാൻ കഴിവുള്ളവരായി നമ്മുടെ പുതുതലമുറ വളർന്നു വളരണം. എങ്കിൽ മാത്രമേ യേശുക്രിസ്തു കൈയ്യിലെടുത്ത് അനുഗ്രഹിച്ച ശിശുക്കളുടെ ഭാഗ്യത്തിലേക്ക് നമ്മുടെ കുഞ്ഞുങ്ങളും കടന്നുവരികയുള്ളു. ആ സാക്ഷ്യമാണ് സമൂഹത്തിന്റെ നന്മയിലേക്കുള്ള രൂപാന്തരത്തിനും സ്വർക്ഷരാജ്യാനുഭവത്തിലേക്കുള്ള വളർച്ചയ്ക്കുമായി സഭ നിർവ്വഹിക്കേണ്ട ആഗോള ദൗത്യം.

തിരുവചനവും സഭയുടെ പാരമ്പര്യങ്ങളും ആചാരങ്ങളും ഫലപ്രദമായി പകർന്നുകൊടുക്കത്തക്കവിധം നമ്മുടെ സൺഡേസ്കൂൾ പഠനപദ്ധതി ക്രിയാത്മകമായ പരിഷ്കരണങ്ങളോടെ മുമ്പോട്ടു പോകുകയാണ്. പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിലും അദ്ധ്യാപന രീതിയിലും ഈ വ്യത്യാസങ്ങൾ പ്രകടമാണ്. ഓൺലൈൻ റിസോഴ്സുകൾ പഠനപ്രക്രിയയിൽ വലിയ സഹായം ആയി മാറിയിട്ടുണ്ട്. പുതിയ സാദ്ധ്യതകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തി സൺഡേസ്കൂൾ വിദ്യാഭ്യാസം സന്തോഷകരമാക്കുവാനും അതിലൂടെ നമ്മുടെ കുഞ്ഞുങ്ങളുടെ ധാർമ്മികവും ആത്മീയവുമായ മൂല്യബോധത്തെ ഉയർത്തുവാനും സാധിക്കട്ടെ.

**അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ**
പ്രസിഡന്റ്, OSSAE

## പാഠങ്ങൾ തയ്യാറാക്കിയവർ

ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

ഫാ. ഡോ. ഒ. തോമസ്

ഫാ. കെ. വി. ഏലിയാസ്

പ്രൊഫ. ചെറിയാൻ തോമസ്

# ആമുഖം

യരുശലേം വിഭാഗത്തിലെ ഏറ്റവും ഉയർന്ന ക്ലാസാണ് പത്താം ക്ലാസ്. പത്താം ക്ലാസ് പാസാകുന്നവർക്കാണ് വേദപഠന സർട്ടിഫിക്കേറ്റ് നല്കുന്നത്. സെക്കുലർ ക്ലാസുകളിലെ പഠനഭാരം ഈ ക്ലാസിലെ കുട്ടികൾക്ക് വളരെയധികം ഉണ്ട് എന്നത് സത്യമാണ്. എന്നാൽ ഈ ലോകത്തിലെ സംഘർഷങ്ങളെ അതിജീവിക്കുവാനും, പരലോകത്തിൽ ദൈവസാന്നിദ്ധ്യത്തിൽ ആയിരിക്കുവാനും ദൈവീകപഠനം അപരിത്യാജ്യമാണ്. ദൈവീകരണം എന്ന പരമമായ ലക്ഷ്യത്തിൽ ഊന്നിക്കൊണ്ടാണ് ഓരോ പാഠവും ക്രമീകരിച്ചിരിക്കുന്നത്. പരീക്ഷ എന്ന ലക്ഷ്യത്തിനല്ല, ദൈവീകരായിത്തീരുക എന്നതിനായിരിക്കണം പഠനത്തിൽ പ്രാധാന്യം കൊടുക്കേണ്ടത്. ഓരോ പാഠത്തിൽനിന്നും ഉൾക്കൊള്ളുന്ന മാതൃകകൾ ജീവിതത്തിൽ പ്രാവർത്തികമാക്കുക. ആരാധനയിലുള്ള ശുഷ്ക്കാന്തി ഒരിക്കലും കുറഞ്ഞുപോകാതിരിക്കുവാൻ കുട്ടികൾ ശ്രദ്ധിക്കണം. അദ്ധ്യാപകർ കുട്ടികളെ അതിനു പ്രേരിപ്പിക്കണം.

പത്താം ക്ലാസിലെ ടെക്സ്റ്റ് രണ്ടു ഭാഗങ്ങളായിട്ടാണ് പ്രസിദ്ധീകരിക്കുന്നത്. ഒന്നാം ഭാഗത്തിൽ വേദപുസ്തക പഠനവും ആരാധനാപഠനവും ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മുമ്പു നിലവിലിരുന്ന പുസ്തകത്തിലെ ഒന്നാം പാഠം ഈ പതിപ്പിൽ നാലാം പാഠമാക്കി പുനർക്രമീകരിക്കുകയും, പഴയനിയമ-പുതിയ നിയമങ്ങളുടെ ഇടക്കാല ചരിത്രം പഠിപ്പിക്കുന്ന ആ പാഠം അല്പം കൂടി ലഘൂകരിക്കുകയും ചെയ്തിട്ടുള്ളത് ശ്രദ്ധിക്കുക. ഒന്നാം ഭാഗം മുഴുവൻ അർദ്ധവാർഷിക പരീക്ഷയ്ക്കു മുമ്പായി പഠിക്കേണ്ടതാണ്.

ഏറ്റവും ഫലപ്രദമായി പഠിപ്പിക്കുവാൻ അദ്ധ്യാപകരെയും, പഠിക്കുവാൻ വിദ്യാർത്ഥികളെയും ദൈവം സഹായിക്കട്ടെ.

സ്നേഹപൂർവ്വം,

**ഫാ. ഡോ. വർഗീസ് വർഗീസ്**
*ഡയറക്ടർ ജനറൽ*

ഫെബ്രുവരി 2021

# പാഠങ്ങളുടെ ഘടന

**(തയ്യാറാക്കിയത്: പ്രൊഫ. ഡോ. സാം വി. ഡാനിയേൽ)**

1. **മുഖ്യസന്ദേശം, പഠനോദ്ദേശ്യം:** ഓരോ പാഠത്തിൽനിന്നും ഉരുത്തിരിഞ്ഞുവരേണ്ട പ്രധാന ആശയമാണ് ഇവിടെ നൽകിയിരിക്കുന്നത്.
2. **മനഃപാഠവാക്യം:** ഓരോ പാഠത്തിലെയും പ്രധാന ആശയവുമായി ബന്ധപ്പെട്ട ഒരു വേദവാക്യം കുട്ടികൾ ഹൃദിസ്ഥമാക്കുന്നതിനായി നൽകിയിരിക്കുന്നു. ഈ വാക്യം ക്ലാസ്സിന്റെ അവസാനം വി. വേദപുസ്തകത്തിൽനിന്ന് ടീച്ചർ കുട്ടികളെ വായിച്ച് കേൾപ്പിക്കുകയും പല പ്രാവശ്യം ഏറ്റു പറയിക്കുകയും ചെയ്യണം.
3. **പഠനസഹായികൾ:** പാഠഭാഗത്തിലെ ആശയങ്ങൾ നന്നായി അവതരിപ്പിക്കുവാൻ ഉപയോഗിക്കാവുന്ന ചിത്രങ്ങൾ, പുസ്തകങ്ങൾ, തുടങ്ങിയവയെക്കുറിച്ച് ഈ ഭാഗത്ത് നൽകിയിരിക്കുന്നു.
4. **ആമുഖം:** പാഠഭാഗത്തിന്റെ അവതരണം ഏറ്റവും ആകർഷകവും ആസ്വാദ്യ കരവുമാക്കുവാൻ ഈ ഭാഗം സഹായിക്കുന്നു.
5. **പാഠഭാഗം:** പാഠത്തിന്റെ ഉള്ളടക്കമാണിത്. ഇത് കഴിയുന്നത്ര വിദ്യാർത്ഥി കേന്ദ്രീകൃ തമാക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. കുട്ടികൾക്ക് നല്ല പങ്കാളിത്തമുണ്ടാകത്തക്കവിധത്തിൽ വേണം ആശയങ്ങൾ അവതരിപ്പിക്കുവാൻ. വി. വേദപുസ്തകം ടീച്ചർ ക്ലാസ്സിൽ കൊണ്ടുപോകണം. വേദഭാഗങ്ങൾ എടുത്ത് വായിച്ച് കേൾപ്പിക്കണം. വിവരണങ്ങൾ കഥ പറയുംപോലെയാവണം. കുട്ടികളോട് ചോദ്യങ്ങൾ ചോദിച്ച് അവരെ ഉത്സാഹി പ്പിച്ചുകൊണ്ടിരിക്കണം. പ്രധാന ആശയങ്ങൾ വരുമ്പോൾ ഒന്നിച്ച് ഏറ്റുപറയിക്കണം.
6. **നമുക്ക് ചിന്തിക്കാം:** പാഠഭാഗത്തിലെ ആശയങ്ങൾ എത്രമാത്രം കുട്ടികൾ ഗ്രഹിച്ചു എന്ന് പരിശോധിക്കുന്നതിനായി നൽകിയിരിക്കുന്ന ചോദ്യങ്ങളാണ് ഇവ.
7. **പ്രവർത്തനങ്ങൾ:** ഈ ഭാഗത്ത് നൽകിയിരിക്കുന്നവ പലതും അഭിനയിക്കാനും വര യ്ക്കാനും ചെയ്തു കാണിക്കാനും കഥ പറയാനും എഴുതിക്കൊണ്ടുവരുവാനും ഉള്ളതാണ്.
8. **നമുക്ക് പാടാം:** പാഠഭാഗവുമായി ബന്ധപ്പെട്ട ഒരു ഗാനമാണ് ഇവിടെ നൽകിയിരി ക്കുന്നത്. അത് ടീച്ചർ പാടിക്കൊടുക്കുകയും കുട്ടികൾ ഏറ്റുപാടുകയും വേണം.
9. **നമുക്ക് പ്രാർത്ഥിക്കാം:** പാഠഭാഗത്തിലെ ആശയവുമായി ബന്ധപ്പെട്ട ഒരു ലഘു പ്രാർത്ഥനയാണ് ഇവിടെ നൽകിയിരിക്കുന്നത്. ഈ പ്രാർത്ഥന ടീച്ചറിന് കുട്ടികളോ ടൊപ്പം ക്ലാസ്സിൽ തന്നെ നടത്താവുന്നതാണ്. എല്ലാവരും എഴുന്നേറ്റുനിന്ന് കുരി ശുവരച്ച് വേണം പ്രാർത്ഥിക്കുവാൻ.
10. **നിശ്ചയം:** ഒരു തീരുമാനംപോലെ കുട്ടികളുടെ മനസ്സിനെ സ്പർശിക്കുന്നതും അവ രുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാവുന്നതുമായ ഒരു ആശയമാണ് ഇവിടെ നൽകിയിരിക്കുന്നത്. ഈ ആശയം കുട്ടികളെക്കൊണ്ട് പറയിക്കണം.
11. **തുടർവായനയ്ക്ക്:** പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വേദപുസ്തകഭാഗങ്ങൾ, ഒരാഴ്ച വിവിധ ദിവസങ്ങളിൽ വൈകുന്നേരവും രാവിലെയും വായിക്കുന്നതിനും ധ്യാനിക്കുന്നതിനുമായി നൽകിയിരിക്കുന്നു.

# ഉള്ളടക്കം

**യൂണിറ്റ് – 1. വി. വേദപുസ്തക പഠനം**

*പാഠം 1.* പഴയനിയമ ആരാധന ........ 9

*പാഠം 2.* പഴയനിയമ പൗരോഹിത്യം ........ 14

*പാഠം 3.* യഹൂദ പെരുന്നാളുകൾ ........ 19

*പാഠം 4.* പഴയ-പുതിയ നിയമങ്ങളുടെ ഇടക്കാല ചരിത്രം ........ 24

*പാഠം 5.* വേദപുസ്തക പരിചയം ........ 30

*പാഠം 6.* പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ ........ 35

*പാഠം 7.* പൗലോസ് ശ്ലീഹായുടെ വേദശാസ്ത്ര ദർശനങ്ങൾ ........ 39

*പാഠം 8.* പൊതുവിലുള്ള ലേഖനങ്ങൾ ........ 43

*പാഠം 9.* വെളിപാടുപുസ്തകം ........ 48

*പാഠം 10.* വേദപുസ്തക കാനോൻ ........ 52

**യൂണിറ്റ് – 2. പ്രാർത്ഥന**

*പാഠം 11.* ഹാശാ ആഴ്ചയിലെ കൗമ ........ 57

*പാഠം 12.* ഹാശാ ആഴ്ചയിലെ ക്രമീകരണം ........ 60

*പാഠം 13.* പെസഹാ-ദുഃഖ ശനിയാഴ്ച കുർബ്ബാനകളുടെ പ്രത്യേകതകൾ ..... 64

**യൂണിറ്റ് – 3. ആരാധനാ ഗീതങ്ങൾ**

*പാഠം 14.* സ്ലീബാ-സന്ധ്യാനമസ്കാരം ........ 67

*പാഠം 15.* സ്ലീബായുടെ കുക്കിലിയോൻ ........ 71

**ഉപപാഠഭാഗം**

പ. പരുമല തിരുമേനിയുടെ ജീവചരിത്രം ........ 77

യൂണിറ്റ് ഒന്ന്

# വേദപുസ്തക പഠനം

പാഠം 1

## പഴയനിയമ ആരാധന

**പഠനോദ്ദേശ്യങ്ങൾ:** സ്രഷ്ടാവും പരിപാലകനുമായ ദൈവത്തോടുള്ള മനുഷ്യന്റെ സ്വാഭാവിക പ്രതികരണമാണ് ആരാധന. ക്രിസ്ത്യാനികൾ മാത്രമല്ല എല്ലാ മനുഷ്യവിഭാഗങ്ങളും ആരാധനയ്ക്ക് പ്രാധാന്യം നൽകുന്നുണ്ട്. ആരാധനയുടെ പ്രാധാന്യവും, പഴയനിയമ പുസ്തകങ്ങളിലൂടെ വ്യക്തമാകുന്ന ആരാധനാരീതിയും മനസ്സിലാക്കി, നമ്മുടെ ആരാധനാ ജീവിതത്തെ കൂടുതൽ അർത്ഥവത്താക്കുക.

**മനഃപാഠവാക്യം:** "ദൈവമേ സീയോനിൽ സ്തുതി നിനക്കു യോഗ്യം, നിനക്കു തന്നെ നേർച്ച കഴിക്കുന്നു. പ്രാർത്ഥന കേൾക്കുന്നവനായുള്ളോവേ; സകല ജഡവും നിന്റെ അടുക്കലേക്കു വരുന്നു." (സങ്കീ. 65:1-2)

**പഠന സഹായികൾ:** വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

### ആമുഖം

സ്രഷ്ടാവായ ദൈവത്തോടുള്ള സൃഷ്ടിയുടെ വിശ്വാസ പ്രതികരണമാണ് ആരാധന. ദൈവസാന്നിദ്ധ്യത്തെക്കുറിച്ചുള്ള അവബോധവും അതിന്റെ അനുഭവവുമാണ് മനുഷ്യനെ ആരാധനയ്ക്കു പ്രേരിപ്പിക്കുന്ന ഘടകം. യഥാർത്ഥ ആരാധനയിൽ മനുഷ്യന്റെ മനസ്സും നാവും ശരീരവും ഭാഗഭാക്കാകുന്നു. ഈ ആരാധന ജീവിതഭാഗമാക്കിയിരുന്ന ഒരു വിഭാഗമാണ് യഹൂദന്മാർ. ആകാശവും ഭൂമിയും സൃഷ്ടിച്ച ഏകദൈവത്തെ അവർ ആരാധിച്ചു. നാമും ആരാധിക്കുന്നത് ഈ സത്യ ഏകദൈവത്തെത്തന്നെയാണ്. കാലത്തികവിൽ ആ ദൈവം യേശുക്രിസ്തുവായി മനുഷ്യരൂപം സ്വീകരിച്ച് വന്നു. പരിശുദ്ധാത്മാവിലൂടെ ഇപ്പോഴും നമ്മെ നയിക്കുന്നു എന്നു നാം വിശ്വസിക്കുന്നു. അതുകൊണ്ട് നമ്മുടെ ആരാധന പഴയനിയമ ആരാധനയുടെ തുടർച്ചയും നമ്മുടെ രീതികൾ അവരുടെ രീതിയുടെ ഒരു പരിധിവരെയുള്ള പകർപ്പുമാണെന്നു പറയാം. അതുകൊണ്ട് നമ്മുടെ ആരാധനയുടെ ആഴവും പരപ്പും അർത്ഥവും മനസ്സിലാക്കുന്നതിന് പഴയനിയമ ആരാധനയെക്കുറിച്ചുള്ള അറിവ് സഹായിക്കും. അതുകൊണ്ട് നമുക്ക് പഴയനിയമ ആരാധനയെക്കുറിച്ച് പഠിക്കാം.

### പാഠഭാഗം

വേദപുസ്തക ഗ്രന്ഥങ്ങളുടെ രചനയെക്കുറിച്ചുകൂടെ ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ. യിസ്രായേലിലെ പുണ്യപൂർവ്വികർ വേദപുസ്തകത്തെ ഇന്നു കാണുന്ന രീതിയിൽ ഏക ഗ്രന്ഥമായി ക്രോഡീകരിച്ചത് തന്നെ ഇത് ആരാധനയിൽ ഉപയോഗിക്കുവാനാണ്. ചില പുസ്തകങ്ങൾ ചില പെരുന്നാളുകൾക്കു വായിക്കുവാനുള്ളവയാണ്. (ഉദാ: ഉത്തമ ഗീതം-പെസഹാ പെരുന്നാൾ, എസ്ഥേർ-പൂരിം) സങ്കീർത്തനങ്ങൾ പലതും ആരാധനാ മദ്ധ്യേ ഉപകരണസഹായത്തോടെ പാടുവാനുള്ള പാട്ടുകളാണ്. ദൈവം തങ്ങളുടെ

ചരിത്രത്തിൽ ഇടപെട്ടതിനെ ഓർത്ത്, സമാഗമന കൂടാരത്തിൽ (ദേവാലയത്തിൽ) പ്രാർത്ഥനയുടെയും ആരാധനയുടെയും അന്തരീക്ഷത്തിൽ അവർ ന്യായപ്രമാണം വായിക്കുകയും ഹൃദയങ്ങളിൽ ഒരു ഉടമ്പടിക്ക് അടിസ്ഥാനമിടുകയും ചെയ്തു.

### പഴയ നിയമ ആരാധന: പിതാക്കന്മാരുടെ കാലത്ത്

അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് എന്നീ പിതാക്കന്മാരുടെ കാലത്ത് പുരോഹിതന്മാർ ഉണ്ടായിരുന്നതായി നാം ഉല്പത്തി പുസ്തകത്തിൽ വായിക്കുന്നില്ല. പിതാക്കന്മാർ തന്നെ യാഗമർപ്പിച്ചതായാണ് പരാമർശം (ഉല്പ. 12:7-9, 22:9-14, 28:18, 33:19-20). സൃഷ്ടി വിവരണത്തിൽ ഏഴാംദിവസം ഏതെങ്കിലും 'സ്ഥല'മല്ല, പ്രത്യുത 'സമയ'മാണ് ആരാധനയ്ക്കായി വേർതിരിക്കപ്പെട്ടത്. എന്നാൽ പിതാക്കന്മാരുടെ കാലത്ത് അത് 'സ്ഥല'മായി മാറുന്നു. ഒരുവന് ദൈവാനുഭവം ഉണ്ടാകുന്ന ഇടമേതോ അത് ആരാധനയ്ക്കുള്ള സ്ഥലവും ആ വ്യക്തിതന്നെ പുരോഹിതനുമാകുന്നതാണ് നാം കാണുന്നത്. സ്ഥല, കാല, വ്യക്തികേന്ദ്രീകൃതമല്ലാത്ത 'ദൈവാനുഭവം' മാത്രം അടിസ്ഥാനമായ ഒരു ആരാധനാ രീതിയാണ് ഇവിടെ കാണുന്നത്. എന്നാൽ ഈ കാലത്തെ യാഗാർപ്പണ, ആരാധനാ രീതിയുടെ വിശദാംശങ്ങളും നമുക്ക് ലഭ്യമല്ല. ബഥേൽ, ഗില്ഗാൽ, പെനിയേൽ എന്നീ സ്ഥലങ്ങളെല്ലാം ഇവിടെ പൂജാഗിരികളായി പരാമർശിക്കപ്പെടുന്നുണ്ട്. ഇവയെല്ലാം പിതാക്കന്മാർക്ക് ദൈവസംസർഗ്ഗം ഉണ്ടായ സ്ഥലങ്ങളാണ്.

പുറപ്പാട്, കനാൻ അധിവാസകാലങ്ങളിൽ മിസ്രയീമിൽ നിന്ന് കനാനിലേക്ക് പുറപ്പെട്ട ജനത്തോട് ദൈവം മോശെവഴി കല്പിക്കുന്നത് ഒരു ആരാധനാകേന്ദ്രം നിർമ്മിക്കണമെന്നാണ്. സമാഗമന കൂടാരം ഉണ്ടാകുന്നത് അങ്ങനെയാണ്. അതിന്റെ നിർമ്മാണം സംബന്ധിച്ച എല്ലാ നിർദ്ദേശങ്ങളും (നീളം, വീതി, ഉയരം, മറ്റു വസ്തുക്കൾ) ദൈവം നൽകി (പുറ. 25-27). അവിടെ അർപ്പിക്കുന്ന യാഗങ്ങളും അതിന്റെ വിധികളും ലേവ്യ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. ഹോമയാഗം, ഭോജനയാഗം, പാപയാഗം, അകൃത്യയാഗം സമാധാനയാഗം എന്നിവയെല്ലാം നിശ്ചിത ദിവസങ്ങളിലും സമയങ്ങളിലും മുടങ്ങാതെ അർപ്പിക്കണം. അവയ്ക്കായി അഹറോന്യ പുരോഹിതരെ കരപൂരണം ശുദ്ധീകരണ പ്രതിഷ്ഠ ചെയ്യണം. ലേവ്യരെ ശുശ്രൂഷകരായി നിയമിക്കണം. പ്രയാണം ചെയ്യുന്ന ജനത കൂടാരമടിക്കുമ്പോൾ ആ കൂടാരങ്ങളുടെ മദ്ധ്യേ സമാഗമന കൂടാരം സ്ഥാപിക്കണം. മേഘമായും അഗ്നിയായും വെളിപ്പെടുന്ന ദൈവം ജനമദ്ധ്യേ ഈ കൂടാരത്തിൽ വസിക്കും. 'ഷെക്കീനാ' എന്ന പദം ദൈവം ജനമദ്ധ്യേ കൂടാരമടിക്കുന്നതിനെ സൂചിപ്പിക്കുന്നു. ജനത്തിന്റെ യാത്രയും വിശ്രമവും സമാഗമനകൂടാരത്തിൽനിന്നും മേഘം ചലിക്കുന്നതുമായി ബന്ധിച്ചാണ് വിവരിക്കുന്നത്. ഇവിടെ 'സമാഗമനകൂടാരം' ഒരു ആരാധനാകേന്ദ്രമായി മാറുന്നു. സ്ഥിരമായി ഉറപ്പിക്കപ്പെടുന്നില്ലെങ്കിലും യാഗാർപ്പണത്തിനും ആരാധനയ്ക്കും വിശേഷപ്പെട്ട, വേർതിരിക്കപ്പെട്ട ഒരു സ്ഥലം എന്ന ചിന്തയാണിവിടെ. പിതാക്കന്മാർക്ക് ദൈവസംസർഗ്ഗം സാധ്യമായ ബേഥേൽ, ഗില്ഗാൽ, പെനിയേൽ എന്നിവയ്ക്ക് പ്രാധാന്യം ഇതോടെ ഇല്ലാതായി.

ജനം കാനാനിൽ സ്ഥിരവാസമാരംഭിച്ചപ്പോൾ സമാഗമനകൂടാരത്തിലെ സാക്ഷിയിൻ പെട്ടകം ശീലോവിൽ സ്ഥാപിച്ചു. അങ്ങനെ ശീലോവ് ആരാധനാകേന്ദ്രമായി. ഇവിടെയും ഒരു സ്ഥലത്തിന് പ്രത്യേക പ്രാധാന്യമില്ല. ദൈവസാന്നിധ്യത്തിന്റെ പ്രതീകമായ സാക്ഷ്യപെട്ടകം ഇരിക്കുന്നിടം ആരാധനാകേന്ദ്രമെന്നാണ് മനസ്സിലാക്കേണ്ടത്.

### രാജഭരണകാലം

ന്യായാധിപന്മാരുടെ കാലത്തും രാജഭരണത്തിന്റെ തുടക്കത്തിലും കനാൻ അധിവാസകാലത്തിലെ രീതിതന്നെ തുടർന്നു. എന്നാൽ യിസ്രായേലിലെ രണ്ടാമത്തെ

രാജാവായ ദാവീദ് ആരാധനയ്ക്കായി സ്ഥിരമൊരു കേന്ദ്രം ഉണ്ടാകണമെന്നാഗ്രഹിച്ചു. അദ്ദേഹം ശീലോവിൽനിന്ന് സാക്ഷ്യപെട്ടകം ആഘോഷമായി യരുശലേമിലേക്കു കൊണ്ടുവന്നു. എങ്കിലും ദൈവാലയം പണിയുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. തുടർന്നു രാജാവായ ശലോമോൻ യരുശലേമിൽ ഒരു ആലയം പണിയിച്ച് സാക്ഷ്യപെട്ടകം അതിൽ സ്ഥിരമായി പ്രതിഷ്ഠിച്ച് ദൈവസാന്നിദ്ധ്യത്തിന്റെ നിത്യ ഉറവിടമായി അതിനെ പ്രഖ്യാപിച്ചു. ഇനിമേൽ യഹോവയ്ക്കുള്ള ആരാധനയും യാഗങ്ങളും യരുശലേമിൽമാത്രം എന്നാക്കി. ആരാധനയ്ക്ക് നേതൃത്വം നൽകുന്ന പുരോഹിതന്മാരെ രാജാവ് നിയമിക്കുന്ന രീതിയും നിലവിൽവന്നു. ലേവ്യ പൗരോഹിത്യം എന്ന രീതിയിലും മാറ്റമുണ്ടായി. സാദോക്ക് പുരോഹിതൻ ലേവ്യനല്ല; നിയമിച്ചത് ദാവീദ് ആണ്. പ്രവാചകനു ദൈവ വിളിയുണ്ട് (ഉദാ: യെശ. 6, ആമോ. 7:14). രാജാവിനെ പുരോഹിതനോ പ്രവാചകനോ അഭിഷേകം ചെയ്യും (1 ശമു. 10:1, 16:13, 1 രാജാ 1:38-40). എന്നാൽ പുരോഹിതനെ രാജാവ് നിയമിക്കുന്നു. യരുശലേം ദൈവത്തിന്റെ പട്ടണമായി. ആരാധന ഈ ദേവാലയത്തിൽ കേന്ദ്രീകൃതമാകുകയും ചെയ്തു.

യിസ്രായേൽ രാജ്യം തെക്കും വടക്കുമായി രണ്ടായി വിഭജിക്കപ്പെട്ടപ്പോൾ വടക്കേ രാജ്യത്തിന്റെ നിലനിൽപ്പിന് ഈ യരുശലേം കേന്ദ്രിത ആരാധന വെല്ലുവിളിയായി. ആണ്ടിലൊരിക്കലെങ്കിലും എല്ലാ യഹൂദനും യരുശലേമിലെത്തി യാഗമർപ്പിക്കണമെന്ന നിഷ്ഠമൂലം ശമര്യ കേന്ദ്രമായ വടക്കേ രാജാവിനോടുള്ള വിധേയത്വത്തിൽനിന്ന് ജനത്തെ പിന്മാറ്റുമോയെന്ന ശങ്ക, പഴയ ചില പൂജാഗിരികളുടെ (ബേഥേൽ, ഗില്ഗാൽ) പുനരുദ്ധാരണത്തിന് വഴിയൊരുക്കി. ആരാധനയുടെ കേന്ദ്രീകരണം സമയത്തിന്റെ വിശുദ്ധീകരണത്തിൽനിന്ന് സ്ഥല ത്തിന്റെ വിശുദ്ധീകരണത്തിലേക്കുള്ള ഒരു മാറ്റമായി.

## പ്രവാസകാലത്ത്

ബി. സി. 587-ൽ യിസ്രായേൽ ബാബേൽ പ്രവാസത്തിലേക്കുപോയി. യരുശലേം ദേവാലയം നശിപ്പിക്കപ്പെട്ടു. അങ്ങനെ യാഗാർപ്പണം നിലച്ചു. പുറജാതികൾക്കിടയിൽ പരിശുദ്ധനായ യഹോവയ്ക്കു യാഗമർപ്പിക്കുവാൻ സാധ്യമല്ലാതായി. ഈ സാഹചര്യത്തിൽ അവർ തങ്ങളുടെ ജീവിതം, ആരാധന എന്നിവയെക്കുറിച്ച് പുനഃവിചിന്തനം നടത്തി. കാലഘട്ടത്തിന്റെ ഈ ആവശ്യമനുസരിച്ച് ഒരു പുതിയ ആരാധനാരീതി പ്രവാസകാലത്ത് ഉടലെടുത്തു. അതാണ് സുനഗോഗ് ആരാധന.  ഇവിടെ ജനം യാഗമർപ്പിച്ചില്ല. എന്നാൽ അവർ ദൈവത്തോട് പ്രാർത്ഥിച്ചു. സ്തോത്ര കീർത്തനങ്ങൾ (സങ്കീർത്തനങ്ങൾ) പാടി. ന്യായപ്രമാണം വ്യാഖ്യാനിച്ച് പഠിച്ചു. അങ്ങനെ പുതിയൊരു ആരാധനാരീതി ഉടലെടുത്തു. യാഗമില്ലാത്തതിനാൽ പുരോഹിതന്റെ ആവശ്യമില്ലാതായി. മൂപ്പനെന്നോ പള്ളി പ്രമാണിയെന്നോ സ്ഥാനപ്പേരുള്ള ഒരാൾക്കായിരുന്നു സുനഗോഗിന്റെ ചുമതല. ന്യായപ്രമാണ-പ്രവചന പുസ്തകങ്ങളിൽനിന്നുള്ള വായനയുണ്ടാകും. യോഗ്യരായ ആരെങ്കിലുമുണ്ടെന്ന് പള്ളിപ്രമാണിക്ക് ബോദ്ധ്യപ്പെട്ടാൽ ആ വ്യക്തിയെക്കൊണ്ട് പ്രസംഗിപ്പിക്കും. സങ്കീർത്തനങ്ങൾ പാടും. ഒരുമിച്ച് ഭക്ഷണമേശയിലെ കൂട്ടായ്മ (Chaburah meal) ഉണ്ടാകും. അഹറോന്യ ആശീർവാദം എന്നറിയപ്പെടുന്ന ആശീർവാദം (പുരോഹിതന്റെ സാന്നിധ്യമുണ്ടെങ്കിൽ) നൽകും. ഇവയായിരുന്നു ഈ പുതിയ ആരാധനയുടെ ഉള്ളടക്കം.

## പ്രവാസാനന്തരകാലഘട്ടം

ബി. സി. 538-ൽ വിളംബര പ്രകാരം (പാർസി രാജാവായ കോരെശിന്റെ) യിസ്രായേൽ ജനം പ്രവാസത്തിൽനിന്ന് മടങ്ങിവന്ന് യരുശലേം ദേവാലയവും പട്ടണമതിലും പുനർനിർമ്മിക്കുകയും ദൈവാലയാരാധനയും യാഗങ്ങളും പുനഃസ്ഥാപിക്കുകയും ചെയ്തു (എസ്രാ, നെഹമ്യാവ് പുസ്തകങ്ങൾ നോക്കുക). എങ്കിലും സുനഗോഗ് ആരാധനയും

തുടർന്നുവന്നു. അങ്ങനെ നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരവ്യാപാരകാലത്ത് ഈ രണ്ടു വിധത്തിലുള്ള ആരാധനയും-യാഗാർപ്പണ സ്വഭാവമുള്ള ദൈവാലയ ആരാധനയും പഠന-മനന കേന്ദ്രിതമായ സുനഗോഗ് ആരാധനയും നിലവിലുണ്ടായിരുന്നു.

മനുഷ്യ ഹൃദയത്തിന്റെ അഗാധതയിൽനിന്ന്, ഓരോരുവനും ആയിരിക്കുന്ന അവസ്ഥയെപ്രതി ദൈവത്തോടുണ്ടാകുന്ന പ്രതികരണമാണ് ആരാധന. അതുകൊണ്ട് ആരാധനാരീതികളുടെ വ്യത്യസ്തത ഒരു അനിവാര്യതയാണ്. ഏകദൈവത്തിൽ നിശ്ചലമാകേണ്ട ഒന്നല്ല അത്. മനുഷ്യജീവിതത്തിന്റെ സാംസ്കാരികവും ചരിത്ര പരവുമായ സാഹചര്യങ്ങളിൽ സാംഗത്യമുണ്ടാകുംവിധം ചലനാത്മകമാകണം ആരാധന. പഴയനിയമ ആരാധന ഇത്തരമൊരു ചലനാത്മക ചിത്രമാണ് നമുക്ക് നൽകുന്നത്. എന്നാൽ അടിസ്ഥാന വിശ്വാസത്തിൽനിന്ന് വ്യതിചലിക്കാത്തവിധമാണ് അവയുടെ ഗതിയെന്നും നാം മനസ്സിലാക്കണം.

### നമുക്കു പാടാം

(വി. കുർബ്ബാനക്രമം നോക്കി ഈ ഗീതത്തിന്റെ മുഴുവൻ ഭാഗങ്ങളും പാടി അർത്ഥം മനസ്സിലാക്കി പഠിക്കുക)

അഗ്നിമയന്മാർ ആരെ നോക്കിൽ വിറച്ചീടുന്നു
അവനെ മേശയിൽ അപ്പം വീഞ്ഞായ് നീ കാണുന്നു.
ആരെ മിന്നലുടുത്തോർ നോക്കുകിലെരിയുന്നുടനെ
അവനെ മൺമയർ ഭക്ഷിച്ച് മുഖം തെളിയുന്നേറ്റം.

എരിതീപുത്ര രഹസ്യങ്ങളഹോ വിണ്ണവരിടയിൽ
ഏശായാ താൻ കണ്ടിവ നമ്മൊടു സാക്ഷിക്കുന്നു.
ദൈവത്വത്തിൻ മടിയിലിരിപ്പു രഹസ്യങ്ങളിവ
ഏവം മേശയിൽ ആദാമ്യർക്കായ് ഭാഗിക്കുന്നു.

### നമുക്ക് പ്രാർത്ഥിക്കാം

പ്രാർത്ഥനാക്രമം, പ്രത്യേക പ്രാർത്ഥനകൾ പേജ് 404 നോക്കുക.

*പ്രകാശം നിറഞ്ഞിരിക്കുന്ന യേശുവേ, സകല സൃഷ്ടികളേയും പ്രകാശിപ്പിക്കുന്ന സത്യപ്രകാശം നീ ആകയാൽ നിന്റെ പ്രകാശത്തിലാകുന്നു ഞങ്ങൾ പ്രകാശം കാണുന്നത്. സ്വർഗ്ഗീയ പിതാവിന്റെ കതിരായുള്ളവനേ, നിന്റെ ശോഭയുള്ള പ്രകാശത്താൽ ഞങ്ങളെ പ്രകാശിപ്പിക്കണമെ. ആമ്മീൻ*

ഈ പ്രാർത്ഥനയുടെ ആശയം അടങ്ങുന്ന ആരാധനാഗീതം കണ്ടുപിടിച്ച് പാടുക

### നിശ്ചയം

**നമ്മുടെ ആരാധനയുടെ പഴയനിയമ അടിസ്ഥാനം**
**ഞങ്ങൾ മനസ്സിലാക്കി. പഴയ നിയമ ആരാധനയുമായും ദൈവാലയവുമായും**
**ഇന്നത്തെ ആരാധനയ്ക്കുള്ള ബന്ധവും**
**ഞങ്ങൾ മനസ്സിലാക്കി. ഭക്തിയോടെ, സഭ അനുശാസിക്കുന്ന രീതിയിൽ**
**ഉത്തമ ആരാധനാ ജീവിതം നയിപ്പാൻ ഞങ്ങൾ ഉത്സാഹിക്കും.**

## നമുക്ക് ചിന്തിക്കാം

1 നമ്മുടെ ആരാധനയും പഴയനിയമ ആരാധനയും എങ്ങനെ ബന്ധപ്പെട്ടി രിക്കുന്നു?

2 വേദഗ്രന്ഥങ്ങളുടെ ക്രോഡീകരണത്തിനു പിന്നിലെ യുക്തി എന്തായിരുന്നു?

3 വേദപുസ്തക ഗ്രന്ഥങ്ങൾ പ്രത്യേക അവസരങ്ങളിൽ വായിക്കപ്പെട്ടിരുന്നു എന്നതിന് ഏതാനും ഉദാഹരണങ്ങൾ നൽകാമോ?

4 ഹോമയാഗം (ലേവ്യ 1), ഭോജനയാഗം (ലേവ്യ 2), സമാധാനയാഗം (ലേവ്യ 3) പാപയാഗം (ലേവ്യ 4), അകൃത്യയാഗം (ലേവ്യ 5:14) എന്നിവ സംബന്ധിച്ച കാര്യങ്ങൾ ഏവ?

5 ദൈവം ജനമദ്ധ്യേ 'കൂടാരമടിക്കുന്നു' എന്ന് അർത്ഥം വരുന്ന എബ്രായപദം ഏത്?

6 ആരാധനയുടെ കേന്ദ്രീകരണം നടന്നതെങ്ങനെ? ഏതു ഘട്ടത്തിൽ?

7 സുനഗോഗ് ആരാധന ദൈവാലയാരാധനയിൽനിന്ന് എങ്ങനെ വ്യത്യസ്തമായിരിക്കുന്നു?

8 പുരാതന പൂജാഗിരികളുടെ പുനരുദ്ധാരണത്തിന് കാരണമെന്ത്?

9 ആരാധന കാലിക സാംഗത്യമുള്ളതും ചലനാത്മകവുമാകണം എന്ന ചിന്തയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശദമാക്കുക.

10 യേശുവിന്റെ കാലത്ത് രണ്ട് വ്യത്യസ്ത രീതികളിലുള്ള ആരാധനകൾ നിലവിലിരുന്നു? ഏതെല്ലാം? അവയുടെ പ്രത്യേകതകൾ എന്ത്?

11 നമ്മുടെ സഭയുടെ ആരാധനയിൽ പഴയനിയമ ആരാധനയുടെ ഏതെല്ലാം ഘടകങ്ങൾ ഉൾക്കൊള്ളുന്നു എന്ന് കണ്ടെത്തുക.

## പ്രവർത്തനങ്ങൾ

1 സമാഗമന കൂടാരത്തിൽ അർപ്പിച്ചിരുന്ന യാഗങ്ങളും അതിന്റെ വിധികളും ലേവ്യ പുസ്തകത്തിൽനിന്നും കണ്ടെത്തി ഡയറിക്കുറിപ്പ് തയ്യാറാക്കുക.

2 സമാഗമന കൂടാരത്തിന്റെ നിർമ്മാണത്തിന് ദൈവം നൽകിയ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വേദപുസ്തകം നോക്കി കണ്ടെത്തുക.

3 നമ്മുടെ ആരാധനയിൽ ഭക്തിയോടെ പങ്കെടുക്കുക.

4 ആരാധനയിൽ ഉപയോഗിക്കുന്ന ഗീതങ്ങളും, പ്രാർത്ഥനകളും പ്രതീകങ്ങളും എല്ലാം അവയുടെ ശരിയായ അർത്ഥത്തിലും പ്രാധാന്യത്തിലും മനസ്സിലാക്കുക

### തുടർ വായനയ്ക്ക്

**തിരുവചന വായനയും ധ്യാനവും പതിവുപോലെ ഈയാഴ്ചയും തുടരുക**

പാഠം 2

# പഴയനിയമ പൗരോഹിത്യം

**പാഠോദ്ദേശ്യങ്ങൾ:** പഴയനിയമ പൗരോഹിത്യത്തിന്റെ വിശദാംശങ്ങളും പ്രാധാന്യവും മനസ്സിലാക്കുക. നമ്മുടെ സഭയുടെ ആരാധനയുമായി താരതമ്യം ചെയ്യുക. പുരോഹിതന്മാരെ ബഹുമാനിക്കുക.

**മനഃപാഠവാക്യം:** അവർ യാക്കോബിന് നിന്റെ വിധികളും യിസ്രായേലിന് ന്യായപ്രമാണവും ഉപദേശിക്കും, അവർ നിന്റെ സന്നിധിയിൽ സുഗന്ധധൂപവും യാഗപീഠത്തിന്മേൽ സർവ്വാംഗഹോമവും അർപ്പിക്കും (ആവർ. 33:10).

**പഠനസഹായികൾ:** വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

നമ്മുടെ സഭയിലെ പുരോഹിതസ്ഥാനികളാരൊക്കെയെന്നു പറയാമോ? ശെമ്മാശൻ, പുരോഹിതൻ/കശീശ്ശ, എപ്പിസ്കോപ്പാ, കാതോലിക്ക, പാത്രിയർക്കീസ് എന്നിവ സഭയുടെ ഭരണ ക്രമീകരണത്തിലെ പ്രത്യേക പദവിയും ഉത്തരവാദിത്തവുമാണ്. ഇതുപോലുള്ള പുരോഹിതരും സ്ഥാനികളും യഹൂദമതത്തിലുണ്ടായിരുന്നു. ഇപ്പോഴുമുണ്ട്. പഴയനിയമത്തിൽ ഇവരെക്കുറിച്ച് പറയുന്നതെന്താണെന്ന് ഇന്ന് നമുക്ക് പഠിക്കാം.

## പാഠഭാഗം

'പുരോഹിതൻ' എന്ന പദം ഹൈന്ദവസംസ്കാരത്തിൽനിന്നും വന്നതാണ്. ഈ സംസ്കൃതപദത്തിന് 'ഏറ്റവും മുമ്പിൽ നിൽക്കുന്നവൻ', 'അധികാരം നൽകപ്പെട്ടവൻ' എന്നൊക്കെയാണർത്ഥം. 'വൈദികൻ' എന്ന പദവും സംസ്കൃതമാണ്. അതിനർത്ഥം 'വേദം അറിയുന്നവൻ', 'വേദം വേണ്ടവിധം പഠിച്ചവൻ' എന്നാണ്. 'പുരോഹിതൻ' എന്ന അർത്ഥത്തിൽ പഴയനിയമ മൂലഭാഷയിൽ 'കൊഹേൻ' എന്ന വാക്ക് 740 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. ഈ വാക്കിന് 'ദൈവസന്നിധിയിൽ വണങ്ങുക', 'ആരാധിക്കുക', 'സമർപ്പിക്കുക' എന്നാണർത്ഥം. ഇതിനു സമാനമായ സുറിയാനിപദം കഹെൻ (അതിൽനിന്ന് കൊഹ്നെ) 'സമൃദ്ധി വരുത്തുക', 'ആനന്ദിപ്പിക്കുക' എന്നർത്ഥം നൽകുന്നു. എബ്രായ വേദപുസ്തകത്തിന്റെ യവന ഭാഷാന്തരമായ 'സെപ്തതി' (Septuagint -LXX) ഹിയറെയൂസ് എന്നാണ് 'കൊഹേൻ' വിവർത്തനം ചെയ്തിരിക്കുന്നത്. ഈ യവന പദത്തിന് 'ശുദ്ധിയുള്ളത്', 'വെടിപ്പുള്ളത്' എന്നർത്ഥം. ഈ ആശയങ്ങളെല്ലാം ഉൾക്കൊണ്ടുകൊണ്ടാണ് സഭ 'പുരോഹിതൻ' എന്ന വാക്കുപയോഗിച്ചിരിക്കുന്നത്.

പഴയനിയമത്തിലെ പുരോഹിത സ്ഥാനത്തിന്റെ പ്രാരംഭവും വളർച്ചയും കൃത്യമായി പറയുക സാദ്ധ്യമല്ല. അബ്രഹാമിനെ എതിരേറ്റുവന്ന, ആദിയും-അന്തവും എന്തെന്ന് പരാമർശമില്ലാത്ത, മൽക്കിസദെക്കിനേക്കുറിച്ച് ഉല്പത്തി 14:18-ൽ പറയുന്നുണ്ട് (എബ്രായ. 7:1-2, സങ്കീ. 110:4). എന്നാൽ പിതാക്കന്മാരായ അബ്രഹാം, യാക്കോബ് എന്നിവർ കുടുംബത്തലവന്മാരെന്ന നിലയിൽ യഹോവയ്ക്ക് യാഗമർപ്പിക്കുകയായിരുന്നു (ഉല്പ 22:9-14, 28:18, 35:13-14). മോശെ യിസ്രായേലിനെ നയിച്ചുകൊണ്ട് മരുഭൂമിയിലൂടെ പ്രയാണം ചെയ്തപ്പോൾ സീനായ് പർവ്വതത്തിനുതാഴെ പണിത യാഗപീഠത്തിന്മേൽ യാഗാർപ്പണ

ത്തിന് ചില ബാല്യക്കാരെ നിയോഗിക്കുകയാണ് (പുറ 24:4-8). രക്തം തളിച്ചതുമാത്രം മോശെ. ഇവിടെയും പ്രത്യേകിച്ചൊരു പുരോഹിതനെക്കുറിച്ച് സൂചനയില്ല. വേദഗ്രന്ഥങ്ങളുടെ രചനയുടെ കാലഗണനപ്രകാരം ഒരു പുരോഹിതനെ നിയമിക്കുന്നതായി പറയുന്ന ഏറ്റവും പുരാതനമായ വേദഭാഗം ന്യായാ 17:5-12 ആണ്. മീഖാവ് തന്റെ ദേവമന്ദിരത്തിൽ ഒരു ലേവ്യനെ കരപൂരണം ചെയ്ത് പുരോഹിതനാക്കുന്നു. ഇവിടെ ഇത് രണ്ടു വ്യക്തികൾ തമ്മിലുള്ള ഒരു ഉടമ്പടിമാത്രമാണ്. എന്നാൽ 'കരപൂരണ' യാഗത്തെക്കുറിച്ച് ലേവ്യ 8:22-28, പുറ. 29:10-25 ഭാഗങ്ങളിൽ പറയുന്നു. ഈ കർമ്മങ്ങളിലൂടെ അഹരോനും മക്കളും ദൈവത്തിന് പുരോഹിതരായി വേർതിരിക്കപ്പെടുകയാണ്. ഇവിടെയും മോശെയാണ് യാഗമർപ്പിക്കുന്നത്.

യാഗവസ്തു യജമാനന്റെ കയ്യിലേൽപ്പിച്ച് അത് തിരികെ വാങ്ങി യാഗപീഠത്തിന്മേൽ ദഹിപ്പിക്കുന്ന കർമ്മാണ് 'കരപൂരണം.' ഇനിമേൽ പൗരോഹിത്യം പിന്തുടർച്ചാവകാശമാണ് (ലേവ്യ 16:32). ബി. സി.6-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട പുരോഹിത രേഖയാണ് അഹരോന്യ പൗരോഹിത്യത്തെക്കുറിച്ച് നമുക്ക് അറിവു തരുന്നത് (പുറ. 28:1). ലേവ്യരെ ദേവാലയ ശുശ്രൂഷയ്ക്കായി വേർതിരിക്കുന്ന കാര്യവും പുരോഹിതരേഖയിലൂടെയാണ് വെളിവാകുന്നത് (സംഖ്യ. 8:5-26). 30 വയസ്സുമുതൽ 50 വയസ്സുവരെ അവർ സമാഗമനകൂടാരത്തിൽ ശുശ്രൂഷ ചെയ്യണമെന്നാണ് നിയമം.

ഇങ്ങനെ പുരോഹിത ശുശ്രൂഷക്കായി വേർതിരിക്കപ്പെട്ടതിനാൽ അവർ വെടിപ്പും വിശുദ്ധിയുമുള്ളവരായി പ്രധാന പുരോഹിതൻ 'യഹോവയ്ക്കു വിശുദ്ധം' എന്നെഴുതിയ പട്ടം നെറ്റിയിൽ കെട്ടണം (പുറ. 28:36). അതായത്, പുരോഹിതൻ വി. ബലിപീഠത്തെപ്പോലെ, അതിലർപ്പിക്കാനൊരുക്കുന്ന ഊനമില്ലാത്തതും വെടിപ്പുള്ളതുമായ ബലിവസ്തുപോലെ വേർതിരിക്കപ്പെട്ടവനാണ് (സംഖ്യ 8:14, ആവർ. 10:8). ഇനി മുതൽ പുരോഹിതൻ ഈ അശുദ്ധലോകത്തിന്റേതല്ല. അതുകൊണ്ട് പുരോഹിതൻ അശുദ്ധമായതിൽ നിന്നൊക്കെ ഒഴിവായിരിക്കണം (ലേവ്യ 21:1-6) വിശുദ്ധ സ്ഥലത്തേക്കുവരുമ്പോൾ പ്രത്യേകം ശ്രദ്ധിക്കണം. പ്രത്യേക വസ്ത്രം (പുറ. 28:43), വസ്ത്രം കഴുകൽ (സംഖ്യ 8:7), ശുദ്ധീകരണം (പുറ. 30:17-21, 40:31-32, ലേവ്യ 8:6) മദ്യത്തിൽനിന്നും വീഞ്ഞിന്റെ ലഹരിയിൽനിന്നും ഒഴിഞ്ഞുനിൽപ്പ് (ലേവ്യ 10:8-11). എന്നിവ അവശ്യം തന്നെ. ഈ പ്രത്യേകതകളെല്ലാം പുരോഹിതന് ഒരന്തസ്സ് നൽകുന്നുണ്ട്. ഈ വിധമുള്ള പുരോഹിത സ്ഥാനത്തിനുള്ള അർഹത പുരുഷന്മാർക്കു മാത്രമാണ്. അവർ ശാരീരിക വൈകല്യമില്ലാത്തവരായിരിക്കണം (ലേവ്യ 21:16-21).

ദേശാന്തരികളായിരുന്ന പിതാക്കന്മാർ അബ്രഹാമും യാക്കോബും പുരോഹിത ശുശ്രൂഷയും നിർവഹിച്ചിരുന്നതായി കണ്ടു. അവരുടെ പിൻമുറക്കാർ കനാനിൽ സ്ഥിരവാസമായപ്പോൾ പൂജാഗിരികളുണ്ടായി. അവരുടെ സംരക്ഷണത്തിനായി പുരോഹിതന്മാരും ന്യായാധിപന്മാരുടെ കാലഘട്ടം അവസാനിക്കുന്നതുവരെ ഈ രീതി തുടർന്നു. ഒടുവിൽ പ്രവാചകനും പുരോഹിതനും ന്യായാധിപനും ഒരാൾതന്നെയായി. (ഏലി, ശമുവേൽ). ശമുവേൽ ലേവിഗോത്രക്കാരനായിരുന്നില്ല (1 ശമു. 1:1-2).

എന്നാൽ രാജഭരണകാലഘട്ടത്തിൽ പുരോഹിതനെ രാജാവ് നിയമിക്കുന്ന രീതി വന്നു. പുരോഹിതൻ രാജാവിന്റെ സ്വത്തായ ദേവാലയത്തിൽ രാജാവിനു പകരം നിൽക്കുന്ന ഒരു ശുശ്രൂഷകനായി (2 രാജാ. 10:11, 12:5-17, 16:10-18). ദാവീദ് രാജാവ് സാദോക്കിനേയും അബ്യാഥാറിന്റെ മകനായ അബീമേലേക്കിനേയും പുരോഹിതന്മാരായി നിയമിച്ചു. (2 ശമു 8:17) ശലോമോനാകട്ടെ സാദോക്കിനെ മാത്രം നിലനിർത്തി (1 രാജാ. 2:27, 35) ഈ സാദോക്കിന് ലേവ്യഗോത്രവുമായി യാതൊരുബന്ധവുമില്ല (യെഹ. 48:11). ആരാധനയുടെ കേന്ദ്രീകരണം പൗരോഹിത്യത്തെ ബലപ്പെടുത്തി.

യിസ്രായേൽ ജനം പ്രവാസത്തിലേക്കു പോയപ്പോൾ പുരോഹിതനു രാഷ്ട്രീയ നേതൃത്വവും കൂടെ കൈവന്നു (എസ്രാ, നെഹമ്യാവ്). രാജാവ്, പുരോഹിതൻ, പ്രവാചകൻ എന്നീ സ്ഥാനികളിൽ പുരോഹിതൻ സമൂഹ നേതൃത്വത്തിൽവന്നു. രാജഭരണം ഇല്ലാതായി, പ്രവചനം നിന്നുപോയി. പ്രധാന പുരോഹിതൻ പുരോഹിതവൃന്ദം എന്ന രീതിയിലുള്ള ശ്രേണി രൂപം പ്രാപിക്കുന്നത് പ്രവാസാനന്തര കാലഘട്ടത്തിലാണ് (ഹഗ്ഗായി 1:1, 12,14, 2:4).

## പുരോഹിതന്മാരുടെ ചുമതലകൾ

1 പൂജാഗിരികളുമായി ബന്ധപ്പെട്ടാണ് പൗരോഹിത്യം ആരംഭിച്ചതെന്ന് കരുതാം. പൂജാഗിരികളുടെ സംരക്ഷണമായിരുന്നു ഇവരുടെ ചുമതല. ഈ സംരക്ഷണ ചുമതലയേറ്റ സാധാരണക്കാരായ ആളുകളായിരുന്നു ആദ്യ പുരോഹിതർ (ന്യായാ 17, 1 ശമു. 2:21, 23:9 നോക്കുക). ശമുവേൽ എഫ്രയീമ്യനാണ്. ലേവ്യനല്ലെന്ന കാര്യം ശ്രദ്ധേയം.

2 ജനം പൂജാഗിരികളിലെത്തുന്നത് ദൈവത്തോട് ആലോചന ചോദിക്കുന്നതിനാണ്. പുരോഹിതൻ ഈ ആലോചനകൾക്കുള്ള ദൈവത്തിന്റെ മറുപടി ജനത്തെ അറിയിക്കും (ആവ. 33:8-10). ദൈവവുമായി മുഖാമുഖം സംസാരിച്ചിട്ടുള്ളത് മോശെ മാത്രമാണ് (പുറ. 18:15, 19, 33:7-11). മറ്റുള്ളവർ ഏഫോദ്, ഊറിം തുമ്മീം എന്നീ മാധ്യമങ്ങൾ ഉപയോഗിച്ച് ജനത്തിന് ദൈവത്തിന്റെ ഉത്തരം നൽകുന്നു (സംഖ്യ 27:21, ഹോശേ. 3:4).

3 പഠിപ്പിക്കുക എന്നത് പുരോഹിതന്മാരുടെ പ്രധാന ഉത്തരവാദിത്വമാണ് (ആവർ. 33:10). ഈ ഉത്തരവാദിത്വം മറന്നതിനെ പ്രവാചകന്മാർ ശാസിക്കുന്നുണ്ട്. കൂലി വാങ്ങി ഉപദേശിക്കുന്ന പ്രവാചകന്മാരെ കുറ്റപ്പെടുത്തുന്നു (മീഖാ 3:11). അറിവു സൂക്ഷിച്ചുവെച്ച് ന്യായപ്രമാണം ദൈവത്തിൽനിന്ന് കേട്ട് ജനത്തെ പഠിപ്പിക്കേണ്ടത് പുരോഹിതന്മാരാണ് (മലാ. 2:7). ന്യായപ്രമാണം, പരിജ്ഞാനം, നീതിന്യായം ഇവ മൂന്നുമായിരിക്കണം പുരോഹിതന്റെ ഉപദേശത്തിന്റെ കാതൽ (യെഹെ. 44:23, ഹഗ്ഗാ 2:11) പ്രവാസകാലമായപ്പോഴേക്കും ലേവ്യരും, അക്കാലഘട്ടത്തിനുശേഷം ശാസ്ത്രിമാരും ഉത്തരവാദിത്വമേറ്റെടുത്തു.

3 ദൈവാലയം പണിത്, ആരാധന (രാജഭരണകാലത്ത്) കേന്ദ്രീകൃതമായപ്പോൾ ബലിയർപ്പണം പുരോഹിതന്മാരുടെ മാത്രം ചുമതലയായി (2 ദിനവൃ. 26:18). അങ്ങനെ പൗരോഹിത്യം ഒരു യാഗപീഠ ശുശ്രൂഷയായി (ലേവ്യ 21:17, പുറ. 19:22, പുറ. 28: 35-43, സംഖ്യ 18:7, 1 ശമു 2:28 എന്നീ ഭാഗങ്ങളിൽ പുരോഹിത കർമ്മത്തെ സൂചിപ്പിക്കുന്ന പദങ്ങൾ നോക്കുക). യാഗാർപ്പണത്തോടൊപ്പം കാഴ്ചയപ്പം അടുക്കിവെയ്ക്കുക (ലേവ്യ 24:8), ദീപം തുടയ്ക്കുക (പുറ 30:7), കാഹളമൂതുക (സംഖ്യ 10:8-10), യഹോവയുടെ നാമത്തിൽ അനുഗ്രഹിക്കുക (ആവർ 10:8, 21:5, 1 ദിനവൃ. 23:13) എന്നിവയും പുരോഹിതന്റെ കർത്തവ്യമാണ്. ഈ ഉത്തരവാദിത്ത ങ്ങൾ പുരോഹിതനെ ദൈവത്തിനും മനുഷ്യർക്കുമിടയിൽ മദ്ധ്യസ്ഥനാക്കുന്നു.

പാപപരിഹാരദിവസമൊഴികെയുള്ള സന്ദർഭങ്ങളിലെല്ലാം മഹാപുരോഹിതൻ വിശേഷവസ്ത്രങ്ങൾ ധരിക്കണം (ലേവ്യ 16, പുറ. 28:39, സിറാക് 45:6-12).

ചുരുക്കത്തിൽ പഴയനിയമ പൗരോഹിത്യം ചരിത്രസാഹചര്യങ്ങളോടുള്ള പ്രതികരണമെന്നവിധം വളർന്നുവന്നിട്ടുള്ളതാണ്. പൗരോഹിത്യ വേദശാസ്ത്രത്തിന് ഊന്നൽ കൊടുക്കുന്നത് പ്രവാസകാലഘട്ടത്തിൽനിന്നുള്ള (ബി. സി. 6-ാം നൂറ്റാണ്ട്) പുരോഹിത രേഖയാണ്. യിസ്രായേലിന്റെ ചരിത്രരചനയിലും രാഷ്ട്രീയ-നീതി നിർവഹണ മേഖലയിലും പൗരോഹിത്യം അനേകം സംഭാവനകൾ നൽകിയിട്ടുണ്ട്. പുരോഹിത ശുശ്രൂഷ സകല മനുഷ്യർക്കും രക്ഷയും അനുഗ്രഹവും ഉറപ്പാക്കുന്നു. പുരോഹിതൻ ദൈവത്തിനും

മനുഷ്യർക്കുമിടയിൽ മദ്ധ്യസ്ഥനാണ്. അരുളപ്പാടു ചോദിക്കൽ, പഠിപ്പിക്കൽ എന്നീ കാര്യങ്ങളിൽ പുരോഹിതൻ ജനമദ്ധ്യേ ദൈവത്തിന്റെ പ്രതിനിധിയാണ്. യാഗാർപ്പണം, അഭയയാചന എന്നിവയിൽ ദൈവമുമ്പാകെ ജനത്തിന്റെ പ്രതിനിധിയും ആണ്.

### നമുക്ക് പാടാം

(പെസഹാ വ്യാഴം വി. കുർബ്ബാനയിൽ ആലപിക്കുന്ന ഗീതം, വി. കുർബ്ബാനക്രമം, ഞങ്ങൾക്കായുളവായൊരുനിൻ..... എന്ന രീതി)

ഭീഷണ ദേശത്താശ്രയമാം-കർത്തൃശരീരം പ്രാപിക്കാം
സ്വർഗ്ഗാഗതമാം രക്ഷണ്യ-ക്കാസായും പാനം ചെയ്യാം.
ഗാത്രത്തിൻ മീതേ തീയും-കാസാമേൽ ജ്വാലയുമുണ്ട്
പട്ടക്കാരൻ തന്മദ്ധ്യേ-മോചന കർമ്മം ചെയ്യുന്നു.
മർത്ത്യർക്കും ദൈവത്തിന്നും-മദ്ധ്യസ്ഥൻ പട്ടക്കാരൻ
ശാപം വൈദികനേകുന്നോൻ-രാപകലർഹിക്കും ശാപം.

(സാധാരണ ഞായറാഴ്ചകളിൽ വി. കുർബ്ബാനയക്കുശേഷം പാടുന്ന മേൽപ്പട്ടക്കാർ പട്ടക്കാരൊടു....., അഗ്നിമയന്മാർ ആരെ...... എന്റെ കടങ്ങളശേഷം നിൻ..... ഗീതങ്ങൾ പാടി പഠിക്കുക.)

### നമുക്ക് പ്രാർത്ഥിക്കാം

(പ്രാർത്ഥനാക്രമം പ്രത്യേക പ്രാർത്ഥനകൾ എന്ന ഭാഗത്ത് പട്ടക്കാർക്കുവേണ്ടിയുള്ള പ്രാർത്ഥനയിൽനിന്ന്.)

*പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യമുള്ള ഏകദൈവമേ. ദൈവീക വചനങ്ങളെ ഞങ്ങളോട് ഉപദേശിക്കുകയും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ഞങ്ങളുടെ കണക്കുകൊടുക്കേണ്ടവരെപ്പോലെ ഞങ്ങൾക്കുവേണ്ടി പ്രയാസപ്പെടുകയും ചെയ്യുന്നവരായി ഞങ്ങളുടെ സഭയിലുള്ള മേൽപ്പട്ടക്കാരേയും പട്ടക്കാരേയും നീ അനുഗ്രഹിച്ച് അവരുടെ സകല വചനങ്ങളും പ്രവൃത്തികളും നിന്റെ തിരുനാമ മഹത്വത്തിനാക്കിത്തീർക്കണമെ. അവസാന നാളിൽ ഞങ്ങളുടെ താലന്തുകളെ പ്രാപിച്ചുകൊണ്ട് വിശ്വസ്ത കലവറക്കാരായി നിന്റെ സന്നിധിയിൽ കാണപ്പെടുവാനും പന്ത്രണ്ടു ശ്ലീഹന്മാരോടുകൂടെ വലത്തുഭാഗത്തുനിന്നുകൊണ്ട് നിനക്കു സ്തുതിപാടുവാനും അവരെ യോഗ്യരാക്കണമെ. സഭയുടെ ശത്രുക്കളാകുന്ന പിശാചുക്കളും ദുഷ്ട മനുഷ്യരും ലജ്ജിക്കത്തക്കവണ്ണം ഞങ്ങളുടെ പുരോഹിതന്മാർ എല്ലാവരെയും നീതിയും വിശുദ്ധിയും പ്രാപ്തിയും സത്യവും സ്വർഗ്ഗീയ വാഴ്വുകളും കൃപകളുംകൊണ്ട് അലങ്കരിക്കുകയും ചെയ്യണമെ. ഞങ്ങൾ ഇപ്പോഴും എല്ലാസമയത്തും നിനക്ക് സ്തുതിയും സ്തോത്രവും കരേറ്റുന്നു. ആമ്മീൻ.*

### നിശ്ചയം

**പഴയനിയമ പൗരോഹിത്യത്തിന്റെ വിശദാംശങ്ങളും പ്രാധാന്യവും ഞങ്ങൾ മനസ്സിലാക്കി. നമ്മുടെ ആരാധന അതുമായി ബന്ധപ്പെട്ടുകിടക്കുന്നു എന്നും ഞങ്ങൾക്ക് മനസ്സിലായി. ആരാധന ഞങ്ങൾ ഒരുനാളും മുടക്കുകയില്ല. പുരോഹിതന്മാരെ ബഹുമാനിക്കുകയും അവരുടെ ശ്രേഷ്ഠമായ കർമ്മങ്ങളെ പ്രകീർത്തിക്കുകയും ചെയ്യും.**

**നമുക്ക് ചിന്തിക്കാം**

1 എബ്രായ, യവന, സുറിയാനി ഭാഷകളിൽ പുരോഹിതൻ എന്ന വാക്കിന് ഉപയോഗിച്ചിരിക്കുന്ന പദങ്ങളേവ?

2 പുരോഹിതൻ എന്ന വാക്കിന്റെ അർത്ഥം എന്ത്? സംസ്കൃത, യവന, എബ്രായ ഭാഷാ പദങ്ങളുടെ അടിസ്ഥാനത്തിൽ ചർച്ച ചെയ്യുക.

3 കരപൂരണം എന്നാലെന്ത്?

4 പുരോഹിതന്റെ ജീവിതവിശുദ്ധിയും അന്തസ്സും എങ്ങനെയെന്ന് ചർച്ച ചെയ്യുക.

5 പൗരോഹിത്യം ചരിത്രഗതിക്കനുസരിച്ച് രൂപം പ്രാപിച്ചതാണ് എന്ന പ്രസ്താവന ചർച്ചചെയ്യുക.

6 ലേവ്യ പൗരോഹിത്യവും അതിനു പുറമേയുള്ള പൗരോഹിത്യവും യിസ്രായേ ലിൽ ഉണ്ടായിരുന്നുവെന്നതിന് തെളിവെന്താണ്?

7 പുരോഹിതന്റെ ഉപദേശത്തിന്റെ കാതൽ എന്തായിരിക്കണം?

8 പുരോഹിതന്റെ കർത്തവ്യങ്ങളെന്തല്ലാം?

9 പഴയനിയമ പുരോഹിതന്റെയും സഭയിലെ പുരോഹിതന്മാരുടേയും ചുമതലകൾ താരതമ്യം ചെയ്യുക

10 രാജാവ്, പുരോഹിതൻ, പ്രവാചകൻ എന്നീ മൂന്നു സ്ഥാനങ്ങളുടെ പ്രത്യേകതകളും ചുമതലകളുമെന്ത്?

11 യിസ്രായേലിലെ മഹാപുരോഹിതസ്ഥാനം എങ്ങനെ രൂപപ്പെട്ടു? അതിന്റെ ചരിത്ര പശ്ചാത്തലമെന്ത്?

12 പുരോഹിതനെ ദൈവത്തിനും മനുഷ്യർക്കുമിടയിൽ മദ്ധ്യസ്ഥനാക്കുന്ന വിവിധ ഉത്തരവാദിത്തങ്ങൾ ഏവ?

**പ്രവർത്തനങ്ങൾ**

1 യാഗാർപ്പണവുമായി ബന്ധപ്പെട്ട് പഠിച്ച വിവിധ സാങ്കേതിക പദങ്ങൾ പാഠത്തിൽ സൂചിപ്പിച്ച വേദഭാഗങ്ങൾ നോക്കി കണ്ടെത്തുക.

2 'പുരോഹിതന്റെ ഉത്തവാദിത്തങ്ങളും ചുമതലകളും' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സിൽ ചർച്ച നടത്തുക.

3 ഈ പാഠത്തിൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ വേദഭാഗങ്ങളും നന്നായി വായിച്ച് ആശയങ്ങൾ കൂടുതൽ മനസ്സിലാക്കുക.

**തുടർ വായനയ്ക്ക്**

**തിരുവചന വായനയും ധ്യാനവും പതിവുപോലെ ഈയാഴ്ചയും തുടരുക.**

പാഠം 3

# യഹൂദ പെരുന്നാളുകൾ

**പാഠനോദ്ദേശ്യങ്ങൾ:** യഹൂദന്മാരുടെ വിവിധ പെരുന്നാളുകളെപ്പറ്റി നന്നായി മനസ്സിലാക്കുക. അതിന്റെ അടിസ്ഥാനത്തിൽ സഭയിലെ പെരുന്നാളുകളെപ്പറ്റി കൂടുതൽ മനസ്സിലാക്കുക. സഭയിലെ പെരുന്നാളുകളുടെ ആചരണത്തിൽ സജീവമായി പങ്കെടുക്കുകയും അതിൽനിന്നുള്ള ദൈവാനുഗ്രഹം പ്രാപിക്കുകയും ചെയ്യുക.

**മനഃപാഠവാക്യം:** "സംവത്സരത്തിൽ മൂന്നു പ്രാവശ്യം എനിക്കു ഉത്സവം ആചരിക്കേണം. സംവത്സരത്തിൽ മൂന്നുപ്രാവശ്യം നിന്റെ ആണുങ്ങൾ എല്ലാം കർത്താവായ യഹോവയുടെ മുമ്പാകെ വരേണം" (പുറ 23:14,17).

**പഠനസഹായികൾ:** വി. വേദപുസ്തകം, ആണ്ടുതക്സാ, പെരുന്നാൾ ശുശ്രൂഷാക്രമം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

ലോകത്തിലെ എല്ലാ പ്രമുഖ മതങ്ങൾക്കും അവരുടെ പെരുന്നാളുകളുണ്ട്. ഓരോന്നിന്റെയും അർത്ഥവും അനുഷ്ഠാനുങ്ങളും വ്യത്യസ്തമാണ്. നമ്മുടെ സഭയിലെ പെരുന്നാളുകളുടെ ഉദാഹരണങ്ങളാണ് ക്രിസ്തുമസ്, ഉയിർപ്പ്, പെന്തിക്കോസ്തി, കൂടാരപ്പെരുന്നാൾ എന്നിവ. ഇതുപോലെ, യഹൂദമതത്തിലും ചില പെരുന്നാളുകൾ ഉണ്ടായിരുന്നു. ഈ പാഠത്തിൽ യഹൂദരുടെ പെരുന്നാളുകളെക്കുറിച്ച് പഠിക്കാം.

## പാഠഭാഗം

യഹൂദ ന്യായപ്രമാണപുസ്തകങ്ങളായ പഞ്ചഗ്രന്ഥങ്ങളിൽ ചില പെരുന്നാളുകളെക്കുറിച്ച് പറയുന്നുണ്ട്. എന്നാൽ വേറെ ചില പെരുന്നാളുകൾ പിൽക്കാലത്ത് അവരുടെ ചരിത്രത്തിൽ ആരംഭിച്ചവയാണ്. യഹൂദന്മാരുടെ പെരുന്നാളുകളെ അതുകൊണ്ട് നമുക്ക് പൊതുവെ രണ്ടായി തിരിക്കാം.

1. കാനോനിക പെരുന്നാളുകൾ
2. അകാനോനിക പെരുന്നാളുകൾ.

ന്യായപ്രമാണപുസ്തകത്തിൽ അനുശാസിച്ചിട്ടുള്ളവയാണ് ഒന്നാമത്തെ ഗണത്തിൽ പെടുന്നത്. പിൽക്കാലത്ത് ആരംഭിച്ചവ രണ്ടാമത്തെ വിഭാഗത്തിലും. കാനോനിക പെരുന്നാളുകൾ പ്രധാനമായും പെസഹായും പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളും (പുറ. 23:15), കൂടാരപ്പെരുന്നാൾ, പെന്തിക്കോസ്തി എന്നിവയുമാണ്. അകാനോനിക ഗണത്തിലുള്ളവ പൂരീം, പ്രതിഷ്ഠാപെരുന്നാൾ (ഹനൂക്കാ) എന്നിവയാണ്. ഇതുകൂടാതെ പാപപരിഹാരദിവസം (യോം കിപ്പൂർ) പ്രധാനപ്പെട്ട ഒരു ആരാധനാ അനുഷ്ഠാനമായിരുന്നു.

### കാനോനിക പെരുന്നാളുകൾ

ആണ്ടിൽ മൂന്നു പ്രാവശ്യം ഉത്സവം ആചരിക്കണമെന്ന് പുറ. 23:14-17 ഭാഗത്ത് കാണുന്നു. യിസ്രായേലിന്റെ കാർഷികജീവിതവുമായി ബന്ധിച്ചാണ് ഈ പെരുന്നാൾ കലണ്ടർ. ആബിബ് മാസത്തിൽ പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ. വിളയുടെ ആദ്യഫലമെടുക്കുമ്പോൾ കൊയ്ത്തു പെരുന്നാൾ. ഫലശേഖരണത്തിനൊടുവിൽ

കായ്കനിപ്പെരുന്നാൾ. ഈ മൂന്നവസരങ്ങളിൽ ജനം (പുരുഷന്മാർ) ദൈവമുമ്പാകെ വരണം (പുറ. 23:17, 34:23). ഇതൊരു തീർത്ഥാടനമായി ആചരിക്കണം.

### 1. പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളും പെസഹായും

യഹൂദ പെരുന്നാൾ കലണ്ടറിലെ ആദ്യ പെരുന്നാളാണിത്. ഏഴുദിവസം പുളിപ്പില്ലാത്ത അപ്പം തിന്നണം. ഇത് മിസ്രയീമിൽനിന്ന് ദൈവം ജനത്തെ വിടുവിച്ചതിന്റെ സ്മരണയ്ക്കാണ് (പുറ. 23:15). ഒന്നാം മാസമായ ആബീബ് മാസം പതിന്നാലാം തീയതി പെരുന്നാളാരംഭിക്കണം. ആ സന്ധ്യയ്ക്ക് യാഗമൃഗത്തെ അറുത്ത് പെസഹാ ആചരിക്കണം (ലേവ്യ 23:5). പതിനഞ്ചാം തീയതി മുതൽ പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ഏഴ് ദിവസം. ഒന്നാം ദിവസവും ഏഴാം ദിവസവും സഭായോഗം കൂടണം (ലേവ്യ 23:68). പുളിപ്പില്ലാത്ത അപ്പം കഷ്ടതയുടെയും തത്രപ്പാടിന്റെയും അപ്പമാണ് (ആവ.16:3). ആരംഭകാലത്ത് വ്യത്യസ്തമായി വന്ന രണ്ട് അനുഷ്ഠാനങ്ങളെ പിൽക്കാലത്ത് ഒന്നിച്ച് ചേർത്തതാകാമെന്ന് പണ്ഡിതമതം (ആവ. 16:1-8; ലേവ്യ 23:6; പുറ. 12, സംഖ്യ 28:16-17).

പെസഹ (കടന്നുപോക്ക്) ദേശാന്തരികളായ ഇടയന്മാരുടെ ഒരു അനുഷ്ഠാനവും പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ കനാന്യരുടെ ഒരു കാർഷികോത്സവവും ആയിരുന്നു. യിസ്രാ യേൽ ഇതുരണ്ടും ഒന്നിച്ച് പെരുന്നാളാക്കി. പെസഹാ യഥാർത്ഥത്തിൽ ഒരു തീർത്ഥാ ടനപെരുന്നാളായിരുന്നില്ല. എന്നാൽ യഹൂദാ രാജാവായ യോശിയാവ് യരുശലേമിൽ സകലജനത്തേയും വിളിച്ചുചേർത്ത് പെസഹാ ആചരിച്ചപ്പോൾ മുതൽ (ബി. സി. 622, 2 രാജാ. 23:21-23) ആണ്ടുതോറും ജനം യരുശലേം ദൈവാലയത്തിലെത്തി ആഘോഷി ക്കേണ്ട പെരുന്നാളായി മാറി. അതിനുമുമ്പ്, സ്വന്തം വീടുകളിൽവച്ച്, വീട്ടുകാരുടെ എണ്ണത്തിനൊത്തവിധം ആവശ്യമായ മൃഗത്തെക്കൊന്ന് തിരക്കിട്ട് ഭക്ഷിക്കുന്ന ചടങ്ങാണ് ഇതിനുണ്ടായിരുന്നത് (പുറ.12). ആദ്യജാതനെ മരണത്തിൽനിന്നും വിടുവിക്കണം; മരണ ദൂതൻ മാറിക്കടന്നു പോകുന്നുവെന്ന വിവരണം ഇത് ഒരു കുടുംബാഘോഷമായിരുന്നു എന്നതിനെ സാധൂകരിക്കുന്നു (പുറ. 12:13).

### 2. വാരപ്പെരുന്നാൾ അഥവാ പെന്തിക്കോസ്തി

യഹൂദകലണ്ടറിലെ രണ്ടാമത്തെ പെരുന്നാൾ (പുറ. 23:14-17). പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളിനുശേഷം ഏഴ് ശാബതു കഴിഞ്ഞാണ് ഈ പെരുന്നാൾ ആഘോഷിക്കേണ്ടത് (ആവ. 16:9-11). ആദ്യഫല പെരുന്നാളെന്നും പറയാം. ഒറ്റ ദിവസം മാത്രം ആഘോഷിക്കുന്നു. ദൈവസന്നിധിയിൽ വെറുംകൈയ്യോടെ ആരും ചെല്ലരുത് എന്ന നിർദ്ദേശം പ്രത്യേകം കാണാം (ആവ. 16:16-17; ലേവ്യ 23:17-20). അന്ന് പ്രത്യേകമായി പ്രായശ്ചിത്തയാഗം, പതിവുയാഗങ്ങളായ ഭോജനയാഗത്തിനും പാനീയയാഗത്തിനും പുറമേ അർപ്പിക്കേണം (സംഖ്യ 28:26-31). പെന്തിക്കോസ്തി എന്ന വാക്കിന് 'അമ്പത്' എന്നാണർത്ഥം.

### 3. കൂടാരപ്പെരുന്നാൾ

കാർഷികവിളവെടുപ്പ് പൂർത്തിയായിക്കഴിയുമ്പോൾ ആ സന്തോഷത്തിൽ ആഘോഷിക്കുന്ന ഒരു വലിയ പെരുന്നാളാണിത്. വസന്തകാലത്തിന്റെ തെളിഞ്ഞ ആകാശത്തിനു കീഴിൽ മനുഷ്യൻ കൂടാരങ്ങൾ ഉണ്ടാക്കി. അവരവരുടെ ഭവനങ്ങൾ വിട്ട്, ഈ കൂടാരങ്ങളിൽ ഒരാഴ്ച താമസിക്കുന്നു. ഇത് യിസ്രായേൽ ജനം മരുഭൂമിയിൽ കൂടാരവാസികളായിരുന്നതിനെ അനുസ്മരിപ്പിക്കുന്നു (ലേവ്യ 23:42-44). ഏഴാം മാസം (തിശ്രീ) 15-ാം തീയതി മുതൽ ഏഴ് ദിവസമാണ് ഈ പെരുന്നാൾ (ലേവ്യ 23:33-36). കളത്തിലെ ധാന്യവും ചക്കിലെ വീഞ്ഞും ശേഖരിച്ചു കഴിയുമ്പോഴാണ് ഈ പെരുന്നാൾ ആഘോഷിക്കേണ്ടത് (ആവ. 16:13). പ്രവാസാനന്തര കാലഘട്ടത്തിൽ ഒരു തീർത്ഥാടന പെരുന്നാളായി ജനം ഇത് ആഘോഷിക്കുന്നു (എസ്രാ. 3:4; സെഖ. 14:16, 18-19). യഹൂദന്മാരുടെ പെരുന്നാളുകളിൽ ഒടുവിലത്തെ പെരുന്നാളാണ് കൂടാരപ്പെരുന്നാൾ (പുറ. 23:14-17; ലേവ്യ 23; ആവ. 16).

കാനോനിക പെരുന്നാളുകളുടെ ഗണത്തിൽ ഉൾപ്പെടുത്താവുന്നവയാണ് ശാബത്, ശാബത് വർഷം, യോബേൽ വർഷം എന്നിവ. ഏഴു ദിവസം, ഏഴു വർഷം, അമ്പതു വർഷം എന്നീ സമയങ്ങൾ പ്രത്യേകമായി വേർതിരിക്കപ്പെട്ടതായി യിസ്രായേൽ മനസിലാക്കി. ഈ സമയങ്ങൾ 'വിശ്രമ' സമയങ്ങളാണ്. ദൈവത്തിന്റെ സൃഷ്ടി (പുറ. 20:8-11; ഉല്പ. 2:1-3), യിസ്രായേൽ ജനത്തിന്റെ മിസ്രയീമിലെ അടിമത്തത്തിൽനിന്നുള്ള വിമോചനം (ആവ. 5:12-15; പുറ. 23:12) എന്നിവയാണ് ശാബതാചരണത്തിന്നടിസ്ഥാനം. അന്ന് സാധാരണ ദിവസങ്ങളിലേതിലും ഇരട്ടി യാഗങ്ങൾ അർപ്പിക്കേണം (സംഖ്യാ 28:1-10). ഏഴാം വർഷം ശാബതുവർഷമാണ്. അന്ന് നിലത്തിന് വിശ്രമം നൽകണം. കൃഷിയിറക്കരുത്. കാരണം ഭൂതലം മനുഷ്യന് ദൈവം നൽകിയ ദാനമാണ്. (പുറ. 23:11; ലേവ്യ 25:4). ആറാം വർഷം മൂന്നു വർഷത്തേക്കാവശ്യമായ വിളവു ലഭിക്കും (ലേവ്യ 25:21). ഏഴാം വർഷത്തെ പടുമുളയിൽനിന്ന് ഉള്ള ഫലം അനാഥനും ദരിദ്രനും വിധവയ്ക്കും അവകാശപ്പെട്ടതാണ് (പുറ. 23:10-11; ലേവ്യ 25:6). അടിമകൾക്ക് ശാബതുവർഷം വിടുതൽ നൽകേണം (പുറ. 21:2-6).

ഏഴു ശാബതു വർഷം കഴിഞ്ഞ് വരുന്ന അടുത്ത വർഷമാണ് യോബേൽ വർഷം. അത് വിമോചന വർഷമാണ്. ഗംഭീരകാഹളധ്വനിയോടെ വിമോചനം പ്രഖ്യാപിക്കണം. കടമെല്ലാം ഇളവു ചെയ്തു കൊടുക്കണം (ലേവ്യ 25:8-55; 27:17-24). ശാബതുവർഷത്തിന്റെ പ്രമാണങ്ങൾ തന്നെയാണ് യോബേൽ വർഷത്തിന്റേയും. ഏഴാം മാസം പത്താം തീയതി പാപപരിഹാരദിവസമാണ് (ലേവ്യ 23:27-28, 25:9) അന്ന് യഹൂദന് ഉപവാസദിനം. മഹാപുരോഹിതൻ ദൈവാലയത്തിലെ അതിവിശുദ്ധ സ്ഥലത്തേക്ക് ധൂപവും യാഗമൃഗത്തിന്റെ രക്തവും ആയി ആണ്ടിലൊരിക്കൽ പ്രവേശിക്കുന്ന ദിവസം. യോം കിപ്പൂർ എന്നറിയപ്പെടുന്ന ഈ ദിവസം (അപ്പൊ. പ്ര. 27:9) ആത്മ തപനത്തിന്റെ ദിനമാണ് (സംഖ്യ 28:7-11, ലേവ്യ 23:26-32). മൂന്നു വ്യത്യസ്ത കർമ്മങ്ങൾ ഇതുമായി ബന്ധപ്പെട്ടുണ്ട് (ലേവ്യ. 16).

ഒരു കാളക്കുട്ടിയെ പുരോഹിതന്മാർക്കുവേണ്ടി യാഗം കഴിക്കണം. ഒരു കോലാട്ടുകൊറ്റനെ ജനത്തിന്റെ പാപങ്ങൾക്കുവേണ്ടിയും. ഒരു ആട്ടുകൊറ്റൻ അസബേലിന് ചീട്ടിട്ടത്, ജനത്തിന്റെ പാപത്തിനുവേണ്ടി വിജനപ്രദേശത്തേക്ക് കൊണ്ടുപോയി കുന്നിൻ മുകളിൽ നിന്നു താഴേയ്ക്കു വീണു മരിക്കണം എന്നിവയാണ് മൂന്നു കർമ്മങ്ങൾ. പാപപരിഹാര ദിവസം യഹൂദനെ സംബന്ധിച്ച് ഒരു പുതുക്കത്തിന്റെ സമയമാണ്. അവരുടെ വിശ്വാസത്തിന്റെയും ഭക്തിയുടെയും ആരാധനയുടെയും ഏറ്റവും ശ്രേഷ്ഠമായ പ്രകടനമാണിത്.

## അകാനോനിക പെരുന്നാളുകൾ

### 1. പൂരീം

ഈ വാക്കിന് നറുക്ക്/ചീട്ട് എന്നാണർത്ഥം. പന്ത്രണ്ടാം മാസം (ആദാർ മാസം) 14-ാം തീയതി ഇതാഘോഷിക്കുന്നു. എസ്ഥേർ രാജ്ഞിയിലൂടെ യഹൂദർക്ക്, അവരെ നശിപ്പിക്കാൻ ഉദ്യമിച്ചിറങ്ങിയ ഹാമാനിൽനിന്ന് രക്ഷ സാധ്യമായതിന്റെ സ്മരണയാണീ പെരുന്നാൾ (എസ്ഥേർ 9:24 മുതൽ, 2 മക്കാബ്യ 15:36). ഈ ദിവസത്തെ 'മൊർദ്ദേഖായി യുടെ ദിവസം' എന്നു പറഞ്ഞിരിക്കുന്നു. ഇത് പ്രകാശത്തിന്റെ, വെളിച്ചത്തിന്റെ പെരുന്നാളാണ്.

### 2. പ്രതിഷ്ഠാപെരുന്നാൾ (ഹനൂക്കാ)

ഹസ്മോന്യ വംശത്തലവനായ യൂദാ മക്കാബിയസിന്റെ നേതൃത്വത്തിൽ യവന സംസ്കാര പ്രചാരകൻ അന്ത്യോക്കസ് എപ്പിപ്പാനിയോസിനെ പരാജയപ്പെടുത്തി. അന്ത്യോക്കസ് മൃഗബലിയാൽ അശുദ്ധമാക്കിയ യരുശലേം ദൈവാലയം ശുദ്ധീകരിച്ച് യഹോവയ്ക്കുള്ള യാഗങ്ങൾ പുനരാരംഭിച്ച ദിവസം എല്ലാവർഷവും ആചരിക്കണമെന്ന് നിശ്ചയപ്പെടുത്തി (1 മക്കാ. 4:52-59). ഒമ്പതാം മാസമായ കിസ്ലേവ് മാസം 15-ാം തീയതിയാണ് ഈ പെരുന്നാൾ തുടങ്ങുന്നത്. എട്ടുദിവസം നീണ്ടുനിൽക്കുന്ന ആഘോഷങ്ങളുണ്ട്.

യേശുക്രിസ്തു പ്രതിഷ്ഠാപെരുന്നാളിന് യരുശലേമിൽ പോയതായി യോഹ. 10:22-ൽ വായിക്കുന്നു.

## നമുക്ക് പാടാം

(ദുഃഖവെള്ളിയാഴ്ച സ്ലീബാ ആഘോഷത്തിൽ ചൊല്ലുന്ന ഗീതം,
പെരുന്നാൾ ശുശ്രൂഷാക്രമം)

രക്ഷണ പരിചയെനിക്കായ് നീ നൽകി
പറുദീസാ മദ്ധ്യേ നട്ടോ-
രേദൻ തന്നിലെ ജീവമരം
ലോകം ജീവഫലം പൂണ്ട
സ്ലീബായുടെ ദൃഷ്ടാന്തം താൻ
തന്നുടെ പൂജാ ദിവസത്തിൽ
പാരും വാനും പുരുമോദാൽ
പെരുന്നാൾ ഘോഷിച്ചീടുന്നു
നാമും ചേർന്നോതീടേണം.

## നമുക്ക് പ്രാർത്ഥിക്കാം

പ്രാർത്ഥനാക്രമം പ്രത്യേക പ്രാർത്ഥനകൾ

*കർത്താവേ, സന്തോഷത്തോടെ നിന്റെ പെരുന്നാളുകൾ ആചരിക്കുന്ന നിന്റെ സഭയെ നീ കാത്തുകൊള്ളണമേ. നാശവും അടിമത്തവും, കലഹവും, ക്രോധത്തിന്റെ ശിക്ഷകളും കൃപയോടെ അതിൽനിന്ന് മായിച്ചുകളയണമെ. നിന്റെ സഭ മുഴുവനായി നിനക്ക് എല്ലായ്പ്പോഴും സ്തുതി പാടുവാനായിട്ട് നിരപ്പും സമാധാനവും അതിന് കൊടുക്കണമെ. മൊറിയോറാഹേം.*

## നിശ്ചയം

**യഹൂദന്മാരുടെ വിവിധ പെരുന്നാളുകളെപ്പറ്റി ഞങ്ങൾ മനസ്സിലാക്കി.
നമ്മുടെ സഭയിലെ പല പെരുന്നാളുകളുമായി
അവയ്ക്കുള്ള ബന്ധവും സാമ്യവും ഞങ്ങൾ മനസ്സിലാക്കി.
സഭയിലെ എല്ലാ പെരുന്നാളുകളിലും ഞങ്ങൾ
സജീവമായി പങ്കെടുത്ത് അനുഗ്രഹം നേടും.**

## നമുക്ക് ചിന്തിക്കാം

1. യഹൂദന്മാരുടെ പെരുന്നാൾ എത്രതരം? ഏതെല്ലാം?
2. പെസഹാ എന്ന വാക്കിന്റെ അർത്ഥം എന്ത്?
3. പെസഹാ ഒരു തീർത്ഥാടന പെരുന്നാളായത് എങ്ങനെ?
4. പെന്തിക്കോസ്തി പെരുന്നാളിന്റെ മറ്റൊരു പേര്? പെന്തിക്കോസ്തി പെരുന്നാളിന് ഇങ്ങനെ പേരുവരാൻ കാരണം?
5. യഹൂദന്മാരുടെ ആദ്യഫലപ്പെരുന്നാളേത്?
6. കൂടാരപ്പെരുന്നാളിനു പിന്നിലെ ചരിത്രസൂചനയെന്ത്? കൂടാരപ്പെരുന്നാൾ ആഘോഷിക്കുന്നത് എന്ന്?

7. ശാബതാചരണത്തിനു പിന്നിലെ യുക്തിയെന്ത്?
8. ശാബതുവർഷം എങ്ങനെ ആചരിക്കണം?
9. യോബേൽവർഷത്തിന്റെ വിശദാംശങ്ങൾ ലേവ്യ. 25 വായിച്ച് ചർച്ച ചെയ്യുക.
10. പാപപരിഹാരദിവസം എന്ന്? അന്നനുഷ്ഠിക്കേണ്ട കർമ്മങ്ങളെന്തെല്ലാം?
11. യഹൂദന്മാരുടെ പെരുന്നാളുകളുടെ പ്രത്യേകതകൾ എന്തെല്ലാം?
12. കാനോനിക പെരുന്നാളുകൾ എതെല്ലാം? ഓരോന്നും വിശദമാക്കുക.
13. അകാനോനിക പെരുന്നാളുകൾ എതെല്ലാം? ഓരോന്നും വിശദമാക്കുക.
14. യഹൂദന്മാരുടെ ചില പെരുന്നാളുകളുടെ പേരിൽ ക്രിസ്തീയസഭയിൽ ഇന്ന് പെരുന്നാളാഘോഷിക്കുന്നുണ്ട്. അവ ഏതെല്ലാം? യഹൂദ പെരുന്നാളും സഭയുടെ പെരുന്നാളും തമ്മിൽ താരതമ്യം ചെയ്യുക.
15 'യഹൂദന്മാരുടെ വിവിധ പെരുന്നാളുകളുടെ പ്രത്യേകതകൾ' എന്ന വിഷയത്തെ അധികരിച്ച് ഉപന്യാസം തയ്യാറാക്കുക.

## പ്രവർത്തനങ്ങൾ

1 പുറപ്പാട് 12-ാം അദ്ധ്യായം വായിച്ച് യഹൂദന്മാരുടെ പെസഹാപെരുന്നാളിന്റെ ചടങ്ങുകളുടെ ലിസ്റ്റ് തയ്യാറാക്കുക.
2 യഹൂദന്മാരുടെ വിവിധ പെരുനാളുകൾ കാണിക്കുന്ന ഒരു ചാർട്ട് തയ്യാറാക്കുക.
3 പാപപരിഹാരദിവസം അനുഷ്ഠിക്കേണ്ട കർമ്മങ്ങൾ എന്തെല്ലാമെന്ന് ലേവ്യ 16 വായിച്ച് കണ്ടുപിടിക്കുക.
4 ഈ പാഠത്തിൽ തന്നിരിക്കുന്ന മുഴുവൻ വേദപുസ്തക ഭാഗങ്ങളും വായിച്ച് ആശയങ്ങൾ മനസ്സിലാക്കുക.
5 സഭയുടെ വിവിധ പെരുന്നാളുകളിൽ സജീവമായി പങ്കെടുക്കുക.

### തുടർ വായനയ്ക്ക്

**തിരുവചന വായനയും ധ്യാനവും പതിവുപോലെ ഈയാഴ്ചയും തുടരുക.**

## പാഠം 4

# പഴയ-പുതിയ നിയമങ്ങളുടെ ഇടക്കാല ചരിത്രം

**പാഠോദ്ദേശ്യങ്ങൾ:** കാലത്തികവിൽ ദൈവം മനുഷ്യനായി പിറന്ന് നമ്മുടെ ഇടയിൽ പാർത്തതിന്റെ വിവരണം വി. സുവിശേഷങ്ങളിൽ വായിക്കാം. എന്നാൽ ഈ പിറവിയുടെ പശ്ചാത്തലം പഴയനിയമപഠനത്തിലൂടെയാണ് നമുക്ക് ബോധ്യമാകുക. ഈ പഠനത്തിന് ശ്രമിക്കുമ്പോൾ പഴയനിയമത്തിലെ 39 പുസ്തകങ്ങളിൽ അവസാനത്തേതിനും പുതിയ നിയമത്തിലെ ആദ്യപുസ്തകത്തിനും ഇടയിൽ പരാമർശിതമാകാത്ത ഏകദേശം 300 വർഷമുണ്ട്. ഈ കാലഘട്ടത്തെയാണ് ഈ പാഠത്തിലൂടെ മനസിലാക്കാൻ ശ്രമിക്കുന്നത്. ഇതുകൂടെ തിരിച്ചറിയുന്നതിലൂടെ ദൈവപുത്രന്റെ മനുഷ്യാവതാരവും ക്രിസ്തു സഭയുടെ വിശ്വാസവും ആഴത്തിൽ മനസ്സിലാക്കാനാകും.

**മനഃപാഠവാക്യം:** "ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോടു അരുളിച്ചെയ്തിട്ടു ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തിരം നമ്മോടു അരുളിച്ചെയ്തിരിക്കുന്നു" (എബ്രാ. 1:1)

**പഠനസഹായി:** 'ഇതര കാനോനിക ഗ്രന്ഥങ്ങൾ' എന്ന പേരിൽ വന്ദ്യ കണിയാംപറമ്പിൽ കോർ എപ്പിസ്കോപ്പാ വിവർത്തനം ചെയ്ത പ്ശീത്താ വേദപുസ്തകത്തിന്റെ ഭാഗം. 'അപ്പോക്രിഫാ' അഥവാ 'ഉത്തര കാനോനിക' ഗ്രന്ഥങ്ങൾ കൂടി ഉൾപ്പെടുന്ന വേദപുസ്തകം. തിരുവല്ല സി. എസ്. എസ്. പ്രസിദ്ധീകരിച്ചിട്ടുള്ള 'അപ്പോക്രിഫാ' പുസ്തകങ്ങൾ.

## ആമുഖം

പഴയനിയമപുസ്തകങ്ങളിൽ ഒടുവിൽ എഴുതപ്പെട്ടതായി കരുതപ്പെടുന്നത് എസ്രാ, നെഹെമ്യാ പുസ്തകങ്ങളാണ്. ഇവരുടെ കാലഘട്ടം ബി. സി. 5-ാം നൂറ്റാണ്ടിന്റെ അന്ത്യപാദം. ഹഗ്ഗായി, സെഖര്യാവ് എന്നിവരും ആ കാലഘട്ടത്തിൽ നിന്നുതന്നെ. ബി. സി. മൂന്നാം നൂറ്റാണ്ടിലെഴുതപ്പെട്ട ദാനിയേലിന്റെ പുസ്തകം ചരിത്രവിവരണമല്ല. പൗലോസിന്റെ ലേഖനങ്ങളാണ് പുതിയ നിയമത്തിലെ ആദ്യ എഴുത്തുകൾ. ഇവ എ. ഡി. 50-ന് അടുത്ത കാലഘട്ടത്തിൽ തുടങ്ങുന്നു. ബി. സി. നാലാം നൂറ്റാണ്ടു മുതൽ ക്രിസ്തുവിന്റെ സുവിശേഷം അറിയിക്കപ്പെടുന്ന എ. ഡി. 50-വരെയുള്ള കാലഘട്ടമാണ് പഴയ-പുതിയ നിയമങ്ങളുടെ ഇടക്കാലഘട്ടം.

## പാഠഭാഗം

ബാബേലിൽ പ്രവാസത്തിലായിരുന്ന യഹൂദന്മാരെ പാർസി രാജാവായ കോരെശ് ഒരു വിളംബരത്തിലൂടെ യരുശലേമിലേക്ക് മടങ്ങുവാൻ അനുവദിച്ചു (ബി. സി. 538; 2 ദിനവൃ. 36:22-23). തുടർന്ന് മഹാപുരോഹിതനായ യോശുവ, യഹൂദാ ഗ്രോത്രക്കാരനും ദേശാധിപതിയുമായ സെരുബാബേൽ എന്നിവരുടെ നേതൃത്വത്തിൽ (ഹഗ്ഗായി, സെഖ. 1-6 വായിക്കുക) ദൈവാലയം പുനർനിർമ്മിച്ചു പ്രതിഷ്ഠിച്ചു (ക്രി. മു. 515; എസ്ര. 6:15). ഇത് യരുശലേമിലെ രണ്ടാം ദേവാലയം (ഒന്നാം ദേവാലയം ശലോമോൻ പണികഴിപ്പിച്ചു. അത് ബാബേൽ രാജാവ് കൊള്ളയിട്ട് നശിപ്പിച്ചു).

ബി. സി. 586-ൽ യഹൂദർ ബാബേൽ പ്രവാസത്തിലേക്കു പോയതു മുതൽ പുരാതന പശ്ചിമേഷ്യയിൽ ആധിപത്യം സ്ഥാപിച്ച പ്രബല ശക്തികൾ, ബാബേലിനെ തുടർന്ന്

പാർസി, മേദ്യ, യവന, റോമാ വംശങ്ങളാണ്. ബാബേലിനു മുമ്പ് പാർസിരാജാവായ കോരെശ്ശിന്റെ കാലത്ത് യഹൂദർ പ്രവാസത്തിൽ നിന്ന് മടങ്ങിവന്നു. തുടർന്നുള്ള കാലത്തെക്കുറിച്ച് അറിവു ലഭിക്കുന്നത് മക്കാബ്യരുടെ പുസ്തകങ്ങളിൽ നിന്നും ജോസീഫസ്, ഫിലോ എന്നീ യഹൂദചരിത്രകാരന്മാരുടെ എഴുത്തുകളിൽ നിന്നുമാണ്.

## യവനകാലഘട്ടം (ബി. സി. 333-63)

മക്കദോന്യ(മാസിഡോണിയ)ക്കാരനായ ഫിലിപ്പിന്റെ മകൻ അലക്സാണ്ടർ രാജാവിലൂടെയാണ് (ബി. സി. 333) യവനകാലഘട്ടം ശക്തിപ്പെടുന്നത്. അദ്ദേഹം ബാബേലും മിസ്രയീമും അധീനമാക്കി, ലോകമെങ്ങും കീഴടക്കാനുള്ള ജൈത്രയാത്രയ്ക്കു തുടക്കമിട്ടു. ബി. സി. 323-ൽ അദ്ദേഹം മരിച്ചു. തുടർന്ന് അദ്ദേഹത്തിന്റെ ദാസരും സൈനികരുമായിരുന്ന ടോളമിയും, സെല്യൂക്കസും തെക്കും വടക്കും ഭാഗങ്ങളിൽ അധികാരത്തിൽ വന്നു. അവരുടെ പിന്തുടർച്ചക്കാർ അന്യോന്യം മത്സരിച്ചും പോരാടിയും സഹകരിച്ചും ബി. സി. 63 വരെ (റോമാസാമ്രാജ്യം ബലം പ്രാപിക്കും വരെ) അധികാരത്തിൽ തുടർന്നു.

യരുശലേമും യഹൂദന്മാരും അലക്സാണ്ടറിനുശേഷം ടോളമി വംശത്തിന്റെ അധീനതയിൽ ആയിരുന്നു (ബി. സി. 323-198). ഈ കാലഘട്ടത്തിലാണ് എബ്രായ വേദപുസ്തകം യവനഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടത്. ഇത് സപ്തതി (LXX-Septuagint) എന്ന് അറിയപ്പെടുന്നു. ടോളമി-2 ഫിലാഡെൽഫസിന്റെ (ബി. സി. 283-246) നിർദ്ദേശപ്രകാരമാണ് ഈ വിവർത്തനം നടന്നത്.

വടക്ക് മെസൊപ്പൊട്ടാമിയയും സിറിയായും ഭരിച്ചിരുന്ന സെല്യൂക്കസ് വംശത്തിലെ അന്ത്യോക്കസ് III (223-187 ബി. സി.) യഹൂദന്മാരെ പ്രീണിപ്പിച്ചു കൂടെനിർത്തി. ടോളമിമാരോടു യുദ്ധം ചെയ്തു. പാനിയോനിൽ വച്ചു നടന്ന യുദ്ധത്തിൽ ടോളമിയെ അന്ത്യോക്കസ് പരാജയപ്പെടുത്തി ബി. സി. 198-ൽ യരുശലേം കൈവശമാക്കി. യഹൂദന്മാരെ അവരുടെ ന്യായപ്രമാണപ്രകാരം ജീവിക്കുവാനും, ആവശ്യമായ സാമ്പത്തിക സഹായം നൽകുവാനും അന്ത്യോഖസ് III ശ്രദ്ധവച്ചിരുന്നു. ഏകദേശം ഒരു ദശാബ്ദം കഴിഞ്ഞപ്പോൾ റോം മഗ്നേഷ്യയിൽ വച്ച് സെല്യൂക്കസിനെ പരാജയപ്പെടുത്തി, അങ്ങനെ ബി. സി. 188-ൽ യവനർക്ക് റോമുമായി ഒരു സമാധാന ഉടമ്പടിയിൽ വരേണ്ടിവന്നു.

ബി. സി. 175-164 വരെ യവന ഭരണാധികാരിയായ അന്ത്യോക്കസ് IV എപ്പിപ്പാനിയോസ്, യവനവത്ക്കരണത്തിൽ തീക്ഷ്ണവാനായിരുന്നു. ഇത് യഹൂദ മതജീവിതത്തിൽ കടുത്ത വെല്ലുവിളി ഉയർത്തി. 1,2 മക്കാബ്യരുടെ പുസ്തകം ഈ കാലഘട്ടത്തെ കുറിച്ച് നമുക്ക് അറിവു തരുന്നു. ദാനിയേലിന്റെ പുസ്തകവും ഈ കാലഘട്ടത്തിന്റെ കാഴ്ചയാണ് നല്കുന്നത്.

അന്ത്യോക്കസ് IV എപ്പിപ്പാനിയോസിന്റെ യവനവത്ക്കരണത്തോടുള്ള യഹൂദർക്കിടയിലെ വിരുദ്ധ നിലപാടുകളുടെ വിവരണങ്ങളാണ് 1, 2 മക്കാബ്യപുസ്തകങ്ങളിലൂടെ വെളിവാകുന്നത്. ഒരു വിഭാഗം ചക്രവർത്തിയെ അനുകൂലിച്ച് യവനവത്ക്കരണത്തിന് എല്ലാ ഒത്താശയും ചെയ്തുകൊടുത്തു. ശുദ്ധനും ഭക്തനുമായിരുന്ന ഓനിയാസ് എന്ന പ്രധാന പുരോഹിതനെതിരെ, ചക്രവർത്തിയെ സ്വാധീനിച്ച് പൗരോഹിത്യം കവർന്നവർ ഒരുവശത്ത്. യാസോൻ, മെനെലാവോസ് എന്നിവർ യിസ്രായേലിന്റെ ദൈവമായ യഹോവയോടും ന്യായപ്രമാണത്തോടുമുള്ള വിശ്വസ്തതയേക്കാൾ തന്നിഷ്ടക്കാരും, അധികാര-ധനമോഹികളും ആയി പ്രവർത്തിച്ചു എന്ന് 2 മക്കാബിയർ 3,4 അദ്ധ്യായങ്ങളിൽ നിന്ന് വ്യക്തമാണ്.

ഈ അവസരം മുതലെടുത്ത് അന്ത്യോക്കസ് IV എപ്പിപ്പാനിയോസ് യവനവത്കരണം ത്വരിതപ്പെടുത്തി. ബി. സി. 167-ൽ യരുശലേം ദേവാലയം യവനദേവനായ സീയൂസിന്റെ

പേരിൽ നാമകരണം ചെയ്തു. അതിന്റെ വിശുദ്ധ ബലി പീഠത്തിൽ പന്നിമാംസം കൊണ്ട് യാഗമർപ്പിച്ച് അശുദ്ധമാക്കി. ദേശമെങ്ങും ഒരു മതവും ആരാധനയും (ചക്രവർത്തിയുടെ ദൈവം മാത്രം) ആകാവൂ എന്ന് കല്പിച്ചു. യഹൂദ ന്യായപ്രമാണ പുസ്തകങ്ങൾ കത്തിക്കുകയും ചെയ്തു (1 മക്കാബിയർ 1).

ഇതിനോടുള്ള ഭക്തരായ യഹൂദന്മാരുടെ പ്രതികരണത്തിന്റെ കഥ. 1 മക്ക. 1-14 ഭാഗങ്ങൾ വിശദമായി വർണിക്കുന്നു. മൊദീനിലെ പുരോഹിതനായ മത്തത്തിയാസും അഞ്ചു മക്കളും 'ഹസീദീം' എന്നിറിയപ്പെടുന്ന ഭക്തരായ യഹൂദ സമൂഹവും അന്ത്യോഖസിനും യവന സൈന്യത്തിനുമെതിരെ തുടക്കത്തിൽ ഒളിപ്പോരാട്ടവും തുടർന്ന് നേരിട്ടുള്ള യുദ്ധവും നടത്തി (മത്തത്തിയാസിന്റെ മക്കൾ യൂഹാനോൻ, ശീമോൻ, യുദാ, ഏലെയാസാർ, യോനാഥാൻ). മത്തത്തിയാസിന്റെ മരണശേഷം നേതൃത്വം യൂദായ്ക്കായിരുന്നു. ഇദ്ദേഹത്തിനു മക്കാബിയസ് എന്ന മറുപേര് കൂടെയുണ്ടായിരുന്നു. മക്കാബി എന്ന പേരിന് 'ചുറ്റിക' എന്നർത്ഥം. യൂദാ മക്കാബിയസിന്റെ നേതൃത്വത്തിൽ യഹൂദസൈന്യം യവന സൈന്യത്തെ പരാജയപ്പെടുത്തി യരുശലേം തിരികെ പിടിച്ചു. ദേവാലയം 164-ൽ പുനഃപ്രതിഷ്ഠ നടത്തി. 167 കിസ്ലേവ് 15-ൽ അശുദ്ധമാക്കപ്പെട്ട ദേവാലയം, 164 കിസ്ലേവ് 15-ൽ തന്നെ ശുദ്ധീകരിച്ചു പ്രതിഷ്ഠിച്ചു. തുടർന്ന് ഇത് ഒരു പെരുന്നാളായി എല്ലാ വർഷവും ആചരിക്കുവാൻ നിശ്ചയിച്ചു. ഈ പ്രതിഷ്ഠാ പെരുന്നാളാണ് ഹനൂക്കാ എന്ന പേരിൽ യഹൂദ ചരിത്രത്തിൽ അറിയപ്പെടുന്നത് (യോഹ. 10:22, 1 മക്കാ. 4:59).

## ഹസ്മോന്യ രാജവംശം

മത്തത്തിയാസ് പുരോഹിതന്റെ കുലപതിയുടെ പേരായിരുന്നു ഹസ്മോൻ അഥവാ ഹഷ്മോൻ എന്നത്. അതുകൊണ്ട് മത്തത്തിയാസിന്റെ പിൻമുറക്കാർ 'ഹസ്മോന്യർ' എന്നറിയപ്പെട്ടു. യവനരോടു പോരാടി വിജയം വരിച്ച യൂദായ്ക്ക് മക്കാബിയസ് എന്ന ഇരട്ടപ്പേരുള്ളതിനാൽ 'മക്കാബ്യർ' എന്നും ഇവരുടെ വംശത്തിന് പേരുണ്ടായി.

യൂദാ മക്കാബിയസിനുശേഷം യോനാഥാനും, തുടർന്ന് ശീമോനും യഹൂദ സമൂഹത്തിനു നേതൃത്വം നൽകി. സെല്യൂക്കസ് വംശത്തിന്റെയും പിന്നീടു വന്ന റോമാക്കാരുടേയും ഭീഷണിയുടെ നിഴലിൽ ഹസ്മോന്യവംശം യരുശലേമിൽ നിലനിന്നു. ശീമോന്റെ (ബി. സി. 142-134) ഭരണകാലം വളരെ ശാന്തവും സ്വതന്ത്രവും ശക്തവുമായിരുന്നു (2 മക്കാ. 13:41-42). യോനാഥാന്റെ കാലം മുതൽ ഹസ്മോന്യവംശജരായ ഭരണാധികാരികൾ ഒരേ സമയം യെരുശലേമിലെ പുരോഹിതന്മാരും സൈന്യാധിപന്മാരും ഭരണാധികാരികളും ആയിരുന്നു. ഈ കാലഘട്ടത്തിലാണ് യഹൂദ സമൂഹത്തിൽ സാദൂക്യർ, പരീശർ, എസ്സീൻകാർ, എരിവുകാർ എന്നീ വിഭാഗങ്ങൾ ഉണ്ടാകുന്നത്. ശീമോന്റെ മരണവും, മകനായ യോഹന്നാൻ (John Hyrchances) ഭരണാധികാരിയാകുന്നതും വിവരിച്ച് മക്കാബ്യരുടെ ഒന്നാം പുസ്തകം അവസാനിക്കുന്നു.

തുടർന്നുള്ള ഹസ്മോന്യ ചരിത്രം കുടുംബവഴക്കിന്റെയും മത്സരത്തിന്റേതുമാണ്. സാദൂക്യ-പരീശ പക്ഷങ്ങളും ഈ വഴക്കിനെ സ്വാധീനിച്ചിട്ടുണ്ട്. ഇതിനിടയിൽ ബി. സി. 77-66 കാലഘട്ടത്തിൽ സലോമി അലക്സാന്ത്ര എന്ന രാജ്ഞിയും യരുശലേമിൽ ഹസ്മോന്യ വംശത്തിൽ നിന്ന് ഭരണം നടത്തിയിട്ടുണ്ട്. രാജ്ഞിയുടെ മരണശേഷം മക്കൾ (അരിസ്റ്റോബുലസും ഹിർക്കാനസും) തമ്മിലുണ്ടായ അധികാരതർക്കത്തിൽ ഇദൂമ്യക്കാരൻ അന്തിപ്പേറ്ററിന്റെ സഹായത്തോടെ ഹിർക്കാനസ് അധികാരം കൈവശമാക്കി. റോമൻ പടത്തലവൻ പോംപെയുടെ സഹായവും ഹിർക്കാനസിനാണ് ലഭിച്ചത്. ഹസ്മോന്യ കുടുംബവഴക്കിന്റെ ഭാഗമായി റോമൻ ജനറലിന്റെ (Pompey) ഇടപെടൽ, സാവധാനം യഹൂദന്മാരെ റോമിന്റെ അധീനതയിലാക്കി.

റോമിന്റെ ഇടപെടലിലൂടെ യഹൂദായെ അഞ്ചു പ്രവിശ്യകളായി വിഭജിച്ചു. ഭരണം ഓരോ സന്നദ്രീം സംഘത്തെ ഏല്പിച്ചു. അന്തിപ്പേറ്ററിനെ കൈസർ യഹൂദ്യയിലെ ഗവർണ റാക്കി. ഹിർക്കാനസ് ദേവാലയത്തിന്റെ ചുമതലയിൽ സ്ഥിരപ്പെട്ടു. അന്തിപ്പേറ്റർ തന്റെ മക്കളായ ഫസായേലിനെയും ഹെരോദാവിനെയും യരുശലേമിലും ഗലീലായിലും ഗവർണർമാരാക്കി (ബി. സി. 47). യഹൂദന്മാർക്ക് ഹെരോദാവുമായി സംഘർഷമുണ്ടായ പ്പോഴൊക്കെയും അദ്ദേഹം തന്ത്രപൂർവ്വം അതിൽ നിന്ന് രക്ഷപ്പെട്ടു. പിന്നീട് അഗസ്തോസ് കൈസറിന്റെ കാലത്ത് ഹെരോദാവ് യഹൂദാ രാജാവായി നിയമിതനായി. യഹൂദരുടെ സമീപനം മയപ്പെടുത്തുവാൻ ഹസ്മോന്യ വംശത്തിലെ മറിയമ്നയെ ഹെരോദാവ് വിവാഹം ചെയ്തു. ഭാര്യാസഹോദരനായ അരിസ്റ്റോബുലസ് III-നെ മഹാപുരോഹിത നാക്കി. എന്നാൽ തന്ത്രപൂർവ്വം സ്വന്തം ഭാര്യയെ ഉൾപ്പെടെ ഹസ്മോന്യ വംശത്തിലെ സകലരേയും ഇല്ലാതാക്കി. അങ്ങനെ ഹസ്മോന്യ വംശം നാമാവശേഷമായി.

ഹേരോദാവിന്റെ ഏറ്റവും വലിയ സംഭാവനയായി പറയപ്പെടുന്നത് യരുശലേം ദേവാലയത്തിന്റെ പുനർനിർമ്മാണമാണ്. ബി. സി. 20-ൽ തുടങ്ങിയ പണി ഹെരോദാ വിന്റെ മരണശേഷവും തുടർന്നു. ആൽബിനസ് യഹൂദ്യായിൽ പ്രൊക്ക്യുറേറ്റർ ആയി രിക്കുമ്പോഴാണ് (എ. ഡി. 62-64) അതിന്റെ പണി പൂർത്തിയായത് (യോഹ. 2:19-20) രണ്ടുവട്ടം ഹേരോദാവ് നികുതി ഇളവു ചെയ്തു. ഹെരോദാവ് മരിക്കുന്നത് ബി. സി. 4 ലാണ്. ദേശമോ കുടുംബമോ സ്നേഹിക്കാനില്ലാതെ കടുത്ത ശാരീരിക മാനസിക വേദനയിലാണ് ഹേരോദാവ് മരിക്കുന്നത്. ഹേരോദാവിനുശേഷം മക്കളായ അർക്കലെ യോസ്, അന്തിപ്പാസ്, ഫിലിപ്പ് എന്നിവർക്കായി രാജ്യം വിഭജിക്കപ്പെട്ടു. എന്നാൽ ഇവർ തമ്മിലും അധികാരത്തർക്കം ഉടലെടുത്തത് അഗസ്റ്റോസ് കൈസറിന്റെ (ഒക്ടേവിയൻ) മുന്നിലെത്തി. ഹെരോദാവിന്റെ താല്പര്യമനുസരിച്ച് അർക്കെലെയാവോസിന് അംഗീ കാരം ലഭിച്ചു. എന്നാലദ്ദേഹത്തിന്റെ ഭരണകാലം അധികം നീണ്ടുനിന്നില്ല. നിഷ്ഠൂരനായ ഇദ്ദേഹത്തിനെതിരെ യരുശലേമിൽനിന്ന് പ്രഭുക്കന്മാരുടെ പരാതി റോമിലെത്തിയ തിനാൽ ഭരണത്തിൽനിന്ന് നീക്കി. തുടർന്ന് യരുശലേം/യഹൂദ്യ റോമിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലായി. കൈസർമാർ യഹൂദരല്ലാത്ത ഗവർണർമാരെ നിയമിച്ച് ഭരണം തുടർന്നു. എ. ഡി. 6-41 വരെ ഏഴുപേർ ഗവർണർമാരായിട്ടുണ്ട്. അവരിൽ പ്രധാനിയാണ് 26-36-ൽ ഭരിച്ച പൊന്തിയോസ് പീലാത്തോസ്. യേശുവിന്റെ മനുഷ്യാവതാരവും പ്രവർ ത്തനവും മരണവുമെല്ലാം ഹെരോദാവിന്റെ ഭരണത്തിന്റെ അന്ത്യകാലം മുതൽ പീലാ ത്തോസ് ഗവർണറുടെ കാലംവരെയാണ്. കർത്താവിന്റെ ജനനം ബി. സി. 4-ൽ എന്നാണ് കണക്കാക്കിയിരിക്കുന്നത്.

### നമുക്കു പാടാം

(അനുതാപത്തിന്റെ ഒരു ഗീതം, അഖിലം ഞാനാരാഞ്ഞിട്ടും....... എന്ന രീതി)

ചൊല്ലുന്നു ധർമ്മം ദോഷീ നിരസിക്കുക ദുർമ്മാർഗ്ഗം നീ
നിൻ നാഥൻ നിന്നെ-അന്വേഷിക്കുന്നു
കാണുന്നാകിൽ തോഷത്തോടുള്ളിൽ-ചേർത്തീടും
ശെമഓൻ കീപ്പായ്ക്കെന്നവിധം-ഹസ്തത്തെ നൽകും

സക്കായിക്കെന്നോണം തേ-
മോചനമേകി തോളിന്മേൽ-

നിന്നെ പിതൃഗേഹം ചേർക്കും
പാപ വിമോചകനെ ഞങ്ങൾ
സ്തുതിയോടെന്നെന്നും-നോക്കിപ്പാർക്കുന്നു.

## നമുക്ക് പ്രാർത്ഥിക്കാം

(പാമ്പാക്കുട നമസ്ക്കാരത്തിലെ ഭരണാധികാരികൾക്കുവേണ്ടിയുള്ള പ്രാർത്ഥന. പ്രാർത്ഥനാക്രമം)

*രാജാധിരാജാവും കർത്താധികർത്താവും സർവ്വശക്തനുമായ ദൈവമേ, രാജത്വവും അധികാരവും ശക്തിയും ആധിപത്യവും എന്നേക്കും നിന്റേതാകുന്നുവല്ലോ. ഭരണാധികാരികളെയും ഉദ്യോഗസ്ഥന്മാരേയും നിയമിക്കുന്നവനും നീയാകുന്നുവല്ലോ. നിന്നെ ഭയപ്പെട്ടും ആദരിച്ചും ആരാധിച്ചും പ്രവർത്തിക്കുന്ന ഭരണാധികാരികളെയും ഉദ്യോഗസ്ഥരെയും നീ സഹായിക്കുന്നു. നിന്നെ വിചാരിക്കാതെയും അനീതിയായിട്ടു നടക്കുകയും ഭരിക്കുകയും ചെയ്യുന്നവരെ നീ ശിക്ഷിക്കുന്നു.*

*ദൈവമേ, ഞങ്ങളുടെമേൽ അധികാരം നടത്തുന്ന എല്ലാവരേയും ഉദ്യോഗസ്ഥന്മാരേയും നീ അനുഗ്രഹിച്ച് അവരിൽനിന്ന് ദയ ലഭിപ്പാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. നിന്റെ കൃപമൂലം അവരിൽനിന്ന് ഞങ്ങൾ അനുഭവിക്കുന്നതായ സർവ്വ സഹായങ്ങൾക്കും നൻമകൾക്കുമായിട്ട് ഞങ്ങൾ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും, എല്ലായ്പ്പോഴും ഇടവിടാതെ നിന്നെ മഹത്വപ്പെടുത്തുകയും ചെയ്യുമാറാകണമെ. ആമ്മീൻ*

## നിശ്ചയം

**പഴയ പുതിയ നിയമങ്ങളുടെ ഇടക്കാല ചരിത്രം ഞങ്ങൾ മനസ്സിലാക്കി.
അധികാരത്തിനായി രാജാക്കന്മാരും മഹാപുരോഹിതന്മാരും
നടത്തിയ ക്രൂരകൃത്യങ്ങൾ ഞങ്ങൾ മനസ്സിലാക്കി.
ഭൗതീയ നേട്ടങ്ങൾക്കുവേണ്ടി ഒരിക്കലും ഞങ്ങൾ
ദൈവത്തെ മറക്കുകയില്ല. ദൈവീകമാർഗ്ഗം വിട്ട് ഒരിക്കലും
ഞങ്ങൾ മാറിപ്പോവുകയില്ല.**

## നമുക്ക് ചിന്തിക്കാം

1 ഹഗ്ഗായി, സെഖര്യാവ് എന്നീ പുസ്തകങ്ങൾ വായിച്ച് ദേവാലയ നിർമ്മാണത്തിന് നേതൃത്വം നൽകിയവരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക.

2 പുരാതന പശ്ചിമേഷ്യയിലെ പ്രധാന ഭരണവംശങ്ങൾ ഏതെല്ലാം?

3 രണ്ടാം ദൈവാലയത്തിന് അനുമതി നൽകിയത് ആര് (2 ദിനവൃ. 36:22-23)?

4 രണ്ടാം ദേവാലയത്തിന്റെ പണി പൂർത്തിയാക്കിയതെന്ന്? ആരുടെ ഭരണകാലത്ത്? (എസ്രാ. 6:15)

5 അലക്സാണ്ടർക്കുശേഷം യവന രാജ്യത്തിന്റെ ഭരണം എങ്ങനെയായിരുന്നു?

6 സപ്തതി എന്നാലെന്ത്? ആ പേരിനുകാരണമെന്ത്? ആരുടെ ഭരണകാലത്താണ് LXX ഉണ്ടായത്?

7 ടോളമി ഭരണത്തിന് അന്ത്യം കുറിച്ച സെല്യൂക്കസ് രാജാവ്?

8 1 മക്കാബിയർ 1-4 അദ്ധ്യായങ്ങൾ വായിച്ച് അതിലെ പ്രധാന സംഭവങ്ങൾ ചർച്ച ചെയ്യുക.

9 അന്ത്യോക്കസ് IV എപ്പിപ്പാനസിന്റെ കാലത്ത് കൈക്കൂലി കൊടുത്ത് പൗരോഹിത്യം സ്വന്തമാക്കിയവർ ആരെല്ലാം?

10 ഹനൂക്കാ എന്നാൽ എന്താണ്?

11 മക്കാബി എന്ന വാക്കിന്റെ അർത്ഥമെന്ത്?

12 ഹസ്മോന്യ രാജവംശത്തിന്റെ മറ്റൊരുപേര് എന്ത്?

13 ഹസ്മോന്യർ ഏതെല്ലാം പദവികളാണ് വഹിച്ചിരുന്നത്?

14 ഹസ്മോന്യ വംശത്തിലെ ഏക സ്ത്രീ ഭരണാധികാരി ആര്?

15 ആരുതമ്മിലുള്ള സ്ഥാന തർക്കമാണ് റോമൻ ഭരണാധികാരികളുടെ ഇടപെടലിന് കാരണമായത്

16 ഹിർക്കാനസ് II ന്റെ സുഹൃത്തായ ഇദൂമ്യക്കാരൻ ആര്?

17 പഴയ പുതിയനിയമങ്ങളുടെ ഇടക്കാല ചരിത്രം മഹാപുരോഹിതസ്ഥാനത്തിനു വേണ്ടിയുള്ള തർക്കമായിരുന്നുവോ? സമർത്ഥിക്കുക.

18 ഈ കാലഘട്ടത്തിലെ പ്രധാന സാമ്രാജ്യശക്തികളേതെല്ലാം? ഇവർ യഹൂദമത ജീവിതത്തെ എങ്ങനെയെല്ലാം സ്വാധീനിച്ചു?

19 ഏതു കാലഘട്ടത്തിലും ഏതു സമൂഹത്തിലും ഉള്ളിലുണ്ടാകുന്ന തർക്കങ്ങളും മത്സരങ്ങളുമാണ് പുറമെനിന്നുള്ള ശക്തികളുടെ ഇടപെടലിനും കടന്നുകയറ്റത്തിനും അതുവഴി സ്വാതന്ത്ര്യ നിഷേധത്തിനും കാരണമാകുന്നത്. ഈ ആശയത്തോട് നിങ്ങൾ യോജിക്കുന്നുവോ? പാഠഭാഗത്തിലെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കുക.

## തുടർ വായനയ്ക്ക്

**തിരുവചന വായനയും ധ്യാനവും പരിശുദ്ധ ബാവാ തിരുമേനി കല്പിച്ചതുപോലെ ഈയാഴ്ച മുതൽ ആരംഭിക്കുക.**

പാഠം 5

# വേദപുസ്തക പരിചയം

**പഠനോദ്ദേശ്യങ്ങൾ:** വി. വേദപുസ്തകത്തിന്റെ ഉള്ളടക്കം, പ്രാധാന്യം, വിശ്വാസജീവിതത്തിൽ അതിനുള്ള സ്ഥാനം എന്നിവ മനസ്സിലാക്കുക. വി. വേദപുസ്തകം പതിവായി വായിച്ച് ധ്യാനിക്കുകയും അതിൽ സന്തോഷം കണ്ടെത്തുകയും ചെയ്യുക.

**മനഃപാഠവാക്യം**: സകല ജഡവും പുല്ലുപോലെയും അതിന്റെ ഭംഗി എല്ലാം പുല്ലിന്റെ പൂപോലെയും ആകുന്നു. പുല്ലു വാടി, പൂവുതിർന്നുപോയി കർത്താവിന്റെ വചനമോ എന്നേക്കും നിലനിൽക്കുന്നു. അതാകുന്നു നിങ്ങളോട് പ്രസംഗിച്ച വചനം (1 പത്രോസ് 1:24, 25)

**പഠന സഹായികൾ:** വി. വേദപുസ്തക ഭാഷ്യം, പ്ശീത്തോ മലയാളം ബൈബിൾ, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം, സത്യവേദപുസ്തകം.

## ആമുഖം

എന്താണ് വേദപുസ്തകത്തിന്റെ പ്രത്യേകതകൾ? അത് ദൈവവചനമാണ്. ദൈവാത്മാവിൽ പ്രേരിതരായ വിവിധ എഴുത്തുകാരുടെ വാക്കുകളിലൂടെ തലമുറകൾക്ക് കൈമാറിയിട്ടുള്ള തിരുവെഴുത്തുകളാണ് അത്. ഇങ്ങനെ കൈമാറിക്കിട്ടുന്നതാണ് പാരമ്പര്യം. അങ്ങനെയെങ്കിൽ വേദപുസ്തകം സഭയുടെ വിശുദ്ധ പാരമ്പര്യത്തിന്റെ ഭാഗമാണ്. ഈ വിശുദ്ധ ഗ്രന്ഥത്തിന്റെ ഉള്ളടക്കവും പ്രാധാന്യവുമാണ് ഇന്ന് നമ്മൾ പഠിക്കുന്നത്.

## പാഠഭാഗം

ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക വേദപുസ്തകം 'പ്ശീത്തോ' എന്നറിയപ്പെടുന്ന സുറിയാനിഭാഷയിലുള്ള വേദപുസ്തകമാണ്. പ്ശീത്തോയുടെ മലയാളം തർജ്ജിമ പൂർണ്ണമായി നമുക്ക് ലഭ്യമായിരുന്നില്ല. ഇതിലെ സുവിശേഷങ്ങൾ ആദ്യമായി മലയാളത്തിലേക്ക് തർജ്ജിമ ചെയ്തത് കായംകുളം സ്വദേശിയായ ഫിലിപ്പോസ് റമ്പാൻ, പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ, ഭാഷാപണ്ഡിതനായ തിമ്മയ്യാപിള്ള എന്നിവർ ചേർന്നാണ് (AD 1811). ഇന്ന് പൊതുവെ മലയാളത്തിൽ നമുക്ക് ലഭിച്ചിട്ടുള്ള വേദപുസ്തകമാണ് സത്യവേദപുസ്തകം. ഇത് ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ കേരളാഘടകം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. തുടക്കത്തിൽ ഇതിന്റെ പിന്നിൽ മലങ്കരയിലെ മല്പാന്മാർ പ്രവർത്തിക്കുകയും സുറിയാനിയിൽനിന്നുള്ള പുസ്തകങ്ങൾ മലയാളത്തിലേക്ക് തർജ്ജിമ ചെയ്യുകയും ചെയ്തിരുന്നു എങ്കിലും ഇന്ന് ലഭ്യമാകുന്ന കോപ്പികളിൽ പുസ്തകങ്ങളുടെ എണ്ണവും അവയുടെ ക്രമവും പ്ശീത്തോയിൽനിന്ന് വ്യത്യസ്തമാണ്. പ്ശീത്തോ ബൈബിളിന്റെ ഉള്ളടക്കവും പ്രാധാന്യവുമാണ് നാം ഇവിടെ ചിന്തിക്കുന്നത്.

വി. വേദപുസ്തകം സഭയുടെ പാരമ്പര്യത്തിന്റെ ഭാഗമാണ്. ഏതൊരു മതത്തിന്റെയും അടിസ്ഥാന വിശ്വാസങ്ങളെന്തെന്ന് പഠിപ്പിക്കുവാൻ ഒരു ആധാരപുസ്തകം കാണും. ഭഗവത്ഗീത ഹിന്ദുമതത്തിന്റെയും ഖുറാൻ ഇസ്ലാം മതത്തിന്റെയും ഗുരുഗ്രന്ഥസാഹിബ് സിക്കു മതത്തിന്റെയും ആധാരഗ്രന്ഥങ്ങളാണ്. അതുപോലെ ക്രിസ്തുമതവിശ്വാസികളുടെ അടിസ്ഥാന ഗ്രന്ഥമാണ് വി. വേദപുസ്തകം.

നാം സാധാരണ ഉപയോഗിക്കുന്ന സത്യവേദപുസ്തകത്തിന് പ്രധാനമായി രണ്ടു ഭാഗങ്ങളാണുള്ളത്. 'പഴയനിയമവും പുതിയനിയമവും' എന്നിവയാണ് ഭാഗങ്ങൾ. പഴയനിയമ ഭാഗത്ത് ഉല്പത്തി പുസ്തകം മുതൽ മലാഖി പ്രവചനം വരെ 39 പുസ്തകങ്ങളും പുതിയനിയമഭാഗത്ത് വി. മത്തായി എഴുതിയ സുവിശേഷം മുതൽ വി. യോഹന്നാനുണ്ടായ വെളിപാടുവരെ 27 പുസ്തകങ്ങളും ഉണ്ട്. ആകെ 66 പുസ്തകങ്ങളുടെ ഒരു ശേഖരമാണ് സത്യവേദപുസ്തകം. എന്നാൽ പ്ശീത്തോ പഴയനിയമ പുസ്തകങ്ങളുടെ എണ്ണത്തിലും ക്രമത്തിലും വ്യത്യാസമുണ്ട്. സുറിയാനി വേദപുസ്തകം പരിശോധിച്ചാൽ നമുക്ക് ഈ വ്യത്യാസം മനസ്സിലാകും. പ്ശീത്തോയുടെ സമ്പൂർണ്ണ മലയാളവിവർത്തനം ഇന്നു ലഭ്യമാണ്.

പഴയനിയമ പുസ്തകങ്ങളെക്കുറിച്ച് വിശദമായി പഠിക്കാം.

## പഞ്ചഗ്രന്ഥങ്ങൾ

ഇസ്രായേൽ ജനത്തിന്റെ ജീവിതത്തിൽ ദൈവം പലപ്പോഴും ഇടപെട്ടുകൊണ്ടിരുന്നു വെന്നാണ് പഴയനിയമം പറയുന്നത്. അബ്രഹാമിനെ ദൈവം വിളിച്ച് സ്വന്തം നാട്ടിൽനിന്ന് പുറപ്പെട്ടുപോകാൻ പറഞ്ഞു. ഇടയ്ക്കിടെ പ്രത്യക്ഷനായി അബ്രഹാം ചെയ്യേണ്ട കാര്യങ്ങളും പോകേണ്ട വഴികളും കാണിച്ചുകൊടുത്തു. പിന്നെ അബ്രഹാമിന്റെ പിൻതലമുറയോട് (ഇസഹാക്ക്, യാക്കോബ്, യോസഫ് മുതലായ പിതാക്കന്മാരോട്) ദൈവം സംസാരിച്ചു. അങ്ങനെ ഈ ജനം മിസ്രയീമിൽ എത്തി വാസം തുടരുന്നതു വരെയുള്ള കാര്യങ്ങൾ ഉല്പത്തി പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

യിസ്രായേൽജനം മിസ്രയീമിൽ അടിമകളായി കഷ്ടപ്പെട്ടുവെന്നും ദൈവം ഇടപെട്ട് മോശെ മുഖാന്തിരം അവരെ വിടുവിച്ചുവെന്നും, ദൈവവുമായുള്ള അവരുടെ ബന്ധം നിലനിർത്തുവാനുള്ള ഒരു ഉടമ്പടി സീനായ്മലയിൽവച്ച് ഉണ്ടായിയെന്നും ജനങ്ങളുടെ ജീവിതം ദൈവ-മനുഷ്യ ബന്ധത്തിൽ നിലനിർത്തുന്നതിനാവശ്യമായ പ്രമാണങ്ങൾ ദൈവം നൽകിയെന്നും പുറപ്പാടുപുസ്തകത്തിൽ കാണുന്നു.

പഴയനിയമകാലത്ത് മനുഷ്യൻ ദൈവത്തിന് യാഗങ്ങളും ബലികളും അർപ്പിച്ചിരുന്നു. മനുഷ്യൻ ദൈവത്തിനണയ്ക്കേണ്ട യാഗങ്ങളെയും ബലികളെയും കുറിച്ച് ലേവ്യ പുസ്തകം വിശദമാക്കുന്നു. അതുപോലെ ജനത്തിന്റെ കണക്കെടുപ്പിനെ സംബന്ധിച്ച് സംഖ്യാപുസ്തകം, മോശെയുടെ വിടവാങ്ങൽ പ്രസംഗത്തിലൂടെ ഉടമ്പടിബന്ധവും പ്രമാണങ്ങളും ഒരിക്കൽകൂടി ഓർമ്മപ്പെടുത്തുന്നതിനായി ആവർത്തനപുസ്തകം എന്നിവയാണ് തുടർന്നു കാണുന്നത്.

യിസ്രായേൽ ജാതിയെ മിസ്രയിമിൽനിന്ന് വിടുവിക്കുവാൻ ദൈവം തെരഞ്ഞെടുത്ത പ്രവാചകനാണ് മോശെ. ഈ അഞ്ചു ഗ്രന്ഥങ്ങളും എഴുതിയത് മോശെ ആണ് എന്ന പാരമ്പര്യമുണ്ട്. 'ദീർഘദർശിമാരിൽ തലവനായ മോശെയുടെ ഒന്നാം പുസ്തകത്തിൽ നിന്നും, ബാറെക്മോർ' എന്ന് വി. കുർബാനയിൽ പഴയനിയമ വായനയിൽ ശുശ്രൂഷക്കാരൻ ചൊല്ലുന്നു.

## വേദപുസ്തക ചരിത്രത്തിലൂടെ

മോശെയുടെ പിൻഗാമിയായ യോശുവായുടെ നേതൃത്വത്തിൽ വാഗ്ദത്തനാടായ കാനാനിൽ എത്തി അവിടെ വാസമാക്കുന്നത് യോശുവായുടെ പുസ്തകത്തിൽ വായിക്കുന്നു. തുടർന്ന് യോശുവ യിസ്രായേലിനെ ന്യായപാലനം ചെയ്തു ഒത്നിയേൽ മുതൽ ഏലി വരെയുള്ള ന്യായാധിപന്മാരുടെ കാലവും ഒടുവിലത്തെ ന്യായാധിപനായ ശമുവേൽ, ആദ്യ രാജാക്കന്മാരായ ശൗൽ, ദാവീദ് എന്നിവരെക്കുറിച്ചുള്ള സംഭവങ്ങളും

ന്യായാധിപന്മാർ, 1, 2 ശമുവേൽ എന്നീ പുസ്തകങ്ങളിൽ വിവരിക്കുന്നു. ശലോമോന്റെ രാജത്വം, രാജ്യവിഭജനം-വടക്ക് യിസ്രായേൽ തെക്ക് യെഹൂദ്യ-രണ്ടു രാജ്യങ്ങളുടേയും പതനം പ്രവാസത്തിലേക്കുള്ള പോക്ക് എന്നിവയാണ് 1, 2 രാജാക്കന്മാരുടെ ഇതിവൃത്തം. ഈ സംഭവങ്ങൾ ഒരിക്കൽ 1,2 ദിനവൃത്താന്ത പുസ്തകങ്ങളിൽ ആവർത്തിക്കുന്നു. ഒപ്പം വംശാവലികളും. പ്രവാസത്തിൽനിന്ന് മടങ്ങിയ ജനതയുടെ സംസ്കാരിക തനിമയ്ക്കു വേണ്ടിയുള്ള തീഷ്ണതയാണ് എസ്രാ, നെഹമ്യാ പുസ്തകങ്ങളുടെ കാതൽ. ഇങ്ങനെ അബ്രഹാം മുതൽ പ്രവാസത്തിൽനിന്ന് മടങ്ങിവരും വരെയുള്ള ജനതയുടെ ചരിത്രവും ദൈവത്തിന്റെ ഇടപെടലുമാണ് ഉല്പത്തി മുതൽ നെഹമ്യാ വരെയുള്ള പുസ്തകങ്ങളി ലൂടെ മനസ്സിലാക്കുന്നത്. ഏകദേശം ബി.സി. 2000 മുതൽ ബി.സി. 450 വരെയുള്ള കാലഘട്ടമാണിത്.

ഇതിനിടെ മനോഹരങ്ങളായ ജീവിതാനുഭവങ്ങളും (രൂത്ത്, എസ്ഥേർ) യിസ്രായേൽ ജനം ആരാധനയ്ക്കും, രാജവാഴ്ചയ്ക്കും തീർത്ഥാടനത്തിനും അനുതാപത്തിനും പെരുന്നാളുകളുടെ വായനയ്ക്കും മറ്റുമായി എഴുതിയ കീർത്തനങ്ങളും പാട്ടുകളും ക്രോഡീക രിച്ചത് ലഭിച്ചിട്ടുണ്ട്. സങ്കീർത്തനങ്ങൾ, ഉത്തമഗീതം, വിലാപങ്ങൾ എന്നിവ അങ്ങനെ യുള്ളവയ്ക്ക് ഉദാഹരണം. ന്യായപ്രമാണങ്ങളും ഉടമ്പടിയും ദൈവ-മനുഷ്യബന്ധങ്ങളുടെ നിലനിൽപ്പിന്റെ ആധാരവും ജനത്തിന്റെ ധാർമ്മികജീവിതത്തിന്റെ അടിസ്ഥാനവുമായി രുന്നു. പക്ഷേ യിസ്രായേൽ പലപ്പോഴും ഇതിൽനിന്ന് തെറ്റിപ്പോയി. അപ്പോഴൊക്കെ അവരുടെ ഉടമ്പടിയിലധിഷ്ഠിതമായ ധാർമ്മിക ജീവിതത്തിലേക്ക് തിരികെ കൊണ്ടു വരുവാൻ യത്നിച്ചവരാണ് പ്രവാചകന്മാർ. ജനം പ്രവാസികളായപ്പോൾ അവരെ ധൈര്യപ്പെടുത്തുകയും അവരുടെ സാംസ്കാരിക പുനരുദ്ധാരണത്തിന് കൈത്താങ്ങു നൽകുകയും ചെയ്തവ രാണ് പ്രവാചകന്മാർ. യെശയ്യാവുമുതൽ മലാഖിവരെയുള്ളവർ ഇങ്ങനെ ജനത്തെ പ്രബോധിപ്പിച്ചവരാണ്.

ദൈവജനത്തിലെ ജ്ഞാനികളായവർ അവരുടെ അറിവിനെ ലോകത്തിന് പകർന്നു കൊടുക്കുവാൻ പരിശ്രമിച്ചു. ഇയ്യോബിന്റെ പുസ്തകം, സദൃശ്യ വാക്യങ്ങൾ, സഭാപ്രസംഗി, ചില സങ്കീർത്തനങ്ങൾ എന്നിവ ജ്ഞാനത്തിന്റെ ഉറവിടങ്ങ ളായി ശോഭിക്കുന്നു. ഇങ്ങനെ ലോകാരംഭം മുതൽ മനുഷ്യന്റെ വീഴ്ചയും അതിൽനിന്നുള്ള വീണ്ടെടുപ്പിന്റെ പ്രതീക്ഷയും ദൈവം മനുഷ്യചരിത്രത്തിൽ ഇടപെട്ടതിന്റെ, ഇടപെട്ടുകൊണ്ടിരിക്കുന്ന തിന്റെ വിശ്വാസ പഠനങ്ങളാണ് പഴയനിയമഗ്രന്ഥങ്ങളിലൂടെ നമുക്ക് ലഭിച്ചിരിക്കുന്നത്. വരുവാനുള്ള ഒരു രക്ഷകനായ മശിഹായുടെ പ്രതീക്ഷ നല്കിക്കൊണ്ട് പഴയനിയമം അവസാനിക്കുന്നു.

ഈ പഴയനിയമങ്ങളെ പൊതുവെ മൂന്നായി തിരിക്കുന്നു.

1 തോറ (പഞ്ചഗ്രന്ഥങ്ങൾ): ഉല്പത്തി, പുറപ്പാട്, ലേവ്യ, സംഖ്യ, ആവർത്തനം

2 നെബിം (പ്രവാചക ഗ്രന്ഥങ്ങൾ): യോശുവ, ന്യായാധിപന്മാർ, 1, 2 ശമുവേൽ, 1,2 രാജാ, ദിനവൃത്താന്തം, യെശയ്യ, യിരമ്യാവ്, യെഹസ്കിയേൽ, ഹോശേയാ, മുതൽ മലാഖിവരെ

3 കെത്തുബീം (തിരുവെഴുത്തുകൾ): രൂത്ത്, എസ്രാ, നെഹെമ്യാവ്, എസ്ഥേർ, ഈയോബ്, സങ്കീർത്തനം, സദൃശ്യവാക്യങ്ങൾ, സഭാപ്രസംഗി, ഉത്തമഗീതം, വിലാപങ്ങൾ, ദാനിയേൽ

'തനാക്ക്' എന്ന ചുരുക്കപ്പേരിൽ പഴയനിയമം അറിയപ്പെടുന്നുണ്ട്. തോറാ, നെബിം, കൊത്തബീം എന്നിവയുടെ ചുരുക്കെഴുത്താണ് തനാക്ക് (TaNaK). തിരുവെഴുത്തുകളിൽ കീർത്തനങ്ങളും ചരിത്രവും കഥയും ജ്ഞാനഗ്രന്ഥങ്ങളും വെളിപാടു സാഹിത്യവുമുണ്ട്.

പുതിയ നിയമ ഗ്രന്ഥങ്ങളെ നാലായി തിരിക്കുന്നു.
സുവിശേഷങ്ങൾ: മത്തായി മുതൽ യോഹന്നാൻ വരെ
ചരിത്രഗ്രന്ഥങ്ങൾ: അപ്പോസ്തോല പ്രവൃത്തികൾ
ലേഖനങ്ങൾ: റോമർ മുതൽ യൂദാവരെ
വെളിപാടു സാഹിത്യം: വെളിപാടു പുസ്തകം

കർത്താവായ യേശുക്രിസ്തുവിന്റെ ജനനം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള സംഭവങ്ങളാണ് സുവിശേഷങ്ങളുടെ കാതൽ. കർത്താവിന്റെ സ്വർഗ്ഗാരോഹണത്തെ ത്തുടർന്ന് സഭ യഹൂദ്യായിലും യരൂശലേമിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും സ്ഥാപിതമായി വളർന്നതിന്റെ ചെറു വിവരണമാണ് അപ്പോസ്തോലപ്രവൃത്തികൾ നൽകുന്നത്.

അപ്പോസ്തോലന്മാർ സ്ഥാപിച്ച സഭകളിൽ ഉടലെടുത്ത പ്രശ്നങ്ങളോടുള്ള അവരുടെ പ്രതികരണം, ക്രിസ്തുസംഭവത്തെക്കുറിച്ചുള്ള പ്രബോധനം എന്നിവയെക്കുറിച്ചുള്ള മനോഹര ചിത്രം വരച്ചുകാട്ടുന്നു. ബി.സി 5 മുതൽ എ.ഡി. 100 വരെയുള്ള കാലഘട്ടമാണ് ഈ പുസ്തകങ്ങളിലൂടെ ദൃശ്യമാകുന്നത്.

സത്യവേദപുസ്തകം അങ്ങനെ ബി. സി. 2000 മുതൽ ബി. സി. 450, ബി. സി. 5 മുതൽ എ. ഡി. 100 വരെയുള്ള ചരിത്രസൂചകങ്ങളാണ്. എന്നാൽ ബി. സി. 450 ബി. സി. 5 വരെ യുള്ള ചരിത്രം നിഗൂഢമായിരിക്കുന്നു. പ്ശീത്തോ ബൈബിളിലെ ഗ്രന്ഥങ്ങൾ പലതും ഈ കാലഘട്ടത്തിലേക്ക് വെളിച്ചം വീശുന്നവയാണ്. ചരിത്രത്തിന്റെ തുടർച്ച അറ്റുപോ കാതെ അവയിലേക്ക് വെളിച്ചംവീശുന്ന ഈ ഗ്രന്ഥങ്ങൾ കൂടെ ഉൾക്കൊള്ളിക്കുന്നത് വിശ്വാസജീവിതത്തെ കൂടുതൽ പരിപുഷ്ടമാക്കും. പഴയ-പുതിയ നിയമകാലങ്ങൾക്കിട യിലുള്ള ഈ കാലഘട്ടം പുരാതന പശ്ചിമേഷ്യൻ രാഷ്ട്രീയചരിത്രത്തിൽ പ്രാധാന്യമുള്ള താണ്. യവനാധിപത്യം, തുടർന്നുള്ള റോമാധിനിവേശം എന്നിവയെല്ലാം യിസ്രായേലിന്റെ വിശ്വാസജീവിതത്തിൽ നിർണായകമായിരുന്നു. മക്കാബ്യരുടെ പുസ്തകങ്ങൾ ഇതി ലേക്കു വെളിച്ചം വീശുന്നു. ജ്ഞാനസാഹിത്യത്തിലേക്കു ചേർക്കാവുന്ന ഗ്രന്ഥങ്ങളും ഇക്കാലഘട്ടത്തിന്റേതായുണ്ട്. ഈ ഗ്രന്ഥങ്ങളുടെ പ്രാധാന്യം വ്യക്തമായി മനസ്സിലാ ക്കണം.

### നമുക്ക് പ്രാർത്ഥിക്കാം

വിശുദ്ധ വേദപുസ്തകത്തിലെ ഏതെങ്കിലും ഭാഗം വായിക്കുമ്പോൾ നടത്തുന്ന പ്രാർത്ഥന.

*രാവും പകലും വായിച്ച് ധ്യാനിപ്പാനായിട്ട് രക്ഷയ്ക്കും ഗുണത്തിനും ഉപയോ ഗമുള്ളതായ ജീവനും വിശുദ്ധിയുമുള്ള വചനങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്ന വിശുദ്ധ വേദപുസ്തകം ഞങ്ങൾക്കു തന്നവനായ കരുണയുള്ള കർത്താവേ, വിശുദ്ധ പുസ്തകത്തെ ന്യായമായ പ്രകാരം ബഹുമാനിക്കാനും അതു കൊണ്ടുള്ള പ്രയോജനത്തെ അറിയുവാനും ദിനംപ്രതി മടികൂടാതെ വായിച്ച് അതിലെ രഹസ്യങ്ങളെ മനസ്സിലാക്കുവാനും ഞങ്ങൾക്കു തന്നെയും മറ്റുള്ള വർക്കും പ്രയോജനം വരുത്തുവാനും വഞ്ചകനായ ദുഷ്ടന്റെ കൗശലങ്ങളിൽ നിന്ന് രക്ഷപ്പെടുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. ഞങ്ങൾ എല്ലാ നേരവും അതിൽ ധ്യാനിച്ച് നിന്നെ മഹത്വപ്പെടുത്തിക്കൊണ്ട് അതിൽ കല്പിച്ചിരിക്കുന്നതുപോലെ നിന്റെ "ഇഷ്ടത്തിനൊത്തവണ്ണം ഇപ്പോഴും എപ്പോഴും എന്നേക്കും നിന്റെ തിരുമുമ്പാകെ ജീവിക്കുകയും ചെയ്യുമാറാക ണമേ. ആമ്മീൻ*

**നിശ്ചയം**

**വി. വേദപുസ്തകത്തെ ഞങ്ങൾ ബഹുമാനിക്കും.**
**എല്ലാ ദിവസവും മുടങ്ങാതെ വായിച്ച് മനസ്സിലാക്കി, ഞങ്ങൾക്കും സമൂഹത്തിനും പ്രയോജനം വരുത്തും. ഞങ്ങളുടെ ആയുഷ്കാലം മുഴുവനും തിരുവചനം ധ്യാനിച്ച് ദൈവത്തെ മഹത്വപ്പെടുത്തി ഞങ്ങൾ ജീവിക്കും.**

## നമുക്കു ചിന്തിക്കാം

1 പഴയനിയമ ഗ്രന്ഥങ്ങളെ പൊതുവെ എത്രയായി തിരിച്ചിരിക്കുന്നു? അവ ഏതെല്ലാം?

2 തനാക്ക് എന്നാലെന്ത്?

3 പ്ശീത്തോ ബൈബിളിന്റെ പ്രാധാന്യം എന്ത്?

4 പുതിയനിയമങ്ങളെ എത്രയായി തിരിച്ചിരിക്കുന്നു? അവ ഏതെല്ലാം?

5 അപ്പോസ്തോല പ്രവൃത്തികൾ എഴുതിയതാര്? ഈ പുസ്തകം നൽകുന്ന വിവരണം എന്ത്?

6 ഓർത്തഡോക്സ് സുറിയാനി സഭയുടെ ആധാരമായ സുറിയാനി വേദപുസ്തകമേത്?

7 ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിക്കുന്ന വേദപുസ്തകവും പ്ശിത്തോ വേദ പുസ്തകവും തമ്മിലുള്ള പ്രധാന വ്യത്യാസമെന്ത്?

8 വി. വേദപുസ്തകത്തിലെ പഴയനിമയത്തിലെയും പുതിയനിയമത്തിലെയും പുസ്ത കങ്ങൾ ക്രമത്തിന് പറയുവാൻ പഠിക്കുക.

9 വി. വേദപുസ്തകം വായിക്കുന്നതിനുമുമ്പും ശേഷവും ചൊല്ലുന്ന പ്രാർത്ഥനകൾ പാമ്പാക്കുട നമസ്ക്കാരക്രമം നോക്കി പഠിക്കുക.

10 പഴയനിയമത്തിലെയും പുതിയനിയമത്തിലെയും പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാ ക്കുക.

11 പ്ശീത്തോ മലയാളം ബൈബിൾ നോക്കി അതിലെ പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാ ക്കുക (അദ്ധ്യാപകരുടെ സഹായത്താൽ സൺഡേസ്കൂളിൽ ഈ ബൈബിൾ ലഭ്യമാക്കുക).

## വി. വേദപുസ്തകം വായിക്കുന്നതിനു മുമ്പുള്ള പ്രാർത്ഥന ഹൃദിസ്ഥമാക്കുക.

*കരുണയുള്ള ദൈവമേ, വി.വേദപുസ്തകത്തെ വായിച്ച് മനസിലാക്കുവാൻ ഞങ്ങളുടെ ഹൃദയ കണ്ണുകളെ പ്രകാശിപ്പിക്കേണമേ. അതിൽ മറഞ്ഞിരി ക്കുന്നതും ഞങ്ങൾക്കു പ്രയോജനം വരുത്തുന്നതുമായ മഹത്വമുള്ള കാര്യ ങ്ങളെ അറിയുവാനും അതിൽനിന്നു കണ്ടുപിടിക്കുവാനും ഞങ്ങളുടെ ആയുഷ്ക്കാലമെല്ലാം അതിൻപ്രകാരം ജീവിക്കാനും ഞങ്ങൾക്കു കൃപ നൽകണമേ.*

**തുടർവായനക്ക്**

**തിരുവചന വായനയും ധ്യാനവും പതിവുപോലെ ഈയാഴ്ചയും തുടരുക**

പാഠം 6

# വി. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ

**പാഠോദ്ദേശ്യങ്ങൾ:** വി. പൗലോസ് ശ്ലീഹായുടെ കത്തുകളെക്കുറിച്ച് മനസ്സിലാക്കുക. ഈ ലേഖനങ്ങളുടെ പ്രാധാന്യം ഉൾക്കൊള്ളുകയും അവ വായിച്ച് ധ്യാനിക്കുകയും ചെയ്യുക. പൗലോസ് ശ്ലീഹായുടെ ജീവിതം മാതൃകയാക്കുക.

**മനഃപാഠവാക്യം:** "ക്രിസ്തു യേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷയ്ക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ അറിയുന്ന തുകൊണ്ട് നീ പഠിച്ചും നിശ്ചയം പ്രാപിച്ചുമിരിക്കുന്നതിൽ നിലനിൽക്ക" 2 തിമോത്തി. 3:14-15.

**പഠന സഹായികൾ:** വി. പൗലോസിന്റെ ചിത്രം, വി. വേദപുസ്തകം, വി. കുർബ്ബാന ക്രമം, പ്രാർത്ഥനാക്രമം

## ആമുഖം

നിങ്ങൾ ആർക്കെങ്കിലും കത്തുകൾ അയയ്ക്കാറുണ്ടോ? ഇന്ന് കത്തുകൾക്കു പകരം മൊബൈലിലൂടെയും ഇന്റർനെറ്റ് വഴിയും സന്ദേശങ്ങൾ അയയ്ക്കുകയാണ് പതിവ്. എന്നാൽ പഴയ കാലത്ത് വിവരങ്ങൾ അറിയിക്കാൻ ഉപയോഗിച്ചിരുന്ന മാധ്യമ മായിരുന്നു കത്തുകൾ. വ്യക്തിപരമായി നേരിട്ട് ബന്ധപ്പെടാൻ സാധിക്കാത്ത സമയങ്ങ ളിലായിരുന്നു ഇപ്രകാരം കത്തുകൾ അയച്ചിരുന്നത്. എന്തിനെല്ലാം വേണ്ടിയായിരുന്നു കത്തുകൾ അയച്ചിരുന്നത് എന്ന് പറയാമോ? അടിയന്തിരമായി ചില കാര്യങ്ങൾ അറിയിക്കുന്നതിന്, ചില നിർദ്ദേശങ്ങൾ നൽകുന്നതിന്, സംശയമുള്ള വസ്തുതകൾ വ്യക്തമാക്കുന്നതിന്, ചില വിശേഷങ്ങൾ അറിയിക്കുന്നതിന് - ഇങ്ങനെ പല കാര്യങ്ങൾ ക്കുമായിട്ടാണ്. പൗലോസ് അപ്പോസ്തലൻ തന്റെ സഭകൾക്ക് അനേകം കത്തുകൾ എഴുതിയിട്ടുണ്ട്. അവയിൽ ചില പ്രധാന കത്തുകളാണ് വി. വേദപുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവിധ ലേഖനങ്ങൾ. ഇവയെക്കുറിച്ചാണ് ഇന്ന് നമ്മൾ പഠിക്കുന്നത്.

## പാഠഭാഗം

പൗലോസ് അപ്പോസ്തലൻ എഴുതിയിട്ടുള്ള 14 കത്തുകൾ (ലേഖനങ്ങൾ) നമുക്കു പുതിയ നിയമത്തിൽ ലഭ്യമാണ്. അവയിൽ എബ്രായ ലേഖനം അദ്ദേഹത്തിന്റേതല്ല എന്ന് അഭിപ്രായപ്പെടുന്നവരുണ്ടെങ്കിലും സഭാപാരമ്പര്യമായി അത് അദ്ദേഹത്തിന്റേത് എന്നുതന്നെ കരുതപ്പെടുന്നു. സുവിശേഷങ്ങൾ കഴിഞ്ഞാൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന കൃതി കൾ അവയാണ്. അവയിൽക്കൂടി അദ്ദേഹത്തിന്റെ വ്യക്തിത്വത്തെയും ചിന്താധാരകളെയും പറ്റി മനസ്സിലാക്കാം. എല്ലാ ലേഖനങ്ങളിലും അദ്ദേഹത്തിന്റെ വേദജ്ഞാനം തലയുയർത്തിനിൽക്കുന്നു. പൗലോസ് എഴുതിയ കത്തുകൾ എല്ലാം നമുക്ക് ലഭ്യമായിട്ടില്ല. ചിലത് നഷ്ടപ്പെട്ടു. കൊരിന്ത്യർക്ക് എഴുതിയ ഒന്നാംലേഖനത്തിൽ അതിന് മുമ്പ് അവർക്ക് എഴുതിയ കത്തിനെപ്പറ്റി പരാമർശിക്കുന്നു (1 കൊരി. 5:9). ഇതിനെപ്പറ്റി കൃത്യമായ വിവരമൊന്നുമില്ല. കൊലോസ്യ ലേഖനത്തിൽ (4:16ൽ) ലൗവുദികൃസഭയ്ക്ക് ഒരു കത്തയച്ചതായും പറയുന്നു. അതും നമുക്ക് ലഭ്യമായിട്ടില്ല.

കത്തുകളെ രണ്ടു ഗണങ്ങളായി തിരിക്കാം. സഭകൾക്കു അയച്ച കത്തുകൾ (പത്ത്), വ്യക്തികൾക്ക് അയച്ചത് (നാല്). വ്യക്തികൾക്ക് അയച്ച കത്തുകളിൽ തന്നെയും സഭകളെപ്പറ്റി പരാമർശിക്കുന്ന കാര്യങ്ങളാണ് അധികവും. എ. ഡി. 49 മുതൽ 67 വരെയുള്ള കാലയളവിലാണ് ഈ കത്തുകൾ എഴുതിയിട്ടുള്ളത്. കത്തുകൾ ഓരോന്നും ഓരോ പ്രത്യേക സാഹചര്യ ത്തിൽ എഴുതപ്പെട്ടു. ഓരോ സ്ഥലത്തുമുള്ള സഭകളുടെ പ്രത്യേകമായ പ്രശ്നങ്ങളും സാഹചര്യങ്ങളും കണക്കിലെടുത്ത് അവയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകാനാണ് എഴുതിയത്.

ഓരോ സഭയിലും ഉണ്ടായ പ്രശ്നങ്ങളുടെയും ആവശ്യങ്ങളുടെയും പ്രതികരണമാണ് പൗലോസിന്റെ കത്തുകൾ. ഓരോ സഭയുടെയും സാഹചര്യങ്ങൾ വിഭിന്നമായിരുന്നു. അതിനനുസരണമായിട്ടാണ് അപ്പോസ്തോലൻ എഴുതുന്നത്. വിശ്വാസപരമായ കാര്യങ്ങളിൽ സംശയവും, സന്ദേഹവും, ആഭ്യന്തരമായി ഭിന്നതയും പിണക്കവും, വേദവിപരീതികളുടെ നുഴഞ്ഞുകയറ്റം; സന്മാർഗ്ഗ പരമായ പിഴവുകൾ, അനുഷ്ഠാനപരമായ ക്രമക്കേടുകൾ എന്നിവയാണ് പ്രശ്നങ്ങൾ. പൗലോസിന് നേരിട്ടുപോയി പരിഹരിക്കുവാൻ കഴിയുമായിരുന്നെങ്കിൽ ഈ കത്തുകളുടെ ആവശ്യം തന്നെ ഉണ്ടാകുമായിരുന്നില്ല. അക്കാലത്ത് ടെലഫോൺ മുതലായ വിനിമയമാർഗ്ഗങ്ങൾ ഉണ്ടായിരുന്നില്ല എന്നോർക്കുക. കത്തുകൾ, പ്രാദേശികസഭകൾക്ക് അതാതിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമായി എഴുതപ്പെട്ടതാണ്. അങ്ങനെയെങ്കിൽ ഈ കത്തുകൾ ഇന്നുള്ള നമുക്ക് പ്രസക്തവും പ്രയോജനപ്രദവുമാകുന്നതെങ്ങനെ? രണ്ടുകാര്യങ്ങൾ ചൂണ്ടിക്കാണിക്കാം. ഒന്നാമത് അന്നത്തെ പ്രശ്നങ്ങൾ തന്നെ വ്യത്യസ്തരൂപത്തിലും ഭാവത്തിലും ഇന്നും പ്രത്യക്ഷപ്പെടുന്നു. അതുകൊണ്ട് അപ്പോസ്തോലന്റെ സന്ദേശം ഇന്നും സംഗതമാണ്. രണ്ടാമത്, ഈ കത്തുകൾ കേവലം ഉപരിപ്ലവചിന്തയിൽനിന്നോ, ബുദ്ധിയിൽ നിന്നോ ഉണ്ടായതുമല്ല, പരിശുദ്ധാത്മ പ്രചോദനത്താൽ എഴുതപ്പെട്ടതാണ്. അതുകൊണ്ട് അവയ്ക്കു സനാതനമായ ഒരു സന്ദേശമുണ്ട്. എല്ലാക്കാലത്തും എവിടെയുമുള്ളവർക്ക് അവ പ്രസക്തമാണ്.

പൗലോസ് ശ്ലീഹാ ഗ്രീക്കുഭാഷയിലാണ് ലേഖനങ്ങൾ എഴുതിയിരിക്കുന്നത്. ഗ്രീക്കുപണ്ഡിത നായ അദ്ദേഹത്തിന് അത് എളുപ്പമായിരുന്നു. എന്നാൽ ലളിതവും സാധാരണവുമായ ഗ്രീക്കാണ് ലേഖനങ്ങളിൽ ഉപയോഗിച്ചിട്ടുള്ളത്. ഗ്രീക്കിലാണ് എഴുതിയതെങ്കിലും യഹൂദപശ്ചാത്തലം ഏറെ സ്വാധീനിച്ചിട്ടുണ്ട്. പുരാതനകാലത്തെ കത്തുകളുടെ മാതൃക യിൽ തന്നെ പൗലോസ് എഴുതുന്നു. എന്നാൽ അതിൽനിന്ന് അത്യാവശ്യമായ മാറ്റങ്ങൾ രൂപഭാവങ്ങളിൽ അദ്ദേഹം വരുത്തുന്നുണ്ട്. കത്തുകളുടെ ഘടന എപ്രകാരമെന്നു നോക്കാം.

1. എല്ലാ കത്തുകളും അഭിവാദനത്തോടെ (Greeting or Salutation) ആരംഭിക്കുന്നു. പൗലോസ്, അഭിവാദനം അർത്ഥപൂർണ്ണമായി വിപുലീകരിക്കുന്നു. അതിനു ഒരു ക്രിസ്തീയ ഭാഷ്യം നൽകുന്നു. ലേഖനത്തിന്റെ ഉള്ളടക്കത്തിലേക്കു വിരൽ ചൂണ്ടുന്ന പല ആശയങ്ങളും അഭിവാദന വാക്കുകളിൽ ഉൾപ്പെടുത്താൻ ശ്രമിക്കുന്നു.
2. അഭിവാദനത്തിനുശേഷം ആർക്കുവേണ്ടി എഴുതുന്നുവോ അവരുടെ ക്രിസ്തീയ ജീവിതാനുഭവം ഓർത്ത് ദൈവത്തിന് സ്തോത്രമർപ്പിക്കുന്നു. ഓരോ ലേഖനത്തിന്റെയും സ്തോത്രാർപ്പണ ഭാഗം പ്രത്യേകം പഠനാർഹമാണ്.
3. ലേഖനത്തിന്റെ പ്രധാന ഭാഗം (Body of the letter) ഉന്നയിക്കാനുള്ള ഉപദേശങ്ങളും വ്യക്തമാക്കാനുള്ള വിശ്വാസ സത്യങ്ങളും അവതരിപ്പിക്കുന്നു. ഓരോ സഭയുടെയും പ്രശ്നങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ പൗലോസിന്റെ ഉപദേശങ്ങളും സിദ്ധാ

ന്തങ്ങളും അവയ്ക്കനുസൃതമായി രൂപപ്പെടുത്തിയിരിക്കുന്നു. ധാർമ്മിക പ്രബോധന ങ്ങൾ എല്ലാ കത്തുകളിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

4. കത്തുകളുടെ സമാപനം ആശീർവാദത്തോടെയാണ്. ഈ കത്തുകൾ ആരാധനാ സമൂഹത്തിൽ വായിക്കുവാനുള്ളവയായിരുന്നു. അതിനനുസരണമായ വാക്കുകൾ ചേർത്തിരിക്കുന്നു.

ഈ കത്തുകൾ പലപ്പോഴും, അപ്പോസ്തോലൻ പറഞ്ഞുകൊടുത്ത് ഒരാൾ എഴുതുന്ന പതിവായിരുന്നു. അപ്രകാരം എഴുതിയ ഒരാളിന്റെ പേരു നൽകിയിരിക്കുന്നു (റോമ.16:22 ഈ ലേഖനം എഴുതിയ തെർത്തോസ് എന്ന ഞാൻ). അവസാനത്തിൽ അപ്പോസ്തോലൻ സ്വന്തം കൈകൊണ്ട് കുറിക്കുകയായിരുന്നു. "പൗലോസായ എന്റെ കയ്യാലെ വന്ദനം" (കൊലോ. 4:18; 2 തെസ്സ. 3:17). ഈ കത്തുകളൊക്കെ വിശ്വസ്തരായ വ്യക്തികൾ വശം കൊടുത്തയച്ചു. അങ്ങനെ കൊണ്ടുപോയ ചിലരുടെ പേരുകൾ കാണാം (ഫേബാ-റോമ.16:1; തിഹിക്കോസ്-എഫേ. 6:21). ഒരു കത്തുതന്നെ ഒന്നിലധികം സഭകളിൽ കൊണ്ടുപോയി വായിക്കുന്ന പതിവുണ്ടായിരുന്നു. (കൊലോ. 4:16 "നിങ്ങളുടെ ഇടയിൽ വായിച്ചു തീർത്ത ശേഷം ലവുദിക്യസഭയിൽകൂടി വായിപ്പിക്കുകയും ലവുദിക്യയിൽ നിന്നുള്ളത് നിങ്ങൾ വായിക്കുകയും ചെയ്യുവിൻ"). പുതിയനിയമത്തിലുള്ള പുസ്തകങ്ങൾ അതു പ്രസിദ്ധീക രിക്കപ്പെട്ട കാലക്രമമനുസരിച്ചല്ല വി. വേദപുസ്തകത്തിൽ ക്രമീകരിച്ചിരിക്കുന്നത്. പൗലോ സിന്റെ ലേഖനങ്ങളാണ് മറ്റു പുസ്തകങ്ങളെക്കാൾ മുൻപെ എഴുതപ്പെട്ടത്. ഇവയിൽതന്നെ ഒന്നാം തെസ്സലോനിക്യ ലേഖനമാണ് ആദ്യം എഴുതപ്പെട്ടതെന്നാണ് പണ്ഡിതന്മാർ അഭി പ്രായപ്പെടുന്നത് (AD 51). അദ്ദേഹം അവസാനം എഴുതിയത് തീമോത്തിയോസിനുള്ള രണ്ടാമത്തെ കത്തായി കരുതുന്നു (4:7-8 വായിക്കുക). കത്തുകളിൽ നാലെണ്ണം കാരാഗൃഹത്തിൽ നിന്നെഴുതപ്പെട്ടവയെന്ന് ആ കത്തുകൾതന്നെ വ്യക്തമാക്കുന്നു. അവ എഫേസ്യ, കൊലോസ്യ, ഫിലിപ്പിയ, ഫിലേമോൻ എന്നിവയാണ്. ആ കത്തുകൾ 'കാരാഗൃഹലേഖനങ്ങൾ' എന്ന് വിളിക്കപ്പെടുന്നു. ഇടയലേഖനങ്ങൾ (Pastoral Letters) എന്നു വിളിക്കപ്പെടുന്നവ മൂന്നുണ്ട്. തിമോത്തി യോസിന് എഴുതിയ രണ്ടു ലേഖനങ്ങളും തീത്തോസിന് എഴുതിയ ഒരു ലേഖനവും. അങ്ങനെ വിശേഷിപ്പിക്കാനുള്ള കാരണം, സഭയിലെ ഇടയന്മാരെപ്പറ്റി-അവരുടെ യോഗ്യത കൾ, കർത്തവ്യങ്ങൾ മുതലായവ പ്രധാനമായി പ്രതിപാദിക്കുന്നതുകൊണ്ടാണ്.

സഭയിലെ കൂദാശകളിൽ സുവിശേഷത്തോടൊപ്പം പൗലോസിന്റെ ലേഖന ത്തിൽനിന്നുള്ള വായനയും ഉൾപ്പെടുത്തിയിട്ടുണ്ട്. സഭ പൗലോസിന്റെ ലേഖനങ്ങൾക്കു നൽകിയിട്ടുള്ള പ്രാധാന്യം അതു വെളിപ്പെടുത്തുന്നു. വിശ്വാസപരമായ കാര്യങ്ങൾക്കും, സന്മാർഗ്ഗപരമായ പെരുമാറ്റങ്ങൾക്കും അവ അമൂല്യങ്ങളാണ്.

## നമുക്ക് പാടാം

പൗലോസ് ശ്ലീഹാ ധന്യൻ ചൊൽ കേട്ടേൻ....... എന്ന ഗീതം എല്ലാവരും ചേർന്ന് ഭംഗിയായി ചൊല്ലുക, അതിനുശേഷം ഈ ഗീതത്തിന് ആധാരമായിരിക്കുന്ന ഗലാത്യ ലേഖനം ഒന്നാം അദ്ധ്യായം 8, 9 വാക്യങ്ങൾ ഒരാൾ ഉറക്കെ വായിക്കുക.

## നമുക്ക് പ്രാർത്ഥിക്കാം

പ്രാർത്ഥനാക്രമത്തിൽ പ്രത്യേക പ്രാർത്ഥനകൾ എന്ന ഭാഗത്ത് ശ്ലീഹാ നോമ്പിൽ സന്ധ്യാപ്രാർത്ഥനയിൽ ചേർത്തു ചൊല്ലുന്ന ഒരു പ്രാർത്ഥന.

*കർത്താവേ, വിശുദ്ധ ശ്ലീഹൻമാരുടെയും പ്രത്യേകാൽ വി. പൗലോസ് ശ്ലീഹായുടെയും പ്രാർത്ഥനകളാൽ അവരെപ്പോലെ ഞങ്ങൾ ലോകത്തെയും*

*അതിന്റെ മോദങ്ങളെയും ജയിച്ച് പരമാനന്ദകരമായ ആ ലോകത്തിലെ നിത്യജീവനെ ആഗ്രഹിപ്പാനും അവകാശിപ്പാനും യോഗ്യരായിത്തീരണമെ. ശരീരത്തെ കൊല്ലുന്നവരെ ഭയപ്പെടാതെ, ആത്മാവിനെയും ശരീരത്തെയും അഗ്നിനരകത്തിൽ ഇടുവാൻ കഴിയുന്നവനെ ഭയപ്പെടുവാനും, ശരീരത്തെക്കാൾ ആത്മവെടിപ്പിനെയും വിശുദ്ധിയെയും കരുതി ക്രിസ്ത്യാനികൾക്കുചിതമായ പ്രകാരം ജീവിപ്പാനും നിന്റെ കൃപ ഞങ്ങൾക്ക് സഹായമായിരിക്കണമേ. ആമ്മീൻ*

**നിശ്ചയം**

**വി. പൗലോസ് ശ്ലീഹായുടെ കത്തുകളുടെ പ്രത്യേകതകൾ ഞങ്ങൾ മനസ്സിലാക്കി. ഈ ലേഖനങ്ങൾ ഞങ്ങൾ പതിവായി വായിക്കുകയും ധ്യാനിക്കുകയും ചെയ്യും. പൗലോസ് ശ്ലീഹായുടെ ജീവിതം ഞങ്ങൾ മാതൃകയാക്കും.**

## നമുക്ക് ചിന്തിക്കാം

1 പൗലോസ് അപ്പോസ്തോലന്റെ എത്ര കത്തുകൾ വി. വേദപുസ്തകത്തിലൂടെ നമുക്ക് ലഭ്യമായിട്ടുണ്ട്?

2 പൗലോസ് ശ്ലീഹാ ഇതിൽ കൂടുതൽ കത്തുകൾ എഴുതിയിട്ടുണ്ട് എന്നതിന് ഏതാനും തെളിവുകൾ ചൂണ്ടിക്കാട്ടുക?

3 ഈ കത്തുകളെ എത്രയായി തരംതിരിക്കാം? ഏതെല്ലാം?

4 പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം.?

5 പൗലോസ് ശ്ലീഹായുടെ കത്തുകളെ എത്രയായി തിരിക്കാം? ഏതെല്ലാം?

6 ഈ ലേഖനങ്ങൾ എഴുതുവാനുണ്ടായ കാരണങ്ങൾ അഥവാ സാഹചര്യങ്ങൾ എന്തെല്ലാം?

7 ഈ ലേഖനങ്ങൾ എല്ലാക്കാലത്തും പ്രസക്തമായിരിക്കുന്നതെന്തുകൊണ്ട്?

8 പൗലോസ് ശ്ലീഹായുടെ കത്തുകളുടെ ഘടന വിവരിക്കുക?

9 കാരാഗൃഹ ലേഖനങ്ങൾ ഏതെല്ലാം? അവയുടെ പ്രത്യേകത എന്ത്?

10 ഇടയലേഖനങ്ങൾ ഏതെല്ലാം? അപ്രകാരം വിളിക്കുവാനുള്ള കാരണം എന്ത്?

11 പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾക്ക് സഭയുടെ ആരാധനയിലുള്ള പ്രാധാന്യം വ്യക്തമാക്കുക?

## പ്രവർത്തനങ്ങൾ

1. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളുടെ പട്ടിക തയ്യാറാക്കുക.
2. 'പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളുടെ പ്രത്യേകതകൾ' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സിൽ ചർച്ച നടത്തുക.
3. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ വായിച്ച് ധ്യാനിക്കുക.

**തുടർവായനയ്ക്ക്**

**തിരുവചന വായനയും ധ്യാനവും പതിവുപോലെ ഈയാഴ്ചയും തുടരുക**

പാഠം 7

# പൗലോസ് ശ്ലീഹായുടെ വേദശാസ്ത്ര ദർശനങ്ങൾ

**പഠനോദ്ദേശ്യങ്ങൾ:** പൗലോസ് ശ്ലീഹായുടെ ചിന്താധാരയിലെ പ്രധാന വിഷയങ്ങൾ മനസ്സിലാക്കുക. അദ്ദേഹത്തിന്റെ വേദശാസ്ത്ര ദർശനങ്ങൾ ഉൾക്കൊള്ളുക.

**മനഃപാഠവാക്യം:** "ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊള്ളുക. അതാകുന്നു എന്റെ സുവിശേഷം" (2 തിമോത്തി. 2:8)

**പഠനസഹായികൾ:** പൗലോസ് ശ്ലീഹായുടെ വേദശാസ്ത്രദർശനങ്ങൾ വ്യക്തമാക്കുന്ന ചാർട്ട്, വി. വേദപുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാ ക്രമം.

## ആമുഖം

ഒരു വ്യക്തിയുടെ ചിന്തകളും വിശ്വാസങ്ങളും മനസ്സിലാക്കുവാനുള്ള മാർഗ്ഗം എന്താണ്? ആ വ്യക്തിയുടെ ഉപദേശങ്ങൾ കേൾക്കുന്നതിൽകൂടിയും, രചനകൾ വായിക്കുന്നതിൽ കൂടിയും വ്യക്തമായ ധാരണ ലഭിക്കും. പൗലോസ് ശ്ലീഹായുടെ ചിന്താധാര മനസ്സിലാക്കുന്നതിന് അദ്ദേഹത്തിന്റെ ലേഖനങ്ങൾ വിശകലനം ചെയ്താൽ മതി. ആ ലേഖനങ്ങൾ വ്യത്യസ്ത സാഹചര്യങ്ങളിൽ വ്യത്യസ്ത സഭകൾക്ക് എഴുതിയി ട്ടുള്ളവയെങ്കിലും, അപ്പോസ്തോലന്റെ വേദശാസ്ത്ര ദർശനങ്ങൾ അവയിൽ വ്യാപിച്ചു കിടക്കുന്നു. ക്രിസ്തീയ വിശ്വാസത്തിന്റെയും ക്രിസ്തീയ ജീവിതത്തിന്റെയും സമസ്ത മേഖലകളിലേക്കും അവ കടന്നെത്തുന്നു. ഇവയിൽ പ്രധാനപ്പെട്ട വിഷയങ്ങൾ ഇന്ന് പഠിക്കാം.

## പാഠഭാഗം

പൗലോസ് ശ്ലീഹാ തന്റെ ചിന്തയിലും ഉപദേശത്തിലും വ്യത്യസ്തത പുലർത്തി. കാലത്തിനും ആവശ്യങ്ങൾക്കും അനുസരണമായി അദ്ദേഹത്തിന്റെ ഉപദേശത്തിന്റെ ഊന്നലുകൾക്ക് വ്യത്യസ്തത വരുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ചിന്താധാരയ്ക്ക് നാലു ഘട്ടങ്ങൾ കണ്ടെത്താം.

1. ആദ്യ ഘട്ടത്തിൽ **യുഗാന്ത്യവും, ക്രിസ്തുവിന്റെ പുനരാഗമനവുമാണ്** പ്രധാന പ്രമേയം. തെസ്സലോനിക്യർക്ക് എഴുതിയ ഒന്നും രണ്ടും ലേഖനങ്ങളിൽ ഈ വിഷയം വിശദമായി പ്രതിപാദിക്കുന്നു. കർത്താവിന്റെ ദിവസം (The day of the Lord) എന്നാണ് യുഗാന്ത്യത്തെപ്പറ്റി പറഞ്ഞിട്ടുള്ളത് (1 തെസ്സ. 5:2, 2 തെസ്സ. 1:10). അന്ന്, ജീവിച്ചിരിക്കുന്നവരെയും മരണമടഞ്ഞവരെയും കൂട്ടിച്ചേർത്ത് ന്യായവിധി നടത്തുവാനായി കർത്താവ് പ്രത്യക്ഷനാകും. ക്രിസ്തു ഇപ്പോൾ, പിതാവിന്റെ വലതു ഭാഗത്ത് മഹത്വത്തോടെ വിരാജിക്കുന്നു. അവിടുത്തെ രാജത്വവും ആധിപത്യവും ഇപ്പോൾ ലോകത്തിനു വെളിപ്പെടുത്തിയിട്ടില്ല. അതു വെളിപ്പെടുന്ന അവസരമാണ് അവിടുത്തെ പുനരാഗമനം. അപ്പോൾ എല്ലാം നാവും യേശുവിനെ "കർത്താവ്" എന്നു ഏറ്റുപറയും. എല്ലാ മുഴങ്കാലും അവിടുത്തെ മുമ്പാകെ വണങ്ങുകയും ചെയ്യും (ഫിലി. 2:9-11).

പുനരാഗമനത്തിനുമുമ്പ് ദൈവത്തിനെതിരായി തിന്മയുടെ ശക്തി (അധർമ്മ മൂർത്തി) ആഞ്ഞടിക്കും. അതിനുശേഷം മാത്രമേ കർത്താവ് പ്രത്യക്ഷപ്പെടുകയുള്ളൂ. അവിടുത്തെ ആഗമനത്തിൽ മരിച്ചവർ പുനരുത്ഥാനം ചെയ്യും. ജീവനോടിരിക്കുന്നവർ മർത്യശരീരം വിട്ട് രൂപാന്തരപ്പെടും. നീതിപൂർവ്വകമായ ന്യായവിധി അന്നുണ്ടാകും. പിന്നീട് എല്ലാം

ക്രിസ്തുവിൽ ഒന്നായി ചേർക്കപ്പെടും. പാപം മൂലം നഷ്ടപ്പെട്ട ഐക്യവും പൊരുത്തവും വീണ്ടും സംജാതമാകും. രൂപാന്തരം പ്രാപിച്ചവർക്ക് അനുയോജ്യമായ പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാകുകയും ചെയ്യും.

2. രണ്ടാം ഘട്ടത്തിൽ **ക്രിസ്തു വിജ്ഞാനീയത്തിനും പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള** ചിന്തകൾക്കും ഊന്നൽ നൽകിയിരിക്കുന്നു. ക്രിസ്തുവിന്റെ ആളത്തം, അവിടുത്തെ മരണം, പുനരുത്ഥാനം എന്നിവ വ്യക്തമാക്കിക്കൊണ്ട് രക്ഷയുടെ അനുഭവത്തെ വിശദമാക്കുന്നു.

യേശുക്രിസ്തു നിത്യനായ ദൈവപുത്രൻ എന്ന് പൗലോസ് വ്യക്തമാക്കുന്നു. പിതാവിനു തുല്യനും പിതാവിന്റെ സാരാംശവും ആണ് പുത്രൻ. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലതും പുത്രൻ മുഖാന്തിരമാണ് സൃഷ്ടിക്കപ്പെട്ടത്. അവിടുന്ന് പിതാവിനോടുള്ള സമത്വം മുറുകെപ്പിടിക്കാതെ ദാസരൂപമെടുത്ത് മനുഷ്യനായിത്തീർന്നു. അത് ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി സ്വയം യാഗമായി അർപ്പിക്കുന്നതിനുവേണ്ടി യായിരുന്നു. മനുഷ്യരുടെ പാപപരിഹാരത്തിനായി അറുക്കപ്പെട്ട പെസഹാ കുഞ്ഞാട് ക്രിസ്തുവാകുന്നു (1 കൊരി. 5:7). മനുഷ്യന്റെ പാപം തുടച്ചു നീക്കാനുള്ള മുഖാന്തരമാണ് ക്രിസ്തുവിന്റെ കാൽവറിയിലെ യാഗം. യേശുക്രിസ്തു നിവർത്തിച്ച ഈ വലിയ രക്ഷ മനുഷ്യൻ സ്വായത്തമാക്കുന്നത് വിശ്വാസത്താലാണ്. യേശുക്രിസ്തുവിൽ വെളിവാക്കപ്പെട്ട ദിവ്യസ്നേഹത്തിലും കാരുണ്യ ത്തിലും സ്വയം അർപ്പിക്കുന്ന അനുഭവമാണ് വിശ്വാസം.

ക്രിസ്തുവിജ്ഞാനീയത്തോടു ചേർന്നു പോകുന്നതാണ് പരിശുദ്ധാത്മാവിനെ പറ്റിയുള്ള ചിന്തകൾ. ക്രിസ്തുവിലുള്ള ജീവിതം തന്നെ 'പരിശുദ്ധാത്മാവിലുള്ള ജീവിതം' എന്നും വിശേഷിപ്പിച്ചിട്ടുണ്ട്. പരിശുദ്ധാത്മാവ് കേവലം ഒരു ചൈതന്യമായിട്ടല്ല (Energy) പിന്നയോ ഒരു ആളത്തമായി (Person) പൗലോസ് വെളിപ്പെടുത്തുന്നു. പരിശുദ്ധാത്മാവ് സഭയിൽ വസിച്ചുകൊണ്ട് വിവിധ കൃപാവരങ്ങൾ സഭയുടെ കെട്ടുപണിക്കായി വിഭജിച്ചു കൊടുക്കുന്നു. കൃപാവരങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് സ്നേഹമാണ്. പരിശുദ്ധാത്മാവ് ശക്തിയും വിവേചനവും നൽകുന്നതോടൊപ്പം ഐക്യത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. സഭയുടെ കൂട്ടായ ജീവിതം സാധ്യമാക്കുന്നതും ഉറപ്പിക്കുന്നതും പരിശുദ്ധാത്മാവാണ്.

3. മൂന്നാം ഘട്ടത്തിൽ **ക്രിസ്തീയ സഭയെക്കുറിച്ചുള്ള ദർശനം** വിപുലീകരിച്ചിരി ക്കുന്നു. റോമാസാമ്രാജ്യത്തിന്റെ കിഴക്കും പടിഞ്ഞാറുമുള്ള പ്രധാന നഗരങ്ങളിൽ എല്ലാം ക്രിസ്തീയ സഭ വ്യാപിച്ചുകഴിഞ്ഞു. ആദ്യകാല കത്തുകളിലും സഭയെക്കുറിച്ചുള്ള ചിന്ത കൾ പ്രത്യക്ഷപ്പെടുന്നു. എന്നാൽ പിൽക്കാലത്ത് റോമിലെ കാരാഗൃഹത്തിൽ കിടക്കുമ്പോ ഴാണ് സഭയെക്കുറിച്ചും അതിന്റെ സാർവ്വത്രിക സ്വഭാവത്തെക്കുറിച്ചും ചിന്തിക്കുവാൻ പ്രേരിതനായത്. റോമാസാമ്രാജ്യത്തിന്റെ ഘടനയും അതിനെ നിയന്ത്രി ക്കുന്ന ഭരണകൂടവും അദ്ദേഹത്തിന്റെ ചിന്തയിൽ വന്നു. അതിന് സമാനമായി ലോകമെമ്പാടും വ്യാപിച്ചിരിക്കുന്ന ക്രിസ്തീയ സഭയെപ്പറ്റിയും അതിനെ ശക്തീകരിച്ച് നയിക്കുന്ന ക്രിസ്തു വിനെപ്പറ്റിയും ചിന്തിക്കുവാൻ പ്രേരണയായി. സഭയെപ്പറ്റി പറയുമ്പോൾ 3 പ്രതിരൂപങ്ങൾ ഉപയോഗിക്കുന്നു.

i) **ദൈവരാജ്യത്തിന്റെ മന്ദിരം (Temple of God)** (1 കൊരി. 3:9; എഫേ. 2:21). ദൈവം അധിവസിക്കുന്ന ഒരു മന്ദിരമായി സഭയെ കാണുന്നു. ദൈവാലയത്തെക്കുറിച്ചുള്ള ദർശനത്തിന്റെ പശ്ചാത്തലമാണ് ഇതിനുള്ളത്. ഈ മന്ദിരത്തിന്റെ കല്ലുകൾ വിശ്വാസികളാണ്. പരിശുദ്ധാത്മാവാണ് മന്ദിരത്തിന്റെ ശില്പി. ഓരോരുത്തർക്കും വിവിധ കൃപാവരങ്ങൾ നൽകി സഭാമന്ദിരത്തിന്റെ കെട്ടുപണി നടത്തുന്നു.

ii) **ക്രിസ്തുവിന്റെ മണവാട്ടി (Bride of Christ)** (എഫേ. 5:25; 2 കൊരി. 11:2). മണവാളനും മണവാട്ടിയും എന്ന പ്രതിരൂപത്തിൽ ക്രിസ്തുവും സഭയും തമ്മിലുള്ള ഗാഢമായ ബന്ധത്തെ സൂചിപ്പിക്കുന്നു. കരുതുന്നതും സ്വയം നൽകുന്നതുമായ സ്നേഹമാണ് ക്രിസ്തുവിന്റേത്. സഭയാകട്ടെ വിശ്വസ്തതയും വിധേയത്വവും പുലർത്തി ക്രിസ്തുവിനോട് ഐക്യപ്പെട്ടിരിക്കുന്നു.

iii) **ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ (Body of Christ),** (എഫേ. 1:22; കൊലോ. 1:18). സഭ ക്രിസ്തുശരീരം എന്നു പറയുമ്പോൾ അത് വ്യക്തമാക്കുന്നത് ക്രിസ്തുവിനോടുള്ള അഭേദ്യമായ ബന്ധമാണ്. തലയില്ലാതെ ശരീരം മാത്രം നിലനിൽക്കുകയില്ല. അതുപോലെ ശരീരം എന്നുപറയുമ്പോൾ സഭകൾ ഭിന്നിച്ച് നിൽക്കുന്ന അവസ്ഥയ്ക്ക് വിപരീതമാണ്. ഒരു ശരീരമായി സഭകൾ ഐക്യത്തിൽ നിലകൊള്ളുവാൻ ആവശ്യപ്പെടുന്നു. അതുപോലെ ക്രിസ്തീയ വിശ്വാസികൾ തമ്മിലുള്ള ബന്ധം ശരീരത്തിലെ വിവിധ അവയവങ്ങൾപോലെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അന്യോന്യം സഹായിക്കാനും സഹകരിക്കാനുമുള്ള ആവശ്യം വ്യക്തമാക്കുന്നു. സഭ എപ്പോഴും ശിരസ്സാകുന്ന ക്രിസ്തുവിന്റെ നിയന്ത്രണത്തിലും നടത്തിപ്പിലും മുന്നോട്ടു പോകണമെന്ന ചിന്തയും അതിലുണ്ട്.

4. നാലാമത്തെ ഘട്ടത്തിൽ **സഭയുടെ ഭരണം, ഭരണകർത്താക്കൾ, ഭരണകർത്താക്കളുടെ യോഗ്യത, കർത്തവ്യങ്ങൾ** മുതലായ വിഷയങ്ങൾ അവതരിപ്പിക്കുന്നു.

സഭകൾ വ്യാപിക്കുകയും വ്യവസ്ഥാപിതമായ വിധത്തിൽ അവയുടെ ഭരണ സംവിധാനം ക്രമീകരിക്കപ്പെടുകയും ചെയ്യുന്നു. ഭരണകർത്താക്കൾ എന്നതിനേക്കാൾ ശുശ്രൂഷ സ്ഥാനികൾ എന്നു പറയുന്നതാണ് ഉത്തമം. മൂന്ന് ശുശ്രൂഷ സ്ഥാനികൾ സഭയിൽ ഉണ്ടായിരുന്നു. എപ്പിസ്കോപ്പാ, കശ്ശീശ, ശെമ്മാശൻ (ശുശ്രൂഷകൻ) എന്നിവർ. ഓരോ സഭയിലും ഈ സ്ഥാനികൾ നിയോഗിക്കപ്പെട്ടിരുന്നു. അപ്പോസ്തോലിക കൈവയ്പ്പിൽ കൂടിയാണ് ഇവരെ നിയോഗിക്കുന്നത്. അവർ സന്മാർഗ്ഗനിഷ്ഠയുള്ളവരും, തിരുവചനത്തിൽ അറിവുള്ളവരും പ്രബോധനത്തിൽ ഉത്സാഹികളും ആയിരിക്കണം. അവരുടെ പ്രധാന കർത്തവ്യം ആരാധന ഭക്തിപൂർവ്വമായി നയിക്കുക, സത്യവിശ്വാസം പഠിപ്പിക്കുക, വിരുദ്ധോപദേശങ്ങളെ ചെറുക്കുക, വിശ്വാസികളുടെ ആത്മീക വളർച്ചയിൽ സഹായിക്കുക എന്നിവയായിരുന്നു.

ഇക്കാര്യങ്ങൾ സഭയിലെ രണ്ടു പ്രധാന നേതാക്കളായിരുന്ന തിമോത്തിയോ സിനും തീത്തോസിനും എഴുതുന്ന ലേഖനങ്ങളിൽ അപ്പോസ്തോലൻ വ്യക്തമാക്കുന്നു. അപ്പോസ്തോലൻ അവസാനമായി എഴുതിയ കത്ത് തിമോത്തിയോസിനുള്ള രണ്ടാമത്തെ കത്താണ്. അതിൽ പറയുന്നു "ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്ക് നൽകും. എനിക്ക് മാത്രമല്ല അവന്റെ പ്രത്യക്ഷതയിൽ പ്രിയം വച്ച ഏവർക്കും കൂടെ" (2 തിമോ. 4 :7, 8).

തന്റെ ഉപദേശങ്ങൾ പ്രസംഗങ്ങളിൽകൂടിയും വിവിധ ലേഖനങ്ങളിൽ കൂടിയും സഭാമക്കൾക്ക് വ്യക്തമാക്കിത്തന്ന പൗലോസ് ശ്രേഷ്ഠ വ്യക്തിത്വമാണ്. ക്രിസ്തീയ വിശ്വാസത്തെ യഥാർത്ഥമായി നമുക്കു വിശദീകരിച്ചുനൽകി. ക്രിസ്തീയ ജീവിതത്തിന്റെ സവിശേഷതകളും കർത്തവ്യങ്ങളും വ്യക്തമാക്കിയതിലും അപ്പോസ്തോലന്റെ പങ്ക് വലുതാണ്.

## നമുക്ക് പാടാം

മാർ പത്രോസ് പൗലോസ് ശ്ലീഹാന്മാരെ ഓർക്കുന്ന ദിവസം ജൂൺ 29 വി. കുർബ്ബാനയിൽ ആലപിക്കുന്ന ഗീതം

(ധന്യേ നിൻ പ്രാർത്ഥന മേവട്ടേ........... എന്നരീതി)

പൗലോസ് ശ്ലീഹ തന്നോട്ടത്തിൽ കർത്താവിൻ ദൂ-
തെല്ലാ ജാതിക്കാർക്കും വീണ്ടും വീണ്ടും നൽകി.
വിശ്രാമംകൂടാതെന്നും വ്യാപാരം ചെയ്ത്
സർവ്വം ദേശം സർവ്വം മാർഗ്ഗം, താൻ ചെന്നെത്തി.

രാജ്യോക്ത്യാ കീഴ്മേലായ് കീപ്പാ തൂക്കപ്പെട്ടു
സ്വർഗ്ഗം പ്രാപിപ്പാൻ തന്നാത്മം ദേഹം വിട്ടു.
സാഘോഷം തന്നാത്മത്തെ കൈക്കൊണ്ടീടാനായ്
നിർദ്ദേശിച്ചാൻ സ്വർല്ലോകേശൻ തൻ സൈന്യത്തെ.

## നമുക്ക് പ്രാർത്ഥിക്കാം

പ്രാർത്ഥനാക്രമത്തിൽ പ്രത്യേക പ്രാർത്ഥനകൾ എന്ന ഭാഗത്ത് മാർ പത്രോസ്, മാർ പൗലോസ് ശ്ലീഹന്മാരുടെ പെരുന്നാളിൽ (ജൂൺ 29) പ്രഭാത പ്രാർത്ഥനയിൽ ചേർത്ത് ചൊല്ലുന്ന പ്രാർത്ഥന.

*കർത്താവേ, ശ്ലീഹന്മാർ, പ്രത്യേകാൽ മാർ പൗലോസ് ശ്ലീഹാ, ഞങ്ങൾക്ക് വേണ്ടി ഒരുക്കിയിരിക്കുന്ന ഇടുങ്ങിയ വഴിയിൽക്കൂടി ഞങ്ങൾ ബുദ്ധിയോടെ നടക്കുമാറാകണമെ. അവരുടെ പ്രാർത്ഥനകളാൽ രോഗികൾ സുഖപ്പെടുകയും, ദുഃഖിച്ചിരിക്കുന്നവർ ആശ്വസിക്കുകയും ദരിദ്രന്മാർ ഐശ്വര്യം പ്രാപിക്കുകയും ധനവാന്മാർ ധർമ്മിഷ്ഠരാകുകയും ചെയ്യുമാറാകണമേ. ശ്ലൈഹിക ഉപദേശങ്ങളിൽ ഞങ്ങൾ സ്ഥിരപ്പെടുകയും ഏവൻഗേലിയോനടുത്ത മുറകളാൽ ഞങ്ങളുടെ അരകൾ മുറുക്കപ്പെടുകയും ദുഷ്ടനോടുള്ള യുദ്ധങ്ങളെയെല്ലാം ഞങ്ങൾ ജയിക്കുകയും ചെയ്യുമാറാകണമേ. ആമ്മീൻ*

## നിശ്ചയം

**വിശുദ്ധനായ പൗലോസ് ശ്ലീഹായുടെ ചിന്താധാരയിലെ പ്രധാന ആശയങ്ങളും അദ്ദേഹത്തിന്റെ ദർശനങ്ങളും ഞങ്ങൾ മനസ്സിലാക്കി. അദ്ദേഹത്തെപ്പോലെ സഭയുടെ വളർച്ചയ്ക്കും കെട്ടുപണിക്കുമായി ഞങ്ങളും പരിശ്രമിക്കും. സഭയുടെ വിശ്വാസം കാത്തുസൂക്ഷിക്കുവാൻ ഞങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യും.**

### നമുക്ക് ചിന്തിക്കാം

1. വി. പൗലോസ് ശ്ലീഹായുടെ ചിന്താധാരയിലെ നാല് ഘട്ടങ്ങൾ ഏവ? വിശദമാക്കുക?
2. പുത്രൻ തമ്പുരാനെപ്പറ്റി പൗലോസ് ശ്ലീഹ നൽക്കുന്ന സത്യങ്ങൾ ഏവ?
3. ക്രിസ്തീയ സഭയെപ്പറ്റി പൗലോസ് ശ്ലീഹ നൽകുന്ന ദർശനം എന്ത്?
4. പരിശുദ്ധാത്മാവിനെപ്പറ്റി പൗലോസ് ശ്ലീഹ നൽകുന്ന ചിന്തകൾ ഏവ?
5. പൗലോസ് ശ്ലീഹ നൽകുന്ന ചിന്തകളിൽ സഭയുടെ ഭരണകർത്താക്കളുടെ യോഗ്യത, കർത്തവ്യങ്ങൾ ഇവയെപ്പറ്റിയുള്ള ആശയങ്ങൾ വ്യക്തമാക്കുക.

### പ്രവർത്തനങ്ങൾ

1. പൗലോസ് ശ്ലീഹായുടെ ചിന്താധാരയിലെ നാല് ഘട്ടങ്ങൾ വ്യക്തമാക്കുന്ന ചാർട്ട് നിർമ്മിക്കുക.
2 നമ്മുടെ ആരാധനകളിലും, കൂദാശകളിലും വി. പൗലോസ് ശ്ലീഹായെ ഓർക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തുക.
3 പൗലോസ് ശ്ലീഹായുടെ ചിത്രങ്ങൾ ശേഖരിക്കുക.
4 'പൗലോസ് ശ്ലീഹായുടെ വേദശാസ്ത്രദർശനങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി ലഘുപഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുക. ഇത് ക്ലാസ്സിൽ അവതരിപ്പിക്കുക.

## തുടർവായനയ്ക്ക്

**തിരുവചന വായനയും ധ്യാനവും പതിവുപോലെ ഈയാഴ്ചയും തുടരുക**

പാഠം 8

# പൊതുവിലുള്ള ലേഖനങ്ങൾ

**പഠനോദ്ദേശ്യങ്ങൾ:** പൊതുവിലുള്ള ലേഖനങ്ങളെപ്പറ്റി അറിവ് നേടുക, ഈ ലേഖനങ്ങളിലെ പ്രധാന ആശയങ്ങൾ മനസ്സിലാക്കുക. ഈ ലേഖനങ്ങൾ വായിച്ച് ധ്യാനിക്കുക.

**മനഃപാഠവാക്യം:** "ക്രിസ്ത്യാനി ആയിട്ട് കഷ്ടം സഹിക്കേണ്ടി വന്നാലും ലജ്ജിക്കരുത്. ഈ നാമം ധരിച്ചിട്ട് ദൈവത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ടത്" (1 പത്രോ. 4:16)

**പഠനസഹായികൾ:** പൊതുവിലുള്ള ലേഖനങ്ങളുടെ പേരുകൾ അടങ്ങുന്ന ചാർട്ട്. വി. വേദപുസ്തകം, വി. കുർബ്ബാന ക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

എല്ലാവരും പതിവായി വി. കുർബ്ബാനയിൽ പങ്കെടുക്കണം. വി. കുർബ്ബാനയുടെ ആരംഭത്തിൽ മദ്ബഹായുടെ വടക്കുവശത്തുനിന്നു വായിക്കുന്ന വേദഭാഗം ഏതു ലേഖനങ്ങളിൽനിന്നാണെന്നു ശ്രദ്ധിച്ചിട്ടുണ്ടോ? അപ്പോസ്തോല പ്രവൃത്തികളിൽനിന്നോ പൊതുവിലുള്ള ലേഖനങ്ങളിൽനിന്നോ വെളിപ്പാടുപുസ്തകത്തിൽനിന്നോ ആയിരിക്കും. തെക്കുവശത്ത് വായിക്കുന്നത് എപ്പോഴും പൗലോസിന്റെ ലേഖനങ്ങളിൽനിന്നു മാത്രമായിരിക്കും. പൗലോസിന്റേതല്ലാത്ത ലേഖനങ്ങളെ 'പൊതുവിലുള്ള ലേഖനങ്ങൾ' (Catholic or General Epistles) എന്നു വിശേഷിപ്പിക്കുന്നു. കാരണം, അവ ഏതെങ്കിലും ഒരു പ്രത്യേക സഭയെ ഉദ്ദേശിച്ച് എഴുതിയിട്ടുള്ളതല്ല. ഉദാഹരണമായി പത്രോസിന്റെ ഒന്നാം ലേഖനം പൊന്തോസിലും, ഗലാത്യയിലും, കപ്പദോക്യയിലും, ആസ്യയിലും, ബിഥുന്യയിലും ചിതറിപ്പാർക്കുന്ന വിശ്വാസികൾക്കു വേണ്ടിയാണ്. പൊതുവിലുള്ള ഈ ലേഖനങ്ങളെ പ്പറ്റിയാണ് ഇന്ന് പഠിക്കുന്നത്.

## പാഠഭാഗം

പൊതുവിലുള്ള ലേഖനങ്ങൾ ആകെ ഏഴാണ്, അവ നാലുപേർ എഴുതിയിട്ടുള്ളതും ആണ്. പത്രോസ് ശ്ലീഹ (രണ്ട്), യോഹന്നാൻ ശ്ലീഹ (മൂന്ന്), യാക്കോബും, യൂദായും ഓരോ ലേഖനവും. ഈ ലേഖനങ്ങൾക്കു രണ്ടു പശ്ചാത്തലമാണുള്ളത്.

(1) മതപീഡനം (Religious Persecution) സാഹചര്യം: ക്രിസ്തുവിലുള്ള വിശ്വാസം നിമിത്തമായി ക്രിസ്ത്യാനികൾ കഠിനമായ പീഢനം ഏൽക്കേണ്ടിവന്നു. അന്ന് സഭാമക്കൾക്ക് ധൈര്യം പകരാനും പീഢനത്തിൽ പതറിപ്പോകാതെ ഉറച്ചുനിൽക്കാനും ആഹ്വാനം ചെയ്തുകൊണ്ട് ലേഖനങ്ങൾ എഴുതി.

(2) വേദവിപരീതത്തിന്റെ (Heresy) നുഴഞ്ഞുകയറ്റം: അന്നത്തെ വിജാതീയ മതങ്ങളിൽ നിന്നും തത്വചിന്തയിൽനിന്നുമുള്ള ദുരുപദേശങ്ങൾ സഭയിൽ കടന്നുകയറി. അപ്പോൾ മൗലികമായ വിശ്വാസ സത്യങ്ങൾ വെളിപ്പെടുത്തിക്കൊണ്ട് അവയിൽ ഉറച്ചുനിൽക്കാൻ വിശ്വാസികളെ ആഹ്വാനം ചെയ്തു.

### (I) പത്രോസിന്റെ ഒന്നാം ലേഖനം

പീഡനത്തിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ടതാണ് പത്രോസിന്റെ ഒന്നാം ലേഖനം.

ഈ ലേഖനത്തെ 'പ്രത്യാശയുടെ ലേഖനം' (Epistle of hope), 'പ്രോത്സാഹനത്തിന്റെ ലേഖനം' (Epistle of encourgement) എന്നു വിശേഷിപ്പിക്കാറുണ്ട്. പീഡനത്തിൽ കഴിയുന്നവർക്ക് ധൈര്യം പകർന്ന്, അവർ സ്ഥിരചിത്തരായി നിൽക്കാൻ ഉപദേശിക്കുന്നു. പീഢനത്തെപ്പറ്റിയുള്ള പരാമർശങ്ങൾ നോക്കി കാണുക (1:6-7; 2:12; 4:12-16; 5:10). ക്രൂരനായ നീറോ ചക്രവർത്തിയുടെ പീഡനം (എ. ഡി. 64-65) എന്നു കരുതപ്പെടുന്നു. ഈ പീഢനത്തിൽ ആയിരുന്നു പത്രോസ് ശ്ലീഹായും, പൗലോസ് ശ്ലീഹയും രക്തസാക്ഷിത്വ മരണം വരിച്ചത് (എ. ഡി. 67-ൽ). ലേഖനത്തിന്റെ ആദ്യഭാഗത്ത് (1:3-4:11) വിശ്വാസികൾ പുലർത്തേണ്ട ആത്മീയവും, ധാർമ്മികവുമായ വിഷയങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നു. രണ്ടാംഭാഗത്ത് (4:12-5:13) പീഡനത്തെക്കുറിച്ചു പരാമർശിക്കുന്നു. ഏഷ്യാമൈനറിലെ വിശ്വാസികൾ മാമോദീസ സ്വീകരിച്ച സമയത്ത് അവർക്കു ലഭിച്ച ഉപദേശങ്ങളെ അനുസ്മരിപ്പിക്കുന്നു. ഇപ്പോൾ അവർ പീഢനത്തിൽകൂടി കടന്നുപോകുന്നതിനാൽ അതിനാവശ്യമായ ഉദ്ബോധനങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു.

## (II) പത്രോസിന്റെ രണ്ടാം ലേഖനം

ഇതു വേദവിപരീതത്തിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ടതാണ്. ഈ ലേഖനത്തോട് ചേർത്ത് യൂദായുടെ ലേഖനവും വായിക്കുക. അവ തമ്മിൽ വളരെ അടുത്ത സാമ്യവും പൊരുത്തവും കാണാം. യൂദായുടെ ലേഖനത്തെ ആശ്രയിച്ച് രചിച്ചതാണ് പത്രോസിന്റെ രണ്ടു ലേഖനങ്ങൾ എന്നു ചിന്തിക്കാം. ഇതിൽ വേദവിപരീതത്തെപ്പറ്റി പറയുന്നത് ഇവയാണ്. നാശകരമായ മതഭേദങ്ങളെ അവതരിപ്പിക്കുന്നു; അവർ കർത്താവിനെ തള്ളിപ്പറയുന്നു; അവർ സ്വയം നാശം കൈവരുത്തുന്നു; അവർ അസന്മാർഗ്ഗികതയിൽ ചരിക്കുന്നു; ദ്രവ്യാഗ്രഹം നിറഞ്ഞ കൗശലവാക്കു പ്രയോഗിക്കുന്നു. ഒന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ പ്രചാരം നേടിയ 'ജ്ഞാനവാദം' (Gnosticism) എന്ന വേദവിപരീതത്തിന്റെ വകഭേദമായിരുന്നു അന്ന് നുഴഞ്ഞുകയറിയത്.

## (III) യൂദായുടെ ലേഖനം

പത്രോസിന്റെ രണ്ടാം ലേഖനത്തിന്റെ പശ്ചാത്തലമാണ് ഇതിന്റേത്. എഴുത്തുകാരൻ "യേശുക്രിസ്തുവിന്റെ ദാസനും, യാക്കോബിന്റെ സഹോദരനുമായ യൂദാ" എന്നു പ്രാരംഭത്തിൽ പറയുന്നു. പന്ത്രണ്ട് അപ്പോസ്തോലന്മാരിൽ ഒരുവനായ യൂദായല്ല, "കർത്താവിന്റെ സഹോദരന്മാർ" എന്നു വിളിക്കപ്പെട്ടവരിൽ (മർക്കോ. 6:3) ഒരുവനാണ്. യരുശലേമിലെ എപ്പിസ്കോപ്പ ആയിരുന്ന യാക്കോബിന്റെ സഹോദരനാണ് ഈ യൂദാ. ജ്ഞാനവാദികളായ വേദവിപരീതകൾക്കെതിരെയാണ് യൂദാ എഴുതുന്നത്.

## (IV) യോഹന്നാന്റെ ലേഖനങ്ങൾ

യോഹന്നാന്റെ സുവിശേഷം, വെളിപാട് എന്നിവയോടൊപ്പം മൂന്നു ലേഖനങ്ങളും ലഭിച്ചിട്ടുണ്ട്.

### യോഹന്നാന്റെ ഒന്നാം ലേഖനം

ഒന്നാം ലേഖനവും, യോഹന്നാന്റെ സുവിശേഷവും തമ്മിൽ ആശയപരമായി വളരെ അടുത്ത ബന്ധമുണ്ട്. ഈ ലേഖനം ഏഷ്യാമൈനറിലെ പല സഭകൾക്കും പൊതുവായി എഴുതി. അതുകൊണ്ട് വ്യക്തികളെക്കുറിച്ച് പരാമർശമൊന്നും ഇതിലില്ല. പീഢനത്തെക്കുറിച്ച് ഒരു സൂചനയുമില്ല. എന്നാൽ സഭയെ അലട്ടിയ പ്രശ്നം ദുരുപദേശവും അതുമൂല

മുണ്ടായ ചിന്താക്കുഴപ്പങ്ങളുമാണ്. സത്യവിശ്വാസം ഹനിക്കപ്പെടുന്ന സാഹചര്യവുമുണ്ടായി.

ജ്ഞാനമത(Gnosticism)ത്തിന്റെ ഒരു വകഭേദമായ 'ഡോസറ്റിസം' വേദവിപരീതത്തെയാണ് നേരിട്ടത്. ക്രിസ്തുവിന്റെ യഥാർത്ഥ മനുഷ്യ ത്വത്തെ നിഷേധിക്കുന്ന ഉപദേശമാണിത്. അതൊടൊപ്പം അവിടുന്നു ദൈവപുത്രൻ ആണെന്നുള്ളതും നിഷേധിച്ചു. യേശുക്രിസ്തുവിനെ സംബന്ധിക്കുന്ന മൗലികമായ വിശ്വാസങ്ങളെയൊക്കെ ഹനിക്കുന്ന അപകടകരമായ ഉപദേശമാണ് നുഴഞ്ഞുകയറിയത്. രക്ഷയ്ക്കുള്ള മാർഗ്ഗം 'ജ്ഞാനം' ആർജ്ജിക്കുകയാണ് എന്ന് ഇവർ പഠിപ്പിച്ചു. അതിനെ അപ്പോസ്തോലൻ ഖണ്ഡിക്കുന്നു. ക്രിസ്തുവിന്റെ മരണത്തിൽക്കൂടി വീണ്ടെ ടുപ്പു സാധ്യമായി എന്നുള്ള വിശ്വാസമാണ് രക്ഷയ്ക്കാധാരം. ക്രിസ്തീയ ജീവിതത്തിന്റെ മുഖമുദ്രയായ സ്നേഹത്തെപ്പറ്റി അപ്പോസ്തോലൻ വിശദമായി ഇതിൽ പ്രതിപാദിക്കുന്നു.

### യോഹന്നാന്റെ രണ്ടും മൂന്നും ലേഖനങ്ങൾ

ഓരോ അദ്ധ്യായം വീതമുള്ള ചെറിയ കൃതികളാണ്. രണ്ടാം ലേഖനത്തിൽ, ദുരുപദേഷ്ടാക്കളെപ്പറ്റി പറഞ്ഞിട്ടുള്ളത്: "യേശുക്രിസ്തുവിനെ ജഢത്തിൽ വന്നവൻ എന്നു സ്വീകരിക്കാത്ത വഞ്ചകന്മാർ" എന്നാണ്. അവർ ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കത്തക്കവരാണ്. അവർ അപകടകരമായ ഉപദേശങ്ങൾ പ്രചരിപ്പിക്കുന്നു. അതുകൊണ്ട് അവരുമായി യാതൊരു സംസർഗ്ഗവും പുലർത്തരുതെന്ന് ഉപദേശിക്കുന്നു.

മൂന്നാമത്തെ ലേഖനം ഗായോസിനെ സംബോധന ചെയ്തിട്ടുള്ളതാണ്. ഒരു സഭയുടെ തലവനായ ദയോത്രഫിമോസും അപ്പോസ്തോലനും തമ്മിലുള്ള അഭിപ്രായ വ്യത്യാസമാണ് ഈ കത്തിനടിസ്ഥാനം. ഈ കത്തിൽ വേദവിപരീതത്തെ സംബന്ധിച്ച് പരാമർശമില്ല.

### (V) യാക്കോബിന്റെ ലേഖനം

ഈ ലേഖനത്തിൽ എഴുത്തുകാരൻ കർത്താവിന്റെ 12 അപ്പോസ്തോലൻമാരിൽപെട്ട ആളല്ല. കർത്താവിന്റെ 'സഹോദരന്മാരിൽ' ഒരുവനായ യാക്കോബ് ആണ് (മത്താ. 13:58; മക്കോ. 6:3). ഇദ്ദേഹം യറുശലേമിലെ സഭയിൽ എപ്പിസ്കോപ്പ ആയിരുന്നു. "സഭയുടെ തൂണുകളായി" (ഗലാ. 2:9) എണ്ണപ്പെട്ട മൂന്നുപേരിൽ ഒരുവനാണ്. യരുശലേം സുന്നഹദോസിൽ അദ്ധ്യക്ഷം വഹിച്ചത് ഇദ്ദേഹം ആയിരുന്നു (അ. പ്ര. 15:13-21). കർത്താവ് ഉയിർത്തെഴുന്നേറ്റശേഷം 'യാക്കോബിനു' മാത്രമായി പ്രത്യക്ഷനായി (1 കൊരി. 15:7) എന്നു വായിക്കുന്നു. ക്രിസ്തീയ ജാവിതത്തിൽ വിശ്വാസത്തിലും പ്രവൃത്തികൾക്കുമുള്ള തുല്യനില വ്യക്തമാക്കാൻ ഈ ലേഖനം ഉദ്ദേശിക്കുന്നു. പ്രായോഗിക ജീവിതത്തിലേക്കു വെളിച്ചം പകരുന്ന ശ്രദ്ധേയമായ ലേഖനമാണ് ഇത്. ലേഖനത്തിന്റെ സന്ദേശമായി നാല് കാര്യങ്ങൾ നമ്മുടെ ശ്രദ്ധയിൽപെടുത്താം.

**1. വിശ്വാസവും പ്രവൃത്തിയും:** നമ്മുടെ വിശ്വാസം നമ്മെ സ്നേഹപ്രവൃത്തികൾക്കു പ്രേരിപ്പിക്കുന്നതായിരിക്കണം. വിശ്വാസത്തിന്റെ യഥാർത്ഥമായ പ്രകടനം പ്രവൃത്തിവഴിയാണ്. പ്രവൃത്തി കൂടാതെയുള്ള വിശ്വാസം നിർജ്ജീവമാണ്.

**2. ക്രിസ്തീയ സമത്വവും സഹോദരസ്നേഹവും:** സാമൂഹ്യനീതിക്കുവേണ്ടിയുള്ള ശക്തമായ ആഹ്വാനം ഇതിലുണ്ട്. ധനത്തിന്റെ നശ്വരതയെക്കുറിച്ച് അനുസ്മരിപ്പിച്ച് ശരിയായ തൊഴിലാളി-മുതലാളി ബന്ധം പാലിക്കാൻ ആവശ്യപ്പെടുന്നു.

**3. നാവിനെ നിയന്ത്രിക്കുക:** നാവിന്റെ നിയന്ത്രണം ആത്മീയതയ്ക്ക് അനിവാര്യമാണ്. അമിതഭാഷണ ത്തിനും വ്യർത്ഥസംസാരത്തിനും അടിമപ്പെടാതിരിക്കാൻ ഉദ്ബോധിപ്പിക്കുന്നു.

**4. പ്രാർത്ഥന:** ക്രിസ്തീയ ജീവിതം സ്തുതിയുടെയും പ്രാർത്ഥന യുടെയും അനുഭവമാകേണ്ടതാണ്. പ്രയാസങ്ങളിൽ തീഷ്ണമായി പ്രാർത്ഥിക്കണം. രോഗികൾക്ക് സഭയിലെ പുരോഹിതന്മാർ തൈലാഭിഷേകം നടത്തി പ്രാർത്ഥിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു (5:13-18).

## നമുക്ക് പാടാം

സ്വർണ്ണ വെള്ളിയാഴ്ച വി. കുർബ്ബാനയിൽ ഏവൻഗേലിക്കു ശേഷം ആലപിക്കുന്ന ഗീതം. വി. കുർബ്ബാന ക്രമം (യജമാനൻ വരുമന്നേരത്ത്... എന്ന രീതി)

ശെമവൂനും യോഹന്നാനും-ധർമ്മഗാരേ
മൂന്നുമണിക്കേറുന്നേരം-സംഭിതനോടോതി
ഞങ്ങൾക്കില്ല-പൊൻവെള്ളികളെന്നാൽ
ഗുരുനൽകിയനൽ-വരമേകീടുന്നു.
ഈശോയുടെ തിരുനാമത്തിൽ-നീ ഏറ്റുനടന്ന്
സൗഖ്യം ദാനം ചെയ്തവനെ സ്ത്രോത്രം പാടിടുക
ഹാലേലുയ്യ-ഉ-ഹാലേലുയ്യ

## നമുക്ക് പ്രാർത്ഥിക്കാം

പ്രാർത്ഥനാക്രമത്തിൽ പ്രത്യേക പ്രാർത്ഥനകൾ എന്ന ഭാഗത്ത് സ്വർണ്ണ വെള്ളിയാഴ്ച സന്ധ്യാപ്രാർത്ഥനയിൽ ചേർത്തുചൊല്ലുന്ന പ്രാർത്ഥന.

*കർത്താവേ, നിന്റെ ശിഷ്യന്മാരായ ശീമോൻ കീപ്പായെപ്പോലെയും യോഹന്നാനെപ്പോലെയും പ്രാർത്ഥനകൾക്ക് ദൈവാലയത്തിൽ പോകുവാൻ ഞങ്ങൾ താല്പര്യമുള്ളവരായിത്തീരണമേ. ദുർബ്ബലന്മാരും രോഗികളുമായിരിക്കുന്നവരോട് ദയ വിചാരിപ്പാനും കഴിവുള്ള സഹായങ്ങൾ അവർക്ക് ചെയ്ത് കൊടുപ്പാനും ഒരുക്കമുള്ള ഹൃദയം ഞങ്ങൾക്കു നൽകേണമേ. ഞങ്ങൾ നാമത്തിൽ മാത്രം ക്രിസ്ത്യാനികളായിരിക്കെ നിന്റെ ശിഷ്യന്മാരെപ്പോലെ അകമേയും പുറമേയും സാക്ഷാൽ ക്രിസ്ത്യാനികളായിരിപ്പാൻ നീ ഞങ്ങൾക്ക് സഹായിക്കേണമേ. മൊറിയോറാഹേം....*

## നിശ്ചയം

**പൊതുവിലുള്ള ലേഖനങ്ങളെപ്പറ്റിയും അവയിൽ അടങ്ങിയിരിക്കുന്ന പ്രസക്തമായ ആശയങ്ങളും ഞങ്ങൾ മനസ്സിലാക്കി.**
**ഈ ലേഖനങ്ങൾ ഞങ്ങൾ പതിവായി വായിച്ച് ധ്യാനിക്കും.**

## നമുക്ക് ചിന്തിക്കാം

1 പൊതുവിലുള്ള ലേഖനങ്ങൾ ഏതെല്ലാം? അവയുടെ എഴുത്തുകാർ ആരെല്ലാം?
2 വി. യോഹന്നാൻ ശ്ലീഹായുടെ കൃതികൾ ഏതെല്ലാം?
3 പത്രോസ് ശ്ലീഹായുടേയും, യൂദായുടേയും ലേഖനങ്ങളുടെ പ്രത്യേകതകൾ എന്ത്?

4 പൊതുവിലുള്ള ലേഖനങ്ങൾക്കുള്ള പശ്ചാത്തലം വിശദമാക്കുക.

5 പത്രോസിന്റെ ഒന്നാം ലേഖനത്തിന്റെ വിശേഷണങ്ങൾ ഏവ? അങ്ങനെ വിശേഷിപ്പിക്കാൻ കാരണം എന്ത്?

6 പത്രോസിന്റെ രണ്ടാം ലേഖനവും യൂദായുടെ ലേഖനവും തമ്മിലുള്ള സാമ്യങ്ങൾ ഏവ?

7 യൂദായുടെ ലേഖനത്തിന്റെ പ്രധാന സന്ദേശം ഏവ?

8 യോഹന്നാൻ ഒന്നാം ലേഖനവും യോഹന്നാന്റെ സുവിശേഷവും തമ്മിലുള്ള ആശയപരമായ ബന്ധം വ്യക്തമാക്കുക?

9 യാക്കോബിന്റെ ലേഖനത്തിന്റെ പ്രധാന സന്ദേശങ്ങൾ ഏവ?

10 രോഗികളുടെ തൈലാഭിഷേകത്തിന്റെ അടിസ്ഥാനമായി കണക്കാക്കാവുന്ന വാക്യങ്ങൾ യാക്കോബിന്റെ ലേഖനത്തിൽനിന്നും കണ്ടെത്തി എഴുതുക.

## പ്രവർത്തനങ്ങൾ

1. വി. പത്രോസിന്റെ ഒന്നാം ലേഖനം വായിച്ച് നിങ്ങളെ ആകർഷിച്ചതും സ്പർശിച്ചതുമായ വാക്യങ്ങൾ ഡയറിയിൽ കുറിച്ചുവയ്ക്കുക.
2. പൊതുവിലുള്ള ലേഖനങ്ങളുടെ എഴുത്തുകാരായ വി. പത്രോസ്, വി. യാക്കോബ്, വി. യോഹന്നാൻ, വി. യൂദാ എന്നിവരെപ്പറ്റി കുറിപ്പ് തയ്യാറാക്കുക.
3. ലേഖനഭാഗങ്ങൾ മുഴുവൻ വായിച്ച് ധ്യാനിക്കുക.

### തുടർവായനയ്ക്ക്

**തിരുവചന വായനയും ധ്യാനവും പതിവുപോലെ ഈയാഴ്ചയും തുടരുക**

## പാഠം 9

# വെളിപാടുപുസ്തകം

**പാഠോദ്ദേശ്യങ്ങൾ:** വെളിപാടുപുസ്തകത്തിന്റെ പ്രത്യേകതകൾ ഗ്രഹിക്കുക. ഇതിലെ മുഖ്യ സന്ദേശം മനസ്സിലാക്കുക. ഈ പുസ്തകം വായിച്ച് ധ്യാനിക്കുക.

**മനഃപാഠ വാക്യം:** (വെളി. 1:3) "ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും, കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നത് പ്രമാണിക്കുന്നവരും ഭാഗ്യവാൻമാർ."

**പഠനസഹായികൾ:** വെളിപാടു പുസ്തകത്തിലെ ചില പ്രതീകങ്ങളുടെ ചിത്രം, വി. വേദ പുസ്തകം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

### ആമുഖം

വേദപുസ്തകത്തിലെ ആദ്യ പുസ്തകമേത്? ഉൽപ്പത്തി. ഏറ്റവും അവസാനത്തെ പുസ്തകമേത്? വെളിപാടുപുസ്തകം. ഈ പുസ്തകം 'പുതിയ നിയമത്തിലെ പ്രവചന ഗ്രന്ഥം' എന്ന് അറിപ്പെടുന്നു (വെളി. 1:3:22:19). ഈ പുസ്കത്തിന്റെ എഴുത്തുകാരൻവി. യോഹന്നാൻ ശ്ലീഹായാണ്. വി. യോഹന്നാൻ ശ്ലീഹാ, പത്മോസ് ദ്വീപിലേക്ക് നാടു കടത്തപ്പെട്ടപ്പോൾ അവിടെ വെച്ച് കണ്ട ദർശനമാണ് (വെളി. 1:9) ഈ പുസ്തകത്തിലെ ഉള്ളടക്കം. അതിനാലാണ് ഇതിനെ 'പ്രവചന ഗ്രന്ഥം എന്നു വിളിക്കുന്നത്. ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന കാതലായ സത്യങ്ങളാണ് ഇന്നു പഠിക്കുന്നത്.

### പാഠഭാഗം

ആശയത്തിലും അവത രണത്തിലും വേദപുസ്തകത്തിലെ മറ്റ് കൃതികളിൽനിന്ന് വെളിപാട് പുസ്തകം വ്യത്യസ്തമായിരിക്കുന്നു. ദുർഗ്രഹങ്ങളായ ദർശനങ്ങളും സാധാരണമല്ലാത്ത ചിത്രീകരണങ്ങളും കൊണ്ടു നിറഞ്ഞി രിക്കുന്നു. പ്രതീകങ്ങളും പ്രതിരൂപങ്ങളും ധാരാളമുണ്ട്.

**1. ഇതു മത പീഡനകാലത്തെ ഒരു കൃതിയാണ്**

അതിക്രൂരമായ മത പീഡനത്തിന്റെ കാലത്ത് യഹൂദസഭയിൽ രൂപംകൊണ്ട് വളർച്ച പ്രാപിച്ച സാഹിത്യശാഖയാണ് 'അപ്പോക്കലിപ്റ്റിക്കൽ കൃതികൾ' (Apocalyptical wrtings) അല്ലെങ്കിൽ വെളിപാടു സാഹിത്യം. പുതിയനിയമത്തിലെ 'യോഹന്നാന്റെ വെളിപാട്' ഈ ഗണത്തിൽപ്പെടും. 'അപ്പോക്കലിപ്സ്' എന്ന ഗ്രീക്കുപദത്തിന് 'മറനീക്കൽ', 'അനാഛാദനം', 'വെളിപാട്' എന്നെല്ലാം അർത്ഥമുണ്ട്. ദൈവത്തിനു മാത്രമറിയാവുന്ന ഭാവിയെക്കുറിക്കുന്ന കാര്യങ്ങൾ വെളിപ്പെടുത്തുക എന്നാണർത്ഥം. പീഡനത്തിലും കഷ്ടതയിലുംകൂടി കടന്നുപോകുന്ന ജനത്തിനു ഭാവിയെക്കുറിച്ചറിയാനുള്ള ജിജ്ഞാസയും ആശങ്കയും വളരെ വലുതായിരിക്കും. ബി. സി. രണ്ടാം നൂറ്റാണ്ടിൽ യഹൂദജനം പീഡനത്തിൽക്കൂടി കടന്നുപോയപ്പോൾ ആദ്യത്തെ അപ്പോക്കലിപ്റ്റിക്കൽ കൃതി ഉണ്ടായി. ഇതാണ് ദാനിയേലിന്റെ പുസ്തകം. യഹൂദരുടെ ഇടയിലും, ക്രൈസ്തവ സഭയിലും ഇത്തരത്തിലുള്ള പല കൃതികളും ഉണ്ടായിട്ടുണ്ട്.

**2. പ്രവചനകൃതികളും വെളിപാടുകൃതികളും തമ്മിലുള്ള വ്യത്യാസങ്ങൾ**

| പ്രവചന കൃതികൾ | വെളിപാടുകൃതികൾ |
|---|---|
| (a) വർത്തമാനകാലത്തെ ആത്മീയവും ധാർമ്മികവുമായ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രബോധനമാണ്. | ഭാവിയിൽ ദൈവം ഇടപെട്ട് ലോകത്തെ വിധിക്കുന്ന കാര്യങ്ങൾ അവതരിപ്പിക്കുന്നു. |
| (b) പ്രവാചകൻമാർ വായ്മൊഴിയായി പ്രസംഗിക്കുന്നവരായിരുന്നു. പിൽക്കാലത്താണ് അവരുടെ സന്ദേശം രേഖപ്പെടുത്തിയത്. | വെളിപാടു കർത്താക്കൾ പ്രസംഗകരല്ല എഴുത്തുകാരാണ്. |
| (c) പ്രവാചകൻമാർ ജനത്തെ ശാസിക്കുകയും ദൈവത്തിലേക്കു തിരിയാൻ ആഹ്വാനം ചെയ്തു. | വെളിപാടു കർത്താക്കൾ ജനത്തെ ധൈര്യപ്പെടുത്തി പിൻമാറിപ്പോകാതെ പിടിച്ചു നിൽക്കാൻ പ്രോത്സാഹിപ്പിച്ചു. |
| (d) പ്രവാചകൻമാർ ദൈവത്തിന്റെ ഇടപെടലിനെപ്പറ്റി വ്യക്തമായ ഭാഷയിൽ സംസാരിച്ചു. | വെളിപാടു കർത്താക്കൾ ഗൂഢാത്മകമായി പ്രതീകങ്ങളും പ്രതിരൂപങ്ങളും ഉപയോഗിച്ച് സന്ദേശം നൽകി. |

**3. വെളിപാടുകൃതികളുടെ പ്രത്യേകതകൾ**

1. വിഷയങ്ങൾ വ്യക്തമായും സ്പഷ്ടമായും പറയാതെ അവ്യക്തമായ കോഡ് ഭാഷകളിൽക്കൂടി അവതരിപ്പിക്കുന്നു. അതിനായി വിചിത്ര ജീവികൾ, മൃഗങ്ങൾ, അർത്ഥപൂർണ്ണമായ സംഖ്യകൾ എന്നിവ ഉപയോഗിക്കുന്നു. അന്നത്തെ വചനക്കാർക്ക് അവയുടെ അർത്ഥം വേഗത്തിൽ മനസ്സിലാക്കാമായിരുന്നു. പീഡന ത്തിന്റെ കാലമായതുകൊണ്ടാണ് 'നേരെ ചൊവ്വേ' പറയാതെ 'കോഡ്' ഭാഷ ഉപയോഗിച്ചത്.

2. നന്മയും തിന്മയും തമ്മിലുള്ള പോരാട്ടം പ്രമേയമാണ്. ദൈവവും സാത്താനും തമ്മിലുള്ള പോരാട്ടമാണ് നടത്തുന്നത്. സാത്താന്റെ പ്രവർത്തനം നിമിത്തം ദൈവജനം പീഡിപ്പിക്കപ്പെടുന്നു. എന്നാൽ ആത്യന്തികമായി ദൈവം ഇടപ്പെട്ട് സാത്താനെ പരാജയപ്പെടുത്തി ദൈവത്തിന്റെ സർവ്വാധിപത്യം സ്ഥാപിക്കും.

3. സ്വപ്നങ്ങളിൽക്കൂടിയും ദർശനങ്ങളിൽക്കൂടിയുമാണ് ദൈവം സന്ദേശം വെളിപ്പെടുത്തുന്നത്. പലപ്പോഴും ദൂതൻമാർ മൂലമാണ് സന്ദേശം പകരുന്നത്.

4. യോഹന്നാന്റെ വെളിപാട്: സാധാരണയായി വെളിപാടുകൃതികൾ ഗ്രന്ഥകാരന്റെ ശരിയായ പേരു വെളിപ്പെടുത്താതെ പുരാതനകാലത്തെ പ്രശസ്തരായ ചില വ്യക്തികളുടെ പേരിലാണ് പ്രസിദ്ധീകരിക്കുന്നത്. അതു പീഡനത്തിന്റെ കാലമായ തുകൊണ്ടാണ്. എന്നാൽ യോഹന്നാൻ സ്വന്തനാമം വെളിപ്പെടുത്തിയാണ് എഴുതിയത് (1:1, 4,9; 22:8). എന്നാൽ യോഹന്നാന്റെ മറ്റു കൃതികളിലൊന്നും (സുവിശേഷം, 3 ലേഖനങ്ങൾ) അദ്ദേഹ ത്തിന്റെ നാമം വെളിപ്പെടുത്തിയിട്ടില്ല. മാത്രമല്ല മറ്റു കൃതികളി ലൊന്നും കാണാത്ത ഭാഷയും അവതരണ രീതിയും, ആശയങ്ങളുമാണ് ഇതിലുള്ളത്. രണ്ടാം നൂറ്റാണ്ടിൽ ജീവിച്ച ജസ്റ്റിൻ മാർട്ടിൻ, ഐറേനിയോസ് എന്നീ സഭാ പിതാക്കൻ മാർ ഈ കൃതി യോഹന്നാൻ ശ്ലീഹാ രചിച്ചതാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള ദീർഘമായ പാരമ്പര്യം അതുതന്നെ ഉയർത്തിപ്പിടിക്കുന്നു.

ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടുന്ന ഒരു കാലത്താണ് ഇതു രചിക്കപ്പെട്ടത് (2:9; 3:9; 13:1; 2; 18:16; 17:20). റോമൻ ഭരണാധികാരികളാണ് പീഡ അഴിച്ചുവിട്ടത്. അതിനുള്ള കാരണം ചക്രവർത്തിയുടെ ബിംബത്തെ ആരാധിക്കാനുള്ള അനുശാസനം ക്രിസ്ത്യാനികൾ അപ്പാടെ നിരസിച്ചു എന്നതാണ്. യോഹന്നാൻ പത്മോസ് ദ്വീപിലേക്ക് നാടുകടത്തപ്പെട്ടു (1:10). ഏഷ്യാമൈനറിലെ സഭകൾ എല്ലാം ഭീകരമായ പീഡനത്തിൽ കൂടി കടന്നുപോവുകയായിരുന്നു. ഈ സാഹചര്യത്തിലാണ് പത്മോസ് ദ്വീപിൽ വച്ചു യോഹന്നാന് സ്വർഗ്ഗീയ ദർശനമുണ്ടായി വെളിപാടു പുസ്തകം രചിക്കുന്നത്. എ. ഡി. 81 മുതൽ 96 വരെ റോമാ ചക്രവർത്തിയായിരുന്ന ഡൊമീഷ്യന്റെ പീഡനമാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. അയാളുടെ കാലത്ത് 'ചക്രവർത്തി ആരാധന' വ്യാപകമായി നടപ്പാക്കി. മാത്രമല്ല അയാളെ 'കർത്താവും ദൈവവും' എന്ന് ജനങ്ങൾ സംബോധന ചെയ്യണമെന്നാവശ്യപ്പെട്ടു. ക്രിസ്ത്യാനികൾക്ക് ഒരാളെ മാത്രമേ ആവിധത്തിൽ സംബോധന ചെയ്യാനാവൂ. അതു രക്ഷകനും പരിപാലകനുമായ യേശു ക്രിസ്തുവിനെയാണ്.

**5. പുസ്തകത്തിന്റെ മുഖ്യ സന്ദേശം**

(a) പ്രത്യാശയുടേയും വിജയത്തിന്റേയും സന്ദേശം ഇതിലുണ്ട്. ആത്യന്തികമായി തിന്മയല്ല നന്മതന്നെ വിജയിക്കും. സാത്താനും സൈന്യവും കുറേക്കാലത്തേക്കു വിഹരിച്ചാലും അന്തിമമായി ക്രിസ്തു അവരെ പരാജയപ്പെടുത്തും.

(b) ഭാവി ദൈവത്താൽ നിയന്ത്രിതമാണ്. മനുഷ്യനു തിന്മയും പീഡനങ്ങളും സംഭവിക്കുന്നത് ശിക്ഷയായിട്ടു മാത്രമല്ല, ജീവിത നവീകരണത്തിനുവേണ്ടിയുമാണ്. മനുഷ്യവർഗ്ഗത്തിന്റെ ഭാവി ക്രിസ്തുവിനോട് ബന്ധപ്പെടുന്നു.

(c) ക്രിസ്തീയ സഭയ്ക്ക് പോരാട്ടങ്ങളും ഉപദ്രവങ്ങളും നേരിടേണ്ടി വന്നിട്ടുണ്ട്. പിശാചും ലോകത്തിലെ വിരുദ്ധശക്തികളും മിഥ്യാ പ്രബോധനങ്ങളും പ്രശ്നങ്ങൾ സൃഷ്ടിക്കും. എന്നാൽ ക്രിസ്തു സർവ്വവല്ലഭനായി വിജയം വരിക്കും. ഒരു പുതിയ ആകാശവും, പുതിയ ഭൂമിയും ഉണ്ടാകും. ദൈവരാജ്യം സാർവ്വത്രികമായി സ്ഥാപിതമാകും.

## നമുക്ക് പ്രാർത്ഥിക്കാം

*കർത്താവേ, വി. യോഹന്നാൻ ശ്ലീഹായെപ്പോലെ നിന്റെ ജീവനുള്ള വചനങ്ങളെ ധൈര്യത്തോടെ ഘോഷിപ്പാൻ നിന്റെ വിശുദ്ധ റൂഹാ ഞങ്ങൾക്ക് സഹായമായിരിക്കേണമേ. നിന്റെ വിശുദ്ധ റൂഹാ ഞങ്ങളിൽ വസിപ്പാൻ തക്കവണ്ണം ഞങ്ങളെ വെടിപ്പും വിശുദ്ധിയുമുള്ള ആലയമാക്കി തീർക്കേണമേ. നിന്നെ ആരാധിക്കുന്നവരായ ഞങ്ങൾ നിന്റെ വരങ്ങളാലും ദാനങ്ങളാലും ഐശ്വര്യപ്പെടുമാറാകേണമേ. ഞങ്ങളെ നിനക്ക് കൊള്ളാവുന്ന വിശുദ്ധ പാത്രങ്ങളാക്കി തീർക്കേണമേ. നിന്റെ വന്ദ്യ സുവിശേഷം ഭൂലോകമൊക്കെയിലും പ്രസംഗിക്കപ്പെടുകയും നിന്റെ തിരുനാമം മഹത്വപ്പെടുകയും ചെയ്യുമാറാകേണമേ. ആമ്മീൻ*

## നിശ്ചയം

**വി. യോഹന്നാൻ ശ്ലീഹായ്ക്കുണ്ടായ ദർശനങ്ങൾ അടങ്ങുന്ന**
**വെളിപാടുപുസ്തകത്തിന്റെ പ്രത്യേകതകൾ ഞങ്ങൾ മനസ്സിലാക്കി.**
**ആ ശ്ലീഹാ ക്രിസ്തുവിനുവേണ്ടി സഹിച്ച യാതനകൾ**
**എത്ര അധികമാണെന്ന് ഞങ്ങൾക്ക് ബോധ്യമായി.**
**ഈ പുസ്തകം ഞങ്ങൾ പതിവായി വായിക്കും.**
**ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിക്കുവാൻ ഞങ്ങൾ തയ്യാറാകും.**

## നമുക്കു ചിന്തിക്കാം

1 പുതിയനിയമത്തിലെ വെളിപാടു പുസ്തകം എഴുതിയതാര്? അദ്ദേഹത്തിന്റെ മറ്റ് കൃതികൾ ഏതെല്ലാം?

2 പ്രവചനകൃതികളും വെളിപാടുകൃതികളും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ ഏവ?

3 സഭയുടെ വി. ആരാധനകളിൽ വെളിപാടു പുസ്തകത്തിൽനിന്നുള്ള വായന നൽകിയിട്ടില്ല എന്തുകൊണ്ട്?

4 'വെളിപാടു സാഹിത്യം' എന്നാലെന്ത്? വിശദീകരിക്കുക.

5 പ്രവചന കൃതികളും വെളിപാടു കൃതികളും തമ്മിലുള്ള വ്യത്യാസങ്ങൾ ഏവ?

6 വെളിപാടു കൃതികളുടെ പൊതുവായ പ്രത്യേകതകൾ എന്തെല്ലാം?

7 വി. യോഹന്നാൻ ശ്ലീഹാ വെളിപാടു പുസ്തകം രചിക്കുവാനിടയായ സാഹചര്യം എന്ത് ?

8 വെളിപാടു പുസ്തകത്തിന്റെ പ്രധാന സന്ദേശം എന്ത്?

## പ്രവർത്തനങ്ങൾ

1. വെളിപാടു പുസ്തകത്തിൽ കാണുന്ന പ്രതീകങ്ങളുടെയും പ്രതിരൂപങ്ങളുടെയും പേരുകൾ ഡയറിയിൽ കുറിക്കുക.
2. വെളിപാടു പുസ്തകത്തിന്റെ വ്യാഖ്യാന പുസ്തകങ്ങൾ വായിച്ച് ഇതിൽ അടങ്ങിയിരിക്കുന്ന പ്രതീകങ്ങളുടെ അർത്ഥം ഡയറിയിൽ കുറിക്കുക.

### തുടർവായനയ്ക്ക്

**തിരുവചന വായനയും ധ്യാനവും പതിവുപോലെ ഈയാഴ്ചയും തുടരുക**

പാഠം 10

# വേദപുസ്തക കാനോൻ

**പാഠോദ്ദേശ്യങ്ങൾ:** വി. വേദപുസ്തകത്തിന്റെ രൂപീകരണം എങ്ങനെ എന്ന് മനസ്സിലാക്കുക. തിരുവചനം പതിവായി വായിച്ച് ധ്യാനിക്കുവാൻ തൽപരരാകുക.

**മനഃപാഠവാക്യം:** എബ്രായർ 4:12 "ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതുവാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർവിടുവിക്കും വരെ തുളച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു."

**പഠനസഹായികൾ:** വി. വേദപുസ്തകം, വേദപുസ്തക ഭാഷ്യം, വി. കുർബ്ബാനക്രമം, പ്രാർത്ഥനാക്രമം.

## ആമുഖം

ക്രിസ്തീയസഭയുടെ ആധികാരികഗ്രന്ഥമാണ് വി. വേദപുസ്തകം. വിശ്വാസികൾ അനുദിനം അതു വായിച്ചു ധ്യാനിക്കയും, ആരാധനയിൽ അതിൽനിന്നു വായിച്ചു കേൾക്കുകയും ചെയ്യുന്നു. അവരുടെ ജീവിതത്തിൽ വഴിവിളക്കായി വിശുദ്ധഗ്രന്ഥം നിലകൊള്ളുന്നു. ആരാണ് ഇതിന്റെ ഗ്രന്ഥകർത്താവ്? ഈ ഗ്രന്ഥം പല വ്യക്തികൾ പല കാലത്ത് എഴുതിയിട്ടുള്ള പല കൃതികളുടെ ഒരു സമാഹാരമാണ്. എപ്രകാരമാണ് ഇവ ഒരുമിച്ചു ചേർക്കപ്പെട്ടത്, അതിന്റെ പിന്നിൽ പ്രവർത്തിച്ചത് ആരൊക്കെയാണ്, ഇതിനെ ആധികാരികഗ്രന്ഥമായി നിർണ്ണയിച്ചതാരാണ് - ഇക്കാര്യങ്ങളെക്കുറിച്ചൊക്കെ അറിയുന്നത് ഈ ഗ്രന്ഥത്തെക്കുറിച്ച് ആഴമായി പഠിക്കുവാൻ നമ്മെ സഹായിക്കും. ഈ വിഷയങ്ങൾ ഇന്ന് പഠിക്കാം.

## പാഠഭാഗം

'കാനോൻ' എന്ന ഗ്രീക്കുവാക്കിന്റെ ആക്ഷരീകമായ അർത്ഥം 'അളവുകോൽ' (measuring rod) എന്നാണ്. എന്നാൽ ഈ പദം സാങ്കേതികമായി ഉപയോഗിക്കുമ്പോൾ 'നിയമങ്ങൾ' എന്നുള്ള അർത്ഥം വരും. 'വേദപുസ്തക കാനോൻ' എന്നു പറയുമ്പോൾ വേദപുസ്തകത്തിലെ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട പുസ്തകങ്ങളുടെ പട്ടിക എന്ന് അർത്ഥമാക്കുന്നു. ഈ പുസ്തകങ്ങൾ എല്ലാം ഒരുമിച്ചു ചേർത്ത് പെട്ടെന്ന് വേദപുസ്തകം എന്നു പ്രഖ്യാപിക്കുക ആയിരുന്നില്ല. ഇതിന്റെ ക്രോഡീകരണത്തിനു ദീർഘമായ ഒരു ചരിത്രമുണ്ട്. പല നൂറ്റാണ്ടുകൾ കൊണ്ടാണ് വേദപുസ്തക കാനോൻ രൂപീകൃതമായത്. ക്രമേണയുള്ള വളർച്ചയിൽക്കൂടി നിയതരൂപം പ്രാപിക്കുക ആയിരുന്നു.

ഒരു പുസ്തകം കാനോനിൽ അംഗീകരിക്കപ്പെടുവാൻ പല മാനദണ്ഡങ്ങളും പരിഗണിച്ചിട്ടുണ്ട്. ഇത് സഭയാണ് നിർവ്വഹിച്ചിട്ടുള്ളത്. (1) ഗ്രന്ഥകർത്താവ് സ്വീകാര്യനായ ആത്മീയ മനുഷ്യൻ ആയിരിക്കണം (2) ഉള്ളടക്കം-വിശ്വാസത്തിനും ജീവിതക്രമത്തിനുമുപകരിക്കുന്നതും ഇത്തരത്തിലുള്ള മറ്റു കൃതികളോടു പൊരുത്തപ്പെടുന്നതുമായിരിക്കണം. (3) ആരാധനയിൽ ഉപയോഗിച്ച് പൊതുവായ സ്വീകാര്യത ആർജ്ജിച്ചിരിക്കണം. (4) വിശ്വാസികൾക്കു ദൈവികബോധമുളവാക്കുന്നതും അവരെ ദൈവത്തിലേക്കു നയിക്കുന്നതുമായിരിക്കണം.

## 1 പഴയനിയമകാനോൻ

ക്രിസ്തുവിന് മുമ്പുള്ള പഴയനിയമകാലത്ത് 'കാനോൻ' എന്ന പദം ഉപയോഗപ്പെട്ടിരുന്നില്ല. മാത്രമല്ല പഴയനിയമത്തിൽ ചില പുസ്തകങ്ങൾ മാത്രമേ ഉൾപ്പെടുത്താവൂ എന്ന ഔദ്യോഗികതീരുമാനങ്ങൾ ഉണ്ടാക്കിയിരുന്നില്ല. പലസ്തീനിലെ യഹൂദസമൂഹം ഉപയോഗിച്ചുപോന്ന എബ്രായബൈബിളിൽ ഇപ്പോൾ നിലവിലുള്ള 39 പുസ്തകങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അതിൽ 20 പുസ്തകങ്ങളായിട്ടാണ് അവ ചേർത്തിരിക്കുന്നത്.

എന്നാൽ ബി.സി മൂന്നാം നൂറ്റാണ്ടിനു മുമ്പുതന്നെ യഹൂദന്മാരുടെ വലിയ കുടിയേറ്റം അന്നത്തെ പ്രസിദ്ധനഗരമായ അലക്സാന്ത്രിയായിലേക്ക് ഉണ്ടായി. അവിടുത്തെ പ്രാദേശിക ഭാഷ ഗ്രീക്കായിരുന്നു. അതുകൊണ്ട് അവിടെ ജനിച്ചുവളരുന്ന രണ്ടും മൂന്നും തലമുറയിൽപ്പെട്ടവർക്ക് എബ്രായ ഭാഷ അജ്ഞാതമായിത്തീർന്നു. അതിനാൽ അവിടുത്തെ യഹൂദസമൂഹത്തിനുവേണ്ടി ഒരു ഗ്രീക്കു പരിഭാഷ വേദപുസ്തകത്തിനുണ്ടായി. എഴുപതു പണ്ഡിതന്മാർ ചേർന്നു നടത്തിയ പരിഭാഷ ആയതുകൊണ്ട് ഇത് സെപ്റ്റുവജിന്റ് (LXX) എന്നറിയപ്പെടുന്നു. ഈ പരിഭാഷ ബി.സി. മൂന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമായി പൂർത്തീകരിക്കപ്പെട്ടു. ഈ ഗ്രീക്കു ബൈബിളിൽ പലസ്തീനിൽ ഉപയോഗിച്ചുകൊണ്ടിരുന്ന എബ്രായ ബൈബിളിലുള്ളതിനേക്കാൾ ഏഴു പുസ്തകങ്ങൾ കൂടുതലായിട്ടുണ്ട്. അവയിൽ 39 പുസ്തകങ്ങൾ രചിക്കപ്പെട്ടതിനു ശേഷമുള്ള ചരിത്രങ്ങളും സംഭവങ്ങളും ചിന്തകളും ഉൾക്കൊള്ളുന്നു. അങ്ങനെ യഹൂദസഭയിൽ രണ്ടു ബൈബിൾ കാനോൻ വന്നു. ഒന്ന് പലസ്തീനിൽ ഉപയോഗിച്ച ബൈബിൾ കാനോൻ, മറ്റത് അലക്സാന്ത്രിയായിൽ ഉപയോഗിച്ചതും. ഇവയിൽ ക്രിസ്തീയസഭയുടെ ആരംഭം മുതൽ ഉപയോഗിച്ചത് ഗ്രീക്കു ബൈബിൾ ആയിരുന്നു. അതിൽ 46 പുസ്തകങ്ങൾ (39+7 = 46) ഉൾക്കൊണ്ടിരുന്നു.

## ജാമ്നിയ കൗൺസിൽ

ക്രിസ്തീയസഭയുടെ മുന്നേറ്റത്തെ തടയാനും ചെറുക്കുവാനുമുള്ള ലക്ഷ്യത്തോടെ യഹൂദറാബിമാരും മതപണ്ഡിതന്മാരും എ.ഡി.90-ൽ ജാമ്നിയ എന്ന സ്ഥലത്ത് ഒരു കൗൺസിൽ ചേർന്നു. അതിൽ സുപ്രധാനങ്ങളായ പല നിശ്ചയങ്ങളും ചെയ്തു. അവയിൽ പ്രധാനപ്പെട്ടത് ക്രിസ്തീയ സഭ ഉപയോഗിച്ചുകൊണ്ടിരുന്ന അലക്സന്ത്രിയൻ കാനോൻ തിരസ്കരിച്ച് 39 പുസ്തകങ്ങൾ മാത്രമെന്ന് നിശ്ചയിച്ചു. അപ്പോൾ മാത്രമാണ് ഔദ്യോഗിക തീരുമാനം പഴയനിയമത്തെ സംബന്ധിച്ചുണ്ടാകുന്നത്. ഗ്രീക്കു പരിഭാഷയിൽ (LXX ൽ) കൂടുതലായുള്ള ഏഴു പുസ്തകങ്ങൾക്ക് ഉത്തര കാനോനിക ഗ്രന്ഥങ്ങൾ (Deutero - Canonical books) എന്ന പേരു നൽകി.

ഓർത്തഡോക്സ്-റോമൻ കത്തോലിക്കാ സഭകൾ അംഗീകരിച്ചിട്ടുള്ള പഴയനിയമത്തിൽ ഗ്രീക്കു പരിഭാഷയിലെ 46 പുസ്തകങ്ങളും ഉൾക്കൊള്ളുന്നു. എന്നാൽ പ്രോട്ടസ്റ്റന്റ് സഭകൾ പലസ്തീൻ കാനോൻ പ്രകാരമുള്ള 39 പുസ്തകങ്ങൾ മാത്രം അംഗീകരിക്കുന്നു. പ്രൊട്ടസ്റ്റന്റ് പാരമ്പര്യത്തിലുള്ള ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിക്കുന്നതിൽ 39 പുസ്തകങ്ങൾ മാത്രമാണുള്ളത്.

## 2) പുതിയനിയമകാനോൻ

ക്രിസ്തീയവിഭാഗങ്ങൾ എല്ലാവരും അംഗീകരിച്ചിട്ടുള്ള പുതിയ നിയമത്തിൽ 27 പുസ്തകങ്ങൾ ആണുള്ളത്. പുതിയനിയമകാനോൻ രൂപീകൃതമായതും ക്രമാനുഗതമായ അംഗീകാരത്തിൽകൂടിയാണ്. സഭയുടെ ആരാധനയിൽ വായിച്ചു പരിചിതമായിത്തീർന്നവ അംഗീ

കരിക്കപ്പെടുകയായിരുന്നു. ഒന്നാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും പൗലോസിന്റെ ലേഖനങ്ങൾ, നാലു സുവിശേഷങ്ങൾ, അപ്പോസ്തോല പ്രവൃത്തികൾ, മറ്റു ലേഖനങ്ങൾ, വെളിപാട് എന്നിവ എഴുതപ്പെട്ടു. എന്നാൽ ഇവയെല്ലാം ഒരുമിച്ചു ചേർത്ത് ഇന്നു കാണുന്ന വിധത്തിൽ പുതിയനിയമപുസ്തകമായി ക്രോഡീകരിച്ചിരുന്നില്ല. തിരുവെഴുത്ത് എന്ന വിധത്തിൽ ആധികാരികഗ്രന്ഥമായി അംഗീകരിക്കപ്പെടുന്നത് അതിനു ശേഷമാണ്.

### കാനോൻ രൂപീകരിക്കാനുള്ള സാഹചര്യം

രണ്ടാം നൂറ്റാണ്ടായപ്പോഴേക്കും, ഇപ്പോഴുള്ള പുതിയ നിയമപുസ്തകങ്ങൾക്കു പുറമേ മറ്റു പല കൃതികളും സമൂഹത്തിൽ പ്രചാരത്തിൽ വന്നു. അവയിൽ പലതും വേദവിപരീതികൾ അവരുടെ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നതിന് എഴുതിയിട്ടുള്ളവയാണ്. അപ്പോൾ പരിശുദ്ധാത്മനിശ്വാസിതങ്ങളും സത്യോപദേശം ഉൾക്കൊള്ളുന്നതുമായ കൃതികളും, അങ്ങനെയല്ലാത്ത വേദവിപരീതികളുടെ കൃതികളും പ്രചാരത്തിൽ വന്നു. ഇതു വിശ്വാസികൾക്കു ചിന്താക്കുഴപ്പമുണ്ടാക്കുന്ന അവസ്ഥയിലെത്തിച്ചു. അതാണ് പുതിയനിയമ കാനോൻ രൂപീകരിക്കാൻ പ്രേരകമായത്. വേദവിപരീതികളുടെ പ്രവർത്തനത്തെ പ്രതിരോധിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു. അതേസമയം പഴയനിയമം ക്രോഡീകരിക്കപ്പെട്ടതിന്റെ ദൃഷ്ടാന്തം സഭയെ സ്വാധീനിച്ചു. യഹൂദസഭയ്ക്കുള്ളതുപോലെ ഉപയോഗിക്കാൻ ആധികാരികതയുള്ള ഒരു ഗണം ലിഖിതങ്ങൾ വേണമെന്നു ക്രിസ്തീയ വിശ്വാസികൾ ചിന്തിച്ചു. കാനോനിൽ ഒരു കൃതി ചേർക്കപ്പെടുന്നതിന് ചില മാനദണ്ഡങ്ങൾ പരിഗണിച്ചിരുന്നു. രണ്ടു മാനദണ്ഡങ്ങളുടെ വെളിച്ചത്തിൽ ആദ്യം അംഗീകരിക്കപ്പെട്ടത് നാലു സുവിശേഷങ്ങൾ, അപ്പോസ്തോലപ്രവൃത്തികൾ, പൗലോസിന്റെതായി കരുതപ്പെടുന്ന പതിമൂന്നു ലേഖനങ്ങൾ എന്നിവയാണ്. മറ്റു പുതിയ നിയമകൃതികൾക്കു വൈകിയും ക്രമാനുഗതമായുമാണ് കാനോനിൽ പ്രവേശനം ലഭിച്ചത്. എബ്രായലേഖനം, യാക്കോബ്, യൂദാ, വെളിപാട്, 1, 2 പത്രോസ്, 1,2,3 യോഹന്നാൻ എന്നീ ഒൻപതു കൃതികൾക്ക് ക്രമാനുഗതമായും വൈകിയുമാണ് പ്രവേശനം ലഭിച്ചത്.

ചരിത്രപരമായി പുതിയനിയമഗ്രന്ഥങ്ങളുടെ ഒരു പട്ടിക ആദ്യമായി ഉണ്ടാക്കി പ്രസിദ്ധപ്പെടുത്തിയത് വേദവിപരീതി ആയിരുന്ന മാർസിയൻ (Marcion) ആയിരുന്നു. ഇത് രണ്ടാം നൂറ്റാണ്ടിന്റെ മധ്യഘട്ടത്തിലാണ്. ആ ലിസ്റ്റിൽ ലൂക്കോസിന്റെ സുവിശേഷവും പൗലോസിന്റെ പത്ത് ലേഖനങ്ങളും മാത്രമുണ്ടായിരുന്നു. മാർസിയൻ തന്റെ ഉപദേശങ്ങൾ സ്ഥാപിക്കുവാൻ പാഠഭേദങ്ങൾ പുസ്തകങ്ങളിൽ വരുത്തിയിട്ടുണ്ട്. മാർസിയന്റെ നീക്കത്തെ പ്രതിരോധിക്കാൻ ആയിരിക്കണം റോമിലെ സഭ എ.ഡി 180-നോട് അടുത്ത കാലത്ത് ഔദ്യോഗികമായ ഒരു ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി. ഇതിന്റെ കോപ്പിയായിരിക്കണം 1740-ൽ മ്യൂറട്ടോറി എന്ന ഗവേഷകൻ റോമിൽ നിന്നും കണ്ടെടുത്തത്.

സഭാപിതാക്കന്മാർ പലരും അവരുടെ രചനകളിൽ പുതിയനിയമ പുസ്തകങ്ങൾ ഏതെല്ലാം എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. ഒരിഗൻ, അലക്സാന്ത്രിയായിലെ ക്ലീമിസ്, യൗസേബിയോസ്, യറുശലേമിലെ മാർ കൂറിലോസ്, അത്തനാസ്യോസ്, ജറോം എന്നീ സഭാപിതാക്കന്മാർ നൽകിയിട്ടുള്ള കാനോൻ ശ്രദ്ധാർഹമാണ്. അലക്സാന്ത്രിയയിലെ അത്താനാസ്യോസ് എ.ഡി. 365-ൽ അയച്ച ഒരു ചാക്രീക ലേഖനത്തിൽ പുതിയ നിയമ കാനോൻ വിവരിക്കുന്നു. അതിൽ ഇന്നുള്ള 27 പുസ്തകങ്ങളുണ്ട്. എന്നാൽ യറുശലേമിലെ മാർ കൂറിലോസിന്റെ ലിസ്റ്റിൽ വെളിപാടുപുസ്തകം ചേർത്തിട്ടില്ല. പൊതുസുന്നഹദോസുകളിൽ വേദപുസ്തകകാനോനെപ്പറ്റി നിശ്ചയങ്ങൾ ചെയ്തിട്ടില്ല. എന്നാൽ ചില പ്രാദേശികസുന്നഹദോസുകൾ കാനോൻ നിർവചിച്ചിട്ടുണ്ട്.

വിശുദ്ധസഭയാണ് വേദപുസ്തകം നമുക്കു നൽകിയത്. ഏതെല്ലാം പുസ്തകങ്ങളാണ് പ്രാമാണികം എന്ന് ചിന്തിച്ച്, അപ്രകാരം പ്രഖ്യാപിച്ച് വിശ്വാസികൾക്കു നൽകിയിട്ടുള്ളത് വിശുദ്ധ സഭയാണ്. അതേസമയം സഭയുടെ വിശ്വാസങ്ങളെയും, വിശ്വാസികളുടെ ജീവിതക്രമത്തെയും നിയന്ത്രിക്കുന്നതിൽ വി. വേദപുസ്തകത്തിന്റെ പങ്ക് അദ്വിതീയമാണ്. വി. വേദപുസ്തകമുണ്ടാകുന്നതിനു മുമ്പ് വി. സഭ നിലവിലുണ്ടെന്നുള്ളത് മറക്കരുത്.

## നമുക്ക് പാടാം

യേശുവിൻ തിരുപ്പാദത്തിൽ
ഇരുന്നു കേൾക്ക നാം.....
തന്റെ വിശുദ്ധവാക്യങ്ങൾ നമ്മുടെ ജീവനാം...
യേശുവിൻ സുവിശേഷം ദിവ്യമാം ഉപദേശം
കേൾക്കുക നാം കാക്കുക നാം ജീവന്റെ വാക്യങ്ങൾ

ദൈവവചനം ജീവനും ശക്തിയുമാകയാൽ
ആത്മരക്ഷയുണ്ടേവനും ഉള്ളത്തിൽ കൈക്കൊണ്ടാൽ
ആത്മമരണം മാറും നീതിയിലവൻ വാഴും
കേൾക്കുക നാം കാക്കുക നാം ജീവന്റെ വാക്യങ്ങൾ

## നമുക്ക് പ്രാർത്ഥിക്കാം

പ്രാർത്ഥനാക്രമത്തിൽ പ്രത്യേക പ്രാർത്ഥനകൾ എന്ന ഭാഗത്ത് നൽകിയിട്ടുള്ള വി.വേദപുസ്തകം വായിക്കുന്നതിനു മുമ്പുള്ള പ്രാർത്ഥന.

*രാവും പകലും വായിച്ച് ധ്യാനിപ്പാനായിട്ട് രക്ഷയ്ക്കും ഗുണത്തിനും ഉപയോഗമുള്ളതായ ജീവനും വിശുദ്ധിയുമുള്ള വചനങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്ന വിശുദ്ധപുസ്തകം ഞങ്ങൾക്കു തന്നവനായ കരുണയുള്ള കർത്താവേ, വി. വേദപുസ്തകത്തെ ന്യായമായ പ്രകാരം ബഹുമാനിപ്പാനും അതുകൊണ്ടുള്ള പ്രയോജനത്തെ അറിയുവാനും, ദിനംപ്രതി മടികൂടാതെ വായിച്ച് അതിലെ രഹസ്യങ്ങളെ മനസ്സിലാക്കുവാനും, ഞങ്ങൾക്കുതന്നെയും മറ്റുള്ളവർക്കും പ്രയോജനം വരുത്തുവാനും വഞ്ചകനായ ദുഷ്ടന്റെ കൗശലങ്ങളിൽ നിന്ന് രക്ഷപെടുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. ഞങ്ങൾ എല്ലാ നേരവും അതിൽ ധ്യാനിച്ച് നിന്നെ മഹത്വപ്പെടുത്തിക്കൊണ്ട് അതിൽ കൽപിച്ചിരിക്കുന്നതുപോലെ നിന്റെ ഇഷ്ടത്തിനൊത്തവണ്ണം ഇപ്പോഴും എപ്പോഴും എന്നേക്കും നിന്റെ തിരുമുമ്പാകെ ജീവിക്കുകയും ചെയ്യുമാറാകണമെ. ആമ്മീൻ.*

## നമുക്കു ചിന്തിക്കാം

1 കാനോൻ എന്ന വാക്കിന്റെ അർത്ഥം എന്ത്?
2 ബൈബിളിന്റെ സെപ്റ്റുവജിന്റ് പരിഭാഷ എന്താണ്?
3 ഗ്രീക്കു ബൈബിളിൽ എത്ര പുസ്തകങ്ങളുണ്ടായിരുന്നു?
4 വി.വേദപുസ്തക രൂപം കൊള്ളുവാനിടയായ സാഹചര്യം വിശദമാക്കുക.
5 'വേദപുസ്തകകാനോൻ' എന്ന വാക്കിന്റെ അർത്ഥം വ്യക്തമാക്കുക.

6 ഒരു പുസ്തകം കാനോനിൽ അംഗീകരിക്കുവാൻ സഭ സ്വീകരിച്ച മാനദണ്ഡങ്ങൾ ഏതെല്ലാം?

7 യഹൂദസഭയിൽ രണ്ട് കാനോനുകൾ നിലവിൽ വരുവാനുണ്ടായ കാരണം എന്ത്? ആ കാനോനുകൾ ഏതെല്ലാം?

8 ജാമ്നിയ കൗൺസിൽ എന്നാലെന്ത്? ആ കൗൺസിലിന്റെ ലക്ഷ്യം എന്തായിരുന്നു?

9 പുതിയ നിയമകാനോൻ രൂപീകരിക്കുവാനുണ്ടായ സാഹചര്യം വിശദമാക്കുക.

10 "വി.സഭയാണ് വി.വേദപുസ്തകം നമുക്ക് നൽകിയത്. ഇവ രണ്ടിനും അർഹമായ സ്ഥാനം നൽകണം". ഈ ആശയം വിശദമാക്കി വി. സഭയ്ക്കും വി. വേദപുസ്തകത്തിനും ഉള്ള പ്രാധാന്യം വ്യക്തമാക്കുക.

**പ്രവർത്തനങ്ങൾ**

1. 'വി. വേദപുസ്തകത്തിന് സഭയേക്കാൾ സ്ഥാനം നൽകണമോ?' എന്ന വിഷയത്തെ അധികരിച്ച് ക്ലാസിൽ ചർച്ച നടത്തുക.
2. വി. വേദപുസ്തകം രൂപം കൊണ്ട സാഹചര്യം വിശദമായി പഠിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക.
3. വി. സഭയ്ക്കും വി.വേദപുസ്തകത്തിനുമുള്ള സ്ഥാനവും പ്രാധാന്യവും ക്ലാസിൽ ചർച്ച ചെയ്യുക.
4. വി. വേദപുസ്തകം പതിവായി വായിച്ച് ധ്യാനിക്കുക.

## നിശ്ചയം

**വി. വേദപുസ്തകത്തിന്റെ പ്രാധാന്യം ഞങ്ങൾ മനസ്സിലാക്കി.**
**വി. വേദപുസ്തകം രൂപംകൊണ്ടത് എങ്ങനെയാണ് എന്നും ഞങ്ങൾക്ക് മനസ്സിലായി.**
**പതിവായി വേദപുസ്തകം വായിച്ച് ധ്യാനിക്കുവാൻ ഞങ്ങൾ ഉത്സാഹിക്കും.**

## തുടർവായനയ്ക്ക്

**തിരുവചന വായനയും ധ്യാനവും പതിവുപോലെ ഈയാഴ്ചയും തുടരുക**

യൂണിറ്റ് 2

# പ്രാർത്ഥന

പാഠം 11

## ഹാശാ ആഴ്ചയിലെ കൗമ

**പഠനോദ്ദേശ്യങ്ങൾ:** ഹാശാ ആഴ്ചയിലെ കൗമകളെക്കുറിച്ചു മനസ്സിലാക്കുക. അവ അർത്ഥം മനസ്സിലാക്കി ധ്യാനപൂർവ്വം ചൊല്ലുക.

**മനഃപാഠവാക്യം:** അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റു. നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി, അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നിരിക്കുന്നു (യെശയ്യാവ് 53:5)

**പഠന സഹായികൾ:** നോമ്പിലെ കുടുംബാരാധനാക്രമം, കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരക്രമം, ശുശ്രൂഷാസംവിധാനസഹായി, വി. വേദപുസ്തകം.

### ആമുഖം

നമ്മുടെ എല്ലാ നമസ്കാരങ്ങളും കൗമായോടുകൂടി ആരംഭിക്കുകയും കൗമായോടുകൂടി അവസാനിക്കുകയും ചെയ്യുന്ന രീതിയാണ് പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നത്. കൗമാ എന്ന വാക്കിന്റെ അർത്ഥം 'നില്പ്' എന്നാണ്. നാം നിന്നുകൊണ്ട് പ്രാർത്ഥിക്കുന്നവരാണ്. തുടക്കത്തിലും ഒടുവിലും ഉള്ള പ്രാർത്ഥനകൾക്ക് നിൽപ്പ് എന്നു പേരു നൽകിയിരിക്കുന്നതുകൊണ്ട് നമസ്കാര സമയം മുഴുവനും നിൽക്കണമെന്നും വ്യക്തമാകുന്നു. ഏതെങ്കിലും പ്രാർത്ഥനയോടൊപ്പവും അല്ലാതെയും ഉപയോഗിക്കാവുന്ന ശ്രേഷ്ഠമായ പ്രാർത്ഥനയാണ് കൗമാ. കർത്താവ് പഠിപ്പിച്ച പ്രാർത്ഥന അതിൽ ഉണ്ട് എന്നതും ഈ പ്രാർത്ഥനയെ ശ്രേഷ്ഠമാക്കുന്നു. കൗമ/നില്പ് (stand) എന്നതിന് ആഴത്തിലുള്ള ഒരു അർത്ഥതലംകൂടി ഉണ്ട്. സഭയുടെ ആരാധനയുടെ നിലപാട് (കൗമ) വ്യക്തമാക്കുന്ന പ്രാർത്ഥനാസമുച്ചയമാണ് ഇത്. ത്രിത്വസ്തുതിയോടെ ആരംഭിക്കുന്നു. വി. വേദപുസ്തകഭാഗങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ത്രൈശുദ്ധകീർത്തനം, കർതൃ പ്രാർത്ഥന, ദൈവമാതാവിനോടുള്ള മധ്യസ്ഥത - എന്നിവ ഓർത്തഡോക്സ് ആരാധനയുടെ അടിസ്ഥാന ഭാവമാണ്. കർത്താവിന്റെ കഷ്ടാനുഭവം ധ്യാനിക്കുന്ന ഹാശാ ആഴ്ചയിലെ കൗമകൾ സാധാരണ കൗമയിൽനിന്നും വ്യത്യസ്തമാണ്. ഹാശാ ആഴ്ചയിലെ കൗമകളെക്കുറിച്ചാണ് നമുക്ക് ഇന്നു പ്രത്യേകമായി പഠിക്കുന്നത്.

### പാഠഭാഗം

എന്തൊക്കെയാണ് കൗമായുടെ ഘടകങ്ങൾ? പൂർണ്ണമായ ഒരു കൗമ, ത്രിത്വസ്തുതിയോടെയാണ് ആരംഭിക്കുന്നത്. എന്നാൽ പല യാമപ്രാർത്ഥനകൾ ഒരുമിച്ചു ചൊല്ലുമ്പോൾ

ഈ ഭാഗം ആവർത്തിക്കാറില്ല. ശ്രോപ്പേന്മാരുടെ സ്തുതിപ്പ് എന്ന് ഏശായാപ്രവാചകൻ സാക്ഷിക്കുന്ന ആകാശവും ഭൂമിയും.... എന്നു തുടങ്ങുന്ന സ്തുതിപ്പാണ് അടുത്തത്. ഈ സ്തുതിപ്പിന്റെ രണ്ടാംഭാഗം 'ഉയരങ്ങളിൽ സ്തുതി, കർത്താവിന്റെ നാമത്തിൽ.........' എന്നത് ഊശാനദിവസം കുട്ടികൾ ആർത്തുവിളിച്ച വാചകമാണ്.. ഇതിനുശേഷം 'ദൈവമേ നീ പരിശുദ്ധനാകുന്നു...' എന്നു തുടങ്ങുന്ന ഭാഗം മൂന്നു പ്രാവശ്യം ചൊല്ലി കുമ്പിടുന്നു.. യാഥാർത്ഥത്തിൽ ഈ ഭാഗം മുതലാണ് കൗമാ എന്ന പദംകൊണ്ട് സാധാരണ അർത്ഥമാക്കുന്നത്. കഷ്ടാനുഭവ ആഴ്ചയിൽ കൗമായുടെ ഈ ഭാഗത്തിനു പകരം മറ്റൊരു പ്രാർത്ഥനയാണ് ഉപയോഗിക്കുന്നത്. ഈ പ്രാർത്ഥനകളെക്കുറിച്ച് വിശദമായി പഠിക്കാം.

ഹാശാ എന്നാൽ 'കഷ്ടത' എന്നാണർത്ഥം. ഹാശാ ആഴ്ചയിൽ ഓരോ ദിവസത്തേക്കും പ്രത്യേകം കൗമയാണ് ഉപയോഗിക്കുന്നത്. ഒരു ദിവസത്തെ എല്ലാ യാമങ്ങളിലും ഒരേ കൗമയായിരിക്കും. ദുഃഖവെള്ളിയാഴ്ച മാത്രം ഓരോ യാമത്തിനും പ്രത്യേകം പ്രത്യേകം കൗമാകൾ ക്രമീകരിച്ചിട്ടുണ്ട്. 'കർത്താവേ കരുണ ചെയ്യണമേ....' എന്നു തുടങ്ങുന്ന ഭാഗത്തിനു പകരം 'നാഥാ തേസ്തുതിയും...' എന്നു തുടങ്ങുന്ന ഗീതമോ ഇതിന്റെ ഗദ്യമോ ആണ് ചൊല്ലുന്നത്. കർത്തൃപ്രാർത്ഥനയോടെ കൗമ അവസാനിക്കും. 'കൃപ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന ഹാശാ ആഴ്ചയിൽ ചൊല്ലുകയില്ല.

## ഹാശാ ആഴ്ചയിലെ ഓരോ ദിവസത്തേയും കൗമാകൾ

ഈ കൗമാകളുടെ ഗീതങ്ങളും പഠിക്കണം. ദുഃഖവെള്ളിയാഴ്ച ഓരോ യാമത്തിലും വ്യത്യസ്തങ്ങളായ കൗമാകളാണ്. ദുഃഖവെള്ളി നമസ്ക്കാരം നോക്കി പഠിക്കുക.

**തിങ്കൾ:** തന്റെ പീഡാനുഭവത്താൽ വഴിതെറ്റിൽനിന്നും ഞങ്ങളെ രക്ഷിച്ച മിശിഹാ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമേ.

**ചൊവ്വ:** രക്ഷിതാവേ, നിന്റെ പീഡാനുഭവത്തിൽ ദുഃഖം അനുഭവിച്ച സഭ നിന്റെ ഉയിർത്തെഴുന്നേൽപ്പിൽ സന്തോഷിക്കുകയും അതിന്റെ പ്രജകൾ നിന്നിൽനിന്ന് പാപപരിഹാരം കൈക്കൊള്ളുകയും ചെയ്യുമാറാകണമേ.

**ബുധൻ:** നിന്നെ കൊല്ലുന്നതിന് ഒരുമിച്ചുകൂടിയ ജനം നിന്റെ ന്യായവിധിയിൽ കുറ്റം ചുമത്ത പ്പെടുകയും നിന്നിലും നിന്റെ കഷ്ടാനുഭവത്തിലും ഏറ്റുപറഞ്ഞ ജാതികൾ നിന്റെ രാജ്യ ത്തിൽ പ്രവേശിക്കുകയും ചെയ്യുമാറാകണമെ

**വ്യാഴം:** തന്റെ പെസഹായാൽ പെസഹായുടെ കുഞ്ഞാടിനെ നീക്കിയവനായ മിശിഹാ! നിന്റെ പെസഹായാൽ ഞങ്ങളെ സന്തോഷിപ്പിച്ച് ഞങ്ങളോടു കരുണ ചെയ്യണമേ.

### മനഃപാഠമാക്കുക

നാഥാ തേ സ്തുതിയും മാനം താതന്നും
മഹിമാ വന്ദനകൾ പരിശുദ്ധാത്മന്നും
ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും
മേലൂള്ളൂറിശിലേം വാതിൽക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം, കർത്താവേ സ്തോത്രം, കർത്താവേ
നിത്യം ശരണവുമേ സ്തോത്രം-ബാറെക്മോർ

## പ്രാർത്ഥന

*എന്റെ കർത്താവേ, നിനക്കു സ്തുതിയും നിന്റെ പിതാവിനു ബഹുമാനവും പരിശുദ്ധാത്മാവിനു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കണമേ. പാപികളായ ഞങ്ങളുടെമേൽ കരുണയും മനോഗുണവും ചൊരിയണമേ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട്, മിശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ പ്രാർത്ഥനകൾ പ്രവേശിക്കുമാറാകണമേ. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി എന്നേക്കും ഞങ്ങളുടെ ശരണവുമേ, നിനക്കു സ്തുതി ബാറക്മോർ.*

## നിശ്ചയം

**കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരം സഭ പഠിപ്പിക്കുന്ന രീതിയിൽതന്നെ നടത്തുവാൻ ഞങ്ങൾ ശ്രദ്ധിക്കും. കൃത്യമായ നോമ്പാചരണത്തോടെ ഹാശാ ആഴ്ചയിലെ എല്ലാ നമസ്കാരങ്ങളിലും ഞങ്ങൾ ഭക്തിയോടെ പങ്കെടുക്കും**

## നമുക്ക് ചിന്തിക്കാം

1 ദുഃഖവെള്ളിയാഴ്ച ദിവസത്തേക്ക് ക്രമീകരിച്ച കൗമാകൾ പരിശോധിക്കുക.
2 ദുഃഖവെള്ളിയാഴ്ചയുടെ രാത്രിനമസ്കാരത്തിന്റെ വിവിധ കൗമാകൾ നിങ്ങൾ എപ്പോഴെങ്കിലും ചൊല്ലിയിട്ടുണ്ടോ എന്നു സ്വയം പരിശോധിക്കുക.
3 സ്രോപ്പേന്മാരുടെ സ്തുതിയും, ഊശാനദിവസത്തെ കുട്ടികളുടെ സ്തുതിപ്പും വേദപുസ്തകത്തിൽ നിന്നും കണ്ടുപിടിക്കുക.

## പ്രവർത്തനങ്ങൾ

വിവിധ കൗമാകളുടെ ഗാനരൂപം കഷ്ടാനുഭവ ആഴ്ചയിലെ നമസ്ക്കാരക്രമം എന്ന പുസ്തകം നോക്കി പാടി പഠിക്കുക. കൗമായുടെ ഗദ്യവും ഗീതവും ക്ലാസ്സിൽ ഒരുമിച്ചു ചൊല്ലുക.

## തുടർ വായനയ്ക്ക്

**തിരുവചന വായനയും ധ്യാനവും പതിവുപോലെ ഈ ആഴ്ചയും തുടരുക**

പാഠം 12

# ഹാശാ ആഴ്ചയിലെ ക്രമീകരണം

**പാഠോദ്ദേശ്യങ്ങൾ:** ഹാശാ ആഴ്ചയിലെ പ്രാർത്ഥനയുടെ ക്രമീകരണം മനസ്സിലാക്കുകയും അതനുസരിച്ച് നമസ്ക്കരിക്കുവാൻ ശീലിക്കുകയും ചെയ്യുക. ഹാശാ ആഴ്ചയിലെ വിവിധ പ്രാർത്ഥനകളുടേയും ഗീതങ്ങളുടേയും ആത്മീയത അനുഭവവേദ്യമാക്കുക.

**മനഃപാഠവാക്യം:** പിതാവെ, നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം പോലെ ആകട്ടെ (ലൂക്കോസ് 22:42).

**പഠന സഹായികൾ:** കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരക്രമം, പ്രാർത്ഥനാക്രമം, വി. വേദപുസ്തകം.

## ആമുഖം

ആരാധനാ വർഷത്തിലെ പ്രാർത്ഥനകളുടെ മർമ്മം കഷ്ടാനുഭവ ആഴ്ചയിലെ പ്രാർത്ഥനകളാണ്. ഈ പ്രാർത്ഥനകളിൽ വളരെ ദൈർഘ്യമുള്ള ധ്യാനങ്ങളും പ്രാർത്ഥനകളും ഉൾപ്പെടുത്തിയിരിക്കുന്നു. കർത്താവിന്റെ രക്ഷാകരമായ കഷ്ടാനുഭവവും കുരിശാരോഹണവും വിശ്വാസികൾക്ക് ശരിയായി ആനുഭവവേദ്യമാകുന്ന രീതിയിലാണ് ഓരോ പ്രാർത്ഥനകളും രചിച്ചിട്ടുള്ളത്. പ്രാർത്ഥനകൾ ദീർഘങ്ങളായതുകൊണ്ട് ഓരോ യാമങ്ങളിലേയും പ്രാർത്ഥന അതാതു യാമങ്ങളിൽ നടത്തുകയോ, വലിയനോമ്പിന്റെ പ്രാർത്ഥനപോലെ മൂന്നു യാമങ്ങളിലായി നടത്തുകയോ ആണ് പതിവ്. ഭവനങ്ങളിൽ നമസ്ക്കരിക്കുന്നവർ പ്രാർത്ഥനകൾ മൂന്നു യാമങ്ങളിലായി നടത്തുന്ന പതിവാണുള്ളത്. പരസ്യാരാധനയിൽ എല്ലാ യാമങ്ങളിലേക്കും പ്രുമിയോനും, സൂത്താറ ഒഴികെയുള്ള യാമങ്ങളിലേക്കു ഏവൻഗേലിയോനും ക്രമീകരിച്ചിട്ടുണ്ട്. കഷ്ടാനുഭവ ആഴ്ചയിലെ കൗമായും പ്രത്യേകമായിട്ടുള്ളതാണ്. ഈ ക്രമീകരണങ്ങളുടെ വിശദാംശങ്ങൾ പഠിക്കാം.

## പാഠഭാഗം

ഓശാന ഞായറാഴ്ച കഴിഞ്ഞുവരുന്ന സന്ധ്യയിലാണ് ഹാശാ ആഴ്ചയുടെ നമസ്കാരം ആരംഭിക്കുന്നത്. തിങ്കളാഴ്ച സന്ധ്യമുതൽ ഹാശായുടെ രീതിയിലായിരിക്കും നമസ്കാരങ്ങൾ നടത്തുന്നത്. ഓർത്തഡോക്സ് പാരമ്പര്യത്തിൽ ഒരു ദിവസം ആരംഭിക്കുന്നത് തലേദിവസം സന്ധ്യയ്ക്കാണ് എന്നറിയാമല്ലോ. ഭവനങ്ങളിൽ പ്രാർത്ഥിക്കുമ്പോഴും കഷ്ടാനുഭവ ആഴ്ചയിലെ പ്രത്യേക നമസ്കാരക്രമം ഉപയോഗിച്ചുതന്നെ പ്രാർത്ഥിക്കണം. അതതു ദിവസത്തെ കൗമാ ചൊല്ലി നിർബന്ധമായും കുമ്പിടണം. അതായത്, 'ദൈവമേ നീ പരിശുദ്ധനാകുന്നു...' എന്ന ഭാഗത്ത് അതാതു ദിവസത്തെ കൗമാ ചൊല്ലണം. അതിനുശേഷം 'ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ' എന്നു തുടങ്ങുന്ന ഭാഗത്തിനുപകരം 'നാഥാ തേ സ്തുതിയും...' എന്ന ഗീതമോ അതിന്റെ ഗദ്യമോ ചൊല്ലിയശേഷം 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥനയും ചൊല്ലും. 'കൃപ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന കഷ്ടാനുഭവ ആഴ്ചയിൽ ചൊല്ലുകയില്ല. കൗമായ്ക്കുശേഷം കർത്താവിന്റെ കഷ്ടാനുഭവം ധ്യാനിക്കുന്ന രീതിയിലുള്ള

അപേക്ഷകളാണ് കഷ്ടാനുഭവ ആഴ്ചയിലെ കുടുംബാരാധനാക്രമത്തിൽ കൊടുത്തിരിക്കുന്നത്. എന്നാൽ ദേവാലയത്തിലെ പൊതു ആരാധനയ്ക്ക് മസുമൂറുകൾ, പ്രൊമിയോൻ, സെദ്റ, എനിയോനോ, കോലോകൾ, എത്രോ, ബോത്തേദ് ഹാശോ, ബോവൂസോ എന്നിങ്ങനെയുള്ള ഭാഗങ്ങൾ നമസ്കാരത്തിൽ ക്രമീകരിച്ചിട്ടുണ്ട്.

മസുമൂർ എന്നാൽ 'സങ്കീർത്തനം' ആണ്. പ്രൊമിയോൻ എന്നാൽ 'ആമുഖം' എന്നാണർത്ഥം. സെദ്റ എന്ന വാക്കിന് 'നിര' അഥവാ 'ക്രമം' എന്നും അർത്ഥം പറയാം. താരതമ്യേന സുദീർഘമായ സെദറായ്ക്കു മുമ്പുള്ള ആമുഖ പ്രാർത്ഥനയാണ് പ്രൊമിയോൻ. ധൂപം അർപ്പിച്ചുകൊണ്ടാണ് എപ്പോഴും സെദ്റാ ചൊല്ലുന്നത്. എനിയോനോ എന്നാൽ 'സ്തുതിപ്പ്' അഥവാ 'പ്രതിവാക്യം' എന്നാണർത്ഥം. ആരാധനയിൽ ഉപയോഗിക്കുന്ന പ്രത്യേക പ്രാർത്ഥനകൾക്ക് ഈ പേരു നൽകിയിരിക്കുന്നു. കോലോകൾ എന്നാൽ 'ഗീതം' എന്നാണർത്ഥം. പ്രുമിയോൻ കഴിഞ്ഞും എത്രോ കഴിഞ്ഞും വരുന്ന ഗീതങ്ങൾ സാധാരണ കോലോകൾ ആയിരിക്കും. എത്രോ എന്നാൽ 'ധൂപപ്രാർത്ഥന' എന്നാണ്. ബോത്തെദൂഹാശോ എന്നാൽ 'ഹാശായുടെ നിർത്തുകൾ' എന്നാണർത്ഥം. കഷ്ടാനുഭവ ആഴ്ചകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ധ്യാനഗീതങ്ങളാണിവ. ബോവൂസോ എന്നാൽ 'അപേക്ഷ' എന്നാണർത്ഥം.

'കൃപനിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന കഷ്ടാനുഭവ ആഴ്ചയിൽ ചൊല്ലുകയില്ല. മദ്ബഹാ തുറന്നുള്ള ശുശ്രൂഷകൾ കഷ്ടാനുഭവ ആഴ്ചയിൽ നടത്തുകയില്ല. പെസഹായിൽ വി. കുർബ്ബാനയുടെ സമയത്തും ദുഃഖവെള്ളിയാഴ്ച സ്ലീബാവന്ദനത്തിന്റെ ശുശ്രൂഷയുടെ ചിലഭാഗത്തും മാത്രമേ മറനീക്കാറുള്ളൂ. നമസ്കാരമേശയുടെ മുമ്പിൽ ഗോഗുൽത്താ വച്ചുകൊണ്ട് മദ്ബഹായിൽ ചെയ്യേണ്ട പരികർമ്മങ്ങൾ ഇതിന്മേലാണ് ചെയ്യുന്നത്. കഷ്ടാനുഭവ ആഴ്ചയിൽ കുക്കിലിയോനുകൾ ചൊല്ലുകയില്ല. സമാധാനം കൊടുക്കൽ, കൈമുത്ത്, കൈകസ്തൂരി ഇവയും നടത്തുകയില്ല. ഏവൻഗേലിയോൻ വായനയുടെ പ്രഖ്യാപനങ്ങൾ ചുരുങ്ങിയും അനാഡംബരമായും ആയിരിക്കും. മറുവഹസാകൾ, മണി ഇവ ഉപയോഗിക്കാറില്ല. കുമ്പിടണം എന്നു കാണിച്ചിരിക്കുന്ന സന്ദർഭങ്ങളിൽ ആരോഗ്യമുള്ളവർ നിർബന്ധമായും കുമ്പിടണം. സെദ്റാ വായിക്കുന്ന സന്ദർഭങ്ങളിലും ധ്യാനപൂർവ്വം കുമ്പിടണം.

ദുഃഖവെള്ളിയാഴ്ച ദിവസം എല്ലാവരും ദൈവാലയത്തിൽ ആരാധനയിൽ സംബന്ധിക്കുന്ന രീതിയാണു നമുക്കുള്ളത്. കർത്താവിന്റെ കഷ്ടാനുഭവത്തിന്റെ വിവിധ ഘട്ടങ്ങളെ ധ്യാനിച്ച്, അതതു യാമങ്ങളിൽ നമസ്കരിക്കുവാനാണ് രാവിലെതന്നെ അന്നേദിവസം പള്ളിയിൽ എത്തുന്നത്. പ്രഭാതനമസ്കാരസമയം പള്ളിയിൽ എത്തിച്ചേരുന്നവർ രാത്രിനമസ്കാരം ഭവനങ്ങളിൽ നടത്തുവാൻ മറക്കരുത്. ദുഃഖവെള്ളിയാഴ്ച നമസ്കാരത്തിൽ 'സൂഗീസോ' എന്ന പേരിൽ ചില ഗീതങ്ങൾ ചേർത്തിട്ടുണ്ട്. സൂഗീസോ എന്നാൽ 'അഡീഷണൽ' എന്നാണർത്ഥം ശുശ്രൂഷകളുടെ അലങ്കാരത്തിനും ദൈർഘ്യത്തിനും ചേർക്കുന്ന ഗീതങ്ങളാണിവ. ഇവയിൽ വർണ്ണനകൾ, ഉപദേശങ്ങൾ, സ്തുതിപ്പുകൾ മുതലായവയാണ് ഉൾപ്പെടുത്തുന്നത്. പല സുഗീസോകളും സംഭാഷണരൂപത്തിലാണ് രചിച്ചിട്ടുള്ളത്.

### ദുഃഖവെള്ളിയാഴ്ചയിലെ പ്രദക്ഷിണങ്ങൾ

രണ്ടു പ്രദക്ഷിണങ്ങളാണ് ദുഃഖവെള്ളിയാഴ്ച നടത്തപ്പെടുന്നത്. ഒന്നാമത്തെ പ്രദക്ഷിണം മൂന്നാംമണി നമസ്കാരത്തിനു ശേഷം നടത്തുന്നു. പതിവുള്ള പ്രദക്ഷിണങ്ങൾക്കു വിപരീതമായി തെക്കേവാതിൽ വഴി ഇറങ്ങി clockwise ആയി പള്ളിക്കു ചുറ്റും

ഒരു പ്രദക്ഷിണം നടത്തി വടക്കേ വാതിലിൽകൂടി അകത്തു പ്രവേശിക്കുന്നു. കർത്താവ് കുരിശും വഹിച്ചുകൊണ്ട് ഗോഗുൽത്താമലയിലേക്കു നടന്നുപോയതിനെ അനുസ്മരിക്കുന്നതാണ് ഈ പ്രദക്ഷിണം.

രണ്ടാമത്തെ പ്രദക്ഷിണം കുരിശുകുമ്പിടീലിനു ശേഷം പള്ളിയകത്തുകൂടി നടത്തുന്ന രീതിയിലാണ് ഇപ്പോൾ നിലവിലുള്ളത്. പള്ളിയകത്തുകൂടി clockwise ആയി രണ്ടു പ്രാവശ്യവും അതിനുശേഷം ഒരു പ്രാവശ്യം anti clockwise ആയും പ്രദക്ഷിണം നടത്തുന്നു. കർത്താവിന്റെ മൃതശരീരം ക്രൂശിൽ നിന്നിറക്കി കല്ലറയിലേക്ക് വഹിച്ചുകൊണ്ടുപോയതിന്റെ ഓർമ്മയ്ക്കായിട്ടാണ് ഈ പ്രദക്ഷിണം.

## മനഃപാഠമാക്കുക

ഞങ്ങളുടെ ആത്മത്തിന് അതിനാലെ രക്ഷയുണ്ടായി എന്ന സ്ലീബായെ ഞങ്ങൾ കുമ്പിടുന്നു. മശിഹാതമ്പുരാനെ, നീ എഴുന്നള്ളി വരുമ്പോൾ ഞങ്ങളേയും ഓർക്കണമെന്നു കള്ളനോടുകൂടി ഞങ്ങളും ചൊല്ലുന്നു.

ആത്മാക്കളെ രക്ഷിച്ചൊരു
നിൻ സ്ലീബായെ നമിച്ചെ-ങ്ങൾ
ചോരനൊ-ടൊപ്പം ചൊല്ലുന്നു
മശിഹാ-ഓർക്കെ-ങ്ങളെ നീ വന്നീടുമ്പോൾ

## നമുക്ക് പ്രാർത്ഥിക്കാം

പ്രാർത്ഥനാ ക്രമത്തിൽ വലിയ വെള്ളി(ദുഃഖവെള്ളി)യാഴ്ചയിലെ പ്രഭാതപ്രാർത്ഥനയിൽ ചേർത്തു ചൊല്ലുന്ന പ്രാർത്ഥന.

*ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി കുറ്റക്കാരനെപ്പോലെ ന്യായസ്ഥലത്തേക്ക് നടത്തപ്പെടുകയും ദാസനിൽനിന്ന് കവിളത്ത് അടികൊള്ളുകയും പാപത്തിന്റെ ദാസരെ സ്വാതന്ത്ര്യപ്പെടുത്തുകയും ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി സ്ലീബായിൽ തൂങ്ങി മരിച്ച് ഞങ്ങൾക്ക് ജീവൻ നൽകുകയും ചെയ്തവനായ മശിഹാതമ്പുരാനേ, നിന്റെ മഹാകരുണകൾക്ക് സ്തുതി. വെടിപ്പുള്ള വിചാരങ്ങളാലും നല്ല നടപ്പുകളാലും ഞങ്ങൾ നിന്റെ കുരിശിൻ ചുവട്ടിൽ വന്ന് നിന്റെ തൃപ്പാദങ്ങളെ വന്ദിപ്പാനും ചുംബിപ്പാനും പാപമോചനം പ്രാപിപ്പാനും ഞങ്ങളുടെ ജീവിതകാലമെല്ലാം നിന്നിൽനിന്നും വിട്ടു മാറാതെ നിന്നിൽതന്നെ ആശ്രയിച്ചുകൊണ്ട് സമാധാനത്തോടെ ഈ ലോകം വിടുവാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. ബാറെക്മോർ.*

## നിശ്ചയം

**ഹാശാ ആഴ്ചയിലെ പ്രാർത്ഥനകളുടെ ക്രമീകരണങ്ങൾ ഞങ്ങൾ മനസ്സിലാക്കി. അനുതാപം നിറഞ്ഞതും ആത്മീയ നിറവുള്ളതുമായ പ്രാർത്ഥനകളും ഗീതങ്ങളുമാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നും ഞങ്ങൾ മനസ്സിലാക്കി. ഇതനുസരിച്ച് ഭക്തിയോടെ കൃത്യമായി നോമ്പും ഉപവാസവും അനുഷ്ടിച്ച് ധ്യാനപൂർവ്വം ആരാധനകളിൽ ഞങ്ങൾ പങ്കെടുക്കും.**

### നമുക്ക് ചിന്തിക്കാം

1 കഷ്ടാനുഭവ ആഴ്ചയിൽ വരാൻ സാധ്യതയുള്ള ഒരു മാറാനായ പെരുന്നാൾ ഏത്?

2 മാറാനായപെരുന്നാൾ കഷ്ടാനുഭവ ആഴ്ചയിൽ വന്നാൽ അന്നു സാധാരണ നമസ്കാരം ആയിരിക്കും ഉപയോഗിക്കുന്നത്. എന്തുകൊണ്ട്?

3 മാർ യാക്കോബ്, മാർ അപ്രേം, മാർ ബാലായി എന്നിവരുടെ ബോവൂസോകൾ തമ്മിലുള്ള വ്യത്യാസം ആരാധനാക്രമങ്ങൾ നോക്കി മനസ്സിലാക്കുക.

### പ്രവർത്തനങ്ങൾ

1 ദുഃഖവെള്ളിയാഴ്ച നമസ്ക്കാരത്തിലെ സൂഗീസോകൾ കണ്ടുപിടിക്കുക.

2 കഷ്ടാനുഭവ ആഴ്ചയിലെ ഏവൻഗേലിയോനുമുമ്പുള്ള പ്രഖ്യാപനങ്ങൾ മനസ്സിലാക്കുക.

3 യാമപ്രാർത്ഥനകളുടെ സമയവും കർത്താവിന്റെ കഷ്ടാനുഭവത്തിന്റെ ഘട്ടങ്ങളും തമ്മിലുള്ള ബന്ധം ഒമ്പതാംക്ലാസ്സിൽ പഠിച്ചത് ചർച്ച ചെയ്യുക

4 ദുഃഖവെള്ളിയാഴ്ചയിലെ പ്രദക്ഷിണങ്ങളെപ്പറ്റി ഒരു ഉപന്യാസം തയ്യാറാക്കുക.

### തുടർ വായനയ്ക്ക്

**തിരുവചന വായനയും ധ്യാനവും പതിവുപോലെ ഈയാഴ്ചയും തുടരുക**

പാഠം 13

# പെസഹാ-ദുഃഖ ശനിയാഴ്ച
# കുർബ്ബാനകളുടെ പ്രത്യേകതകൾ

**പാഠനോദ്ദേശ്യങ്ങൾ:** പെസഹാ വ്യാഴാഴ്ചയിലെയും ദുഃഖശനിയാഴ്ചയിലേയും കുർബ്ബാനകൾക്കുള്ള പ്രത്യേകതകൾ മനസ്സിലാക്കുക. അവയിൽ ഭക്തിയോടെ പങ്കെടുക്കുക. ഗീതങ്ങളും പ്രതിവാക്യങ്ങളും അർത്ഥം മനസ്സിലാക്കി ചൊല്ലുക.

**മനഃപാഠവാക്യം**: ഇതിനായിട്ടല്ലോ മരിച്ചവരോടും സുവിശേഷം അറിയിച്ചത്. അവർ ജഡസംബന്ധമായി മനുഷ്യരെപ്പോലെ വിധിക്കപ്പെടുകയും, ആത്മാവു സംബന്ധ മായി ദൈവത്തിനൊത്തവണ്ണം ജീവിക്കുകയും ചെയ്യേണ്ടതിനുതന്നേ (1 പത്രോസ് 4:6).

**പാഠ സഹായികൾ:** പെരുന്നാൾ ശുശ്രൂഷാക്രമം, കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരക്രമം, വി. വേദപുസ്തകം, പ്രാർത്ഥനാക്രമം.

## ആമുഖം

ഹാശാ ആഴ്ചയിലെ നമസ്കാരങ്ങൾ സാധാരണ ദിവസങ്ങളിലേതിൽനിന്നും വ്യത്യസ്തമാണ്. എന്തൊക്കെയായിരുന്നു ശ്രദ്ധേയമായ വ്യത്യാസങ്ങൾ? പ്രത്യേക കൗമാ ഉപയോഗിക്കുന്നു, 'കൃപ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന ചൊല്ലുന്നില്ല, കുക്കിലിയോൻ ഒഴിവാക്കുന്നു, ഏവൻഗേലിയോന്റെ ആമുഖം അനാർഭാടമാണ്, മദ്ബഹാ തുറന്നുള്ള ശുശ്രൂഷകൾ ഒഴിവാക്കുന്നു എന്നിവയാണ് ഹാശാ ശുശ്രൂഷകളുടെ പ്രത്യേകതകൾ. എന്നാൽ പെസഹാ വ്യാഴാഴ്ചയും ദുഃഖശനിയാഴ്ചയും വി. കുർബ്ബാനയുള്ള ദിവസങ്ങളാണ്. വി. കുർബ്ബാനയിൽ എന്തെല്ലാം പ്രത്യേകതകളാണ് ഹാശാ ആഴ്ചയിൽ കാണുന്നത് എന്ന് പഠിക്കാം.

## പാഠഭാഗം

### പെസഹാവ്യാഴാഴ്ച

പെസഹാ വ്യാഴാഴ്ച എപ്പോഴാണ് നമ്മുടെ പള്ളിയിൽ രാവിലെ നമസ്കാരം ആരംഭി ക്കുന്നത്? നേരം വെളുക്കുമ്പോഴേക്ക് കുർബ്ബാന അവസാനിക്കുന്ന രീതിയിലാണ് നമസ്കാരങ്ങൾ ആരംഭിക്കാറുള്ളത്. രാത്രി നമസ്കാരം, പ്രഭാത നമസ്കാരം, മൂന്നാംമണി നമസ്കാരം ഇവ നടത്തിയിട്ട് വി. കുർബ്ബാന ആരംഭിക്കുന്നു. തൂയോബോയ്ക്ക് പട്ടക്കാരൻ മദ്ബഹായിലേക്ക് പ്രവേശിക്കുമ്പോൾ മാത്രമേ മറ വലിക്കുകയും ത്രോണോസിൽ തിരി കത്തിക്കുകയും ചെയ്യുകയുള്ളൂ. പതിവുപോലെ വി. കുർബ്ബാന ആരംഭിക്കുമെങ്കിലും 'ദൈവമേ നീ പരിശുദ്ധനാകുന്നു' എന്നതിനു പകരം പെസഹാ വ്യാഴാഴ്ചയുടെ കൗമായാണ് ചൊല്ലുന്നത്. 'ലൊക്മോർ തെശുബുഹത്തോ' (നാഥാ തേ സ്തുതിയും) എന്ന ഗീതം കൂടി ചൊല്ലിയശേഷം കുറിയേലായിസോൻ ചൊല്ലി ശ്ലീഹാ വായന നടത്തും. ഏവൻഗേലിയോന്റെ ആമുഖം ഹാശാ ആഴ്ചയിലെപ്പോലെ അനാർഭാടമായിരിക്കും.

'പരിശുദ്ധനായ പിതാവു പരിശുദ്ധൻ' തുടങ്ങിയവയ്ക്കു പകരം പെസഹായുടെ കൗമാ ചൊല്ലി ധൂപക്കുറ്റി വാഴ്ത്തുന്നു. തുടർന്നു ലൊക്മോർ... ചൊല്ലി ജനങ്ങൾക്കു

ധൂപം വീശുന്നു. പെസഹായ്ക്കു കൈകസ്തൂരി കൊടുക്കാറില്ല കൈകസ്തൂരി കൊടുക്കുന്നില്ല എന്നതുകൊണ്ട്, തമ്മിൽതമ്മിൽ സമാധാനം കൊടുക്കണം എന്ന ശുശ്രൂഷക്കാരന്റെ പ്രസ്താവന ഉണ്ടാകുകയില്ല. പകരം 'കരുണയുള്ള കർത്താവിന്റെ മുമ്പാകെ നാം തലകുനിക്കണം' എന്നുമാത്രമേ ശുശ്രൂഷക്കാരൻ ഉദ്ബോധിപ്പിക്കുകയുള്ളൂ. പട്ടക്കാരൻ സാധാരണപോലെ കൈമലർത്തി ജനങ്ങളോടു ശുബ്ക്കോനോ ചോദിക്കുമെങ്കിലും മദ്ബഹായിൽ മറ്റു പട്ടക്കാർ ഉണ്ടെങ്കിൽ അവർക്ക് കൈകസ്തൂരി കൊടുക്കുകയില്ല. 'നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ' എന്ന പട്ടക്കാരന്റെ ശ്ലോമ്മോയും ഉണ്ടായിരിക്കുകയില്ല. ഖണ്ഡിപ്പിന്റെ സമയത്തു മറ ഇടുമ്പോൾ അന്നന്നത്തേക്കുള്ള പ്രത്യേക ഗീതമോ, പെസഹായുടെ കൗമായോ ചൊല്ലാം. ഹാശാആഴ്ചയിൽ കുക്കിലിയോനുകൾ ചൊല്ലുകയില്ല എന്നതുകൊണ്ട് പെസഹായുടെ കൗമായും, ലൊക്മോർ തെശ്ബുഹത്തോയും ചൊല്ലി ധൂപം വയ്ക്കും. കാസായും പീലാസായും എടുത്തു പടിഞ്ഞാറോട്ടുവന്നു നിന്നു കഴിയുമ്പോഴും പെസഹായുടെ കൗമാ ചൊല്ലാം. ഈ വ്യത്യാസങ്ങൾക്കു കാരണം ഹാശാ ആഴ്ചയിൽ സാധാരണ വിഷയങ്ങൾ മാറ്റിവച്ചിട്ട് കർത്താവിന്റെ പീഡാനുഭവത്തെ പ്രത്യേകം ശ്രദ്ധിച്ച് ആരാധിക്കുന്നതാണ്.

### ദുഃഖ ശനിയാഴ്ച

ദുഃഖശനിയാഴ്ചയ്ക്ക് 'അറിയിപ്പിന്റെ ശനിയാഴ്ച' എന്നും 'സുവിശേഷത്തിന്റെ ശനിയാഴ്ച' എന്നും പേരുണ്ട്. നമ്മുടെ കർത്താവ് ക്രൂശിൽ മരിച്ചശേഷം പാതാളത്തിൽ ചെന്ന് മരിച്ചവരോട് സുവിശേഷം അറിയിച്ചതുകൊണ്ടാണ് ഈ പേരുണ്ടായത് (1 പത്രോസ് 3:19, 4:6). എല്ലാ വിശ്വാസികളും തങ്ങളുടെ വാങ്ങിപ്പോയവരെ വി. കുർബ്ബാനയിൽ ഓർക്കേണ്ട ദിവസമാണിത്. ദുഃഖശനിയാഴ്ചയിലെ വി. കുർബ്ബാനയിൽ നിങ്ങൾ സംബന്ധിച്ചിട്ടുണ്ടോ? എവിടെയാണ് കുർബ്ബാന നടത്തുന്നത്? കുരിശ് അടക്കം ചെയ്തിരിക്കുന്ന ത്രോണോസിൽ കുർബ്ബാന അർപ്പിക്കുവാൻ പാടില്ല എന്നതുകൊണ്ട് ദുഃഖശനിയാഴ്ച വേറെ ത്രോണോസിലാണ് കുർബ്ബാന ചൊല്ലുന്നത്. കുരിശ് അടക്കം ചെയ്തിരിക്കുന്ന മദ്ബഹായുടെ മറവലിക്കുകയോ അവിടെ അലക്ഷ്യമായി നിൽക്കുകയോ നടക്കുകയോ ചെയ്യരുത്. ഒമ്പതാംമണി നമസ്കാരം വരെ ചൊല്ലി പഴയനിയമ വായനയും കഴിഞ്ഞ് ഉച്ചയോടെയാണ് കുർബ്ബാന ആരംഭിക്കുന്നത്. കുർബ്ബാനയുടെ രീതികളെല്ലാം പെസഹാകുർബ്ബാനയിലേതുപോലെ തന്നെയായിരിക്കും.

പെസഹാ വ്യാഴാഴ്ചയിലേതുപോലെതന്നെ ദുഃഖശനിയാഴ്ചയും കൈമുത്ത് ഇല്ല. വിശ്വാസികൾ നേർച്ച ഇട്ട് മടങ്ങുകയാണ് ചെയ്യുന്നത്. സകല മരിച്ചവരേയും ഓർക്കുന്ന ദിവസമായതുകൊണ്ട് അന്നേദിവസം സെമിത്തേരിയിൽ എല്ലാവരുംകൂടി ചെന്ന് പ്രാർത്ഥിക്കുകയും പട്ടക്കാരൻ ധൂപം വയ്ക്കുകയും ചെയ്യുന്ന പതിവും ഉണ്ട്.

### ചുവടെ കൊടുത്തിരിക്കുന്ന ഗീതങ്ങൾ മനഃപാഠമാക്കുക

മ്ശിഹോ ദബുപെസഹൊശ്ശോറൊയ്ലേ-
മ്മറു-പെസഹോബുപെസഹോക്
അപ്-സഹലാൻ വെസറാഹാമ്മേലൈൻ (3)

**(പെസഹായുടെ കൗമ)**

(നാഥാ തേ സ്തുതിയും...)

ലൊക്മോർ തെശ്ബുഹത്തോലാബൂക് ഈക്കോറോ
വലറൂ-ഹൊദുകുദ്ശോസോഗത്തോറുമറോമോ-

വാലായിൻ ഹാത്തോയേ റഹമ്മേ വഹനോനോ-
നെസ്പാസഹൂൻ തറഐ ഊറിശ്ലേം ദല ഏൽ

നേലോൻ സ്ളാവോസാൻക്ദേം ബീം ദമ്ശീഹോ-
ശുബഹോ ലൊക്മോറാൻ ശുബഹോ ലൊക് മോറാൻ-
ശുബഹോ ലൊക് സബറാൻ-ല് ഓലം, ബാറെക്മോർ

## നമുക്കു പ്രാർത്ഥിക്കാം

പ്രാർത്ഥനാ ക്രമത്തിൽ പെസഹാ വ്യാഴാഴ്ച സന്ധ്യാപ്രാർത്ഥനയിൽ ചൊല്ലുന്ന പ്രത്യേക പ്രാർത്ഥന

*ജീവനോടെയിരുന്നുകൊണ്ട് തന്റെ ശരീരവും രക്തവും ഭക്ഷിച്ചു കുടിപ്പാൻ തന്റെ ശിഷ്യന്മാർക്ക് നൽകുകയും പാപമോചനത്തിനായി നിങ്ങൾ ഇതിനെ അനുഭവിപ്പിൻ എന്ന് കല്പിക്കുകയും ചെയ്തവനായ ദൈവമേ, ഞങ്ങൾ അയോഗ്യതയോടെ നിന്റെ രക്തശരീരങ്ങളെ കൈക്കൊണ്ടിട്ട് യൂദാസ്ക്കറിയോത്തായ്ക്കു കൂട്ടാളികളായി തീരാതിരിപ്പാൻ ഞങ്ങളെ കാത്തുകൊള്ളണമേ. ബാറെക്മോർ.*

## നിശ്ചയം

**പെസഹാ, ദുഃഖശനിയാഴ്ച നമസ്ക്കാരങ്ങളുടെ**
**പ്രത്യേകതകൾ ഞങ്ങൾ മനസ്സിലാക്കി.**
**ഈ ശുശ്രൂഷകളിൽ ഞങ്ങൾ ഭയഭക്തിയോടെ പങ്കെടുക്കും.**

### നമുക്ക് ചിന്തിക്കാം

1 സാധാരണ കുർബ്ബാനയിൽനിന്നും പെസഹാ കുർബ്ബാനയ്ക്കുള്ള വ്യത്യാസങ്ങൾ ഓർത്തെഴുതുക

2 പെസഹാദിവസം വി. കുർബ്ബാന കൊടുക്കുമ്പോൾ ചൊല്ലുന്ന ഗീതം ഏതാണ്?

3 പെസഹാ വ്യാഴാഴ്ച പകൽ നടത്താറുള്ള കാൽകഴുകൽ ശുശ്രൂഷയെക്കുറിച്ച് മനസ്സിലാക്കുക.

### പ്രവർത്തനങ്ങൾ

1 ദുഃഖശനിയാഴ്ചയിലെ കുർബ്ബാന പെസഹാ വ്യാഴാഴ്ചയിലേതുപോലെയാണ്. സാധാരണ കുർബ്ബാനയിൽനിന്നും ദുഃഖശനിയാഴ്ചയിലെ കുർബ്ബാന യ്ക്കുള്ള വ്യത്യാസങ്ങൾ ചർച്ച ചെയ്യുക.

2 കർത്താവ് പാതാളത്തിൽചെന്നു മരിച്ചവരോട് സുവിശേഷം അറിയിച്ചു എന്നു രേഖപ്പെടുത്തിയിരിക്കുന്ന വേദഭാഗങ്ങൾ വായിക്കുക.

3 ദുഃഖശനിയാഴ്ചയിലെയും പെസഹാ വ്യാഴാഴ്ചയിലേയും കൗമാകൾ എല്ലാവരുംകൂടി ചൊല്ലുക.

4 മദ്ബഹായിൽ ശുശ്രൂഷിക്കുന്നവർ ഈ ദിവസങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചർച്ച ചെയ്യുക.

## തുടർ വായനയ്ക്ക്

**തിരുവചനവായനയും ധ്യാനവും പതിവുപോലെ ഈ ആഴ്ചയും തുടരുക**

യൂണിറ്റ് 3

# ആരാധനാ ഗീതങ്ങൾ

പാഠം 14

## സ്ലീബാ-സന്ധ്യാനമസ്കാരം

**പാഠോദ്ദേശ്യങ്ങൾ:** സ്ലീബാ സന്ധ്യാനമസ്കാരത്തിലെ തെരഞ്ഞെടുത്ത ഗീതങ്ങളുടെ അർത്ഥവും പ്രാധാന്യവും മനസ്സിലാക്കുകയും അവ അർത്ഥം മനസ്സിലാക്കി ചൊല്ലുകയും ചെയ്യുക.

**മനഃപാഠവാക്യം:** എന്റെ ഹൃദയം ശുഭവചനത്താൽ കവിയുന്നു, എന്റെ കൃതി രാജാവിനു വേണ്ടിയുള്ളത് എന്ന് ഞാൻ പറയുന്നു (സങ്കീർത്തനം 45:1).

**പഠനസഹായികൾ:** വി. കുർബ്ബാനക്രമം, വി. വേദപുസ്തകം

### ആമുഖം

നമ്മുടെ കുർബ്ബാനക്രമത്തോടൊപ്പം കൊടുത്തിരിക്കുന്ന നമസ്കാരം, സ്ലീബാ, കൃംതാ എന്നിങ്ങനെ വേർതിരിച്ചിട്ടുണ്ട്. പ്രഭാത നമസ്ക്കാരത്തിലെ ചില ഗീതങ്ങൾ ഒമ്പതാം ക്ലാസ്സിൽ പഠിച്ചു. പ്രഭാത നമസ്ക്കാരത്തിലെ എല്ലാ ഗീതങ്ങളുടേയും അർത്ഥം മനസ്സിലാക്കുവാൻ നിങ്ങൾ ശ്രമിച്ചിരുന്നുവോ? കൂടുതൽ അർത്ഥപൂർണ്ണമായും ശ്രദ്ധയോടെയും നമസ്കാരത്തിൽ പങ്കെടുക്കുവാൻ നിങ്ങൾക്ക് ഇപ്പോൾ സാധിക്കുന്നുണ്ടോ? ഈ വർഷം സന്ധ്യാനമസ്ക്കാരത്തിലെ ചില ഗീതങ്ങളാണ് പഠിക്കുന്നത്. ശനിയാഴ്ച സന്ധ്യയ്ക്ക് ദൈവാലയത്തിൽവച്ചു നടക്കുന്ന സന്ധ്യാനമസ്ക്കാരവും സ്ലീബാ, കൃംതാ എന്നിങ്ങനെ രണ്ടായിതിരിച്ചിരിക്കുന്നു. ഇതിലെ സ്ലീബാനമസ്കാരം എന്നാണ് ആരംഭിക്കുന്നത് സെപ്റ്റംബർ 14-ന് ആഘോഷിക്കുന്ന സ്ലീബാ പെരുന്നാളിനുശേഷം. കൃംതാ നമസ്കാരത്തിലേക്കു മാറുന്നത്. ഉയിർപ്പ് പെരുന്നാളിനുശേഷം. ഇന്നു സ്ലീബാ, സന്ധ്യാനമസ്ക്കാരത്തിലെ സന്ധ്യ, സൂത്താറാ യാമങ്ങളിലെ തെരഞ്ഞെടുത്ത ചില ഗീതങ്ങൾ പഠിക്കാം.

### പാഠഭാഗം

**1**

യാചിക്കുന്നു-ഞങ്ങളൊടൊപ്പം
ഞങ്ങൾക്കായ് പ്രാർത്ഥിക്കുക നീ
നൃപപതി സവിധം-ശമവും ശാന്തിയുമുലകെങ്ങും
വാഴട്ടതിനാൽ
സദയം നീ-ക്കീടട്ടെ
സകല നിവാ-സങ്ങളിൽ നി-
ന്നരിശത്തിൻ ദണ്ഡം

'ദൈവമാതാവേ, രാജസന്നിധിയിൽ ഞങ്ങൾക്കുവേണ്ടി ഞങ്ങളോടൊപ്പം പ്രാർത്ഥിക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. നിന്റെ പ്രാർത്ഥനയാൽ ഭൂമിയിൽ എല്ലായിടത്തും

സമാധാനവും ശാന്തിയും ഉണ്ടാകട്ടെ. നിന്റെ പ്രാർത്ഥനയാൽ എല്ലാ ഭവനങ്ങളിൽനിന്നും കോപത്തിന്റെ ശിക്ഷകൾ ദൈവം ദയവോടെ നീക്കിക്കളയട്ടെ'. ഇതാണ് ഈ ഗീതത്തിന്റെ അർത്ഥം. പരിശുദ്ധ ദൈവമാതാവിനോടുള്ള ഒരു മദ്ധ്യസ്ഥ പ്രാർത്ഥനയാണ് ഈ ഗീതം. സ്ലീബാ നമസ്കാരത്തിന്റെ മുഖ്യ ചിന്താവിഷയം ദൈവമാതാവാണ്. ഗീതം ആലപിക്കുന്ന കൂട്ടത്തിനും ലോകത്തിലുള്ള സകല മനുഷ്യർക്കുംവേണ്ടി മാതാവിനോട് മദ്ധ്യസ്ഥതയ്ക്കായി അപേക്ഷിക്കുകയാണിവിടെ. രോഗങ്ങളും ആപത്തുകളും ദൈവകോപത്തിൽനിന്നുളവാകുന്നതാണെന്ന യഹൂദചിന്തയിലാണ് ആപത്തുകളെ അരിശത്തിന്റെ ദണ്ഡം എന്നു വിശേഷിപ്പിച്ചിരിക്കുന്നത്

**2**

വാഴ്‌വേറും നിർമ്മലകന്യക-തന്നുദരത്തിൽ
ഹിതമോടുദയം ചെയ്തൊരു ദൈവസുതാ! സ്തോത്രം തേ
കർണത്താലവനെക്കൈയ്ക്കൊ-ണ്ടുദരേ പേറി
ഗർഭാശയകന്യാ മുദ്രകളീന്നും നിർഗ്ഗതനായ്

ജാതികളേ-ലജ്ജാകുലരാക്കി
സ്തുതിയധികം-താഴ്മവരിച്ചോനേ
നരനായ് രക്ഷകൊടുത്തവനേ സഭ കീർത്തിക്കുന്നു.

'അനുഗൃഹീതയായ വിശുദ്ധ കന്യകമറിയാമിന്റെ ഗർഭത്തിൽ സ്വന്ത ഇഷ്ടപ്രകാരം ജനിച്ച ദൈവപുത്രാ നിനക്കു സ്തോത്രം. ചെവിയിലൂടെ വചനം ശ്രവിച്ച് അവൾ കർത്താവിനെ ഗർഭത്തിൽ വഹിച്ചു. ഗർഭാശയത്തിന്റെ കന്യാമുദ്രകൾക്ക് ഹാനി സംഭവിക്കാതെ ജനിച്ച്, സകല ജാതികളേയും അവൻ ലജ്ജിപ്പിച്ചു. ഇത്രത്തോളം താഴ്ച സ്വീകരിച്ചവനേ നിനക്ക് അനേകം സ്തുതി. മനുഷ്യ വർഗ്ഗത്തെ രക്ഷിച്ചവനേ, നിന്നെ സഭ പാടിപുകഴ്ത്തുന്നു.'

1. താഴെപ്പറയുന്ന വാക്കുകളുടെ അർത്ഥം എന്ത് എന്ന് കണ്ടെത്തുക
   ഉദരം, ഹിതം, കർണം, നിർഗ്ഗത, നരൻ
2 മാതാവ് ചെവിയിലൂടെ കേട്ട വചനം എന്ത്?
3 പഴയ പുസ്തകത്തിൽ താഴ്ച എന്നതിനു പകരം പുതിയ പുസ്തകത്തിൽ താഴ്മ എന്നുപയോഗിച്ചിരിക്കുന്നത് ശ്രദ്ധിക്കുക (സ്വയം സ്വീകരിക്കുന്ന വിനയമാണ് താഴ്മ).
4 വി. കുർബ്ബാനക്രമത്തിൽ ഇതിനു മുമ്പും പിമ്പുമുള്ള ഗീതങ്ങളുടെ അർത്ഥം ക്ലാസ്സിൽ ചർച്ച ചെയ്യുക.

**3**

ക്രൂശിന്മേൽ തല ചായിച്ചോൻ-വലഭാഗത്തായ്
മുടിമുടയുന്നതു കണ്ടപ്പോൾ സഹദേ-ന്മാർ നിങ്ങൾ
നാനാവിധ യാതനയേയും കൂസീടാതെ
ഗളരുധിരത്താൽ ധവളിമയംഗങ്ങൾ-ക്കുളവാക്കി

പീഡകളേ-വെന്നിഹമശിഹായെ
സ്നേഹിച്ചോർ-ധന്യന്മാർ നിങ്ങൾ
ഭൂസ്വർഗ്ഗങ്ങളിലേറ്റുന്നു സ്മരണം നിങ്ങൾക്കായ്.

ക്രിസ്തുവിനെ പ്രതി പീഡകൾ സഹിച്ച സഹദേന്മാരേ പ്രകീർത്തിക്കുന്ന ഒരു ഗീതമാണിത്. 'അല്ലയോ സഹദേൻമാരേ, ക്രൂശിന്മേൽ തല ചായിച്ചു മരിച്ചവൻ (ക്രിസ്തു) പിതാവിന്റെ വലതുവശത്തിരുന്ന് കിരീടങ്ങൾ പണിയുന്നതു കണ്ട നിങ്ങൾ നാനാവിധത്തിലുള്ള കഷ്ടതകളേയും പരിഗണിക്കാതെ, സ്വന്തം കഴുത്തിലെ ചോരകൊണ്ടു ശരീരാവയവങ്ങൾക്ക് വെണ്മ വരുത്തിയവരാണ്. പീഡനങ്ങളെ അതിജീവിച്ച് മശിഹായെ സ്നേഹിച്ച നിങ്ങൾ അനുഗൃഹീതരാണ്. ഭൂമിയിലും സ്വർഗ്ഗത്തിലും നിങ്ങളുടെ ഓർമ്മ എന്നും വർദ്ധിച്ചുകൊണ്ടിരിക്കും.' ഇതാണ് ഈ ഗീതത്തിന്റെ അർത്ഥം.

സഹദേന്മാരെക്കുറിച്ച് കാവ്യാത്മകമായ ചിത്രീകരണമാണിവിടെ നൽകിയിരിക്കുന്നത്. ക്രിസ്തുവിനെപ്രതി കഷ്ടത സഹിക്കുന്നവർക്കു ജീവന്റെ കിരീടം ലഭിക്കും എന്ന് ഉറപ്പാണ് ആദ്യത്തെ രണ്ടു വരികളിൽ നൽകിയിരിക്കുന്നത്. കഴുത്തിലെ രക്തം ചിന്തി ചുവന്ന ശരീരങ്ങൾ ക്രിസ്തുവിന്റെ രാജ്യത്തിൽ പ്രശോഭിക്കും എന്ന ആശയമാണ് മൂന്നും നാലും വരികൾ പഠിപ്പിക്കുന്നത്.

താഴെപ്പറയുന്ന വാക്കുകൾക്കു പകരം ഗീതത്തിലുള്ള പദങ്ങൾ കണ്ടുപിടിക്കുക

കിരീടം, കഴുത്ത്, രക്തം, ശോഭ, ജയിക്കുക.

**4**

4 ഞാനഞ്ചുന്നെൻ പാപത്താൽ
ശുദ്ധർക്കേകും-മോദപ്പൂങ്കാവിൽ
വേലി-യ്ക്കൊത്തെന്നെ നാഥാ
എൻ പാപം രോധിക്കല്ലേ
രക്ഷിച്ചെന്നേ നരകത്തീ-
ന്നേകുകവാസം-തിരുഹിതമാം സ്ഥാനേ. ബാറെക്മോർ.
സ്തുതിയനുതാപക്കാർ മുമ്പിൽ
വാതിൽ തുറക്കും-രാജാവാമീശോ
പാത-കിയാം-ഞാനർത്ഥിപ്പൂ
നൽവര-ദാനത്താൽ മോദം
നൽകുക ഭാവുക ദാതാവേ!
തീരണമേ ഞാൻ- നിന്നുടെകിന്നരമായ്.

സൂത്താറാ നമസ്കാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അനുതാപപൂർണ്ണമായ ഒരു ഗീതമാണിത്. പാപത്തെ ഓർത്തു പശ്ചാത്തപിക്കുന്നതോടൊപ്പം പാപം ചെയ്യാതെ ജീവിക്കുവാനും സ്വർഗ്ഗരാജ്യത്തിൽ എത്തിച്ചേരുവാനുമുള്ള കൃപയ്ക്കായി അപേക്ഷിക്കുകയാണ്. സദാ ദൈവത്തെ പാടി സ്തുതിച്ചുകൊണ്ടിരിക്കുവാനുള്ള അനുഗ്രഹത്തിനായും നാം പ്രാർത്ഥിക്കുന്നു.

'എന്റെ പാപങ്ങൾ ഓർത്ത് ഞാൻ ദുഃഖിക്കുന്നു. എന്റെ നാഥാ, നിന്റെ വിശുദ്ധർക്കായി ഒരുക്കിയിരിക്കുന്ന സന്തോഷാരാമത്തിൽ (പറുദീസായിൽ) പ്രവേശിക്കുന്നതിൽനിന്ന് എന്റെ പാപങ്ങൾ ഒരു വേലിപോലെ എന്നെ തടയുവാൻ ഇടവരരുതേ. നരകത്തിൽനിന്നും എന്നെ രക്ഷിച്ച് നിനക്കു പ്രസാദകരമായ സ്ഥാനത്ത് (സ്വർഗത്തിൽ) എന്നെ വസിപ്പിക്കേണമേ.'

'പശ്ചാത്തപിക്കുന്നവർക്ക് വാതിൽ തുറന്നു കൊടുക്കുന്ന മിശിഹാതമ്പുരാനേ നിനക്കു സ്തുതി. പാപിയായ ഞാൻ നിന്നോട് അപേക്ഷിക്കുന്നു. അനുഗ്രഹങ്ങൾ നൽകുന്ന

വനേ നിന്റെ നൽവരങ്ങളുടെ ദാനത്താൽ എനിക്ക് ആനന്ദം നൽകണമേ. നിന്നെ പാടി സ്തുതിക്കുവാനുള്ള ഉപകരണമായി ഞാൻ ആയിത്തീരേണമേ.'

## നമുക്ക് പാടാം

സ്ലീബായുടെ സന്ധ്യാ നമസ്കാരത്തിലെ നമ്മൾ പഠിച്ച ഗീതങ്ങൾ എല്ലാവരും ചേർന്ന് ഒരിക്കൽകൂടി ഭംഗിയായി ക്ലാസ്സിൽ പാടുക. ഈ നമസ്ക്കാരത്തിലെ മറ്റ് ഗീതങ്ങളും ഭവനത്തിൽവച്ച് പാടി പഠിക്കുക. നാഥനെ വാഴ്ത്തുവിനുത്തമരേ..., വാനിലുമൂഴിയിലേദനിലും.... കുക്കിലിയോൻ, മാതൃവിശുദ്ധ..... ശുദ്ധൻ നീ ആലോഹോ.... എന്നീ ഗീതങ്ങൾ നന്നായി പാടി പഠിക്കുക. പതിവായി സന്ധ്യാനമസ്കാരത്തിൽ പങ്കെടുത്ത് പുസ്തകം നോക്കി പാടുന്നവർക്ക് ഇവ നന്നായി പഠിക്കുവാൻ കഴിയും. അതിന് ഉത്സാഹിക്കണം.

## നമുക്ക് പ്രാർത്ഥിക്കാം

141-ാം സങ്കീർത്തനം (140-ാം മസുമൂർ) വി. കുർബ്ബാനക്രമം നോക്കി ഭംഗിയായി ചൊല്ലുക. ഇവിടെ 140-ാം മസുമൂർ എന്ന് നൽകിയിരിക്കുന്നത് പ്ശീത്തോ സുറിയാനി വേദപുസ്തകത്തിലെ മസുമൂറുകളുടെ (സങ്കീർത്തനങ്ങൾ) ക്രമമനുസരിച്ചാണ്.

*കർത്താവേ നിന്നെ ഞാൻ വിളിച്ചു. എന്നോട് നീ ഉത്തരമരുളിച്ചെയ്ത് എന്റെ വചനങ്ങളെ ശ്രദ്ധിച്ച് കേൾക്കണമേ... എനിക്കായി കെണികൾ മറച്ചുവച്ചിട്ടുള്ള പ്രശംസക്കാരുടെ കയ്യിൽനിന്ന് എന്നെ കാത്തുകൊള്ളണമേ. ഞാൻ കടന്നു പോകുമ്പോൾ അന്യായക്കാർ ഒരുമിച്ച് തങ്ങളുടെ വലയിൽ വീഴുമാറാകണമെ.*

## നിശ്ചയം

**ഞങ്ങൾ പതിവായി ദൈവാലയത്തിൽ സന്ധ്യാനമസ്ക്കാരത്തിൽ പങ്കെടുക്കും. എല്ലാ ഗീതങ്ങളും പ്രതിവാക്യവും അർത്ഥം മനസ്സിലാക്കി ചൊല്ലുകയും ധ്യാനപൂർവ്വം ദൈവത്തെ ആരാധിക്കുകയും ചെയ്യും**

### പ്രവർത്തനങ്ങൾ

1 സ്ലീബായുടെ സന്ധ്യാനമസ്കാരത്തിൽ ഉപയോഗിക്കുന്ന മുഴുവൻ ഗീതങ്ങളുടെയും അർത്ഥം മനസ്സിലാക്കുക.

2 മേൽപ്പറഞ്ഞ ഗീതങ്ങളിൽ പ്രതിപാദിക്കുന്ന സംഗീതോപകരണം ഏത്?

3 സ്ലീബായിലേയും ക്യംതായിലേയും സൂത്താറാ നമസ്കാരത്തിലെ ആദ്യത്തെ രണ്ട് ഗാനങ്ങൾ താരതമ്യം ചെയ്യുക.

സ്ലീബാ സൂത്താറാ- ഞാനഞ്ചുന്നെൻ പാപത്താൽ...
സ്തുതിഅനുതാപക്കാർ മുമ്പിൽ....

ക്യംതാ സൂത്താറാ- പരിശുദ്ധന്മാർക്കായ് കാക്ക...
രക്ഷകനേശു മഹാരാജ....

ഈ ഗീതങ്ങളിലുള്ള സാമ്യങ്ങളും വ്യത്യാസങ്ങളും അടങ്ങുന്ന ഒരു നോട്ട് തയ്യാറാക്കുക. ഒരേ സുറിയാനിഗീതത്തിന്റെ രണ്ടു പരിഭാഷകളാണിവ.

4 ദൈവാലയത്തിലെ സന്ധ്യാനമസ്കാരങ്ങളിൽ പതിവായി പങ്കെടുക്കുക.

## തുടർ വായനയ്ക്ക്

**തിരുവചന വായനയും ധ്യാനവും പതിവുപോലെ ഈയാഴ്ചയും തുടരുക**

പാഠം 15

# സ്ലീബായുടെ കുക്കിലിയോൻ

**പാഠോദ്ദേശ്യങ്ങൾ:** സ്ലീബായുടെ കുക്കിലിയോൻ, അവയുടെ അർത്ഥം, പ്രാധാന്യം ഇവ വിശദമായി മനസ്സിലാക്കുക. രക്ഷയുടെ ചിഹ്നമായ സ്ലീബായെ വന്ദിപ്പാനും കുരിശു വരയ്ക്കുവാനും ഉത്സാഹം കാട്ടുക.

**മനഃപാഠവാക്യം:** "നിന്നാൽ ഞങ്ങൾ വൈരികളെ തള്ളിയിടും, ഞങ്ങളോട് എതിർക്കുന്നവരെ നിന്റെ നാമത്തിൽ ചവിട്ടിക്കളയും" (സങ്കീർത്തനം 44:5).

**പഠനസഹായികൾ:** വി. കുർബ്ബാനക്രമം, വി. വേദപുസ്തകം, പ്രാർത്ഥനാക്രമം.

## ആമുഖം

ഓർത്തഡോക്സ് ആരാധനയിൽ കുക്കിലിയോൻ എന്ന പ്രാർത്ഥനാക്രമത്തിന് വളരെ പ്രാധാന്യമുണ്ട്. സാധാരണ ഉപയോഗിക്കുന്ന നാലു കുക്കിലിയോനുകൾ വിശദമായി പഠിച്ചുകഴിഞ്ഞു. സ്ലീബായെ സ്മരിക്കുന്ന ദിവസങ്ങളിൽ പ്രത്യേകിച്ചു വെള്ളിയാഴ്ച സന്ധ്യാനമസ്കാരത്തിൽ ഉപയോഗിക്കുന്ന കുക്കിലിയോനാണ് സ്ലീബായുടെ കുക്കിലിയോൻ. മറ്റ് കുക്കിലിയോനുകളെ പ്പോലെതന്നെയുള്ള ക്രമീകരണമാണ് ഈ കുക്കിലിയോനിലും സ്വീകരിച്ചിട്ടുള്ളത്. ഒരു സങ്കീർത്തന ഭാഗത്തോടെ ആരംഭിക്കുന്നു. തുടർന്നു എക്ബോ, കോലോകൾ, ബോവൂസോ എന്നിവയോടെ ഈ പ്രാർത്ഥനാചക്രവും അവസാനിക്കുന്നു. ഈ കുക്കിലിയോനിലെ ഗീതങ്ങളാണ് ഇന്ന് പഠിക്കുന്നത്.

## പാഠഭാഗം

വെല്ലും ശത്രുക്കളെ നിന്നാൽ ഞങ്ങൾ-ഹാ
ദ്വേഷികളെ മെതിച്ചീടും നിൻ- നാമത്തിൽ
വൈരികളിൽനിന്നും കാത്തെങ്ങളെ നീ-ഹാ
ശത്രുക്കളെ ലജ്ജിപ്പിച്ചു-ബാറെക്മോർ

44-ാം സങ്കീർത്തനത്തിന്റെ 5, 7 എന്നീ വാക്യങ്ങളാണ് ഇവിടെ കുക്കിലിയോന്റെ തുടക്കത്തിലെ ഗീതമായി ഉപയോഗിച്ചിരിക്കുന്നത്.

'നിന്നാൽ ഞങ്ങൾ വൈരികളെ തള്ളിയിടും. ഞങ്ങളോട് എതിർക്കുന്നവരെ നിന്റെ നാമത്തിൽ ചവിട്ടിക്കളയും. നീയത്രേ ഞങ്ങളെ വൈരികളുടെ കയ്യിൽനിന്നും രക്ഷിച്ചത്. ഞങ്ങളെ പകച്ചവരെ നീ ലജ്ജിപ്പിച്ചുമിരിക്കുന്നു.' ഇവിടെ വൈരികൾ എന്നു വിവക്ഷിച്ചിരിക്കുന്നത് പിശാചുക്കളെയും പൈശാചിക ശക്തികളെയുമാണ്.

## എക്ബോ

സ്ലീബാ വെന്നു; വെല്ലുന്നൂ
സ്ലീബാ വിദ്വേഷിയെ വെന്നൂ
സ്ലീബായെ സാക്ഷിച്ചോ-ർക്കായ്
സ്ലീബായാകട്ടെ കോട്ട

'സ്ലീബാ വിജയിച്ചു, സ്ലീബാ വിജയിച്ചുകൊണ്ടിരിക്കുന്നു, സ്ലീബാ ശത്രുവിനെ തോൽപ്പിച്ച് ജയാളിയായി നിൽക്കുകയാണ്. ആ സ്ലീബായെ സാക്ഷിക്കുന്നവർക്ക് സ്ലീബാ എന്നും കാവലായിരിക്കും.' ഇതാണ് ഈ ഗീതത്തിന്റെ അർത്ഥം. ശത്രു എന്നു സൂചിപ്പിച്ചിരിക്കുന്നത് സാത്താനെയാണ്. കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശ് മരണത്തോടെ സാത്താൻ പരാജയപ്പെട്ടു എന്നാണ് ഇവിടെ അർത്ഥമാക്കുന്നത്. ഈ ക്രൂശ്മരണത്തെ മറ്റുള്ളവരുടെ മുമ്പിൽ സാക്ഷിക്കുന്നവർക്ക് സ്ലീബാ എന്നും കാവലായിരിക്കും. സ്ലീബാ കാവലായിരിക്കും എന്നു പറയുമ്പോൾ സ്ലീബായിൽ തറയ്ക്കപ്പെട്ട കർത്താവിനെയാണ് നാം ആത്മീയ നയനങ്ങൾകൊണ്ട് കാണുന്നത്. 'സ്ലീബായെ സാക്ഷിക്കുക' എന്നാൽ 'കർത്താവിനെ സാക്ഷിക്കുക' എന്നാണ് അർത്ഥം. ത്യാഗംമൂലം ക്രൂശിൽ മരിച്ച കർത്താവ് തിന്മയുടേയും മരണത്തിന്റെയും സാത്താന്റെയും മേൽ നേടിയ വിജയമാണ് ഇവിടെ പരാമർശിക്കുന്നത്. ആ ത്യാഗം പങ്കിടുമ്പോൾ നാമും വിജയികളായിത്തീരുന്നു.

**കോലോകൾ**

സ്ലീബായെ വന്ദിപ്പാനായ്-ഹേലനിരാജ്ഞി
നൃപപട്ടണമാം റോമയിൽ നിന്നേറുശലേമാർന്നു
യൂദന്മാരെ കൂട്ടിച്ചൊന്നേവം
കാണിച്ചിടുവിൻ-സ്ലീബാ വച്ചൊരിടം
ഞങ്ങൾക്കുണ്ടൊരു പ്രമുഖൻ നീ-അവനോടാരാഞ്ഞാൽ
മശിഹാതൻ സ്ലീബായമരും-സ്ഥാനംകാണിക്കും
ഹാലേലുയ്യാ-എന്നവരുരചെയ്തു, ബാറെക്മോർ

'യുദ്ധത്തിനു പോകാൻ ഇറങ്ങിയപ്പോൾ ആകാശത്തു കുരിശടയാളം കാണുകയും ഇതിനാൽ നീ ജയിക്കും എന്ന് ഒരു ശബ്ദം കേൾക്കുകയും ചെയ്ത ചക്രവർത്തിയാണ് കുസ്തന്തീനോസ്. പുറജാതിക്കാരനായിരുന്ന ഇദ്ദേഹം ഈ സംഭവത്തോടെ ക്രിസ്ത്യാനിയായിത്തീർന്നു. കുസ്തന്തീനോസ് ചക്രവർത്തി മാനസാന്തരപ്പെട്ടു കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മാതാവ് കർത്താവിന്റെ കുരിശു കണ്ടെടുക്കാനായ് ഇറങ്ങിപ്പുറപ്പെട്ടു. ആ സംഭവമാണ് ഈ ഗീതത്തിൽ വിശദീകരിക്കുന്നത്.

'കുസ്തന്തീനോസ് ചക്രവർത്തിയുടെ മാതാവായ ഹെലനി രാജ്ഞി കർത്താവിന്റെ കുരിശിനെ വന്ദിക്കുന്നതിനായി രാജനഗരമായ റോമിൽനിന്ന് യരുശലേമിൽ എത്തി. അവിടെച്ചെന്ന് യഹൂദന്മാരെ വിളിച്ചുകൂട്ടി കർത്താവിന്റെ കുരിശ് എവിടയാണെന്ന് അന്വേഷിച്ചു. അതിനു മറുപടിയായി 'ഞങ്ങളുടെ ജനങ്ങളുടെ തലവനോട് (മൂപ്പൻ) ചോദിച്ചാൽ സ്ലീബാ മറഞ്ഞുകിടക്കുന്ന സ്ഥലം നിനക്കു കാണിച്ചുതരും' എന്ന് അവർ പറഞ്ഞു. യറുശലേമിലുണ്ടായിരുന്ന ഒരു വൃദ്ധനാണ് കുരിശു മണ്ണിൽ മറഞ്ഞുകിടന്നിരുന്ന സ്ഥലം രാജ്ഞിക്ക് കാണിച്ചുകൊടുത്തത് എന്ന സംഭവമാണ് ഈ ഗീതത്തിന്റെ പ്രമേയം.

അമ്മാനുവേൽ ദേവേശൻ-തരുവിൽ തൂങ്ങി
ഈൽശാദായ്തനയൻ വീരൻ-തലതാഴ്ത്തി മരിച്ചു
ആത്മം മാത്രം-തരുവിൽ കൈവിട്ടു
നിജസാരാംശം മേനിയിൽ നിവസിച്ചു.
വേർപെട്ടാൻ നിസാരമതാം-മാനുഷമാം ജീവൻ
വിലപിച്ചീടട്ടുന്നതനെ-ക്രൂശിച്ചോർയൂദർ
ഹാലേലുയ്യാ-കഷ്ടമവർക്കെന്നും.

ഈ ഗീതത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ നമുക്ക് മനസ്സിലാക്കാം

അമ്മാനുവേൽ - ഇമ്മാനുവേൽ, തരു - വൃക്ഷം, ഈൽശാദായ് - സർവ്വശക്തനായ ദൈവം, തനയൻ - പുത്രൻ, നിജസാരാംശം - തന്റെ, സാരാംശം, മേനി - ശരീരം.

'ദൈവം നമ്മോടുകൂടെ' (ഇമ്മാനുവേൽ) എന്നു വിളിക്കപ്പെടുന്ന ദൈവം മരത്തിൽ തൂക്കപ്പെട്ടു. സർവ്വശക്തനായ ദൈവത്തിന്റെ വീരനായ പുത്രൻ തലതാഴ്ത്തി മരിച്ചു. മരത്തിൽവച്ച് ആത്മാവിനെ മാത്രം അവൻ കൈവിട്ടു. ദൈവസാരാംശം ശരീരത്തിൽ ത്തന്നെ നിലനിന്നു. ദൈവസാരാംശവുമായി താരതമ്യപ്പെടുത്തുമ്പോൾ നിസാരമായ മനുഷ്യജീവനാണ് കൈവിട്ടത്. വലിയവനെ ക്രൂശിച്ചവർക്കെതിരെയുള്ള ശാപവാക്കുകളാണ് അവസാനത്തെ രണ്ടു വരികൾ. അവർക്കു വിലാപവും കഷ്ടതയും എന്നും ഉണ്ടാകട്ടെ എന്നു പറഞ്ഞുകൊണ്ടാണ് ഗീതം അവസാനിപ്പിക്കുന്നത്. (ഇത്തരം ശാപവാക്കുകൾ സിറിയൻ ആരാധനാ പാരമ്പര്യത്തിൽ നിന്നുള്ളവയാണ്. അവയിൽ പലതും നമ്മുടെ ആരാധനാക്രമങ്ങളിൽ തിരുത്തിയിട്ടുണ്ട്. ഉദാ: ദുഃഖവെള്ളി നമസ്ക്കാരം.)

### ബോവൂസോ

യേരുശലേം ഗോഗുൽത്തായിൽ
ക്രൂശിതനാമീശോ സ്തോത്രം
പാറപിളർന്നൂ തൻ ധ്വനിയാൽ
മൃതരേറി സ്തോത്രം പാടി

സ്ലീബായുടെ കുക്കിലിയോനിലെ അവസാനത്തെ ഒരു ബോവൂസോ ആണ് ഇത്. യെരുശലേമിലെ ഗോഗുൽത്തായിൽ ഞങ്ങൾക്കുവേണ്ടി ക്രൂശിതനായ മശിഹാ നിന്നെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. അവിടുത്തെ ശബ്ദത്താൽ പാറകൾ പിളർന്നു. മരിച്ചുപോയവർ ഉയിർത്തെഴുന്നേറ്റു നിന്നെ സ്തോത്രം പാടുകയും ചെയ്തു.

### മറ്റു കോലോകൾ

നാഥൻ കൂട്ടായുള്ളതിനാൽ-ദുഷ്ടനെ നാം-പേടിക്കില്ല
തൻ ദിവ്യായുധധാരികളാം-നമ്മൾക്കുന്നതിയുണ്ടാകും ബാറെക്മോർ
സ്ലീബായെ തോളിൽ താങ്ങി-സീയോനിൽനിന്നും പോയോൻ
മൃതർതന്നസ്ഥികളിൻമീതേ-ചൊരിയട്ടെ കരുണ-പ്പനിനീർ

### അർത്ഥം

ദൈവമായ കർത്താവ് കൂടെയുള്ളതിനാൽ ദുഷ്ടനായ സാത്താനെ നാം ഭയപ്പെടുകയില്ല. കർത്താവിന്റെ ദിവ്യമായ ആയുധം ധരിച്ചിരിക്കുന്ന നമുക്ക് വിജയവും അഭിവൃദ്ധിയുമുണ്ടാകും. കർത്താവിന്റെ ദിവ്യായുധം എന്നതുകൊണ്ട് കുരിശിനെയാണ് ഉദ്ദേശിക്കുന്നത്. പിശാചിന്റെ തല തകർക്കുവാൻ കർത്താവ് ഉപയോഗിച്ച ആയുധം സ്ലീബായാണ്.

കുരിശും തോളിൽ വഹിച്ചുകൊണ്ട് സീയോനിൽനിന്നും (ഗോൽഗുത്തായിലേക്ക്) യാത്ര ചെയ്ത കർത്താവ് മരിച്ചവരുടെ അസ്ഥികളിൽ കരുണയുടെ പനിനീർ തളിക്കട്ടെ.

യെരുശലേമിനെ സൂചിപ്പിക്കുവാനാണ് സീയോൻ എന്നു പറഞ്ഞിരിക്കുന്നത്. സീയോൻ യരുശലേമിലെ ഒരു മലയാണ്. മനുഷ്യരാശിക്കുവേണ്ടി ക്രൂശുമരണം വഹിച്ച കർത്താവ് വാങ്ങിപ്പോയവരോടു കരുണ കാണിച്ച് അവരെ ഉയിർപ്പിക്കട്ടെ എന്നതാണ് ഈ പ്രാർത്ഥന.

## നമുക്ക് പാടാം

സ്ലീബാ പെരുന്നാളിൽ (സെപ്റ്റംബർ 14) വി. കുർബ്ബാനയിൽ ആലപിക്കുന്ന ഒരു ഗീതം. വി. കുർബ്ബാനക്രമം പേജ് 325)

(ദൈവത്തിൽ പുത്രനെ മറിയാം....എന്ന രീതി)

ഭൂപൻ കുസ്തന്തീനോസ് കണ്ടാൻ സ്ലീബാ
മൗലി കുനിച്ചവനതിനെ വന്ദിച്ചേ-വം ചൊന്നു
ദുഷ്ടാത്മാവിൻ തന്ത്രത്തെ വെന്നീടുന്ന-
സ്ലീബാ നൽകിയ നാഥാ സ്തോത്രംപാ-ടീടുന്നേൻ
തൽ സുതരെ-സ്ലീബാ-കാക്കണമെ
നിൻ സ്ലീബാ-സഭയെ പാലിച്ചു
സതതം ഞങ്ങളെ രക്ഷിച്ചീടേണം-നിൻ സ്ലീബാ

## നമുക്ക് പ്രാർത്ഥിക്കാം

പ്രാർത്ഥനാക്രമത്തിൽ സ്ലീബാപെരുന്നാളിലെ പ്രഭാത പ്രാർത്ഥനയിൽ ചേർത്തു ചൊല്ലുന്ന ഒരു പ്രാർത്ഥന. പ്രാർത്ഥനാക്രമം പേജ് 230

*കർത്താവേ, ജീവനുള്ള നിന്റെ സ്ലീബായോടുകൂടെ നീ എഴുന്നള്ളുന്ന ദിവസത്തിൽ നിന്റെ എതിരേൽപ്പിന് പുറപ്പെടുവാനും ജീവൻ നൽകുന്നതായ നിന്റെ സ്ലീബായെ വന്ദിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ. അതിനെ ഞങ്ങൾ ആയുധമായി ധരിച്ചുകൊണ്ട് പാപക്കഷ്ടതകളെ ജയിപ്പാനായിട്ട് അതിൽ ഞങ്ങൾ സങ്കേതം പ്രാപിക്കുമാറാകണമെ. ബാറക്മോർ*

(ഈ ഭാഗത്തുള്ള മറ്റ് പ്രാർത്ഥനകളും ഭവനത്തിൽവച്ച് പ്രാർത്ഥിച്ച് ശീലിക്കുക.)

### നിശ്ചയം

**സ്ലീബായുടെ കുക്കിലിയോൻ ഗീതങ്ങളിൽ അടങ്ങിയിരിക്കുന്ന ശ്രേഷ്ഠമായ ആശയങ്ങൾ ഞങ്ങൾ മനസ്സിലാക്കി.**
**ഞങ്ങളുടെ ആത്മാവിന് രക്ഷനേടിത്തന്ന സ്ലീബായെ ഞങ്ങൾ വന്ദിക്കും. സ്ലീബാ എന്ന് ഉച്ചരിക്കുന്ന എല്ലാ സമയത്തും ഞങ്ങൾ ഭക്തിയോടെ കുരിശുവരയ്ക്കും. സ്ലീബാ ഞങ്ങൾക്കെന്നും കാവലും കോട്ടയുമായിരിക്കും.**

### നമുക്കു ചിന്തിക്കാം

1 'സ്ലീബായെ വന്ദിപ്പാനായ്...' എന്ന ഗീതത്തിൽ പറയുന്ന സംഭവം സ്മരിക്കുന്ന ഒരു മാറാനായപെരുന്നാൾ ഏത്? ആ പെരുന്നാളിന്റെ തീയതി ഏത്? ആ പെരുന്നാൾ മുതൽ കൃംതാവരെ ഞായറാഴ്ചകളിൽ ഉപയോഗിക്കുന്ന നമസ്കാര ത്തിന്റെ പേരെന്ത്?

2 ഹെലനി രാജ്ഞി മൂന്നു കുരിശുകളിൽനിന്നും കർത്താവിന്റെ കുരിശു തിരിച്ചറിഞ്ഞ തിനെക്കുറിച്ച് ഒരു പാരമ്പര്യമുണ്ട്. കണ്ടെത്തുക.

3 സ്ലീബാ വാഴുക സ്വർഗ്ഗത്തിൽ
സ്ലീബാ വാഴുക ഭൂമിയിലും
സ്ലീബാ പള്ളികൾ ദയറാകൾ
ക്കെല്ലാമാകണമേ കോട്ട

4 ഈ ഗീതത്തിന്റെ അർത്ഥം ചർച്ച ചെയ്യുക

5 സ്ലീബാ കോട്ടയാകുന്നു എന്നു പറയുന്നതിന്റെ അർത്ഥമെന്ത്?

6 സ്ലീബായുടെ പ്രത്യേകതകൾ ഈ പാഠത്തിൽ പഠിച്ച ഗീതങ്ങളിൽനിന്നും കണ്ടെത്തി ഒരു ഉപന്യാസം തയ്യാറാക്കുക.

7 സ്ലീബായെ വന്ദിക്കുന്നത് വിഗ്രഹാരാധനയല്ല എന്ന് സമർത്ഥിക്കുക

## പ്രവർത്തനങ്ങൾ

1 സ്ലീബായുടെ പ്രത്യേകതകൾ ഉൾക്കൊള്ളുന്ന മറ്റ് ഗീതങ്ങൾ കണ്ടെത്തി കുറിച്ചു വയ്ക്കുക.

2 സ്ലീബായുടെ വിവിധ ചിത്രങ്ങൾ ശേഖരിക്കുക

3 സ്ലീബായെ വന്ദിക്കുന്നത് ദൈവാരാധനയാണോ? ഈ വിഷയത്തെ ആസ്പദമാക്കി ക്ലാസ്സിൽ ഒരു ചർച്ച സംഘടിപ്പിക്കുക

4 "ഓർത്തഡോക്സ് സഭയിൽ സ്ലീബായുടെ സ്ഥാനം" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ലഘു പ്രോജക്ട് ചെയ്യുക. അഭിമുഖത്തിലൂടെയും വിവരശേഖരണം നടത്തിയും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക.

## തുടർ വായനയ്ക്ക്

**തിരുവചന വായനയും ധ്യാനവും പതിവുപോലെ ഈയാഴ്ചയും തുടരുക**

## ഉപപാഠഭാഗം

# പ. പരുമലതിരുമേനിയുടെ ജീവചരിത്രം

## ഉപപാഠഭാഗം

# പ. പരുമലതിരുമേനിയുടെ ജീവചരിത്രം

മലങ്കര സഭാംഗങ്ങളുടെ ഹൃദയങ്ങളിൽ മായാത്ത മുദ്ര പതിപ്പിച്ച പുണ്യശ്ലോകൻ 'പരുമല കൊച്ചുതിരുമേനി' ക്രിസ്തുവർഷം 1848 ജൂൺ 15-ാം തീയതി മുളന്തുരുത്തി എന്ന സ്ഥലത്തുള്ള ചാത്തുരുത്തി ഭവനത്തിൽ കൊച്ചുമത്തായിയുടെയും, മറിയത്തിന്റെയും ഇളയ പുത്രനായി ജനിച്ചു. കൊച്ചയ്പ്പോര എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന ഗീവർഗീസിന് കുര്യൻ, വർക്കി എന്നീ സഹോദരങ്ങളും ഏലി, മറിയം എന്നീ സഹോദരികളും ഉണ്ടായിരുന്നു.

### 1. ബാല്യവും വിദ്യാഭ്യാസവും

തന്റെ ചെറുപ്പത്തിൽ തന്നെ മാതാവ് ഇഹലോകവാസം വെടിഞ്ഞു. ഈ ദുഃസ്ഥിതിയിൽ, അയിക്കരനാട്ടിൽ 'പാലാൽ' കുടുംബത്തിലേക്ക് വിവാഹം കഴിച്ചുവിട്ട സഹോദരി മറിയം ചാത്തുരുത്തിയിൽവന്ന് ബാലന്റെ സംരക്ഷണച്ചുമതല ഏറ്റെടുത്തു. ഇതേ പ്രായത്തിൽ മറിയത്തിനും ഒരു പൈതൽ ഉണ്ടായിരുന്നതിനാൽ പെറ്റമ്മയെന്നപോലെ അവർക്ക് സഹോദരനെ വളർത്തുന്നതിന് കഴിഞ്ഞു.

മാതാവിന്റെ മരണശേഷം പിതാവിന്റെ അതിരറ്റ വാത്സല്യത്തിലും സഹോദരി മറിയത്തിന്റെ സംരക്ഷണത്തിലും കൊച്ചയ്പ്പോര വളർന്നു. ബാല്യകാലത്തുതന്നെ പല സ്വഭാവ വൈശിഷ്ട്യങ്ങളും ദൃശ്യമായിരുന്നു. വിശേഷവസ്ത്രങ്ങളിലും ആഭരണങ്ങളിലും അശേഷവും കമ്പം ഉണ്ടായിരുന്നില്ല. ലളിത വസ്ത്രധാരണം ഇഷ്ടപ്പെട്ടിരുന്നു. ബാലന്മാരിൽ കണ്ടുവരുന്ന കളികളിലുള്ള ഭ്രമം ഈ ബാലനിൽ വളരെ കുറവായിരുന്നു. പ്രത്യുത പ്രാർത്ഥന, വേദവായന മുതലായ കാര്യങ്ങളിൽ ഉത്സുകനായിരുന്നു. പുണ്യവാന്മാരുടെ കഥകൾ കേൾക്കുന്നതിൽ അതീവ താല്പര്യം പ്രകടിപ്പിച്ചു. ചെറുപ്പം മുതൽ നോമ്പ്, ഉപവാസം ഇവ അനുഷ്ഠിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

അക്കാലത്ത് പ്രാരംഭ അഭ്യസനം കുടിപ്പള്ളിക്കൂടത്തിലായിരുന്നു. സമീപത്തുള്ള ഒരു കുടിപ്പള്ളിക്കൂടത്തിൽ ബാലനെ അയച്ചു പഠിപ്പിച്ചു. 'ഓണക്കാവിൽ അയ്യാ' എന്ന ഒരു ഗുരുവായിരുന്നു വിദ്യാരംഭം നടത്തിയത്. പഠനകാര്യത്തിൽ ബാലൻ പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നു. പിന്നീട് മണി എന്ന മറ്റൊരു ഗുരുവിന്റെ കീഴിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. സ്ഥിരോത്സാഹിയായ ബാലൻ ബുദ്ധിവൈഭവത്തിൽ സഹശിഷ്യന്മാരുടെ മുൻപന്തിയിലായിരുന്നു. കൂടാതെ ഗുരുഭക്തി, വിനയം, അനുസരണം, സ്നേഹം മുതലായ വിശിഷ്ട ഗുണങ്ങൾകൊണ്ട് സഹപാഠികൾക്ക് മാതൃക കാട്ടി. സമയം വെറുതെ നഷ്ടപ്പെടുത്തരുതെന്നാണ് അദ്ദേഹത്തിന്റെ നിഷ്ഠ. നല്ല കാര്യങ്ങൾ ചെയ്യുന്നതിൽ ചെറുപ്പംമുതലേ ഉത്സുകനായിരുന്നു.

### ഗുരുഭക്തി

ദൈവികവൃത്തിയുടെ ഉന്നത സ്ഥാനം ഏറ്റശേഷവും മുളന്തുരുത്തി സന്ദർശിക്കുമ്പോൾ തന്റെ ഗുരുവിനെ വരുത്തി കാണുകയും സമ്മാനങ്ങൾ കൊടുക്കുകയും ചെയ്തുവന്നു. ഗുരുവിന്റെ മുമ്പിൽ ഇരുന്നുകൊണ്ട് സംഭാഷണം ചെയ്യാറില്ല. ആശാനെ അകലെ കാണുമ്പോൾതന്നെ സ്വസ്ഥാനത്തുനിന്നും എഴുന്നേറ്റ്, ആദരപൂർവ്വം സ്വീകരിച്ച് കുശലപ്രശ്നങ്ങൾ നടത്തി ഗുരുവിനെ സന്തോഷത്തോടെ പറഞ്ഞയയ്ക്കുന്നതിൽ അദ്ദേഹം അതീവ തല്പരനായിരുന്നു.

ചാത്തുരുത്തി കുടുംബത്തിലെ ഗീവറുഗീസ് കത്തനാർ സ്മര്യപുരുഷന്റെ പിതൃസഹോദരനാണ്. സുറിയാനി ഭാഷയിൽ പ്രാവീണ്യം നേടിയ അദ്ദേഹം ഒരു മല്പാനായിരുന്നു. കൊച്ചയ്പ്പോരയിൽ വിളങ്ങിയ വിശിഷ്ട ഗുണങ്ങൾ മനസ്സിലാക്കിയ മല്പാൻ അദ്ദേഹത്തെ സുറിയാനി പഠിപ്പിക്കണമെന്ന് തീരുമാനിച്ചു. ബാല്യത്തിലേ മാധുര്യമായി പാടുന്നതിനുള്ള കഴിവ് പ്രദർശിപ്പിച്ചിരുന്നു. ഗീവറുഗീസ് മല്പാൻ കൊച്ചയ്പ്പോരയിൽ തന്റെ അനന്തരഗാമിയെ കണ്ടെത്തി. അന്നത്തെ രീതിയനുസരിച്ചുള്ള സാമാന്യവിദ്യാഭ്യാസം കഴിഞ്ഞ് സഹോദരപുത്രനെ മല്പാന്റെ കൂടെ താമസിപ്പിച്ചു സുറിയാനി പഠിപ്പിച്ചു. സുറിയാനി വളരെ മധുരമായും ഹൃദ്യമായും ചൊല്ലുവാൻ സ്വശിഷ്യന് ഒരു പ്രത്യേക കഴിവുണ്ടായിരുന്നു. ആ ഗീതങ്ങൾ കേൾവിക്കാരെ ഭക്തിരസത്തിൽ ആനന്ദിപ്പിച്ചിരുന്നു.

### 2 പുരോഹിത പദവിയിലേക്ക്

ഗീവറുഗീസ് മല്പാന്റെ ശിക്ഷണത്തിൽ വളർന്ന ബാലൻ തന്റെ സ്വാഭാവവൈശിഷ്ട്യംകൊണ്ട് ഏവരുടെയും ശ്രദ്ധ ആകർഷിച്ചിരുന്നു. ദൈവിക കാര്യങ്ങളിലുള്ള അതിയായ താല്പര്യം, ഭയഭക്തി, താഴ്മ, അനുസരണം സർവ്വോപരി സുറിയാനി ഗീതങ്ങൾ മധുരമായി ചൊല്ലുന്നതിനുള്ള പാടവം ഇവയെല്ലാം നേരിട്ടു ഗ്രഹിച്ച മല്പാൻ സ്വശിഷ്യനെ വൈദികസ്ഥാനത്തേക്ക് ഉയർത്തണമെന്ന് ആഗ്രഹിച്ചു. തന്റെ ഈ അഭിലാഷം അന്നത്തെ മലങ്കര മെത്രാപ്പോലീത്താ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിനെ ധരിപ്പിച്ചു. കൊച്ചയ്പ്പോരയെ വൈദികവൃത്തിയിൽ പ്രവേശിപ്പിക്കുന്നതിന് ഗീവറുഗീസ് കത്തനാർ വേണ്ടപ്പെട്ട എല്ലാവരുടെയും അനുമതി ഇതിനകം വാങ്ങിയിരുന്നു. 1858 സെപ്റ്റംബർ 14-ാം തീയതി കരിങ്ങാശ്ര പള്ളിയിൽവച്ച് മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ബാലനായ ഗീവറുഗീസിന് വൈദികസ്ഥാനത്തിന്റെ പ്രഥമ പടിയായ കോറൂയോ സ്ഥാനം നൽകി.

### വൈദിക വിദ്യാർത്ഥി

അനന്തരം ഗീവറുഗീസ് ശെമ്മാശൻ ഗീവറുഗീസ് മല്പാന്റെ കൂടെ താമസമാക്കി. മറ്റു ശെമ്മാശന്മാരോടൊപ്പം സുറിയാനി അഭ്യസനം തുടർന്നു. അന്ന് സുറിയാനി പുസ്തകങ്ങൾ സുലഭമായിരുന്നില്ല. കൈയെഴുത്തുപ്രതികൾ പലതും ഗീവറുഗീസ് ശെമ്മാശൻ പകർത്തിയെഴുതി പഠിച്ചു. പഠനകാര്യത്തിലും അദ്ദേഹം മുൻപന്തിയിലായിരുന്നു. ഒരു വൈദികന് ആവശ്യമായ എല്ലാ കാര്യങ്ങളും അദ്ദേഹം പഠിച്ചു.

### മസൂരിബാധ

ദീർഘകാലം ഈ ഗുരുശിഷ്യബന്ധം തുടരുവാൻ ഇടയായില്ല. ഈ കാലയളവിൽ പല സ്ഥലങ്ങളിലും മസൂരിബാധ പടർന്നുപിടിച്ചിരുന്നു. 1865-ൽ ഗീവറുഗീസ് മല്പാനും രോഗബാധിതനായി. വിവരം ഗ്രഹിച്ചയുടനെ അവിടെ താമസിച്ചു പഠിച്ചിരുന്ന എല്ലാവരേയും പറഞ്ഞയച്ചു. എന്നാൽ ഗീവറുഗീസ് ശെമ്മാശൻ പോകാതെ തന്റെ ഗുരുവിനെ ശുശ്രൂഷിക്കുവാൻ തീരുമാനിച്ചു. ശുശ്രൂഷകൾ എല്ലാം വിഫലമായി. രോഗം പെട്ടെന്ന് മൂർച്ഛിക്കുകയും മല്പാൻ മരണമടയുകയുമാണുണ്ടായത്.

ഏതാനും ദിവസങ്ങൾക്കുശേഷം ഗീവറുഗീസ് ശെമ്മാശനും മസൂരിബാധിതനായിത്തീർന്നു. ശെമ്മാശന് പിടിപെട്ട മസൂരി 'കനക കല്ലൂരി' ആയിരുന്നു. ഈ ഇനത്തിൽനിന്നും രക്ഷപ്രാപിക്കുന്നവർ വിരളമായിരുന്നു. രോഗവിവരം അറിഞ്ഞു മാതൃതുല്യം സ്നേഹിച്ചിരുന്ന സഹോദരി മറിയം തന്റെ ശുശ്രൂഷയ്ക്ക് എത്തി. സഹോദരിയുടെ സാന്നിദ്ധ്യം അനല്പമായ ആശ്വാസം ഉളവാക്കി. ശെമ്മാശൻ സദാസമയവും പ്രാർത്ഥനയിൽ കഴിച്ചുകൂട്ടി. രോഗത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ ഒരു ദിവ്യദർശനം ശെമ്മാശനുണ്ടായി. ദൈവ

മാതാവ് തന്റെ സമീപത്തുവന്ന് നിൽക്കുന്നതായി കണ്ടു. രോഗം ഭേദപ്പെടുമെന്നും ശിഷ്ടായുസ്സ് ദൈവവേലയ്ക്കായി വിനിയോഗിക്കണമെന്നും പറയുന്നതായും തോന്നി. അങ്ങനെ അളവറ്റ ദൈവകൃപയാൽ അത്ഭുതകരമായി രോഗം ഭേദമായി. ദൈവവേലയ്ക്കായി ശെമ്മാശൻ സ്വയം പ്രതിഷ്ഠിക്കുകയും ചെയ്തു.

**ദയറാ ജീവിതത്തിനുള്ള തീരുമാനം**

ഗീവറുഗീസ് ശെമ്മാശനെക്കൊണ്ട് വിവാഹം കഴിപ്പിക്കണമെന്ന് പിതാവ് കൊച്ചുമത്തായി ആഗ്രഹിച്ചു. കൂടാതെ ഭാവിയിൽ മുളന്തുരുത്തി പള്ളിവികാരിയായി ഇടവക ഭരണച്ചുമതല വഹിക്കണമെന്നും പിതാവ് അഭിലഷിച്ചു. ഈ വിവരം സഹോദരനായ ഗീവറുഗീസ് മല്പാനെയും നേരത്തെ ധരിപ്പിച്ചിരുന്നു. ശെമ്മാശന്റെ ഇംഗിതത്തിനനുസരണമായി തീരുമാനം എടുക്കണമെന്നായിരുന്നു മല്പാന്റെ ആഗ്രഹം. ശെമ്മാശനാകട്ടെ വിവാഹജീവിതത്തിനോ, ഇടവക ഭരണത്തിനോ അശേഷം താല്പര്യം പ്രകടിപ്പിച്ചില്ല. അവിവാഹിതനായിരുന്ന് ദൈവവേല ചെയ്യണമെന്നുള്ളതായിരുന്നു തന്റെ അഭിലാഷം. പ്രാർത്ഥനയിലും വ്രതാനുഷ്ഠാനങ്ങളിലും തന്റെ ജീവിതം നയിക്കണമെന്നുള്ള അദ്ദേഹത്തിന്റെ ദൃഢനിശ്ചയം ബന്ധപ്പെട്ടവരെ അല്പം നിരാശരാക്കി. എങ്കിലും ശെമ്മാശന്റെ തീരുമാനം ദൈവഹിതപ്രകാരമായിരുന്നു എന്ന് പിൽക്കാലജീവിതം തെളിയിച്ചു.

**പാമ്പാക്കുട കോനാട്ട് മല്പാന്റെ ശിഷ്യൻ**

തന്റെ ഗുരുവിന്റെ നിര്യാണശഷം സുറിയാനി അഭ്യസനം തുടരുന്നതിന് പാമ്പാക്കുട (കോനാട്ട്) മല്പാന്റെ ശിഷ്യത്വം താൻ സ്വീകരിച്ചു. ശെമ്മാശന്റെ സഹോദരി ഏലിയുടെ ഭർത്തൃഗൃഹം നെടുംപാമ്പാക്കുടയായിരുന്നു. അവിടെ താമസിച്ചുകൊണ്ട് കാനോൻ, വിശ്വാസാചാരങ്ങൾ, സുറിയാനി എന്നിവ കോനാട്ട് മല്പാനിൽനിന്നും അഭ്യസിച്ചു. ഒരു മികച്ച വേദപണ്ഡിതന് ആവശ്യമായ കാര്യങ്ങൾ എല്ലാം ശെമ്മാശൻ കരസ്ഥമാക്കി. നെടുംപാമ്പാക്കുട വീട്ടിൽ താമസിച്ചിരുന്നപ്പോൾ, ശെമ്മാശൻ തളത്തിന്റെ ചുവരിൽ കൈവിരൽ കൊണ്ട് വരച്ചിരുന്ന ഒരു കുരിശ് മായാതെ, ആ പുര പൊളിക്കുന്നതുവരെ കണ്ടിരുന്നതായി പറയപ്പെടുന്നു.

**മാർ കൂറിലോസിന്റെ പ്രത്യേക ശിഷ്യൻ**

അന്നത്തെ മലങ്കര മെത്രാപ്പോലീത്താ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് ആയിരുന്നു. അദ്ദേഹത്തിന് നവീകരണ വിശ്വാസങ്ങളോട് ആഭിമുഖ്യം ഉണ്ടായിരുന്നു. ഇക്കാലയളവിൽ ശീമയിൽനിന്നും മാർ കൂറിലോസ് എന്ന ഒരു മെത്രാപ്പോലീത്താ മലങ്കരയിൽ വന്നു. അദ്ദേഹം മാർ അത്താനാസ്യോസിന്റെ നവീന സിദ്ധാന്തങ്ങളെ എതിർത്തു. അദ്ദേഹത്തെ പരിചയപ്പെടുന്നതിന് ഗീവറുഗീസ് ശെമ്മാശന് ഇടയായി. സുറിയാനിയിൽ സാമാന്യം നല്ല ജ്ഞാനം സമ്പാദിച്ച ശെമ്മാശന്റെ ബുദ്ധിസാമർത്ഥ്യവും അതീവ ദൈവഭക്തിയും മെത്രാപ്പോലീത്തായെ ആകർഷിച്ചു. ശെമ്മാശൻ മെത്രാപ്പോലീത്തായെ ഭാഷാതർജ്ജമയിൽ സഹായിച്ചുവന്നു. ആ വർഷംതന്നെ ശെമ്മാശന് അദ്ദേഹം പൂർണ്ണ ശെമ്മാശപട്ടം കൊടുത്തു. തിരുമേനിയുടെ കൂടെയും ചില അവസരങ്ങളിൽ പ്രത്യേക ദൗത്യങ്ങൾ വഹിച്ചും ഗീവറുഗീസ് ശെമ്മാശൻ പല പള്ളികളും സന്ദർശിച്ചു. പ്രധാനന്മാരായ പലരുമായും ഇടപെട്ടു. സുറിയാനി കൂടുതലായി സ്വായത്തമാക്കുന്നതിനും വേദഭാഗങ്ങളിൽ പാണ്ഡിത്യം നേടുന്നതിനും അവസരം കണ്ടെത്തി.

ശെമ്മാശന്റെ പ്രത്യേക ഗുണവിശേഷങ്ങൾ മനസ്സിലാക്കിയ മാർ കൂറിലോസ്, ശെമ്മാശന് കത്തനാർ പട്ടവും തുടർന്ന് കോറെപ്പിസ്കോപ്പാ സ്ഥാനവും നൽകി. മാർ കൂറിലോസിൽനിന്നും പൗരസ്ത്യസഭയിലെ ദയറാ ജീവിതത്തെക്കുറിച്ചും മുനിശ്രേഷ്ഠന്മാരെക്കുറിച്ചും വിശദമായി പഠിച്ചു. ദയറാ ജീവിതത്തിനുള്ള തന്റെ മുൻ തീരുമാനത്തിന് ഇത് കൂടുതൽ സഹായിച്ചു.

## 3 ദയറാ ജീവിതം

### മാർ അന്തോനിയോസിന്റെ സ്വാധീനം

സന്യാസജീവിതത്തിൽ ആകൃഷ്ടനായ ഗീവറുഗീസ് കോറെപ്പിസ്കോപ്പാ തപശ്ചര്യകളെപ്പറ്റി വിശദമായി പഠിച്ചു. പൗരസ്ത്യ സഭയിലെ ദയറാ ജീവിതക്കാരെ സംബന്ധിക്കുന്ന വിവരങ്ങൾ ഗ്രഹിച്ച് കോറെപ്പിസ്കോപ്പാ പ്രാർത്ഥന, ഉപവാസം, നോമ്പ് മുതലായ സത്യവിശ്വാസാചാരങ്ങൾ അനുഷ്ഠിച്ച് ആത്മശുദ്ധി വരുത്തി. മൂന്നാം നൂറ്റാണ്ടിൽ ഈജിപ്തിൽ അതിതീവ്രാനുഷ്ഠാനങ്ങളിൽ ഭക്തിജീവിതം നയിച്ച് 105-ാമത്തെ വയസ്സിൽ നിത്യവിശ്രാന്തി പ്രാപിച്ച അന്തോണിയോസിന്റെ ജീവിതചര്യകൾ പഠിക്കുന്നതിനും അദ്ദേഹത്തിന് അവസരം ലഭിച്ചു. ധനികനായിരുന്ന അന്തോണിയോസ് തനിക്കുള്ള സകലവും ദരിദ്രർക്ക് ദാനംചെയ്തു. 'ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ' (മത്താ. 16:24) എന്ന കർത്താവിന്റെ ഉപദേശം അക്ഷരംപ്രതി അനുസരിച്ച് മാർ അന്തോണിയോസായിരുന്നു നമ്മുടെ കഥാനായകന്റെ ആദർശ പുരുഷൻ. അദ്ദേഹത്തെപ്പോലെ കർത്താവിന്റെ ശിഷ്യനായിരിപ്പാൻ നമ്മുടെ യുവവൈദികൻ ദൃഢനിശ്ചയം ചെയ്തു. അതിനാൽ ഒരു ഇടവക പട്ടക്കാരനായിരിക്കണമെന്നുള്ള കുടുംബാംഗങ്ങളുടെ നിർബന്ധത്തിന് വഴങ്ങാതെ തന്റെ വ്രതപരിപാലനം നിർബാധം നയിക്കുന്നതിന്, എല്ലാ സുഖസൗകര്യങ്ങളും ത്യജിച്ചു മുളന്തുരുത്തിയിൽനിന്നും അഞ്ചു കിലോമീറ്റർ ദൂരെയുള്ള വെട്ടിക്കൽ കുരിശുപള്ളി തെരഞ്ഞെടുത്തു.

### മുനിശ്രേഷ്ഠൻ വെട്ടിക്കൽ ദയറായിൽ

വെട്ടിക്കൽപള്ളി, മുളന്തുരുത്തി പള്ളിയുടെ സമീപത്തുള്ള ഒരു ചാപ്പലായിരുന്നു. പ്രത്യേക സന്ദർഭങ്ങളിൽ മാത്രമായിരുന്നു അവിടെ കുർബ്ബാന നടത്തിയിരുന്നത്. അവഗണിക്കപ്പെട്ടു കിടന്നിരുന്ന ഈ കുരിശുപള്ളി, തന്റെ വ്രതാനുഷ്ഠാനങ്ങൾക്ക് അനുയോജ്യമായ പർണ്ണശാലയായി ഗീവറുഗീസ് കോറെപ്പിസ്കോപ്പാ കാണുകയും ഇടവക പള്ളിയായ മുളന്തുരുത്തി പള്ളിയിൽനിന്നും തന്റെ താമസം വെട്ടിക്കൽ പള്ളിയിലേക്ക് മാറ്റുകയും ചെയ്തു. അവിടെ പ്രത്യേക വരുമാനങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. അതിനാൽ ആവശ്യത്തിനുള്ള ഭക്ഷണസാധനങ്ങൾ സ്വഭവനത്തിൽനിന്നുമാണ് വരുത്തിയിരുന്നത്.

ഗീവറുഗീസ് കോറെപ്പിസ്കോപ്പായുടെ ആഗമനത്തോടുകൂടി, വെട്ടിക്കൽ കുരിശുപള്ളി സമീപവാസികളുടെ ശ്രദ്ധയെ ആകർഷിച്ചു. ഒരു നവചൈതന്യം അവിടെ പരന്നു. പ്രാർത്ഥന, ഉപവാസം, നോമ്പ് മുതലായ വ്രതാനുഷ്ഠാനങ്ങൾകൊണ്ട് വന്ദ്യ വൈദികനോടുള്ള ബഹുമാനം ആളുകളുടെ ഇടയിൽ വർദ്ധിച്ചു. ദിനംതോറും ധാരാളം ആളുകൾ പള്ളി സന്ദർശിക്കുകയും അദ്ദേഹത്തിന്റെ ഉപദേശങ്ങൾ തേടുകയും ചെയ്തുവന്നു. കെട്ടുതേങ്ങായും പിടിയരിയും പിരിച്ച് പള്ളി ആവശ്യങ്ങൾ നടത്തുന്നതിൽ അവർ ഉത്സുകരായി. പരമഭക്തനായ ഈ വൈദികന്റെ സാന്നിദ്ധ്യം ചുറ്റുപാടുമുള്ള ആളുകൾക്ക് ഉത്തേജനം നൽകി. സന്യാസിവൈദികന്റെ കീർത്തി സമീപപ്രദേശങ്ങളിലേക്കും വ്യാപിച്ചു. അനേകർ നേർച്ചകാഴ്ചകൾ കൊണ്ടുവന്നു അനുഗ്രഹം പ്രാപിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥന അനേകർക്ക് പ്രയോജനപ്പെട്ടു. ചുരുങ്ങിയ നാളുകൾക്കുള്ളിൽ വെട്ടിക്കൽ കുരിശുപള്ളി ഒരു തീർത്ഥാടന കേന്ദ്രമായിത്തീർന്നു. വൈദികാഭ്യസനത്തിന് ആഗ്രഹിച്ചിരുന്ന ഏതാനും ശിഷ്യന്മാർ അവിടെ താമസിച്ചു പരിശീലനം നേടി.

### റമ്പാൻ സ്ഥാനാഭിഷേകം

മലങ്കരസഭയിൽ അന്ന് കാര്യമായി സന്യാസപ്രസ്ഥാനം ശക്തിപ്രാപിച്ചിരുന്നില്ല. മലങ്കര മെത്രാപ്പോലീത്തായായിരുന്ന പുലിക്കോട്ടിൽ രണ്ടാമൻ അഥവാ ദീവന്നാസ്യോസ്

അഞ്ചാമൻ മെത്രാപ്പോലീത്താ. മലങ്കരസഭയ്ക്ക് ശക്തമായ നേതൃത്വം കൊടുത്ത്, പുതിയ ദർശനങ്ങൾ സഭയ്ക്കു നൽകിക്കൊണ്ടിരുന്ന കാലമായിരുന്നു അത്. സഭയ്ക്ക് ആത്മീയ ജീവൻ നൽകുവാൻ ഉത്തമരായ സന്യാസിശ്രേഷ്ഠർ ഉണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ആ വഴിക്കുള്ള അന്വേഷണം ചെന്നെത്തിയത് ഇതിനോടകം വെട്ടിക്കൽ ദയറായിൽ ശ്രദ്ധേയനായ ഗീവർഗീസ് കോർ എപ്പിസ്കോപ്പായിലേയ്ക്കാണ്. 1872 ഏപ്രിൽ 7-ാം തീയതി വചനിപ്പുപെരുന്നാളിൽ പുലിക്കോട്ടിൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അദ്ദേഹത്തെ സന്യാസത്തിന്റെ പൂർണ്ണവ്രതമായ റമ്പാൻസ്ഥാനം നൽകി. അന്ന് അദ്ദേഹത്തിന് 24 വയസ്സേ പ്രായം ഉണ്ടായിരുന്നുള്ളൂ.

### ഉഗ്രമായ ഉപവാസാദിവ്രതങ്ങൾ

പുതിയ സ്ഥാനം ഏറ്റശേഷം കുറേനാൾ വെട്ടിക്കൽ ദയറായിൽ താമസം തുടരുന്നതിന് റമ്പാച്ചന് അനുവാദം ലഭിച്ചു. റമ്പാൻ വേദവായനയിലും പ്രാർത്ഥനയിലും ഉപവാസത്തിലും കൂടുതൽ വ്യാപൃതനായി. തുടർന്ന് ലഭിക്കുന്ന സമയം സുറിയാനി പകർത്തുന്നതിലും പരിഭാഷപ്പെടുത്തുന്നതിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അങ്ങനെ പുസ്തകങ്ങളുടെ കുറവ് പരിഹരിച്ചുവന്നു. നോമ്പുകാലങ്ങളിൽ അദ്ദേഹം ഇരുപത്തിരണ്ടര വരെ ഉപവസിച്ചിരുന്നു. അതിനുശേഷവും ലഘുഭക്ഷണം മാത്രം. അരയും വയറും നല്ലതുപോലെ ഒതുങ്ങത്തക്കവിധത്തിൽ വീതിയുള്ള ഒരു അരക്കച്ച മുറുകെ ചുറ്റുന്ന പതിവ് ഉണ്ടായിരുന്നു. ശരീരപോഷണത്തെപ്പറ്റി അശേഷവും അദ്ദേഹം കരുതിയില്ല. എത്രമാത്രം ക്ഷീണിതനായിരുന്നാലും പ്രാർത്ഥന യഥാസമയങ്ങളിൽ നടത്തുക ഒരു നിഷ്ഠയായിരുന്നു. ദയറാജീവിതത്തിന്റെ നൈർമ്മല്യം കൊണ്ടും പ്രാർത്ഥനയുടെ സാഫല്യം കൊണ്ടും സ്വസമുദായത്തിന്റെ മാത്രമല്ല അന്യമതസ്ഥരുടെ ഭക്തി ബഹുമാനാദികൾക്ക് അദ്ദേഹം പാത്രീഭൂതനായി.

രോഗം ഉണ്ടായാൽത്തന്നെയും ചികിത്സിക്കുന്ന പതിവുണ്ടായിരുന്നില്ല. ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ലെന്ന് അദ്ദേഹം പൂർണ്ണമായി വിശ്വസിച്ചിരുന്നു. ഒരിക്കൽ റമ്പാന്റെ പുറത്ത് ഒരു വലിയ നീർക്കെട്ടുണ്ടായി. അത് വർദ്ധിച്ചേക്കാമെന്ന് വൈദ്യന്മാർ അഭിപ്രായപ്പെട്ടു. ഇതുകേട്ട് ശിഷ്യഗണങ്ങളും ഭൃത്യന്മാരും ദുഃഖിതരായി. എന്നാൽ ദൃഢവിശ്വാസിയായ റമ്പാച്ചൻ അശേഷവും പരിഭ്രാന്തനായില്ല. ദൈവം അറിയാതൊരു കാര്യമുണ്ടോ? ഈ നീര് തനിയെ വന്നതല്ലേ, തനിയെ പൊയ്ക്കൊള്ളും എന്നായിരുന്നു അദ്ദേഹത്തിന്റെ മതം. ഭൃത്യജനങ്ങളിൽനിന്നും വിവരം ഗ്രഹിച്ച പിതാവ് ഉടൻതന്നെ കഷായവും കുഴമ്പും തയ്യാറാക്കി 'ചെറിയ' എന്ന വിശ്വസ്ത വേലക്കാരൻ വശം കൊടുത്തയച്ചു. പിതാവ് കൊടുത്തയച്ചതാകയാൽ നിരസിക്കാതെ വാങ്ങി സൂക്ഷിച്ചു എങ്കിലും അവ ഉപയോഗിച്ചില്ല. അദ്ദേഹത്തിന്റെ സ്ഥിരവിശ്വാസത്താൽ ആ നീര് തനിയെ മാറുകയും ചെയ്തു.

അദ്ദേഹത്തിന്റെ കീർത്തി ജനങ്ങളിൽ വർദ്ധിച്ചുവെങ്കിലും അവരാൽ പുകഴ്ത്തപ്പെടുവാനോ, ജനപ്രീതി നേടുവാനോ അദ്ദേഹം ആഗ്രഹിച്ചില്ല. ഒരു യഥാർത്ഥ സന്യാസിയുടെ മുഖമുദ്ര അങ്ങനെ വ്യക്തമായി. അന്യമതസ്ഥർക്കും അദ്ദേഹത്തിന്റെ വ്രതശക്തിയിൽ വിശ്വാസമുണ്ടായി.

## 4 മെത്രാൻ സ്ഥാനലബ്ധി

### പത്രോസ് പാത്രിയർക്കീസിന്റെ വരവും മെത്രാൻ വാഴ്ചയും

മലങ്കരസഭയുടെ ചരിത്രത്തിലെ നിർണ്ണായകമായ ഒരു വഴിത്തിരിവായിരുന്നു പത്രോസ് പാത്രിയർക്കീസിന്റെ മലങ്കരയിലേയ്ക്കുള്ള ആഗമനം. 1875-ൽ അദ്ദേഹം മലങ്കരയിൽ എത്തി. പല പള്ളികളിലും സന്ദർശിക്കേണ്ട അദ്ദേഹത്തിന് ഒരു പരിഭാഷകനെ

ആവശ്യമായിരുന്നു. സുറിയാനിയിൽ അഗാധപാണ്ഡിത്യമുള്ള ഗീവറുഗീസ് റമ്പാച്ചനാണ് പാത്രിയർക്കീസിന്റെ പ്രസംഗം സുറിയാനിയിൽനിന്ന് മലയാളത്തിലേയ്ക്കു പരിഭാഷ ചെയ്തിരുന്നത്. അദ്ദേഹത്തിന്റെ വിനയം ദൈവഭക്തി, പാണ്ഡിത്യം എന്നിവയിൽ ആകൃഷ്ടനായ പാത്രിയർക്കീസ്, റമ്പാച്ചന് മെത്രാൻ സ്ഥാനം നൽകണമെന്ന് ആഗ്രഹിച്ചു. പൂർണ്ണസമയം സന്യാസിയായി ജീവിക്കണമെന്ന് ആഗ്രഹിച്ച, റമ്പാച്ചന് ആദ്യം അത് അത്ര സ്വീകാര്യമായില്ല. മെത്രാച്ചനാകുമ്പോൾ, ഭരണപരമായ കാര്യങ്ങളിലുമൊക്കെ ഇടപെടേണ്ടിവരുമല്ലോ. പൂർണ്ണസമയവും ദൈവഭക്തിയിലും പ്രാർത്ഥനയിലും ഉപവാസത്തിലുമൊക്കെ ചെലവഴിക്കാനാണ് അദ്ദേഹം ആഗ്രഹിച്ചത്. അതേസമയം ദൈവഹിതത്തിന് കീഴ്പ്പെടുവാനും അദ്ദേഹം മടിച്ചില്ല. അങ്ങനെ മെത്രാൻപട്ടം സ്വീകരിക്കാൻ തയ്യാറായി.

1876 ഡിസംബർ 10-ാം തീയതി വടക്കൻ പറവൂർ പള്ളിയിൽവച്ച് പാത്രിയർക്കീസ് ബാവാ രണ്ടുപേർക്ക് മെത്രാൻ സ്ഥാനം നൽകിയതിൽ ഒന്ന് ഗീവറുഗീസ് റമ്പാനായിരുന്നു. അദ്ദേഹത്തോടുള്ള പ്രത്യേക വാത്സല്യത്താൽ യരുശലേം മെത്രാപ്പോലീത്തായുടെ സ്ഥാനപ്പേരായ മാർ ഗ്രീഗോറിയോസ് എന്ന നാമം റമ്പാന് നൽകി. കൂടാതെ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ ഭദ്രാസന ഇടവകയുടെ (നിരണം) ഭരണമേധാവിയായി ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ നിയമിക്കുകയും ചെയ്തു. ആ വർഷംതന്നെ മറ്റു നാലു പേർക്കുകൂടി മെത്രാൻ സ്ഥാനം നൽകുകയുണ്ടായി. പുതുതായി അവരോധിക്കപ്പെട്ടവരിൽ ഏറ്റവും പ്രായംകുറഞ്ഞ മെത്രാപ്പോലീത്താ മാർ ഗ്രീഗോറിയോസ് ആയിരുന്നു. അന്ന് അദ്ദേഹത്തിന് 29 വയസ്സ് മാത്രമേ പ്രായം ഉണ്ടായിരുന്നുള്ളൂ. ഈ കാരണത്താൽ അദ്ദേഹത്തെ ഏവരും 'കൊച്ചുതിരുമേനി' എന്നു വിളിച്ചുവന്നു.

**മെത്രാന്മാർ വെട്ടിക്കൽ ദയറായിൽ**

1877-ൽ പാത്രിയർക്കീസ് ബാവാ മലയാളത്തുനിന്നും തിരിച്ചുപോയി. അതിനുശേഷം മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ അഭിപ്രായപ്രകാരം മെത്രാപ്പോലീത്തന്മാർ എല്ലാവരും വെട്ടിക്കൽ ദയറായിൽ താമസിച്ച് 40 ദിവസത്തെ നോമ്പും വ്രതവും അനുഷ്ഠിച്ച് പരിശുദ്ധാത്മാവിൽ ശക്തി പ്രാപിച്ചു. തുടർന്ന് അവരവർക്ക് നിശ്ചയിച്ചിരുന്ന ഇടവകകളിൽ ഭരണത്തിനായി ദൈവാശ്രയത്തിൽ പുറപ്പെട്ടു. ഇത് സഭയിൽ ഒരു ഉന്മേഷവും ഉണർവും കൈവരുത്തുന്നതിനിടയായി.

**പരുമല കൊച്ചുതിരുമേനി**

മലങ്കര മെത്രാപ്പോലീത്തായായ പുലിക്കോട്ട് ജോസഫ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ തെക്കൻ ഇടവകകളുടെ ആസ്ഥാനം പരുമല ആയിരുന്നു. സാമുദായികമായി പല വ്യവഹാരങ്ങളും അദ്ദേഹത്തിന് നടത്തുവാൻ ഉണ്ടായിരുന്നതിനാൽ പരുമലയിൽ സ്ഥിരതാമസം പ്രയാസമായി ഭവിച്ചു. അതിനാൽ നിരണം ഇടവകയുടെ ഭരണാധിപനായ കൊച്ചുതിരുമേനി പരുമല ആസ്ഥാനമാക്കി ഭദ്രാസന ഭരണം നിർവ്വഹിച്ചു. ഇതേ തുടർന്നാണ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ 'പരുമല കൊച്ചുതിരുമേനി'യായി അറിയപ്പെട്ടു തുടങ്ങിയത്.

**മുനിശ്രേഷ്ഠൻ പരുമലയിൽ**

അന്ന് പരുമല ഒരു ദ്വീപായിരുന്നു. ജനവാസം അധികമില്ലാത്ത ആ ദ്വീപിനെപ്പറ്റി പല അന്ധവിശ്വാസങ്ങളുമുണ്ടായിരുന്നു. ഈ കാലത്ത് അരികുപുറത്ത് കോരുള മാത്തൻ, പരുമല ദ്വീപിൽ ഒരു ദേവാലയം സ്ഥാപിക്കാനായി കുറച്ചു സ്ഥലം അന്നത്തെ മലങ്കര മെത്രാപ്പോലീത്തായായിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന് നൽകിയിരുന്നു. അവിടെ ശെമ്മാശന്മാരെ പഠിപ്പിക്കാനായി ആദ്യം ഒരു അഴിപ്പുര നിർമ്മിച്ചു (ഇ

പ്പോഴും അത് സെമിനാരിയിൽ നിലനിർത്തിയിട്ടുണ്ട്). വൈദികരെ പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങളെയാണ് പൊതുവെ സെമിനാരി എന്നു വിളിക്കുന്നത്. ഇതിനോടകം നിരണം ഭദ്രാസനത്തിന്റെ ചുമതലയേറ്റെടുത്ത തിരുമേനി ഭദ്രാസനഭരണവും ഇവിടെ താമസിച്ചു കൊണ്ട് നിർവ്വഹിച്ചു. കൂട്ടത്തിൽ ശെമ്മാശന്മാരെ പഠിപ്പിക്കുവാനും പരിശീലിപ്പിക്കുവാനുമായി സമയം കണ്ടെത്തി. എല്ലാ മഹാന്മാരും ജീവിതത്തിൽ അച്ചടക്കം പരിശീലിച്ചവരായിരുന്നു. തിരുമേനിയുടെ ദൈനംദിനകാര്യങ്ങൾ ശ്രദ്ധിച്ചാൽ അതു മനസ്സിലാകും.

### തിരുമേനിയുടെ ഒരു ദിനം

അതിരാവിലെ നാലുമണിക്ക് എഴുന്നേൽക്കും. അന്തേവാസികളും ആ സമയത്തു തന്നെ എഴുന്നേൽക്കണം. 5 മണിവരെ പൊതുപ്രാർത്ഥന. 5 മുതൽ 7 വരെ ശെമ്മാശന്മാരെ വേദഭാഗങ്ങൾ പഠിപ്പിക്കും. അതിനുശേഷം രഹസ്യപ്രാർത്ഥന. ഉപവാസമില്ലാത്ത ദിവസങ്ങളിൽ 8.30 ന് ഭക്ഷണം. 9 മണിക്ക് വീണ്ടും പ്രാർത്ഥന. നമസ്കാരത്തിനുശേഷം 11 മണിവരെ ശെമ്മാശന്മാരെ പഠിപ്പിക്കും. 11 മുതൽ 12 വരെ ഭദ്രാസന ഭരണകാര്യങ്ങൾ, 12 മണിക്ക് ഉച്ചനമസ്കാരം. തുടർന്ന് 1.30 വരെ ഭക്ഷണവും വിശ്രമവും. 1.30 മുതൽ 4 മണിവരെ ശെമ്മാശന്മാർക്കുള്ള ക്ലാസ്സുകൾ. ഇതിനിടയിൽ ഇരുപത്തിരണ്ടരയുടെ നമസ്കാരം ഉണ്ടായിരിക്കും. 4 മണി മുതൽ 5.30 വരെ ഭരണകാര്യങ്ങൾ തുടരും. അനന്തരം സന്ധ്യാനമസ്കാരം, കുളി, ഭക്ഷണം ഇവയ്ക്കുശേഷം ശെമ്മാശന്മാരെ സുറിയാനി ഗീതങ്ങൾ പരിശീലിപ്പിക്കും. 9 മണിക്ക് പൊതുവിൽ സൂത്താറാ. രാത്രിയിൽ പല പ്രാവശ്യം എഴുന്നേറ്റ് രഹസ്യപ്രാർത്ഥന നടത്തും. നോമ്പ്, പ്രാർത്ഥന, ഉപവാസം ഇവ നിഷ്ഠയോടുകൂടി തിരുമേനി പാലിച്ചിരുന്നു.

### നാളെയെപ്പറ്റി ചിന്താഭാരമില്ലാത്ത തിരുമേനി

പരുമല സെമിനാരിക്ക് പ്രത്യേകമായ വരുമാനമാർഗ്ഗങ്ങൾ ഒന്നും അന്ന് ഉണ്ടായിരുന്നില്ല. സമീപ ഇടവകകളിൽനിന്നും കെട്ടുതേങ്ങായും പിടിയരിയും പിരിച്ച് സെമിനാരിയിൽ ഏല്പിച്ചുവന്നു. കൂടാതെ മറ്റു സംഭാവനകൾകൊണ്ടും സെമിനാരിയിലെ നിത്യച്ചെലവ് നടത്തിവന്നു. അടുത്ത ദിവസത്തെ ഭക്ഷണത്തിന് യാതൊന്നും ഇല്ലാതിരുന്ന സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. എങ്കിലും ദൃഢവിശ്വാസിയായിരുന്ന തിരുമേനി അചഞ്ചലനായി ദൈവത്തിൽ പ്രത്യാശവയ്ക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. അതിന്റെ ഫലം അത്ഭുതകരവുമായിരുന്നു. ഒരിക്കൽ ആഹാരപദാർത്ഥങ്ങൾ ഒന്നുമില്ലായിരുന്നു. അടുത്ത ദിവസത്തേക്ക് ഒൻപത് ചക്രം (32 പൈസയോളം) മാത്രമേ സെമിനാരിയിൽ ഉണ്ടായിരുന്നുള്ളൂ. ഭക്ഷണകാര്യങ്ങൾക്ക് ചുമതലപ്പെട്ടവർ വിഷമിച്ചു. വിവരം തിരുമേനിയെ അറിയിച്ചു. 'നാളെയെപ്പറ്റി ചിന്തിക്കേണ്ട എന്നല്ലേ തിരുവചനം' ഇതായിരുന്നു അക്ഷോഭ്യനായ തിരുമേനിയുടെ മറുപടി. പിറ്റേദിവസം പ്രഭാത നമസ്കാരം കഴിയുന്നതിനുമുമ്പ് ഒരാൾ ഏതാനും ചുമട്ടുകാരുമായി നാലഞ്ചുപറ അരി, രണ്ട് പഴക്കുല, കുറേ പായസം, മറ്റു പല സാധനങ്ങൾ എന്നിവയുമായി സെമിനാരിയിൽ എത്തി. അന്നു നടന്ന അടിയന്തിരത്തിന്റെ ഒരംശം സെമിനാരിയിൽ കൊണ്ടുവന്ന് ഏല്പിച്ചതായിരുന്നു. തിരുമേനിയുടെ സ്വശിഷ്യന്മാരിൽ വിശ്വാസവും ദൈവാശ്രയവും വർദ്ധിപ്പിക്കുന്നതിന് ഇത് സഹായിച്ചു. ഇതുപോലുള്ള പല സന്ദർഭങ്ങളും സ്വശിഷ്യർക്ക് അനുഭവപ്പെട്ടിട്ടുണ്ട്.

### പരുമല പള്ളി

കൊച്ചുതിരുമേനിയുടെ ആഗ്രഹപ്രകാരമാണ് പരുമലയിലെ പഴയപള്ളി പണിതത്. അതുവരെ അഴിപ്പുരയോടു ചേർന്നുള്ള താല്ക്കാലിക ഷെഡ്ഡിലാണ് ആരാധന നടത്തിയിരുന്നത്. പള്ളിയോടൊപ്പം സെമിനാരി കെട്ടിടവും പണിതു. പള്ളിയുടെ കൂദാശ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ കാർമ്മി

കത്വത്തിൽ നടത്തപ്പെട്ടു. വിശുദ്ധ പത്രോസ് പൗലൂസ് ശ്ലീഹന്മാരുടെ നാമത്തിലാണ് ദേവാലയം സ്ഥാപിക്കപ്പെട്ടത്. എന്നാൽ പരിശുദ്ധ ദൈവമാതാവിന്റെയും മാർ തോമാ ശ്ലീഹായുടെയും നാമത്തിലാണ് യഥാക്രമം വടക്കും തെക്കുമുള്ള ത്രോണോസുകൾ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നത്. ദേവാലയവും സെമിനാരി കെട്ടിടവും പൂർത്തിയായപ്പോൾ, തിരുമേനിയുടെ സാന്നിദ്ധ്യവും പുതിയ ദേവാലയത്തിലെ ആരാധനയും അനേകംപേർക്ക് ആകർഷകമായി. ഭക്തജനങ്ങൾ ആരാധിക്കുവാനും തിരുമേനിയെ കാണുവാനുമായി വർദ്ധിച്ചതോതിൽ വന്നുതുടങ്ങി. തിരുമേനി സ്ഥാപിച്ച പഴയ ദേവാലയം പുതുക്കിപ്പണിത് 2000 ഒക്ടോബർ 28-ാം തീയതി കൂദാശ ചെയ്തു. പരിശുദ്ധ ബസേലിയോസ് മാത്യൂസ് ദ്വിതീയൻ ബാവായാണ് കൂദാശയ്ക്കു നേതൃത്വം നൽകിയത്. പഴയ ദേവാലയത്തിന്റെ ഭാഗങ്ങൾ ചേർത്താണ് പരുമല ആശുപത്രിയിൽ ഇന്നു സ്ഥിതിചെയ്യുന്ന ദേവാലയം സ്ഥാപിച്ചിരിക്കുന്നത്.

## 5 തിരുമേനിയുടെ ജീവിതത്തിലെ മറ്റു സുപ്രധാന സംഭവങ്ങൾ

### മൂന്നു ഭദ്രാസനങ്ങളുടെ ചുമതല

നിരണം ഭദ്രാസനത്തിന്റെ ചുമതലയാണല്ലോ അദ്ദേഹത്തിന് ആദ്യം നൽകിയത്. അതോടൊപ്പം തുമ്പമൺ, കൊല്ലം ഭദ്രാസനങ്ങളുടെ ശുശ്രൂഷയും അദ്ദേഹത്തിൽ വന്നു ചേർന്നു. കൂടുതൽ ജനങ്ങളുമായി ബന്ധപ്പെടുവാനും അവരിൽ ആത്മീയമായ സ്വാധീനം ചെലുത്തുവാനും ഈ അധികചുമതലകൾ അദ്ദേഹത്തിന് അവസരം നൽകി. ഉദാഹരണമായി തുമ്പമൺ ഇടവകയിൽ വസൂരിരോഗം പടർന്നുപിടിച്ചപ്പോൾ, തിരുമേനി അവിടെ പോയി താമസിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. അനേകം രോഗികൾക്ക് അത്ഭുതമായി രോഗശാന്തി ലഭിക്കുകയുണ്ടായി. 'നീതിമാന്റെ പ്രാർത്ഥന വിലയേറിയത്' എന്നത് ഇവിടെ നിവൃത്തിയാവുകയായിരുന്നു.

### സഭയുടെ അതിരുകൾ വിശാലമാവുന്നു

ഭാരതത്തിന്റെ തെക്കേമൂലയിൽ ഒതുങ്ങിയിരുന്ന സഭയുടെ അതിരുകൾ വിശാലമാവുന്നത് ഈ തിരുമേനിയുടെ കാലത്താണ്. മറ്റു സഭകളിലേയ്ക്കു നമ്മുടെ അംഗങ്ങൾ കൊഴിഞ്ഞുപോകുന്നു എന്ന് കേൾക്കാറുണ്ടല്ലോ. എന്നാൽ പ്രബലമായ കത്തോലിക്കാ സഭയിൽനിന്ന് ആയിരക്കണക്കിന് വിശ്വാസികളും അവർക്ക് നേതൃത്വം കൊടുത്തവരും ഓർത്തഡോക്സ് സഭയുടെ വിശ്വാസവും ആരാധനയുടെ മഹത്വവും മനസ്സിലാക്കി ഇവിടേയ്ക്കുവരികയുണ്ടായി. അവരിൽ പ്രധാനി അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായാണ്. അദ്ദേഹത്തോടൊപ്പം ആയിരക്കണക്കിന് കത്തോലിക്കാവിശ്വാസികൾ ഓർത്തഡോക്സ് സഭയിലേയ്ക്കു ചേരുകയുണ്ടായി. ഫാ. അൽവാറീസിന് അദ്ദേഹം റമ്പാൻസ്ഥാനം നൽകി. 1889 ജൂലൈ 29-ാം തീയതി അദ്ദേഹത്തെ പഴയ സെമിനാരിയിൽവച്ച് മെത്രാൻസ്ഥാനത്തേയ്ക്ക് ഉയർത്തി, ബാഹ്യകേരളത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായാക്കി. ഈ ശുശ്രൂഷയിൽ പരുമല തിരുമേനിയും നേതൃത്വം കൊടുത്തിരുന്നു. ഇന്നത്തെ ബ്രഹ്മവാർ മിഷനും ഭദ്രാസനവും അൽവാറീസ് തിരുമേനിയുടെ പ്രവർത്തനങ്ങളുടെ അനന്തരഫലങ്ങളാണ്.

### സിലോൺ (കൊളംബോ) യാത്ര

അമേരിക്കൻ ഐക്യനാടുകളിലും ഓർത്തഡോക്സ് സഭയോടു താല്പര്യം ഉള്ളവർ അനവധി ഉണ്ടായിരുന്നു. അവർക്കുവേണ്ടി ഒരു മെത്രാപ്പോലീത്തായെ നിയമിക്കുവാൻ തീരുമാനിക്കുകയും ഫാ. റെനിവിലാത്തിയെ, തീമോത്തിയോസ് എന്നപേരിൽ 1892 മെയ് 21-ാം തീയതി കൊളംബോയിൽ വെച്ചു വാഴിക്കുകയും ചെയ്തു. അങ്കമാലി ഭദ്രാസന

ത്തിന്റെ അത്താനാസ്യോസ് തിരുമേനിയും അൽവാറീസ് മാർ യൂലിയോസ് തിരുമേനിയും പരുമല കൊച്ചുതിരുമേനിയുമാണ് ഈ മെത്രാൻ വാഴ്ചയ്ക്കു നേതൃത്വം നൽകിയത്. അൽവാറീസ് മെത്രാപ്പോലീത്തായുടെ സ്വാധീനഫലമായി കൊളംബോയിൽ തിരുമേനി മാരെ സ്വീകരിക്കുവാനും പരിചരിക്കുവാനും ഒരു വലിയ വിശ്വാസസമൂഹംതന്നെയുണ്ടാ യിരുന്നു. സഭയുടെ അതിരുകളെ വിശാലമാക്കാനുള്ള ആ കാലത്തെ സഭയുടെ ശുഷ്കാന്തി പിൽക്കാലങ്ങളിൽ കുറഞ്ഞുപോയോ എന്ന് ആത്മപരിശോധന നടത്തേണ്ടതാണ്.

### പ്രസിദ്ധമായ ഊർശ്ലേം യാത്ര

വിശുദ്ധനാട് സന്ദർശനം ഏറെ ദുഷ്കരമായ കാലഘട്ടത്തിലാണ് അദ്ദേഹം ആ സാഹ സത്തിന് മുതിർന്നത്. പണം, യാത്രാസൗകര്യങ്ങൾ, താമസം ഇവയെല്ലാം ആ കാലത്ത് വളരെ പരിമിതമായിരുന്നു. പള്ളികളിൽനിന്ന് പിരിവ് എടുത്താണ് തിരുമേനി അതിനു വേണ്ടി പണം കണ്ടെത്തിയത്. കാർ, ബസ്സ്, തീവണ്ടി, കപ്പൽ, ബോട്ട് ഇവയിൽ എല്ലാം മാറിക്കയറി അനേക ആഴ്ചകൾക്കൊണ്ടാണ് യാത്ര പൂർത്തിയാക്കി ആത്മീയനിറവോടെ തിരിച്ചെത്തിയത്. സ്ഥലങ്ങൾ കാണാനോ, കാഴ്ചകൾ കണ്ടുള്ള ഉല്ലാസത്തിനോ ആയി രുന്നില്ല അദ്ദേഹത്തിന്റെ വിശുദ്ധനാട് സന്ദർശനം. ആഴമേറിയ 'ക്രിസ്താനുഭവമായിരുന്നു' ആത്യന്തിക ലക്ഷ്യം. ഈ യാത്രയുടെ ഫലമായി അദ്ദേഹം രചിച്ച 'ഊർശ്ലേം യാത്രാവി വരണം' മലയാളസാഹിത്യത്തിൽ ചിരപ്രതിഷ്ഠനേടിയ ഗ്രന്ഥമായിത്തീർന്നു. അത് എല്ലാ വരും വായിച്ചിരിക്കേണ്ട ഗ്രന്ഥമാണ്. ആഴമേറിയ ക്രിസ്താനുഭവത്തെ അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽക്കൂടി നമുക്ക് മനസ്സിലാക്കാം. 'സാക്ഷാൽ ദൈവത്തെ വന്ദിക്കുന്നത് ഈ മലയിലല്ല, ഊർശ്ലേമിലുമല്ല; ആത്മാവിലും സത്യത്തിലുമാണ്. ആകയാൽ ക്രിസ്ത്യാ നികൾക്ക് ദൈവത്തെ എവിടെയിരുന്നും സേവിക്കാം. എന്നാലും നാം അല്പവിശ്വാസി കളും പാപികളുമാകയാൽ ചെവികൊണ്ട് ഗ്രഹിക്കാവുന്നതിലധികം കണ്ണുകൊണ്ട് ഗ്രഹി ക്കുമ്പോഴുണ്ടാകുന്ന വിശ്വാസസ്ഥിരതയും മനസ്സിന്റെ ഭക്തിയും ഊർശ്ലേം യാത്ര യിൽനിന്നുണ്ടാകുമെന്ന് നാം അനുഭവിച്ച് അറിഞ്ഞിരിക്കുന്നു. അവിടെ ഓരോ പുണ്യ സ്ഥലങ്ങളിലും ഞങ്ങൾ പ്രാർത്ഥിച്ചപ്പോൾ ഞങ്ങൾക്കുണ്ടായ മനസ്സിളക്കവും പാപവി ചാരവും അനുതാപവും ഭക്തിയും ഞങ്ങളുടെ ആയുസ്സിൽ ഒരിക്കലും അനുഭവിച്ചിട്ടി ല്ലാത്ത മാതിരിയിലായിരുന്നു. ഞങ്ങളുടെ മനസ്സ് ദൈവത്തിൽ ലയിച്ചതുപോലെ തോന്നി. അവിടെനിന്നും എഴുന്നേൽക്കാതെ സദാ പ്രാർത്ഥിച്ചുകൊണ്ട് കിടന്നാലോ എന്നു തോന്നി ഞങ്ങളുടെ മനസ്സുരുകി" (ഭക്തവചനം: ഊർശ്ലേം യാത്രകഴിഞ്ഞ് മടങ്ങിവന്ന് പരുമല യിൽ കൂടിയവരോട് പ്രസംഗിച്ചത്).

### സുവിശേഷതല്പരത

പോയതുപോലെയല്ല തിരുമേനി മടങ്ങിയെത്തിയത്. ജീവിതവീക്ഷണത്തിൽ വലിയ വ്യതിയാനം തന്നെയുണ്ടായി. സുവിശേഷത്തെക്കുറിച്ചും സാമൂഹ്യസേവനത്തെക്കുറിച്ചും വലിയ ഉൾക്കാഴ്ചതന്നെ ഉണ്ടായി. അദ്ദേഹത്തിന്റെ വാക്കുകൾ വീണ്ടും ശ്രദ്ധിക്കുക. "ക്രിസ്ത്യാനികളായ നാം ചെയ്യേണ്ടത് എന്തെല്ലാമാണെന്ന് ആലോചിക്കാം. ഈ നാട്ടിൽ അജ്ഞാനികളായി ദാരിദ്ര്യത്തിൽ മുഴുകി പാപം ചെയ്തും കഷ്ടപ്പെട്ടും വസിക്കുന്ന അനവധി ആളുകളുണ്ട്. താഴ്ന്ന ജാതിക്കാരെന്ന് പറഞ്ഞുവരുന്ന പുലയർ മുതലായവർക്ക് രാജപാതയിൽ സഞ്ചാരമോ, സമസൃഷ്ടികളോടുള്ള അടുപ്പമോ സാദ്ധ്യമല്ലാതെയാണ് ഇരിക്കുന്നത്. ഈ സാധുക്കൾക്ക് സത്യമായ ദൈവവിശ്വാസം ഉണ്ടാക്കേണ്ടതും അവ രുടെ കഷ്ടപ്പാടുകൾ തീർക്കേണ്ടതും നമ്മുടെ കർത്തവ്യമാകുന്നു. ഇവരെ ക്രിസ്തുമത ത്തിൽ ചേർത്ത് ഇവർക്ക് പ്രത്യേകം പള്ളികൾ തൽക്കാലം ഉണ്ടാക്കിക്കൊടുക്കണം. ഇവരുടെ താഴ്ന്ന സ്ഥിതിയിൽനിന്ന് ഉയർന്നുവരുന്നതോടുകൂടി ഇവരെ നമ്മുടെ പള്ളി

കളിൽ പ്രവേശിപ്പിച്ചുകൊള്ളാം. ഈ വിഷയത്തിൽ നാം ചെയ്തിട്ടുള്ള ശ്രമം വളരെ വർദ്ധിപ്പിക്കാനുണ്ട്. ഇവരുടെ ഇടയിൽ സുവിശേഷപ്രസംഗങ്ങൾ നടത്തണം" (ഭക്തവചനം: പുണ്യസ്ഥലം സന്ദർശിച്ചു മടങ്ങിവന്ന് പരുമലയിൽ കൂടിയവരോട് പ്രസംഗിച്ചത്).

### രണ്ടു ശിഷ്യന്മാർക്ക് പട്ടം നൽകുന്നു

തിരുമേനി ഒരു ശ്രേഷ്ഠഗുരുവായിരുന്നു. അവരിൽ പ്രധാനികളായ രണ്ടു ശെമ്മാശന്മാർക്ക് അദ്ദേഹം കശ്ശീശാപട്ടം നൽകി. ഒരാൾ കുറിച്ചിയിൽ പുന്നൂസ് ശെമ്മാശനും മറ്റെയാൾ അങ്കമാലി ഇടവകയിൽ കുറ്റിക്കാട്ട് പൗലൂസ് ശെമ്മാശനുമായിരുന്നു. ഇതിൽ പുന്നൂസ് ശെമ്മാശൻ പിൽക്കാലത്ത് കുറിച്ചി ബാവാ എന്നറിയപ്പെടുന്ന പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വീതിയൻ കാതോലിക്കാ ബാവായായി. ഇദ്ദേഹമാണ് തന്റെ ശ്രേഷ്ഠഗുരുവായ പരുമല തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിച്ചത്. പൗലൂസ് ശെമ്മാശൻ, പിൽക്കാലത്ത് ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ കബറടങ്ങിയ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായായി. സഭയിൽ കക്ഷികളുണ്ടായപ്പോൾ ഇവർ ഇരുചേരിയിലായിരുന്നെങ്കിലും വന്ദ്യഗുരുവിന്റെ നല്ല മാതൃകകളെ ജീവിതത്തിൽ അവർ സ്വാംശീകരിച്ചിരുന്നു.

### ആർത്താറ്റുപള്ളി ശവക്കോട്ടയും സ്കൂളുകളും

ഊർശ്ലേം മടക്കയാത്രയ്ക്കുശേഷം 1899-ൽ കുറേനാളുകൾ അദ്ദേഹം ആർത്താറ്റുപള്ളിയിൽ താമസിച്ചിരുന്നു. നാലര ഏക്കറോളം വരുന്ന അതിന്റെ സെമിത്തേരി, ചുറ്റുമതിലുകൾ ഇല്ലാതെ തുറസ്സായി കിടന്നിരുന്നു. പൂർവ്വികരെ അടക്കിയിരുന്ന സെമിനാരി ഭംഗിയായി സൂക്ഷിക്കണമെന്നുള്ള തിരുമേനിയുടെ കല്പനയെ മാനിച്ച് അതു ചുറ്റുമതിൽ കെട്ടി ഭംഗിയാക്കി.

സാമൂഹ്യപരിഷ്കരണത്തിന് പ്രത്യേകിച്ച് അധഃകൃതരുടെ ഉന്നമനത്തിന് ഇംഗ്ലീഷ് വിദ്യാഭ്യാസം അത്യാവശ്യമെന്ന് അദ്ദേഹം വിശ്വസിക്കുകയും അതിലേയ്ക്കായി അനേകം സ്കൂളുകൾക്ക് തുടക്കമിടുകയും ഉണ്ടായി. മുളന്തുരുത്തി, കുന്നംകുളം, തിരുവല്ല തുടങ്ങിയ സ്ഥലങ്ങളിലൊക്കെ സ്കൂളുകൾ ആരംഭിച്ചു. കുന്നംകുളത്തെ സ്കൂൾ പിൽക്കാലത്ത് സർക്കാരിന് വിട്ടുകൊടുത്തു. 'മെത്രാച്ചന്റെ സ്കൂൾ' എന്ന് പിൽക്കാലത്ത് അത് അറിയപ്പെടാനും ഇടയായി. തിരുവല്ലായിലെ സ്കൂൾ, തിരുമേനിയുടെ കാലശേഷം തിരുമേനിയുടെ പേരു നൽകി. മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ (എം. ജി. എം.) ഹൈസ്കൂൾ എന്ന് അറിയപ്പെടാൻ തുടങ്ങി.

### പുലിക്കോട്ടിൽ തിരുമേനിയുടെ കശ്ശീശാസ്ഥാന കനകജൂബിലി

പരുമല തിരുമേനിയുടെ കാലത്തെ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് തിരുമേനിയായിരുന്നല്ലോ. മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ വ്യവഹാരങ്ങളും മറ്റു അനവധി കഷ്ടപ്പാടുകളും പുലിക്കോട്ടിൽ തിരുമേനിക്ക് നേരിടേണ്ടതായി വന്നു. അതിനാൽ അദ്ദേഹത്തെ ആദരിക്കുവാൻ സഭ തീരുമാനിക്കുകയും അദ്ദേഹത്തിന്റെ പൗരോഹിത്യ കനകജൂബിലി (50 വർഷം) 1901-ൽ കോട്ടയത്തുവച്ചു നടത്തുകയും ചെയ്തു. പ്രകൃതി വളരെ പ്രതികൂലമായിരുന്നെങ്കിലും മീറ്റിംഗ് സമയത്ത് പ്രകൃതി ശാന്തമായിരിക്കുമെന്ന് പരുമല തിരുമേനി കല്പിച്ചു. പിറ്റേദിവസം അങ്ങനെ തന്നെ സംഭവിച്ചതിനാൽ തിരുമേനിയിൽക്കൂടി നടന്ന വലിയ അത്ഭുതമായിത്തന്നെ അന്ന് ആളുകൾ വിശ്വസിച്ചു. ഇങ്ങനെ ചെറുതും വലുതുമായ അനേകം സംഭവങ്ങളിൽക്കൂടി തിരുമേനിയെ ഒരു വിശുദ്ധനായി ജീവിച്ചിരിക്കുമ്പോൾതന്നെ ജനങ്ങൾ അംഗീകരിക്കുകയുണ്ടായി.

### 6 തിരുമേനിയുടെ നിര്യാണം

1902 കന്നി മാസത്തോടെ തിരുമേനിയുടെ രോഗം ഗുരുതരമായിത്തീർന്നു. വ്രതത്തിന്റെയും ഉപവാസത്തിന്റെയും കഠിനതമൂലം സാധാരണയുണ്ടാകാറുള്ള അർശ്ശസ് രോഗം ഇത്തവണ മൂർച്ഛിച്ചതിന്റെ ഫലമായി അതിവേദന അനുഭവിക്കേണ്ടിവന്നു. ശിഷ്യഗണങ്ങളായ വട്ടശ്ശേരിൽ ഗീവർഗീസ് കത്തനാരും പുന്നൂസ് റമ്പാച്ചനും അനവധി വൈദികരും ജനങ്ങളും വാർത്തകേട്ടു വന്നുതുടങ്ങി. മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ തിരുമേനിക്ക് ഈ വാർത്ത അതീവ ദുഃഖകരമായി. അദ്ദേഹം അക്ഷരാർത്ഥത്തിൽ പൊട്ടിക്കരഞ്ഞുപോയി എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൊച്ചുതിരുമേനിയോട് മലങ്കര മെത്രാപ്പോലീത്തായ്ക്ക് അത്ര വാത്സല്യവും ആദരവും ആയിരുന്നു. വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാരെ വിളിച്ച് സ്ഥാനചിഹ്നങ്ങളും താക്കോലും ഏല്പിച്ചു. ഇതിനുശേഷം രണ്ടുദിവസം മൗനമായി കിടന്നു. മൂന്നാം ദിവസം തിരുമേനി തീയതി അന്വേഷിച്ചു. ആരിൽനിന്നോ 18-ാം തീയതി എന്നു കേട്ടപ്പോൾ 'കർത്താവേ! ഇനിയും രണ്ടു ദിവസംകൂടി ഈ വേദന ഞാൻ സഹിക്കണമല്ലോ' എന്നു പറയുകയുണ്ടായി. ഇതിൽ നിന്നും സുറിയാനി കണക്കിന് തുലാം 20-ാം തീയതി മരിക്കുമെന്ന് തിരുമേനി തന്റെ ജ്ഞാനദൃഷ്ടിയാൽ ഗ്രഹിച്ചിരുന്നിരിക്കണം. 20-ാം തീയതി രാവിലെ തിരുമേനിക്ക് കന്തീലാശുശ്രൂഷ നടത്തി. തിരുമേനി വി. കുർബ്ബാന അനുഭവിക്കുകയും ചെയ്തു. അന്ന് പാതിരാത്രിക്കടുത്ത സമയം തിരുമേനി നേരിയ സ്വരത്തിൽ 'എന്റെ കർത്താവേ!' എന്നു വിളിച്ചുകൊണ്ട് നിശ്ചലനായി കിടന്നു. സമീപത്തുണ്ടായിരുന്ന പുന്നൂസ് റമ്പാച്ചൻ (പിന്നീട് മാർ ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ) ഞാൻ വിശ്വസിക്കുന്നു എന്നർത്ഥമുള്ള 'മ്ഹയ്മീനാൻ' ചൊല്ലി. മരണശയ്യയുടെ ചുറ്റുംകൂടിനിന്ന വൈദികർ പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേക ദൈവത്തിൽ എന്നർത്ഥമുള്ള 'ബ്ഹാദാലോഹോ ശാറീറോ ആബോ വബ്രോ ഉറൂഹോ കാദീശോ' എന്ന് ഏറ്റുചൊല്ലി. ഇത് മൂന്നു പ്രാവശ്യം ചൊല്ലി. പരിശുദ്ധ പിതാവ് അന്ത്യശ്വാസം വലിച്ചു. ആ പുണ്യവാളന്റെ ആത്മാവ് ദൈവത്തിന്റെ തൃക്കൈകളിൽ ഭരമേല്പിക്കപ്പെട്ടു. അമേരിക്കൻ പ്രസിഡന്റായിരുന്ന ഏബ്രഹാം ലിങ്കൺ വെടിയേറ്റു മരണമടഞ്ഞ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ ഒരു ആരാധകൻ ഉദ്ഘോഷിച്ചു. 'ഇന്നലെവരെ ഇദ്ദേഹം അമേരിക്കയുടെ വകയായിരുന്നു. നമ്മുടെ സ്വന്തമായിരുന്നു. ഇന്നിതാ അദ്ദേഹം സർവ്വ ലോകത്തിന്റെയും വകയായി തീർന്നിരിക്കുന്നു! സർവ്വ യുഗങ്ങളിലും ഇദ്ദേഹം സ്മരിക്കപ്പെടും!' മലങ്കര സുറിയാനിസഭയുടെ സ്വന്തമെന്നു കരുതിയിരുന്ന ആ പുണ്യവാളൻ കൊച്ചുതിരുമേനി, സർവ്വ മതസ്ഥരുടെയും പുണ്യവാളനായിത്തീർന്നു! ആ തിരുമേനിയുടെ നാമം എന്നെ ന്നും സ്മരിക്കപ്പെടുകതന്നെ ചെയ്യും.

'കൊച്ചുതിരുമേനി' ദിവംഗതനായ വിവരം കർണ്ണാകർണ്ണകിയാ ഗ്രഹിച്ച ഒരു വലിയ ജനപ്രവാഹം പരുമലയിലേക്ക് നീങ്ങുന്നത് ദൃശ്യമായി. കുബേരകുചേല വ്യത്യാസമെന്യേ വൈദികരും അവൈദികരും ക്രിസ്ത്യാനിയും അക്രൈസ്തവരും എല്ലാവരും ഉൾപ്പെട്ട ഒരു ആരാധകസംഘം തങ്ങളുടെ പുണ്യവാളനെ ഒരുനോക്കുകാണുവാൻ തുടിക്കുന്ന ഹൃദയവും നിറഞ്ഞ നയനങ്ങളുമായി വണ്ടിയിലും വള്ളത്തിലും കാൽനടയായും പരുമല ദ്വീപിനെ ലക്ഷ്യമാക്കി നീങ്ങുകയായി. രോഗാരംഭം മുതൽ സെമിനാരിയിൽവന്ന് വേണ്ട ശുശ്രൂഷകൾ കൊച്ചുതിരുമേനിക്കുവേണ്ടി ചെയ്തുകൊണ്ടിരുന്ന വലിയ തിരുമേനിയുടെ ആശാകേന്ദ്രം നഷ്ടപ്പെട്ടതിലുള്ള മനോവ്യഥ തിരുമേനിക്ക് അടക്കുവാൻ നിർവ്വാഹമില്ലായിരുന്നു. വ്യവഹാരങ്ങളുടെ നടുചുഴിയിൽ അകപ്പെട്ടു സഭാനൗകയുടെ അമരത്ത് ഇരുന്നുകൊണ്ട്, അതിനെ നയിക്കാനുള്ള ശക്തി തിരുമേനിക്ക് ലഭിച്ചുകൊണ്ടിരുന്നത് ഈ കൊച്ചുതിരുമേനിയുടെ പ്രാർത്ഥന മൂലമാണെന്ന് തിരുമേനി സുദൃഢം വിശ്വസിച്ചിരുന്നു. സങ്കടങ്ങളുടെ നടുവിൽ പരുമല ഓടിയെത്തി കൊച്ചുതിരുമേനിയോടൊത്ത്

പ്രാർത്ഥിച്ചശേഷം യാത്ര തിരിക്കുമ്പോൾ കൊച്ചുതിരുമേനി 'പ്രാർത്ഥിച്ചുകൊള്ളണമെ' എന്നുപറയുവാൻ ഇനിയും ആളില്ലല്ലോ എന്നായിരിക്കാം തിരുമേനിയുടെ വ്യഥ. പിന്നീട് വല്യമെത്രാച്ചൻ 1909-ൽ കാലംചെയ്യുന്നതുവരെയും ഒരു തീർത്ഥാടന സ്ഥാനമായി പരുമല സെമിനാരി തിരുമേനി സന്ദർശിക്കുമായിരുന്നു.

കാലംചെയ്ത തിരുമേനിയെ അംശവസ്ത്രങ്ങൾ അണിയിച്ച് സ്ഥാനചിഹ്നങ്ങൾ ധരിപ്പിച്ച് പൂർവ്വികാചാരപ്രകാരം ഭക്തജനങ്ങളുടെ ദർശനത്തിനായി പള്ളിയകത്ത് കസേരയിൽ ഇരുത്തി.

**കബറടക്കം**

തിരുമേനിയുടെ കബറടക്കശുശ്രൂഷകൾ തിങ്കളാഴ്ച തന്നെ ആരംഭിച്ചു. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ 200-ൽപരം വൈദികർ ചേർന്ന് ചൊവ്വാഴ്ചകൊണ്ട് ശുശ്രൂഷകൾ നിർവ്വഹിച്ചു. വലിയ തിരുമേനിക്ക് മൃതദേഹം കാണുമ്പോൾ ഉണ്ടാകുന്ന വികാരത്തള്ളലാൽ ശുശ്രൂഷകളിൽ സംബന്ധിക്കുവാൻ അശക്തനായി ഭവിച്ചു. അനേകായിരം ഭക്തജനങ്ങളുടെ സാന്നിദ്ധ്യത്തിൽ പ്രദക്ഷിണം നടത്തി സംബന്ധിച്ച വമ്പിച്ച ജനാവലിയുടെ തീവ്രദുഃഖം മൂലമുണ്ടായ വാവിട്ടുള്ള നിലവിളികളുടെയും വിങ്ങിപ്പൊട്ടിയുള്ള ഏങ്ങലടികളുടെയും ശബ്ദം എവിടെയും കേൾക്കാമായിരുന്നു. കൈമുത്ത് നടത്തുന്നതിനുതന്നെ രണ്ടുമൂന്ന് മണിക്കൂറുകളെടുത്തു. ഇപ്പോൾ പരുമല സെമിനാരിയിൽ കാണുന്ന സ്ഥലത്തുതന്നെ കബറടക്കം നടത്തി. അത് തിരുമേനിയുടെ ദൈവനിയോഗത്താൽ നേരത്തെ തെരഞ്ഞെടുത്ത സ്ഥലമായിരുന്നു എന്നു പറയപ്പെടുന്നു. ഭക്തജനങ്ങൾ വഴിപാടായി നൽകിയ കുന്തിരിക്കംകൊണ്ടാണ് കുഴിയിൽ ഇറക്കിവച്ച തിരുമനസ്സിലെ മൃതദേഹം കഴുത്തുവരെ നിറയുവോളം മൂടിയത്. കബറടക്കത്തിനു കൂടിയ അഗതികളായ ആളുകൾക്ക് കോടിത്തുണികൾ ദാനംചെയ്തു. മുപ്പതാംദിവസം അടിയന്തിരം മലങ്കരയിലെ എല്ലാ പള്ളിക്കാരുടെയും സഹകരണത്തിൽ 600-ൽപരം പറ അരിയും 1300 രൂപയും മറ്റു പല സാധനങ്ങളും പിരിച്ചെടുത്ത് സമൃദ്ധിയായി നടത്തി.

അടിയന്തിര ദിവസംതന്നെ വലിയ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പള്ളിപ്രതിപുരുഷയോഗത്തിൽവച്ച്, പഴയ സെമിനാരി മാനേജർ കൊച്ചുപറമ്പിൽ പൗലൂസ് റമ്പാച്ചനേയും, വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാരേയും മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. അടുത്ത ദിവസംതന്നെ കൂടിയ ഒരു യോഗത്തിൽവെച്ച് തിരുവല്ല ഹൈസ്കൂളിന് തിരുമേനിയുടെ സ്മരണയ്ക്കായി മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ (എം. ജി. എം.) എന്നു നാമകരണം ചെയ്തു.

ശീമയിൽനിന്ന് അനുശോചന സന്ദേശം അയച്ച യരുശലേം മെത്രാപ്പോലീത്താ അറിയിച്ചതുപോലെ 'സഭയുടെ വിളക്ക് സത്യമായും കെട്ടുപോയി.' അതേ ഈ പരമസിദ്ധൻ സഭയുടെ കെടാവിളക്കും ധ്രുവനക്ഷത്രവുമായിരുന്നു. ദാനിയേൽ പ്രവാചകന്റെ പുസ്തകം 12:3-ൽ പറയുന്നതുപോലെ 'ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും, പലരേയും നീതിയിലേക്ക് തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും.'

**വിശുദ്ധനായുള്ള പ്രഖ്യാപനം**

1947 നവംബർ 2-ാം തീയതി (45-ാം ചരമവാർഷികത്തിൽ) പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ വിശുദ്ധനായി മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷനായിരുന്ന മലങ്കര സഭാ സുന്നഹദോസ് പ്രഖ്യാപിച്ചു. ഇതിനുശേഷം അനേകം പള്ളികൾ കൊച്ചുതിരുമേനിയുടെ നാമത്തിൽ സ്ഥാപിതമായിക്കൊണ്ടിരിക്കുന്നു.

## 7 പരുമല തിരുമേനിയുടെ സംഭാവനകൾ

ആധുനിക മലങ്കര സഭയുടെ ചരിത്രം പരുമലയും തിരുമേനിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. നാനാജാതിമതസ്ഥരായ അനേകായിരങ്ങളുടെ അഭയകേന്ദ്രമാണ് പരുമലയും അവിടെ സ്ഥിതിചെയ്യുന്ന പരിശുദ്ധന്റെ കബറിടവും. ഭൗതികജീവിതത്തിലെ കഷ്ടപ്പാടുകളും രോഗങ്ങളും ദുഃഖങ്ങളും എല്ലാവരേയും തളർത്തുമ്പോൾ, പരിശുദ്ധന്റെ മദ്ധ്യസ്ഥത എല്ലാവർക്കും ആശ്വാസമേകുന്നു. ഇത് പരിശുദ്ധ തിരുമേനിയുടെ ജീവിത ത്തിൽനിന്നു നമുക്കു ലഭിക്കുന്ന ഒരു കാര്യമേ ആകുന്നുള്ളൂ. കുറച്ചുകൂടി വിപുലമായ അർത്ഥതലങ്ങൾ തിരുമേനിയുടെ ജീവിതത്തിനുണ്ട്.

### 1. പൗരസ്ത്യ ആദ്ധ്യാത്മികതയുടെ ശുദ്ധമായ മാതൃക

ഓർത്തഡോക്സ് ആദ്ധ്യാത്മികതയ്ക്ക് ചില സവിശേഷതകളുണ്ട്. അതിൽ പ്രധാന മാണ് THEOSIS അഥവാ ദൈവികരണം എന്ന അടിസ്ഥാനം. “ദൈവപുത്രൻ മനുഷ്യപു ത്രനായത് മനുഷ്യപുത്രരെ ദൈവപുത്രരാക്കുവാനാണെന്നുള്ള” പരിശുദ്ധനായ അത്താ നാസ്യോസിന്റെ പ്രമാണം ഓർത്തഡോക്സിയുടെ മുഖമുദ്രയാണ്. അതായത്, മനുഷ്യൻ ദൈവത്തെ അന്വേഷിക്കുന്നത്, ഭൗതികസുഖസൗകര്യങ്ങൾക്കുവേണ്ടിയല്ല, ആത്യന്തിക മായി ദൈവസ്വഭാവത്തിൽ പങ്കുചേരുന്നതിനാണ് (2 പത്രോ. 1:4). “മുൻപേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ. അതോടുകൂടി ഇതെല്ലാം നിങ്ങൾക്കു ലഭിക്കും” (മ ത്താ. 6:33) എന്ന കർത്താവിന്റെ വചനം അനുസരിച്ച് ദൈവവുമായി ഒന്നായിത്തീരുന്ന അനുഭവമുണ്ട്. വിശുദ്ധനാട് സന്ദർശനത്തിന്റെ അനുഭവമായി തിരുമേനി അതു സൂചിപ്പി ച്ചത് നേരത്തെ നാം കാണുകയുണ്ടായല്ലോ. “ഞങ്ങളുടെ മനസ്സ് ദൈവത്തിൽ ലയിച്ചതു പോലെ തോന്നി” എന്ന് അദ്ദേഹം പ്രസ്താവിച്ചു.

### 2. പ്രാർത്ഥനയും കഠിനമായ വ്രതാനുഷ്ഠാനങ്ങളും

ദൈവസന്നിധിയിൽനിന്ന് എല്ലാവരെയും അകറ്റുന്നത് പാപമാണ്. തിന്മചെയ്യുവാൻ പ്രേരണ നൽകുന്നതും പിശാചാണ്. പൈശാചികശക്തിയെ ജയിക്കുവാൻ പ്രാർത്ഥനയും നോമ്പും ഉപവാസവും ആരാധനയും കൂദാശാനുഷ്ഠാനങ്ങളുമൊക്കെ വിശ്വാസികൾക്കു സഹായകമാകുന്നു. കേവലം ആചാരാനുഷ്ഠാനങ്ങൾ നല്കുന്ന ഒരു മാനസിക സംതൃ പ്തിയിലല്ല തിരുമേനി നിലകൊണ്ടത്. ദൈവസംസർഗ്ഗവും ഉന്നതമായ ജീവിതവിശുദ്ധി യുമാണ് പ്രാർത്ഥനയിലും കഠിനമായ വ്രതാനുഷ്ഠാനങ്ങളിലും കൂടി അദ്ദേഹം കരഗത മാക്കിയത്. അദ്ദേഹം ഇങ്ങനെ പഠിപ്പിച്ചുവല്ലോ “നിത്യവും പ്രാർത്ഥന ചെയ്യുന്നവർ ഒരി ക്കലും അസത്യവാനോ, ദുർമാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷി യോ, സ്വാമി ദ്രോഹിയോ ആയിത്തീരുന്നതല്ല. പ്രാർത്ഥന എന്നത് ശൈശവത്തിലെ ഉത്സാഹവും യൗവനത്തിലെ ആശ്രയവും വാർദ്ധക്യത്തിലെ സമാധാനവുമാകുന്നു” (ഭ ക്തവചനം).

### 3. സഭയെ പരിപോഷിപ്പിച്ചു

തിരുമേനി ജീവിച്ചത് പാശ്ചാത്യ മിഷനറിമാരുടെ കടന്നുകയറ്റത്തിന്റെ കാലത്തായി രുന്നു. എക്കാലത്തും മനുഷ്യൻ പുതുമയെ തേടുന്നതിൽ താല്പര്യമുള്ളവരാണല്ലോ. നവീകരണവിശ്വാസത്തോട് ആഭിമുഖ്യമുള്ളവർ ഇവിടെയും ഉണ്ടായി. കുറേപ്പേർ സഭവി ട്ടുപോവുകയും ചെയ്തു. ഓർത്തഡോക്സ് സഭയിൽ ആത്മീയത പോരാ എന്നു ചിന്തി ച്ചവർക്ക് തിരുമേനി വാക്കുകളിലൂടെയല്ല, സ്വന്തജീവിതംകൊണ്ട് മറുപടി നൽകി. സഭാം ഗങ്ങൾ വിശുദ്ധിയിൽ വളരുന്നതിലൂടെയാണ് സഭയെ പരിപോഷിപ്പിക്കുന്നത് എന്ന് പഠി പ്പിച്ചു. അനേകായിരങ്ങൾ അന്നും ഇന്നും ആത്മീയതയുടെ പുതിയ മേച്ചിൽപ്പുറങ്ങൾ തേടിപ്പോകാത്തത് തിരുമേനിയെപ്പോലുള്ള വിശുദ്ധന്മാരുടെ ജീവിതസാക്ഷ്യം കൊണ്ടാണ്.

**4. മലങ്കര സഭയിലെ അന്തോനിയോസ്**

ആശ്രമപ്രസ്ഥാനത്തിന്റെ പിതാവാണല്ലോ മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വിശുദ്ധനായ അന്തോനിയോസ്. ഒന്നരനൂറ്റാണ്ടിനുമുൻപുള്ള വെട്ടിക്കലും പരുമല ദ്വീപും വിജനമായ കാട്ടുപ്രദേശങ്ങൾതന്നെയായിരുന്നു. സന്യാസത്തെ പരിപോഷിപ്പിക്കുവാൻ പറ്റിയ അന്തരീക്ഷം. ലോകമോദങ്ങൾക്കൊന്നും ഈ വിശുദ്ധൻ വഴങ്ങിയില്ല. എന്തിനധികം മെത്രാപ്പോലീത്താ സ്ഥാനംപോലും ഏൽക്കാൻ അദ്ദേഹം ആഗ്രഹിച്ചില്ല. ആദിമസഭയിലെ ചില പിതാക്കന്മാരെപ്പോലെ സഭയ്ക്കു തന്റെ സേവനം ആവശ്യമായതിനാൽ അദ്ദേഹം ആ സ്ഥാനം സ്വീകരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥനയും കഠിനവ്രതങ്ങളും പരിഗണിക്കുമ്പോൾ മലങ്കരയിലെ അന്തോനിയോസായി അദ്ദേഹത്തെ വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല.

**5. സാമൂഹ്യപരിഷ്കർത്താവ്**

ദൈവത്തിന്റെ ഇഷ്ടം അനുസരിച്ച് ലോകത്തെ സ്നേഹിക്കുകയും പരിവർത്തിപ്പിക്കുകയും ചെയ്യുന്നവരാണ് യഥാർത്ഥ വിശുദ്ധർ. ജാതിവ്യത്യാസവും അനാചാരങ്ങളും നിറഞ്ഞ സാമൂഹ്യവ്യവസ്ഥിതിയിൽ താഴേയ്ക്കിടയിലുള്ള പുലയർ, പറയർ തുടങ്ങിയ ജാതികളിൽപ്പെട്ടവർ വളരെ കഷ്ടപ്പെട്ടിരുന്നു. അവരോടു തിരുമേനിക്ക് വളരെ അനുകമ്പയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കുക. “താഴ്ന്ന ജാതിക്കാരെന്നു പറഞ്ഞുവരുന്ന പുലയർ മുതലായവർക്കു രാജപാതയിൽ സഞ്ചാരമോ സമസൃഷ്ടങ്ങളോടുള്ള അടുപ്പമോ സാദ്ധ്യമല്ലാതെയാണ് ഇരിക്കുന്നത്. ഈ സാധുക്കൾക്കു സത്യമായ ദൈവവിശ്വാസം ഉണ്ടാക്കേണ്ടതും അവരുടെ കഷ്ടപ്പാടുകൾ തീർക്കേണ്ടതും അവർക്ക് അറിവുണ്ടാക്കിക്കൊടുത്ത് അവരെ പാപങ്ങളിൽനിന്നും കുറ്റങ്ങളിൽനിന്നും രക്ഷിക്കേണ്ടതും നമ്മുടെ മുഖ്യമായ കർത്തവ്യമാകുന്നു.” ‘സാധുക്കളുടെ ഭാഗത്ത് ദൈവമുണ്ട്’ എന്ന് പഠിപ്പിച്ച തിരുമേനി പാവങ്ങളോടു കരുണയുണ്ടാകണമെന്ന് ശക്തമായി പഠിപ്പിച്ചിരുന്നു.

**6. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് നൽകിയ ഊന്നൽ**

തിരുമേനിയുടെ സാമൂഹ്യപരിഷ്കരണത്തിന്റെയും പുരോഗമനചിന്തകളുടെയും നല്ല ഉദാഹരണമാണ് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് അദ്ദേഹം നൽകിയ ഊന്നൽ. പാശ്ചാത്യ മിഷനറിമാരുടെ നവീകരണ ഉപദേശങ്ങളെ എതിർത്തപ്പോഴും സമൂഹത്തിന്റെ ഉന്നമനത്തിന് അവർ കൊണ്ടുവന്ന വിദ്യാഭ്യാസം നല്ലതാണെന്ന് മനസ്സിലാക്കുവാനും അതിനെ ശ്ലാഘിക്കുവാനും അദ്ദേഹം മടിച്ചില്ല. അദ്ദേഹം ശരിക്കും പുരോഗമനചിന്തയുള്ള ഒരു വ്യക്തിയായിരുന്നു. താഴേയ്ക്കിടയിലുള്ളവരുടെ വളർച്ച, വിദ്യാഭ്യാസം കൊണ്ടുമാത്രമേ ഉണ്ടാവുകയുള്ളൂ എന്ന് അദ്ദേഹത്തിന് ബോദ്ധ്യമായിരുന്നു. മുളന്തുരുത്തിയിലും കുന്നംകുളത്തും തിരുവല്ലായിലും ഒക്കെ അദ്ദേഹം സ്കൂളുകൾ സ്ഥാപിച്ചു. താഴേയ്ക്കിടയിലുള്ളവരുടെ ഉന്നമനമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. സാമ്പത്തികലാഭമോ, സാമുദായിക താല്പര്യമോ ഈ കാര്യത്തിൽ അദ്ദേഹത്തെ ഭരിച്ചിരുന്നില്ല എന്നത് പ്രത്യേകം എടുത്തുകാണേണ്ടതാണ്.

**6. സുവിശേഷം അക്രൈസ്തവരിലേക്ക്**

ഊർശ്ലേം യാത്ര തിരുമേനിയുടെ ജീവിതവീക്ഷണങ്ങളെ കൂടുതൽ ഉദാത്തമാക്കി. അക്രൈസ്തവരോട് സുവിശേഷം അറിയിക്കണമെന്നും അവരെ സഭയിൽ ചേർക്കണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. ചെങ്ങന്നൂരും മറ്റു ചില സ്ഥലങ്ങളിലും അദ്ദേഹം അക്രൈസ്തവരെ മാമോദീസാ മുക്കി സഭയിൽ ചേർത്തു. ബ്രാഹ്മണപാരമ്പര്യം പറഞ്ഞുവന്ന സുറിയാനി ക്രിസ്ത്യാനികൾക്ക് ഇത് ഇഷ്ടമായില്ല. ഈ കാര്യത്തിലും തിരു

മേനി സുറിയാനിക്കാരുടെ സുവിശേഷ വിരുദ്ധ മനോഭാവത്തെ പിന്തുണച്ചില്ല. സഭയുടെ അംഗസംഖ്യ വർദ്ധിപ്പിക്കാനും അതുവഴി ശക്തി വർദ്ധിപ്പിക്കാനും തിരുമേനി ആഗ്രഹിച്ചില്ല. മറിച്ച് ക്രിസ്തുവിനെ സ്വീകരിച്ചാൽ സമൂഹത്തിന്റെ താഴേയ്ക്കിടയിലുള്ളവരുടെ സദാചാരവും സന്മാർഗ്ഗനിഷ്ഠയും വിദ്യാഭ്യാസനിലവാരവും എല്ലാം ഉയരുമെന്ന് അദ്ദേഹം പൂർണ്ണമായും വിശ്വസിച്ചു. ദൈവരാജ്യമൂല്യങ്ങളിലേയ്ക്കു മനുഷ്യർക്കു മനഃപരിവർത്തനമുണ്ടാകാനാണ് സുവിശേഷവും അതുവഴി അക്രൈസ്തവരെ മാമോദീസാ മുക്കി സഭയിൽ ചേർക്കുവാനും അദ്ദേഹം ശഠിച്ചത്. തിരുമേനി കാട്ടിയ പാതയിൽ മലങ്കരസഭയ്ക്ക് ഇനിയും മുന്നേറാനുണ്ട്. ആദ്യം അക്രൈസ്തവരെ സഭയിലേയ്ക്കു ചേർത്തത് പരുമല തിരുമേനിയാണ്. ആ പാതയിൽ പിന്നീട് വളരെ മുന്നേറിയത് സ്ലീബാദാസസമൂഹത്തിന്റെ സ്ഥാപകനായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയാണ്.

**7. നല്ല ഇടയൻ**

ആദ്യം നിരണം ഭദ്രാസനത്തിന്റെയും പിന്നീട് തുമ്പമൺ, കൊല്ലം ഭദ്രാസനങ്ങളുടെയും അജപാലകനായി. ഇടവകകൾ തോറും സഞ്ചരിച്ച് ആടുകളെ കണ്ടെത്തി അവരെ ദൈവരാജ്യമൂല്യങ്ങളിൽ ഉറപ്പിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. ഇടവകകളിലെ പ്രശ്നങ്ങൾ സ്നേഹത്തിലും കൂട്ടായ്മയിലും കൂടെ പരിഹരിക്കാൻ അദ്ദേഹം ആവോളം ശ്രമിച്ചു. ഇതിലൊക്കെ സ്വന്തകഴിവിനേക്കാൾ ദൈവകൃപയിൽ അദ്ദേഹം ആശ്രയിച്ചു. ഗുണദോഷങ്ങൾ നൽകാനും ശാസന ആവശ്യമായിടത്ത് അത് നൽകുവാനും അദ്ദേഹം മടിച്ചില്ല. ഈ കാര്യത്തിൽ മനുഷ്യരുടെ പുകഴ്ച അദ്ദേഹം ആഗ്രഹിച്ചില്ല. ദൈവഇഷ്ടം മാത്രം മുൻനിർത്തി, രാവും പകലും നോക്കാതെ ആടുകളുടെ പരിപാലനം അദ്ദേഹം നൽകി. വിശ്വാസികളെ ദൈവികരാക്കുക എന്നതുമാത്രമായിരുന്നു അജപാലനശുശ്രൂഷയിൽ അദ്ദേഹത്തിന്റെ ആത്യന്തികലക്ഷ്യം.

**8. ശ്രേഷ്ഠനായ ഗുരു**

വെട്ടിക്കൽ ദയറായിൽനിന്ന് പരുമലയിലേയ്ക്കുവന്നത് ശെമ്മാശന്മാരെ പഠിപ്പിക്കാനായിരുന്നല്ലോ. അറിവുള്ളവർക്ക് അനുഭവമില്ല. അനുഭവമുള്ളവർക്ക് അറിവില്ല എന്നതിൽനിന്ന് വ്യത്യസ്തമായി അനുഭവവും അറിവും ഒത്തുചേർന്ന ഗുരുവായി പരുമല തിരുമേനി. ശിഷ്യഗണങ്ങളിൽ പ്രമുഖരായ പരിശുദ്ധനായ വട്ടശ്ശേരിൽ തിരുമേനി (സഭയിലെ രണ്ടാമത്തെ പ്രഖ്യാപിത പരിശുദ്ധൻ), പരിശുദ്ധനായ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ, പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ (ആലുവാ) തുടങ്ങിയവരിൽക്കൂടി ഈ ശ്രേഷ്ഠഗുരുവിന്റെ നല്ല പാരമ്പര്യം ഇന്നും അനേകരിൽ അവശേഷിക്കുന്നുണ്ട്.

**9. എഴുത്തുകാരൻ, പ്രബോധകൻ**

വാഗ്മി, എഴുത്തുകാരൻ എന്നീ നിലകളിൽ ആരേയും പുകഴ്ത്തുകയോ അംഗീകരിക്കുകയോ ചെയ്തിരുന്ന കാലയളവിലല്ല അദ്ദേഹം ജീവിച്ചത്. എന്നാൽ സമകാലീന കാലത്തിലെ വലിയ എഴുത്തുകാരൻ തന്നെയാണ് തിരുമേനി എന്ന് ഒറ്റ കൃതികൊണ്ട് തന്നെ വ്യക്തമാക്കുന്നുണ്ട്. 'ലക്ഷണമൊത്ത ഒരു സഞ്ചാരസാഹിത്യകൃതിയെന്ന്' ഊർശ്ലേം യാത്രാവിവരണത്തെ മലയാളത്തിലെ മികച്ച സാഹിത്യകാരന്മാരും വിശേഷിപ്പിച്ചിട്ടുണ്ട്. അതു സ്കൂളുകളിൽ പഠനപുസ്തകമായിരുന്ന ഒരു കാലവുമുണ്ടായിരുന്നു. അദ്ദേഹത്തിൽനിന്ന് ലഭ്യമായ എഴുത്തുകുത്തുകൾ പരിശോധിച്ചാൽ അറിയാം അദ്ദേഹം നല്ല ഒരു പ്രഭാഷകനുമായിരുന്നു എന്ന്. സാധാരണ വിശ്വാസികൾ അദ്ദേഹത്തെ അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ആളായി മാത്രം കണ്ടുതുടങ്ങിയപ്പോൾ മറ്റു എല്ലാ സവിശേഷതകളെയും

തമസ്കരിക്കുകയായിരുന്നു. അദ്ദേഹത്തിൽനിന്ന് ലഭ്യമായ എഴുത്തുകളും ഊർശ്ലേം യാത്രാ വിവരണവുമൊക്കെ വായിക്കാൻ ഏവരും ശ്രദ്ധിച്ചാൽ നന്നായിരുന്നു.

**10. വേദനകളിൽ ആശ്വസിപ്പിക്കുന്ന വലിയ മദ്ധ്യസ്ഥൻ**

ജീവിച്ചിരുന്നപ്പോൾതന്നെ അനേകം അതിശയങ്ങൾ അദ്ദേഹത്തിൽക്കൂടി നടന്നിട്ടുണ്ട്. കാലംചെയ്തശേഷം അതു വർദ്ധിക്കുകയാണുണ്ടായത്. ഓരോ വർഷവും അദ്ദേഹത്തിന്റെ കബറിടത്തിൽ വരുന്ന വിശ്വാസികളുടെ സംഖ്യ കൂടിക്കൊണ്ടിരിക്കുകയാണ്. നാനാജാതി മതസ്ഥർക്ക് അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത വലിയ ആശ്വാസമാകുന്നു. ദൈവംതമ്പുരാൻ ഭൂമിയിൽ പ്രവർത്തിക്കുന്നത്, തന്നെ സ്നേഹിക്കുന്ന വിശുദ്ധന്മാരിൽക്കൂടിയും ആണെന്നുള്ളത് തിരുമേനിയുടെ ജീവിതം വ്യക്തമാക്കുന്നു.

**പരിശുദ്ധ പ്രഖ്യാപനത്തിനുശേഷം**

മലങ്കരസഭയിൽ കേരളത്തിനകത്തും പുറത്തും ഇന്ത്യയ്ക്കു വെളിയിലുമായി അനേക ദേവാലയങ്ങൾ അദ്ദേഹത്തിന്റെ നാമത്തിൽ ഉണ്ടായിട്ടുണ്ട്. പരിശുദ്ധന്മാരായി സഭ ഓർക്കുന്ന പിതാക്കന്മാരെല്ലാംതന്നെ മലങ്കരസഭയിൽ ജനിച്ചുവളർന്നവരല്ല. അതുകൊണ്ടുതന്നെ മലങ്കരയിൽ ജനിച്ചുവളർന്ന പരുമല തിരുമേനി ഏവർക്കും പ്രിയങ്കരനായി. അനേകം വിദ്യാഭ്യാസസ്ഥാപനങ്ങളും ജീവകാരുണ്യപ്രസ്ഥാനങ്ങളും തിരുമേനിയുടെ നാമധേയത്തിൽ ആരംഭിച്ചിട്ടുണ്ട്. പരുമലയിൽത്തന്നെ ഒരു ആശുപത്രി അദ്ദേഹത്തിന്റെ നാമത്തിൽ പ്രവർത്തിച്ചുവരുന്നു. കാൻസറിന് വിദഗ്ദ്ധ ചികിത്സ നൽകുന്ന മറ്റൊരാശുപത്രിക്ക് തുടക്കമിട്ടുകഴിഞ്ഞു. തിരുമേനിയുടെ നാമത്തിൽ സ്ഥാപിതമായതൊന്നും പരാജയപ്പെട്ടിട്ടില്ല എന്ന് ഏവരും സാക്ഷിക്കുന്നു. നവംബർ 1, 2 തീയതികളിൽ പരുമലയിലും അതിനടുത്ത ദിവസങ്ങളിലായി മിക്ക പള്ളികളും അദ്ദേഹത്തിന്റെ പെരുന്നാൾ കൊണ്ടാടിവരുന്നു. ബാഹ്യമായ അനേകം കാര്യങ്ങളോടൊപ്പം ഈ വിശുദ്ധൻ ആഗ്രഹിക്കുന്ന മറ്റു പലതുകൂടിയുണ്ട്. നിരന്തരമായ പ്രാർത്ഥന, ആരാധന, നോമ്പ്, ഉപവാസം തുടങ്ങിയവയിലുള്ള നിഷ്ഠ, ജീവിതവിശുദ്ധി, ആഡംബരങ്ങൾ വെടിഞ്ഞുള്ള ലളിതജീവിതം, താഴ്മ, പരിത്യാഗം, സമസൃഷ്ടികളോടു പ്രത്യേകിച്ച് താഴേയ്ക്കിടയിൽ കഷ്ടപ്പെടുന്നവരോടുള്ള സ്നേഹം, കരുതൽ, അക്രൈസ്തവരോടുള്ള സുവിശേഷം തുടങ്ങി ഒട്ടേറെ കാര്യങ്ങൾ വിശുദ്ധന്റെ മദ്ധ്യസ്ഥത യാചിക്കുന്നവരിൽ ഉണ്ടാകണമെന്ന് അദ്ദേഹത്തിന്റെ ആത്മാവ് ആഗ്രഹിക്കുന്നു എന്നത് ആരും മറക്കരുത്.

## അനുബന്ധം

## പരുമല തിരുമേനിയുടെ തിരുവചനങ്ങൾ

1. പ്രാർത്ഥന എന്നത് ശൈശവത്തിലെ ഉത്സാഹവും, യൗവനത്തിലെ ആശ്രയവും, വാർദ്ധക്യത്തിലെ സമാധാനവുമാകുന്നു.
2. ജനങ്ങളുടെ ഇടയിൽ സത്യം, സന്മാർഗ്ഗാചരണം, വിശ്വാസം, ഭക്തി, പരസ്പര ബഹുമാനം ഇവയെ വളർത്താൻ വിദ്യാഭ്യാസത്തിനെ സഹായിക്കുന്നതത്രെ പ്രാർത്ഥന.
3. നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവർ ഒരിക്കലും അസത്യവാനോ, ദുർമാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.
4. ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹ രൂപിയായി അത് നമുക്ക് തിരികെ ലഭിക്കുകയും ചെയ്യും.
5. ദൈവത്തെ അറിഞ്ഞിട്ടും കൈമലർത്തി തങ്ങൾക്കും തങ്ങൾ ഇഷ്ടപ്പെടുന്നവർക്കും വേണ്ടി പ്രാർത്ഥിക്കുകയില്ലെങ്കിൽ എങ്ങനെയാണ് മനുഷ്യനെ, ഭാവി ലേശംപോലും അറിയാതെ ജീവിക്കുന്ന ബുദ്ധിഹീനങ്ങളായ ജന്തുക്കളേക്കാൾ ശ്രേഷ്ഠനാണെന്ന് പറയുന്നത്?
6. ഈശ്വരപ്രാർത്ഥന ഈ ലോകത്തെ പലവിധത്തിലും ദൈവത്തിന്റെ പാദാരവിന്ദങ്ങളോടുചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ.
7. രാപ്പകൽ ഭക്തിയോടുകൂടെ ഉച്ചത്തിൽ ദൈവത്തെ പ്രാർത്ഥിപ്പിൻ. ഈ പ്രാർത്ഥന നമ്മിലുള്ള ഇരുട്ട് നീങ്ങാനും, തളർച്ച തീരാനും, നമ്മുടെ പരമമായ രക്ഷയും മോക്ഷവും ലഭിക്കാനും ഏറ്റവും ഉത്തമമായ മാർഗ്ഗമാകുന്നു. വിശ്വസിച്ചു പ്രാർത്ഥിച്ചു ദൈവത്തെ ഭജിപ്പിൻ.
8. ദൈവം സാധുക്കളുടെ ഭാഗത്തുണ്ട്. സകലത്തിലും ദൈവത്തെ ഓർത്തു പ്രവർത്തിക്ക, അപ്പോൾ സകലവും നമുക്ക് ശുഭമായിത്തീരും.
9. പള്ളിക്ക് കൊടുപ്പാനുള്ളത് വേഗത്തിൽ കൊടുത്തുതീർക്കണം. ആ കാര്യത്തിൽ നിങ്ങൾക്ക് ശുദ്ധമനസ്സുണ്ടായിരിക്കുമെങ്കിൽ മാത്രമേ നിങ്ങളുടെ ഭവനകാര്യവും ശുദ്ധമായിത്തീരൂ. ആ വകയിൽ വല്ല ലാഭമോ ഏതെങ്കിലും ഇങ്ങോട്ടുപറ്റുവാൻ ഇടവരുന്നു എന്നാകിൽ അതും അതിൽ പത്തിരട്ടിയും നിങ്ങളിൽനിന്നും അന്യർ കൊണ്ടുപോകാൻ ഇടവരികയും ചെയ്യും. അതിനാൽ നിങ്ങളെല്ലാവരും ദൈവാശ്രയത്തിലും സഹോദരസ്നേഹത്തിലും അയൽക്കാരോടുള്ള സംപ്രീതിയിലും നിർമ്മലതയുള്ളവരായിരിപ്പിൻ.
10. മിടുക്കനാകേണ്ട – ഭോഷനാകയുമരുത്. ആത്മാവിനേക്കാൾ ശരീരത്തെയും ദൈവത്തേക്കാൾ ദ്രവ്യത്തെയും സ്നേഹിക്കരുത്.
11. ക്ഷമയാകുന്നു ബലവും ഇഹത്തിലും പരത്തിലും മാനവും സജ്ജനങ്ങളുടെ ലക്ഷണവും അതാകുന്നു.
12. ദൈവത്തെ ഭയപ്പെടണം. സാത്താനെ പേടിക്കരുത്.
13. ശത്രുവിനേയും സ്നേഹിക്കണം. ബന്ധുക്കളെ ശത്രുക്കളാക്കരുത്.
14. ദൈവത്തോട് ചോദിച്ചുനടക്ക. പിതാവിനോടും ചോദിക്ക. പിതാവ് വിട്ടാൽ ദൈവവും വിടും. സ്വല്പത്തിന്മേൽ അത്ര വലിയ കാര്യമായി പിടിച്ച് ദൈവവെറുപ്പും ജനവെറുപ്പും വരുത്തരുത്.
15. നിഗളമായി യാതൊന്നിലും വിചാരിച്ചു പോകരുതേ. ദൈവം സകല അത്യാപത്തുകളിൽനിന്നും കാത്തുകൊള്ളുമാറാകട്ടെ. സകലത്തിലും ദൈവത്തെ മുറുകെ പിടിച്ചുകൊൾക, ദൈവം നിങ്ങളെ അനുഗ്രഹിക്കും.

16. വാശിയും വഴക്കും വലിപ്പവും ഭാരവും പള്ളിസംബന്ധമായ കാര്യത്തിൽ വിചാരിക്കാതെ അവനവന്റെ താഴ്മയെ ശോഭിപ്പിച്ചും ദൈവത്തിൽ ആശ്രയിച്ചും ബഹുജനങ്ങളെ തൃപ്തിപ്പെടുത്തിയും നടക്കുന്നവർ ഭാഗ്യവാന്മാർ. ദൈവം അവരെ അനുഗ്രഹിക്കുകയും ചെയ്യട്ടെ.

17. സകലത്തിലും മുമ്പായി ദൈവത്തെ ഓർത്തുകൊള്ളണം. നിങ്ങളുടെ നിമിത്തം ആരും വ്യസനിപ്പാൻ ഇടവരരുത്. കഴിയുന്ന ഗുണങ്ങൾ ചെയ്യുന്നതിന് ഉപേക്ഷ വരരുത്. എന്തെന്നാൽ അതു മാത്രമേ അവസാനത്തിൽ സമ്പാദ്യമായി ശേഷിക്കൂ.

18. കഴിയുന്നതും ദോഷം ആരോടും ഒരിക്കലും ചെയ്യരുത്. എന്തെന്നാൽ അത് തനിക്കും സന്തതിക്കും തറവാട്ടേക്കും കേടായി ഭവിക്കും. നോമ്പിലും നമസ്കാരത്തിലും ദാനധർമ്മങ്ങളിലും മുട്ടിപ്പായി ഇരിക്ക. അത് ഭക്തിയോടും വിശ്വാസത്തോടും കൂടെ പ്രവർത്തിക്ക.

19. മടിച്ചാൽ പിന്നെ പഠിത്തത്തിന് കയറ്റമുണ്ടാവുകയില്ല. ദൈവത്തെ മുറുകെ പിടിച്ചുകൊള്ളുക. താഴ്മയെ നല്ല ആഭരണമായി ധരിക്കയും ചെയ്തുകൊള്ളുക.

20. മരണം എല്ലാവർക്കും വാതുക്കൽത്തന്നെ നിൽക്കുന്നുവെന്ന് ഓർത്തുകൊള്ളണം.

21. നിങ്ങൾ സദാനേരവും വേദവാക്യങ്ങൾ വായിക്കയും നിങ്ങളുടെ പിതാക്കന്മാരായ ഞങ്ങൾക്ക് നിങ്ങളുടെ നിമിത്തം ദൈവത്തിന്റെ സന്നിധിയിലും മനുഷ്യരുടെ മുമ്പാകെയും ബഹുമാനവും യശസ്സും വർദ്ധിപ്പാനായി നിങ്ങൾ നല്ലവണ്ണം നടക്കയും നിങ്ങളുടെ പിതാക്കന്മാരുടെ ചൊല്ലുവിളിയെ പിന്തുടരുകയും വേണം.

22. മാതാപിതാക്കന്മാർക്ക് അനുസരണമില്ലാതെ അവരുടെ ശത്രുക്കളോട് വിരോധികളായിത്തീർന്നാൽ അവരുടെ ശാപത്തിന് പാത്രീഭവിക്കയും അവരുടെ അവകാശത്തിന് ഇതരന്മാരായിത്തീരുകയും ഇഹത്തിലും പരത്തിലും അവർ അയോഗ്യന്മാരായിരിക്കുകയും ചെയ്യും.

23. ഒന്നിലും നിഗളിക്കരുത്. നിഗളത്തിന്റെ പിന്നാലെ വീഴ്ചയുണ്ട്. നിശ്ചയം. താഴ്മയുടെ പിന്നാലെ ഉയർച്ചയും.

24. ഭവനഛിദ്രം ഉണ്ടാകുന്നെങ്കിൽ അപ്പോൾ വേറെയാകണം. ഭവനഛിദ്രം ഉള്ളിടത്ത് മൂധേവി കേറും. ദൈവം അവിടെനിന്ന് അകലുകയും ചെയ്യും.

25. സഹോദരസ്നേഹത്തിലും ദൈവസ്നേഹത്തിലും ഐശ്വര്യമുള്ളവരായിരിപ്പിൻ... സഹോദരന്മാർ തമ്മിൽ ഒരിക്കലും വഞ്ചന പെരുമാറരുത്. ഐക്യതയിൽനിന്ന് വിട്ടകലുംതോറും ദൈവത്തിൽനിന്നും വിട്ടകലും നിശ്ചയമാണ്.

26. നന്മ കൊണ്ടല്ലാതെ തിന്മകൊണ്ട് ശത്രുവിനെ ജയിപ്പാൻ നോക്കുന്നത് റൂഹായ്ക്കടുത്ത ജ്ഞാനമല്ലല്ലോ... സത്യവാനായ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടും സത്യആന്തരത്തോടുകൂടിയും ഇറങ്ങിക്കൊള്ളുക. ദൈവം അതിനെ നിറവേറ്റിത്തരും.

27. ദൈവം അകലുമ്പോൾ നഷ്ടങ്ങളും ദുരിതങ്ങളും ഉണ്ടാകും. അപ്പോൾ ആ കാരണംകൊണ്ട് ഈ കാരണംകൊണ്ട് എന്നൊന്നും വിചാരിക്കാതെ തങ്ങളുടെ പാപങ്ങൾകൊണ്ട് ദൈവം അകന്നുപോയതിനാൽ എന്നോർത്ത് ദൈവത്തെ മുറുകെപ്പിടിക്ക, താൻ കൃപ ചെയ്യും.

28. നിങ്ങളുടെ സകല നടത്തകളിലും അനുസരണത്തെ പ്രാപിക്ക, തിരിച്ചറിഞ്ഞു നന്മയെ സ്നേഹിക്ക, തിന്മയെ തള്ളിക്കളക, മടിയെ ദൂരെ എറിഞ്ഞുകളഞ്ഞ് രാവിലും പകലിലും നല്ല വേലകൾക്കായി ഉത്സാഹിക്ക.

*(ഡോ. സാമുവേൽ ചന്ദനപ്പള്ളിയുടെ*
*വചനസുധയോട് കടപ്പാട്)*